# പാരിസ്ഥിതിക സ്ത്രീവാദം മലയാള കവിതയിൽ

## (ഒ.എൻ.വി., സുഗതകുമാരി, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരുടെ കവിതകളെ ആസ്പദമാക്കി ഒരു പഠനം)

കോഴിക്കോട് സർവ്വകലാശാലയിൽ ഡോക്ടർ ഓഫ് ഫിലോസഫി
മലയാളം ബിരുദത്തിനു വേണ്ടി സമർപ്പിക്കുന്ന പ്രബന്ധം
സംശോധിത പതിപ്പ്

**ജ്യോതി. സി**

മലയാളവിഭാഗം
ശ്രീ കേരളവർമ്മ കോളേജ്
(കോഴിക്കോട് സർവ്വകലാശാല)
തൃശ്ശൂർ

മെയ് 2016

# ECO-FEMINISM IN MALAYALAM POEMS

**(A study based on the Poems of ONV, Sugathakumari, Kadammanitta and Sachidhanandhan)**

**JYOTHI. C**

Thesis submitted to University of Calicut for the Degree of
Doctor of Philosophy in Malayalam
Corrected Copy

Supervising Teacher
**Dr. A.N. KRISHNAN**
**ASSOCIATE PROFESSOR (Rtd.)**
**N.S.S.COLLEGE, OTTAPALAM**

RESEARCH CENTRE
DEPT. OF MALAYALAM
SREE KERALAVARMA COLLEGE
(UNIVERSITY OF CALICUT)
THRISSUR

MAY 2016

Dr. A.N. Krishnan
Supervising Teacher, Associate Professor (Rtd)
N.S.S. College, Ottapalam
Palakkad, Kerala.

---

## CERTIFICATE

This is to certify that the thesis entitled പാരിസ്ഥിതിക സ്ത്രീവാദം മലയാള കവിതയിൽ (ഒ.എൻ.വി, സുഗതകുമാരി, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരുടെ കവിതകളെ ആസ്പദമാക്കി ഒരു പഠനം) submitted to University of Calicut for the fulfillment of the Degree of Doctorate of Philosophy in Malayalam is the original work carried out by Jyothi. C carried out in the Department of Malayalam, Sree Kerala Varma College, Thrissur under my supervision and that the thesis has not been previously submitted for the award of any Degree, Diploma, Fellowship or other similar titles and it has not been published so far either in full of part.

THRISSUR
04.05.2016

**Dr. A.N. KRISHNAN**

ഡോ.എ.എൻ.കൃഷ്ണൻ
മാർഗ്ഗദർശകൻ
അസ്സോസിയേറ്റ് പ്രൊഫസ്സർ (റിട്ട.)
എൻ.എസ്.എസ്.കോളേജ്,
ഒറ്റപ്പാലം

# സാക്ഷ്യപത്രം

എന്റെ കീഴിൽ "പാരിസ്ഥിതിക സ്ത്രീവാദം മലയാള കവിതയിൽ (ഒ.എൻ.വി, സുഗതകുമാരി, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരുടെ കവിതകളെ ആസ്പദമാക്കി ഒരു പഠനം)" എന്ന വിഷയത്തിൽ ഗവേഷണം പൂർത്തിയാക്കിയ ജ്യോതി.സി.യുടെ പ്രബന്ധം മൂല്യനിർണ്ണയം ചെയ്ത എജ്യൂഡിക്കേറ്റേഴ്സിന്റെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തെറ്റുകൾ തിരുത്തിയ സംശോധിത പതിപ്പാണ് ഇതെന്ന് സാക്ഷ്യപ്പെടുത്തുന്നു.

തൃശ്ശൂർ
30.06.2017

ഡോ.എ.എൻ.കൃഷ്ണൻ

Jyothi. C
Research Scholar
Department of Malayalam
Sree Kerala Varma College
Kanattukara P.O., Thrissur
Kerala - 680 011.

---

# CERTIFICATE

I hereby declare that the thesis entitled പാരിസ്ഥിതിക സ്ത്രീവാദം മലയാള കവിതയിൽ (ഒ.എൻ.വി, സുഗതകുമാരി, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരുടെ കവിതകളെ ആസ്പദമാക്കി ഒരു പഠനം)' submitted to University of Calicut after a pre submission seminar conducted on 16.05.2015 at Sree Kerala Varma College, Thrissur. The suggestions from the pre submission committee are also incorporated in this thesis.

THRISSUR
04.05.2016 **JYOTHI. C**

Jyothi. C
Research Scholar
Department of Malayalam
Sree Kerala Varma College
Kanattukara P.O., Thrissur
Kerala - 680 011.

---

## DECLARATION

I hereby declare that the thesis entitled പാരിസ്ഥിതിക സ്ത്രീവാദം മലയാള കവിതയിൽ (ഒ.എൻ.വി, സുഗതകുമാരി, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരുടെ കവിതകളെ ആസ്പദമാക്കി ഒരു പഠനം)' submitted to University of Calicut for the fulfillment of the Degree of Doctorate of Philosophy in Malayalam is the original work carried out by me in the Department of Malayalam under the guidance of Dr. A.N. Krishnan, Supervising Teacher, and it has not formed the basis full or partial for the award of any Degree, Diploma or other similar titles earlier and no part of the thesis has been published or sent for publication at the time of submission.

THRISSUR
04.05.2016 **JYOTHI. C**

# DECLARATION

I hereby Declare that in my knowledge and wisdom the Thesis entitled പാരിസ്ഥിതിക സ്ത്രീവാദം മലയാള കവിതയിൽ (ഒ.എൻ.വി, സുഗതകുമാരി, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരുടെ കവിതകളെ ആസ്പദമാക്കി ഒരു പഠനം) under the supervision and guidance of Dr.A.N.Krishnan Department of Malayalam, Sree Kerala Varma College is strictly has followed all kinds of criteria of plagiarism mentioned by University of Calicut. I also declare that the Thesis has completed with my own efforts and it has not included any documents or part of it without clear reference.

Yours faithfully,

**JYOTHI. C**

## കൃതജ്ഞത

പാരിസ്ഥിതിക സ്ത്രീവാദം, മലയാളകവിതയിൽ (ഒ.എൻ.വി, സുഗതകുമാരി, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരുടെ കവിതകളെ ആസ്പദമാക്കി ഒരു പഠനം) എന്ന വിഷയത്തിൽ ഗവേഷണം നടത്താൻ എല്ലാവിധ മാർഗ്ഗനിർദ്ദേശങ്ങളും നൽകിയ എന്റെ ഗുരുനാഥനും മാർഗ്ഗദർശകനുമായ കൃഷ്ണൻസാറിന് സ്നേഹാദരവോടെ നന്ദി. ഗവേഷണ പാതയിൽ വിലപ്പെട്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകിയ ശ്രീ കേരളവർമ്മ കോളേജ് മലയാളവിഭാഗം അധ്യാപകർക്കും മറ്റ് അധ്യാപകർക്കും നന്ദി.

കേരളവർമ്മ കോളേജ് ലൈബ്രറി, കേരള യൂണിവേഴ്സിറ്റി ലൈബ്രറി, കേരളസാഹിത്യ അക്കാദമി എന്നിവിടങ്ങളിലെ സ്റ്റാഫിനും നന്ദി. പ്രബന്ധരചനയുടെ വിവിധ ഘട്ടങ്ങളിൽ മാർഗ്ഗനിർദ്ദേശങ്ങളും സഹകരണങ്ങളും നൽകിയ എല്ലാ ഗുരുജനങ്ങൾക്കും സുഹൃത്തുക്കൾക്കും കുടുംബാംഗങ്ങൾക്കും ഡി.ടി.പി. ലേ ഔട്ട് പൂർണ്ണമാക്കി തന്ന എല്ലാ സ്ഥാപനങ്ങൾക്കും ഹൃദയപൂർണ്ണമായ കൃതജ്ഞത രേഖപ്പെടുത്തുന്നു.

## ഉള്ളടക്കം


ആമുഖം 1 – 7

അധ്യായം 1

പരിസ്ഥിതിബോധം ചരിത്രവും സാധ്യതകളും 8 – 34

അധ്യായം 2

സ്ത്രീവാദം 35 – 65

അധ്യായം 3

പാരിസ്ഥിതിക സ്ത്രീവാദം 66 – 116

അധ്യായം 4

ഒ.എൻ.വി. കവിതയിലെ പ്രകൃതി,

സ്ത്രീ സമീപനങ്ങൾ 117 – 144

അധ്യായം 5

സുഗതകുമാരി കവിതകളിലെ പരിസ്ഥിതി,

സ്ത്രീവീക്ഷണം 145 – 167

അധ്യായം 6

സ്ത്രൈണതയുടെ ഭിന്നരൂപങ്ങൾ

കടമ്മനിട്ടക്കവിതകളിൽ 168 – 200

അധ്യായം 7

സ്ത്രീ, പ്രകൃതി സങ്കല്പം

സച്ചിദാനന്ദന്റെ കവിതയിൽ 201 – 227

ഉപസംഹാരം 228 – 235

ഗ്രന്ഥസൂചി 236 – 246

സ്ഥ ത്ത

ള്ള ന്ന ച്ച ന്ന ണ്ട ത്ത

ത്ത ങ്ങ ന്ന ദ്ധ

ത്ത ത്ത ക്ഷ ങ്ങ ങ്ക

ട്ടങ്ങ ള്ള ങ്ങ ൽ ഞ്ഞ

സ്ഥ ങ്ങ ഞ്ഞ ക്ക ന്ന ണ്ട

ച്ച ക്ക യ്യ

ന്ന ങ്ങ പ്പ ത്ത ന്ന

പ്പ ൻ ൾ ക്ക ന്ന

ന്ത ക്ഷ ക്ത ക്ക ന്ന

പ്പ

ത്ത ൽ ക്ക ക്ക പ്പട്ട ണ്ട ക്ക ന്ന

ത്ത ന്റ ന്ന ക്ക ള്ള ന്ന ത്ത ന്റ

ത്ത പ്പ ന്ന

ണ്ട ന്ന ന്റ

ണ്ണ ണ്ട ന്ന സ്ഥ ൽ ന്ന ന്ന

ത്ത പ്പ ക്ക ള്ള ത്ത ന്റ ന്ന

ത്ത ത്ത ള്ള ത്ത ത്ത ന്ന

റ്റ ർ ങ്ങ ർന്ന ർത്ത

ന്ന ന്റ ർത്ത ക്ക

ർത്ത യ്യ ന്ത ത്ത ൾ ക്ക ണ്ട

ണ്ട ത്ത ർന്ന ക്ക ന്ന ള്ള ത്ത

ൻ ർത്ത ക്കൽ ൽ ശ്ച ൽ

ന്ന ങ്ങ ന്ത ങ്ങൾ ത്ത

ണ്ട ന്ന ക്ക ൾ ങ്ങ

ക്ക ണ്ട ന്ത ർന്ന ന്ന സ്ഥ

സ്ഥ ങ്ങ ർന്ന

ക്ക ന്ന ങ്ങൾ ക്ക ള്ള

ർ ക്ക ന്ന സ്ഥ ണ്ട

ക്ക ക്ക ട്ട ണ്ട ക്ക ന്ന

ർത്ത ത്ത ക്ക ക്ത

ന്ന

**ന്ധ ക്കട്ട**

സ്ഥ ൽ ൻ

മ്മ ട്ട ച്ച ന്ദൻ ന്ന

ൻ ർത്ത ന്ന ന്ധ ർ

സ്ഥ ന്ന ദ്ധ ന്ത ത്ത ൻ ർത്ത

ഞ്ഞ ത്ത ൽ സ്ഥ

ക്ക പ്പട്ട ക്ക ന്ന ന്ന ക്ക

ത്ത ൽ ർ ക്ക ന്ന

---

ത്ത ത്ത ള്ള ത്ത ത്ത ൽ പ്പ ൾ

ള്ള ദ്ധ ന്ത ന്ധ പ്പട്ട ന്ന ൻ

മ്മ ട്ട ച്ച ന്ദൻ ന്ന

ത്ത ൽ സ്ഥ ന്ന ന്ന ന്ന

ങ്ങ ന്ന ർ ക്ക ൻ ക്ക

**കത**

ത്ത ൽ കത ള്ള

ന്ത സ്ഥ ത്ത ൽ

സ്ഥ ത്ത ന്റ ത്ത ന്റ

ക്ഷ ങ്ങ ർവ്വ ക്ക പ്പട്ട ട്ട ണ്ടങ്ക സ്ഥ

ന്ന ദ്ധ ന്ത പ്പ ത്ത ക്ക ണ്ട

ന്ന ട്ട ല്ല ൽ ന്ന ദ്ധ പ്പ ത്ത

ൻ മ്മ ട്ട ച്ച ന്ദൻ ന്ന

ക്ക ച്ച ള്ള ങ്ങ സ്ഥ

ണ്ട ട്ട ല്ല ത്ത ൽ സ്ഥ

ത്ത ന്റ ക്ഷ ത്ത

ക്ക ൽ ർത്ഥ ങ്ങൾ

ണ്ടത്ത ള്ള ത്ത ന്ന പ്പ

സ്ഥ ദ്ധ ന്തങ്ങൾ ങ്ങ

ത്ത ക്ക ന്ത ക്ക

ക്ക ന്ന സ്സ ക്ക

പ്പ ത്ത ന്ന ണ്ട

**ർവ്വ ങ്ങൾ**

ത്ത ൽ ക്ഷ പ്പട്ട ട്ട ള്ള ങ്ങൾ സ്ഥ

ന്ന ദ്ധ ന്ത ത്ത പ്പ ത്ത ട്ട ണ്ട

സ്ഥ ത്ത ന്റ ദ്ധ ന്ത ത്ത

പ്പ ത്ത ന്ന *ത്ത ൽ*

ന്ന ന്ഥത്ത മ്മ ർ

ന്ത സ്ഥ ക്ക കത

പ്പ ത്ത ന്ന ൻ ന്റ *ക്ക*

*ക്ക* *ക്ക* *ർ* ന്ന ന്ഥ സ്ഥ

ത്ത ന്റ്റ ദ്ധ ന്ത ങ്ങ ക്ക

ണ്ടത്ത ന്ന ക്ക ട്ട *സ്ഥ*

ന്ന ർജ്ജ ന്ത

ങ്ങൾ ന്ന ങ്ങൾ ക്ക ന്ന

ങ്ങ *ത്ത* *ർന്ന* *സ്ഥ*

ന്ന സ്ഥ ത്ത ന്റ്റ

ർത്ത ക്ത ക്ക ന്ന

*സ്ഥ* *ത്സ* *ൽ* ന്ന

സ്ധ ത്ത ച്ച

ന്ന ൽ ക്ഷ സ്ഥ ന്ന ങ്ങ

ക്ക ന്ന ച്ച ൽ സ്ഥ

പ്പ ത്ത ക്ക ണ്ട ൻ മ്മ ട്ട

ച്ച ന്ദൻ ന്ന ക്ക ള്ള

ർ ക്ക പ്പ ന്ന ന്ന ണ്ട ട്ട ല്ല

---

സ്ഥ ത്ത ൻ ർത്ത ക്ക ണ്ട

ത്ത ൻ മ്മ ട്ട

ച്ച ന്ദൻ ന്ന

ക്ക ന്ന സ്ധത്ത ൽ

ക്ക ന്ന

---

സ്ധ

ശ് പ്പ ങ്ങ

സ്ധത്ത ൽ ശ് ക്ക ള്ള ച്ച ക്ക ന്ന ന്ത സ്ഥ

ന്ന ച്ച ണ്ട സ്ഥ
ന്ന ന്ന ക്ക ന്ന ർന്ന
ക്ക ശ്ച ക്ഷ
ങ്ക ത്ത സ്ഥ ക്ഷ
ന്ത സ്ഥ ർ ന്ന
ക്ക ന്ന ന്ന ണ്ട ത്ത
ന്ന ക്ക ർവ്വ ങ്ങൾ ങ്ങൾ ന്ന ക്ക ന്ന
ർന്ന ശ്ച ങ്ങൾ ക്ക ന്ന പ്പ
ത്ത ന്നറ്റങ്ങ ക്ക യ്യ ന്ന
സ്ഥ ത്ത ന്റ ത്ത ക്ത
ക്ക സ്ഥ ന്ന ന്ന
ത്ത ൽ യ്യ ന്ന ൽ സ്ഥ
ത്ത ന്റ ള്ള
ൽ ണ്ടത്ത ക്ക യ്യ ന്ന
ൽ സ്ഥ ശ്
പ്പ ത്ത ന്ന ത്തച്ഛൻ ൻ ള്ള ത്ത ശ് ള്ള ർ
പ്പ ണ്ണ ങ്ക ക്ക പ്പ ശ്ശ പ്പ ള്ള ഞ്ഞ ൻ
ർ ന്ന ക്ക ന്ന
ശ് ഞ്ഞ ക്ക ള്ള ട്ടത്ത
ച്ച സ്ഥ സ്ഥ
ക്ക ക്ക ന്ന ൽ ണ്ട ന്ന സ്ഥ
ർച്ച സ്ഥ ന്ന ന്ന ർന്ന ന്ന
ച്ച ൽ ക്ക ക്ക ന്ന ണ്ട ത്ത
ക്ക ള്ള ന്ന ത്ത ന്റ ക്ക
ത്ത ൽ ന്ന ക്ക ച്ച പ്പ ക്ക ന്ന ണ്ട
സ്ഥ സ്ധങ്ങ ക്ക

ക്ക ന്ന ൻ ൻ

ങ്ങൾ ന്ന ത്ത ൽ ക്ക ന്ന

ള്ള ൾ

ണ്ടത്ത യ്യ ന്ന മ്മ ൻ ഗ്ന ങ്ങൾ

ങ്ങ ക്ഷ ത്തശ്ശ ന്ന

ങ്ങ ക്ക ക്ക ന്ന ന്ന ത്ത

ണ്ടത്ത ന്ന

ന്ന ഞ്ച ത്ത ൽ സ്ഥ ത്ത ന്റ

ർ ന്ദ ത്മ ക്ക ങ്ങൾ

ക്ക പ്പ ത്ത ന്റ ക്ഷ ത്ത ന്റ ങ്ങൾ

ൽ ക്ക ച്ച

ക്ക ന്ന ന്ദ ന്ദ ന്ന ങ്ങ

ത്ത ക്ക ന്ന ന്റ

ങ്ങ ക്ക ച്ച മ്മ ട്ട സ്ഥ

ന്ന ങ്ങ ങ്ങ പ്പ ക്ക ന്ന ന്ന

ത്ത ക്ക ങ്ങൾ ങ്ങ ർത്ത പ്പ

ച്ച ക്ക ന്ന ന്ന ക്ത ക്ക

ന്ന ങ്ങൾ മ്മ ട്ടക്ക ൽ ന്ന ത്ത ൽ

ൾ ന്ത ദ്ധ ങ്ങൾ ങ്ക

ർ ത്ത

ന്ന ങ്ങ

മ്മ ട്ടക്ക ൽ ക്ക ന്ന

ക്ക ന്ന ത്ത ക്ഷ ച്ച സ്ഥ

ത്ത ർത്ത ക്ക

ന്ന ൽ ങ്ങ ണ്ടത്ത യ്യ ന്ന

ച്ച ന്ദ ന്റ്റ സ്ഥ ങ്ങ

ക്ക ങ്ക ച്ച ന്ദ ന്റ്റ

ൽ ന്ന ത്ത ൽ ങ്ങ

ണ്ടത്ത ങ്ങ ത്ത ൽ

ർത്ത ക്ക ന്ന

# അധ്യായം 1

# പരിസ്ഥിതിബോധം ചരിത്രവും സാധ്യതകളും

പരിസ്ഥിതി ബോധം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത് മനുഷ്യനും പ്രകൃതിയും തമ്മിലുള്ള അനുക്രമമായ സഞ്ചാരവും അതിലൂടെ സ്വരൂപിക്കപ്പെടുന്ന സമന്വയ ബോധവുമാണ്. മനുഷ്യൻ ഇടപെട്ടുകൊണ്ടിരിക്കുന്ന പ്രകൃതി അവന്റെ പ്രവൃത്തിയുടെ ഭാഗമായി നിരന്തരം നാശത്തിനിരയായിക്കൊണ്ടിരിക്കുകയാണെന്ന തിരിച്ചറിവ് പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് അവനെ നയിച്ചു. ഈ ബോധപൂർവ്വമായ ഇടപെടൽ പരിസ്ഥിതി ചിന്തകൾക്ക് ഗതി വേഗം കൂട്ടി.

### 1.1. ഇക്കോളജി

ചിന്തയുടെയും ആശയങ്ങളുടെയും അനുഭവങ്ങളുടെയും വിനിമയ സന്ദർഭങ്ങളിൽ ഇന്നു സജീവമായി കടന്നുവരുകയും ചർച്ച ചെയ്യപ്പെടു കയും ചെയ്യുന്ന പ്രശ്നമേഖലയാണ് പരിസ്ഥിതിയും അതുമായി ബന്ധ പ്പെട്ട മറ്റ് വിഷയങ്ങളും. ''പ്രകൃതിയും അതിന്റെ ആവാസവ്യവസ്ഥകളും അതിലെ ജീവജാലങ്ങളും തമ്മിൽ ബന്ധപ്പെട്ടുവരുന്ന അത്യന്തം സ്വാഭാവി കവും സാധാരണവും സർഗ്ഗാത്മകവുമായ ഒരവസ്ഥയെ പരിസ്ഥിതി എന്ന വാക്ക് സൂചിപ്പിച്ചുകൊണ്ടിരിക്കുന്നു''[1]. ''വസതി എന്നർത്ഥമുള്ള ഇക്കോസ് Eikos ശാസ്ത്രം എന്നർത്ഥമുള്ള ലോഗോസ് Logos എന്നീ രണ്ടു ഗ്രീക്കുപദങ്ങളിൽ നിന്നാണ് ഇക്കോളജി എന്ന വാക്ക് ഉണ്ടായത്''[2]. ''1866 ൽ ജർമ്മൻ ജീവശാസ്ത്രജ്ഞനായ ഏണസ്റ്റ് ഹെയ്ക്കൽ Hrnst Heackl ആണ് ഇക്കോളജി എന്ന പദം ആദ്യമായി പ്രയോഗിച്ചത്''[3]. ഇതി നുമുമ്പ് ഹിപ്പോക്രാറ്റസും Hippocrates അരിസ്റ്റോട്ടിലും Aristotle ഒക്കെ സസ്യജാലങ്ങളും ജന്തുജാലങ്ങളും ഉൾപ്പെടുന്ന പ്രകൃതിയുടെ

സംയോഗ സ്വത്വത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടെങ്കിലും ആധുനിക ഉത്തരാധുനിക സമൂഹങ്ങളിൽ പ്രകൃതിയും മനുഷ്യനും നേരിടുന്ന വെല്ലുവിളികളുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ചിന്തകളിൽ നിന്നും ഭിന്നമാണത്. ''ഇക്കോളജി എന്ന അർത്ഥത്തിൽ മലയാളത്തിൽ ഉപയോഗിക്കുന്ന പദം പരിസ്ഥിതി എന്നതാണ്. മനുഷ്യജീവിതത്തെ സ്വാധീനിക്കുന്ന ചുറ്റുപാടുകൾ എന്നാണിതിനർത്ഥം[4]. ''ഭൂമി, ജലം, വായു, അഗ്നി, ആകാശം, മനുഷ്യൻ, ജന്തുജാലങ്ങൾ, സസ്യബഹുലതകൾ ഇവയെല്ലാം പാരിസ്ഥിതിക വ്യവസ്ഥയിലെ മൂർത്തതയും സ്വതന്ത്ര സ്വത്വവുമുള്ള ഘടകങ്ങളാണ്. എന്നാൽ പരിസ്ഥിതി എന്ന പരികല്പനയിൽ ഇവ ഒന്നും തന്നെ ഒറ്റപ്പെട്ടു നിൽക്കുന്നില്ല. ഒറ്റപ്പെടലിൽ ഇവയുടെ സ്വാതന്ത്ര്യവും സ്വത്വവും മൂർത്തതയും മാഞ്ഞുപോകുന്നു. യാഥാർത്ഥ്യത്തിൽ സ്വതന്ത്ര്യം, സ്വത്വം അതുമായി ബന്ധപ്പെട്ട ധൂർത്തത, എന്നൊക്കെയുള്ളത് പരികല്പനകൾ മാത്രമാണ്. ഈ ഘടകങ്ങളെല്ലാം സംഘടിതമാകുകയും സംഘടിതാവസ്ഥയുടെ ഒരു ഹാർമണി അനുഭവപ്പെടുകയും ചെയ്യുന്നിടത്താണ് പരിസ്ഥിതി എന്ന സംജ്ഞതയ്ക്കും സംസ്ക്കാരത്തിനും യാഥാർത്ഥ്യത്തിനും അർത്ഥം രൂപപ്പെട്ടുവരുന്നത്''[5].

''ഒരു പ്രദേശത്ത് വസിക്കുന്ന വ്യത്യസ്ത ജീവിവർഗ്ഗങ്ങൾ തമ്മിലുള്ള പരസ്പരബന്ധവും അവയ്ക്ക് ഭൗതിക പരിസ്ഥിതിയുമായുള്ള ബന്ധവും വിശകലനം ചെയ്യുന്ന ശാസ്ത്രമാണ് ഇക്കോളജി''[6]. എന്ന് എം.ജി.ചിത്കാര M.G.Chitkara രേഖപ്പെടുത്തുമ്പോൾ കെ.സി.നാരായണൻ കുറച്ചുകൂടി വിശദമായി പരിസ്ഥിതി ബോധത്തെ ഇപ്രകാരം നിർവ്വചിക്കുന്നു.

''ശക്തിയുടെ ഇരയോ ചൂഷണത്തിന്റെ വിഷയമോ, മനുഷ്യൻ എന്ന യജമാനന് വിധേയമോ അല്ലാത്ത ഒരു പ്രകൃതിയെ കണ്ടെത്താനും ആ പ്രകൃതി ബിംബത്തെ ആധാരമാക്കി പുതിയൊരു ജീവിതരീതി അന്വേഷിക്കാനും അതു യത്നിക്കുന്നു. വിശാലമായ അർത്ഥത്തിൽ ഇതിനെയാണ് പരിസ്ഥിതിബോധം എന്നു വിളിക്കുന്നത്''[7].

ഇക്കോളജി എന്ന പദം ജീവശാസ്ത്രത്തിന്റെ ഒരു വിഭാഗമായിട്ടാണ് പരിഗണിച്ചിരുന്നത്. പ്രാചീന മനുഷ്യർ നായാടി ജീവിതം കഴിച്ചവരാണ്. അതിൽ നിന്നും ഭിന്നമായി ചൂഷണ വ്യവസ്ഥയും അധികാരകേന്ദ്രങ്ങളും വളരുകയും വികസനമെന്ന കാഴ്ചപ്പാട് ഫലപ്രദമാകാൻ തുടങ്ങുകയും ചെയ്തപ്പോൾ മനുഷ്യന്റെ പ്രകൃതി വീക്ഷണത്തിലും മാറ്റം വന്നു. 'കഥയും പരിസ്ഥിതിയും' എന്ന ഗ്രന്ഥത്തിൽ ജി.മധുസൂദനൻ ഭൂമിയിലെ സർവ്വ ചരാചരങ്ങളെയും പരിസ്ഥിതിയുമായിബന്ധപ്പെടുത്തി മാത്രമേ ചിന്തിക്കാൻ കഴിയൂ എന്ന് സമർത്ഥിക്കുന്നുണ്ട്. ''ജീവന്റെയും ജീവിതത്തിന്റെയും സമസ്തമേഖലകളും ഇന്നു പരിസ്ഥിതി ചിന്തയ്ക്കു വിഷയമാണ്. കൃഷിയിൽ ഫുക്കുവോക്ക പ്രചരിപ്പിക്കുന്ന ജൈവരീതികൾ മുതൽ ആരോഗ്യസംരക്ഷണത്തിലെ പ്രൃകൃത്യാനുസാരിയായ പരിണാമങ്ങൾ ഭവന നിർമ്മാണത്തിലെ ബേക്കൺസ്റ്റൈൽ ഊർജ്ജോത്പാദനത്തിന്റെ ബദൽ തന്ത്രങ്ങൾ പ്രദൂഷരഹിത വ്യവസായങ്ങൾ, ആഗോളവത്ക്കരണത്തിലെ പ്രകൃതിവിരുദ്ധത വ്യവസായ ടൂറിസത്തിലെ ആഘാതങ്ങൾ, ഭക്ഷണശീലങ്ങളിലെ വ്യതിയാനങ്ങൾ, ജല ഉപയോഗം, രാസവിമുക്ത വസ്ത്രങ്ങളുടെ ഉപയോഗം എന്നിങ്ങനെ സൂര്യനു താഴെ ഉള്ളതെന്തും ഇന്നും പരിസ്ഥിതിയുമായി ബന്ധപ്പെടുത്തിയല്ലാതെ ചിന്തിക്കാനാവില്ല''[8]. എന്ന് അദ്ദേഹം വിശദമാക്കുന്നു. ഇക്കോക്രിട്ടിസിസം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ച

റൂക്കോർട്ട് പരിസ്ഥിതിബോധത്തെ സാഹിത്യ പഠനത്തിലൂന്നുന്ന സമീപന മായിട്ടാണ് അവതരിപ്പിക്കുന്നത്. ''സാഹിത്യപഠനത്തിൽ ഇക്കോളജിയും പാരിസ്ഥിതിക തത്ത്വങ്ങളും ഉപയോഗിക്കുന്നത് എങ്ങനെയെന്ന് പരീക്ഷി ക്കുവാനാണ് എന്റെ ഉദ്യമം. കാരണം നാമെല്ലാം ജീവിക്കുന്ന ലോക ത്തിന്റെ ഇന്നത്തെ അവസ്ഥയേയും ഭാവിയേയും സംബന്ധിച്ച് ഏറ്റവും പ്രസക്തമായ വിഷയമാണ് ''ഇക്കോളജി''[9] എന്ന് പരിസ്ഥിതിയുടെ പ്രാധാ ന്യത്തെ മുൻനിർത്തി നിർവ്വചിക്കുന്നു.

**1.2. പാശ്ചാത്യചിന്തയിലെ പരിസ്ഥിതി വീക്ഷണം**

പാശ്ചാത്യപരിസ്ഥിതി വീക്ഷണം പുരോഗമനത്തിന്റെതാണ്. പ്രകൃതി മനുഷ്യനെ വരുതിയിലാക്കുന്നതല്ല, മനുഷ്യൻ പ്രകൃതിയെ വരു തിയിലാക്കുന്നു എന്നതാണ് പാശ്ചാത്യ വീക്ഷണത്തിന്റെ സവിശേഷത. ''പ്രകൃതിയെ വരുതിയിൽ നിർത്തുകയും തൊഴുത്തിൽ കെട്ടിയ പയ്യിനെ എന്ന വണ്ണം കറന്നെടുക്കുകയും ചെയ്യുക എന്നതാണ് പാശ്ചാത്യദേശത്ത് ഉദയം ചെയ്തതും ഇന്ന് ലോകം മുഴുവൻ പരന്നു കഴിഞ്ഞിട്ടുള്ളതുമായ ആധുനിക പരിഷ്ക്കാരത്തിന്റെ പ്രകൃതി വീക്ഷണം. പ്രകൃതിനാഥനായ പുരുഷൻ എന്നതാണ് ഈ പരിഷ്ക്കാരത്തിന്റെ മൗലിക ബിംബം''.[10]

ഗ്രീസിലാണ് ആദ്യമായി പരിസ്ഥിതി എന്ന പാശ്ചാത്യചിന്ത കടന്നു വരുന്നത്. സോക്രട്ടീസ്, അരിസ്റ്റോട്ടിൽ എന്നീ തത്വചിന്തകർ സസ്യങ്ങൾ, മൃഗങ്ങൾക്കുവേണ്ടിയും മൃഗങ്ങൾ മനുഷ്യർക്കുവേണ്ടിയും ജീവിക്കുന്നു എന്ന വാദഗതിക്കാരാണ്. നിശ്ചല പ്രകൃതിയെയല്ല ചലനാത്മക പ്രകൃതി യേയാണ് ഇവർ സൃഷ്ടിക്കാൻ ശ്രമിച്ചത്. പിന്നീടുവന്ന ക്രൈസ്തവ ചിന്ത മാനുഷിക മുന്നേറ്റത്തിൽ ശ്രദ്ധ ചെലുത്തി. എല്ലാം മനുഷ്യനുവേ ണ്ടിയാണ് ഭൂമിയിൽ നിർമ്മിച്ചിരിക്കുന്നത്. പെറ്റു പെരുകി ഭൂമിയെ നിറ

യ്ക്കുന്ന തരത്തിലുള്ള ധാരണകളാണ് അവർ വെച്ചു പുലർത്തിയത്. അതുവഴി ഭൂമിയിലെ സർവ്വചരാചരങ്ങളെയും കീഴ്പ്പെടുത്തുകയും ചെയ്യാം. എന്നാൽ ബൈബിളിൽ കൃഷിയിറക്കാനും, ഏദൻതോട്ടം സംരക്ഷിക്കാനും മനുഷ്യനെ ഭൂമിയിലിറക്കി എന്ന പ്രസ്താവനയുണ്ട്. ''തത്വവും പ്രയോഗവും തമ്മിൽ ഇത്രയേറെ അന്തരം കൈവന്ന ഒരു മതം ഒരു പക്ഷേ ക്രിസ്തുമതം പോലെ ഒന്നില്ല എന്ന് ആനന്ദ് നിരീക്ഷിക്കുന്നുണ്ട്''[11].

മതചിന്തകളെ വിവിധതരത്തിൽ വ്യാഖ്യാനിക്കുകയും പ്രകൃതിയെ ചൂഷണം ചെയ്യുകയും ചെയ്യുന്ന മനുഷ്യന് തൊട്ടതെല്ലാം കീഴടക്കുക എന്ന ഭാവമാണ്. ഇത് അക്കാലത്തെ ചിന്തകരേയും ബാധിച്ചു. വികസനം മാത്രമായിരുന്നു ലക്ഷ്യം. ഫ്രാൻസിസ് ബേക്കൺ, ദെക്കാർത്തെ എന്നിവർ ശാസ്ത്രത്തിന്റെ മുന്നേറ്റത്തോടെ പ്രകൃതിയെ കീഴടക്കാം എന്ന് ചിന്തിച്ചു. പ്രകൃതിയെ കീഴടക്കേണ്ടതാണെന്നും അതിലെ ഊർജ്ജം മുഴുവൻ മനുഷ്യന് ഉപയുക്തമാക്കാനുള്ളതാണെന്നുമാണ് ഫ്രാൻസിസ് ബേക്കന്റെ കാഴ്ച്ചപ്പാട്. ഇങ്ങനെ പാശ്ചാത്യലോകത്തുണ്ടായ പരിസ്ഥിതി വീക്ഷണം പ്രകൃതിയെ വരുതിയിൽ നിർത്തുന്ന മനുഷ്യന്റെ ചിന്താഗതിക്കൊത്ത് വളർച്ച പ്രാപിച്ചതാണെന്ന് കാണാം.

### 1.3. പാരിസ്ഥിതികാവബോധം ഭാരതത്തിൽ

ഭാരതത്തിലെ വേദോപനിഷത്തുകളിലും ഇതിഹാസ പുരാണങ്ങളിലും പാരിസ്ഥിതികാവബോധത്തിന്റെ വേരുകൾ രൂഢമൂലമാണ്. മനുഷ്യനും പ്രകൃതിയും ഒന്നാണെന്ന ചിന്തയാണ് പൗരസ്ത്യദേശത്തിൽ നിലനിന്നിരുന്നത്. അതൊരു ജീവിത രീതിയായിരുന്നു. ''ഇന്ത്യയിലും ചീനയിലും ജപ്പാനിലും മറ്റു സർവ്വഭൂതധാത്രിയായ ഭൂമിയുടെ വരിശകളിൽ ഒരു

സ്വരം മാത്രമായിരുന്നു മനുഷ്യൻ. അവന്റെ ജാതകത്തിൽ പക്ഷികളും മൃഗങ്ങളും ഒത്തുചേർന്നിരുന്നു''[12] പ്രകൃതിയുടെ സന്തുലിതാവസ്ഥയ്ക്ക് കോട്ടം തട്ടാത്ത രീതിയിലായിരുന്നു മനുഷ്യന്റെ ഇടപെടൽ. അതുകൊണ്ടുതന്നെ സഹജീവനത്തിന്റെ രീതി ഭാരതത്തിനുണ്ടായി.

നാലു വേദങ്ങളിലും പ്രകൃതിയെ സഹജീവിയായി കാണുന്ന വീക്ഷണം നിലനിൽക്കുന്നുണ്ട്.

''ഹേ! ഭൂമി ഞാൻ നിന്നിൽ നിന്നെടുക്കുന്നതെന്തോ അത് വീണ്ടും മുളച്ചുവരട്ടെ. പാവനമായവളെ ഞാനൊരിക്കലും നിന്റെ മർമ്മങ്ങളെ നിന്റെ ഹൃദയത്തെ പിളർക്കാതിരിക്കട്ടെ'' (അഥർവ്വവേദം 12.1)[13]

ഭൂമിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ഈ സൂക്തത്തിൽ ഊന്നിപറയുന്നു. സർവ്വചരാചരങ്ങളുടെയും അമ്മയായ ഭൂമിയോട് ''അല്ലയോ ഭൂമിദേവി അവിടുന്ന് വിസ്താരവതിയായി സുഖദാത്രിയായി കണ്ടകരഹിതയായി എല്ലാവർക്കും അധിവാസസ്ഥാനഭൂതയായി ഭവിച്ചാലും. മതിയാവോളം വിസ്തൃതമായ ഗൃഹം ഞങ്ങൾക്ക് തന്നരുളിയാലും''[14]. എന്ന പ്രാർത്ഥന പൗരാണികരുടെ ഭൂമിയോടുള്ള ആദരവിനെ കാണിക്കുന്നതാണ്. സമൂഹാധിഷ്ഠിതമായ ദർശനവും ജീവിതക്രമവും തുടർന്നിരുന്ന വൈദിക ജീവിതം സമദർശനത്തിൽ അധിഷ്ഠിതമായിരുന്നു. വൈദികതലത്തിൽ നിന്നുകൊണ്ട് പ്രകൃതിയെ ആരാധിക്കുന്ന രീതി പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ ദൃഢപ്പെടുത്തി മനുഷ്യനും മനുഷ്യനുള്ള പ്രകൃതിയുടെ ഭാഗമാക്കുകയും പ്രകൃതിയെ അറിഞ്ഞാദരിക്കുന്ന തലം അക്കാലത്ത് ദൃശ്യമാകുകയും ചെയ്തു. പ്രകൃതിയെ ആരാധിക്കുന്ന സമ്പ്രദായം വിട്ട്, പ്രകൃതിയുടെ ആന്തരികാർത്ഥം

ഗ്രഹിക്കാനുള്ള അന്വേഷണത്തിന്റെ ഫലമായിട്ടാണ് ഉപനിഷത്തുകൾ ഉണ്ടായത്.

''യാതൊരുത്തൻ സകല പ്രാണിവർഗ്ഗത്തെയും സർവ്വാധാരമായിരിക്കുന്ന പരബ്രഹ്മ പുരുഷോത്തമനിൽ പരബ്രഹ്മത്തിൽ കാണുകയും അതുപോലെ പരബ്രഹ്മത്തിൽ കാണുകയും അതുപോലെ പരബ്രഹ്മത്തിൽ പ്രാണിവർഗ്ഗത്തിൽ ദർശിക്കുകയും ചെയ്യുന്നുവോ അവന് ആരെയെങ്കിലും വെറുക്കുവാനോ ദ്വേഷിക്കുവാനോ എങ്ങനെ കഴിയും ? അവൻ സദാസമയവും തന്റെ പരമാത്മ പ്രഭുവിനെ പ്രണമിക്കുകയും സകലരേയും സേവിച്ചു സൗഖ്യമുണ്ടാക്കാൻ ആശിക്കുകയും ചെയ്യുന്നു''[15]. ഈശ്വരശക്തിയുടെ ആവാസകേന്ദ്രങ്ങളാണ് സകലചരാചരത്തിലും എന്ന ഈശാവാസ്യോപനിഷത്തിന്റെ ഈ ഉദ്ബോധനം സകല ഉപനിഷത്തുകളുടെയും മുഖ്യസന്ദേശമാണ്.

പ്രാചീന ഭാരതീയ കവിതകളിലേക്ക് കടക്കുമ്പോൾ മനുഷ്യപ്രകൃതിയുടെ സമന്വയം ദൃശ്യമാകും. ഇതിന് ഉത്തമ ഉദാഹരണമാണ് കാളിദാസ കവിതകൾ. 'അഭിജ്ഞാനശാകുന്തളം' നാടകത്തിൽ മനുഷ്യർക്കൊപ്പം പ്രകൃതിക്കും സ്ഥാനം നൽകുന്ന പൗരസ്ത്യ വീക്ഷണം അനാവൃതമായിരിക്കുന്ന നാലാമങ്കത്തിലെ ശകുന്തളയുടെ ഭർതൃഗൃഹത്തിലേക്കുള്ള പുറപ്പെടൽ വേളയിൽ പ്രകൃതി ശകുന്തളയെ കനിഞ്ഞനുഗ്രഹിക്കുന്നുണ്ട്. ''വനജോത്സ്യനേ നീ മാവിന്മേൽ പടർന്നിരിക്കുകയാണെങ്കിലും ഇങ്ങോട്ട് ഞാന്ന ചില്ലക്കൈകൾകൊണ്ട് എന്നെ കെട്ടിപിടിക്കൂ''[16] എന്ന്. ശകുന്തള വനജ്യോത്സ്യനയോട് യാത്ര ചോദിക്കുന്ന രംഗത്തിൽ പറയുന്നുണ്ട്. പ്രകൃതിയും മനുഷ്യനും സമത്വത്തിൽ വർണ്ണിക്കുന്നതിനുദാഹരണമായ കാളിദാസകൃതികൾ അക്കാലഘട്ടത്തിലെ സാമൂഹിക പ്രതിബന്ധതയെ

കാണിക്കുന്നു. എം.പി.ശങ്കുണ്ണിനായരുടെ അഭിപ്രായത്തിൽ ''മനുഷ്യനും പ്രകൃതിക്കും ഇടയിലുള്ള എല്ലാ അതിരുകളും അറ്റു പോകുന്നു. സ്നേഹ വിശ്വാസങ്ങൾ ഇരുവഴിയായും പ്രവഹിക്കുന്നു. സസ്യലതാദികൾ പുലർത്തുന്ന മൗനലോകത്തിന്റെ മണിയറകളിലേക്ക് മനുഷ്യരും പ്രവേശിക്കുന്നു. ഈ ജീവിത വിനിമയം കാളിദാസന് ഒരു സങ്കൽപ്പം മാത്രമല്ല അനുഭവവുമാകുന്നു. ശാകുന്തളം നാലാമങ്കത്തിൽ കാണുന്നത് വെറും പ്രകൃതിവർണ്ണനയല്ല. പ്രകൃതിയും മനുഷ്യനും തമ്മിൽ സാത്മ്യം വന്ന ഒരു ജീവിതമത്രേ''[17] എന്നതാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പരസ്പര്യത്തിൽ കെട്ടിപ്പടുത്ത ഈ ജീവിതം ഉപനിഷത്തുകളിലും കവിതകളിലും പ്രമേയമായി വിശാലമായ പ്രകൃതി ബോധം ഭാരതത്തിൽ ഉണ്ടായിരുന്നു എന്നാണ് ഇതെല്ലാം വെളിപ്പെടുത്തുന്നത്.

### 3.1. തിണസങ്കല്പം

സംഘകാലഘട്ടത്തിൽ തൊൽക്കാപ്പിയർക്ക് മുമ്പ് ഉണ്ടായിരുന്ന കവികൾ ഉപയോഗിച്ച സങ്കേതമാണ് തിണ. ഐന്തിണ സങ്കൽപ്പം വൈവിധ്യമാർന്ന പ്രകൃതിയുടെ സാന്നിധ്യം ഉൾക്കൊള്ളുന്നു. തൊൽക്കാപ്പിയത്തിലെ പൊരുളതികാരത്തിലാണ് തിണ ചർച്ചയുള്ളത്. തമിഴ്നാടിന്റെ ഭൂപ്രകൃതിയാണ് തമിഴകത്തിന്റെ കാവ്യപാരമ്പര്യത്തെയും ജീവിതത്തെയും നിർണ്ണയിച്ചിരുന്നത്. അന്നൊക്കെ സമൂഹം മനുഷ്യനെ പ്രകൃതിയുടെ ഭാഗമായി കണ്ടു. അഞ്ചു പ്രദേശങ്ങൾക്ക് അഞ്ചു പൂക്കളുടെ പേരു നൽകി. പാലൈ, നെയ്തൽ, കുറിഞ്ഞി, മരുതം, മുല്ലൈ എന്നിവയാണ് അവ. ഐന്തിണകളുടെ ഭൂപ്രദേശങ്ങളെക്കുറിച്ച് ശ്രീധരൻ അഞ്ചുമൂർത്തി 'തിണസിദ്ധാന്തം ചരിത്രവും വർത്തമാനവും' എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ അവതരിപ്പിക്കുന്നു.

1. കുറിഞ്ചി - കുന്നിൻപുറങ്ങൾ (പർവ്വതപ്രദേശങ്ങൾ)
2. മുല്ലൈ - മേച്ചിൽ സ്ഥലങ്ങൾ (കാടുപ്രദേശം - വൻപുലം)
3. മരുതം - സമതലപ്രദേശം (മെൻപുലം)
4. നെയ്തൽ - നദീതീരം, കടൽതീരം, (പെരമൺ ഉലകം)
5. പാലൈ - വിജനപ്രദേശം, ഈഷരഭൂമി, വെബരൽ അഥവാ ചുരം)[18].

ഈ അഞ്ചു പ്രദേശങ്ങളിലൂടെ വളർന്നു വികസിച്ച തിണസങ്കൽപ്പം പ്രകൃതി മനുഷ്യബന്ധത്തെ ഏകത്വത്തിൽ ദർശിച്ചു. ആദ്യം ശിശു സഹജമായ നിഷ്കളങ്കതയോടെ പ്രകൃതിയുടെ സാന്നിധ്യത്തിൽ ആഹ്ലാദിച്ച മനുഷ്യന്റെ പ്രകൃതി സങ്കൽപ്പത്തിൽ ക്രമേണ ധാർമ്മികതയുടെയും ആത്മീയതയുടെയും ഘടകങ്ങൾ കടന്നുവന്നു. അപ്പോഴേക്കും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ഗാഢമായിത്തീർന്നു. കവിതയുടെ വൃത്തവും ഇതിവൃത്തവും പ്രകൃതി ആയിത്തീരുന്ന ഒരു അവസ്ഥ തിണദർശനത്തിലുണ്ട്. ഇതിൽ നാടോടി ജീവിതമുദ്രകളും പതിഞ്ഞുകിടപ്പുണ്ട്.

മനുഷ്യന്റെ വൈകാരിക പ്രകടനങ്ങളെ അഞ്ചുതിണകളിലൂടെ പരിസ്ഥിതിയുടെ വിവിധ തലങ്ങളുമായി ബന്ധിപ്പിച്ചാണ് സംഘകൃതികളെഴുതപ്പെട്ടത്. അത്രമേൽ പ്രകൃതിയും മനുഷ്യജീവിതവും സംഘകാലത്ത് ബന്ധപ്പെട്ടിരുന്നു.

## 3.2. നാടോടി സംസ്കാരം കാവുകൾ

കേരളത്തിലെ പ്രാചീനമായ ആരാധനാ സമ്പ്രദായത്തിന്റെ ശേഷിപ്പുകളാണ് കാവുകൾ. വൃക്ഷക്കൂട്ടവും കുറച്ചു കല്ലുകളുമടങ്ങിയതാണ് ഗ്രാമീണർ ആരാധിച്ചുവന്ന കാവുകൾ. സകലചരാചരങ്ങൾക്കും

ആത്മാവുണ്ടെന്നും ആത്മാവിന്റെ കൂടുമാറ്റം നടക്കുന്നുവെന്നും വിശ്വസിച്ചിരുന്ന മനുഷ്യർ പ്രകൃതി പ്രതിഭാസങ്ങളെയും വൃക്ഷങ്ങളെയും ആരാധിച്ചുവന്നു. ഉദാ: കന്നിമാരിത്തേക്ക്, മല്ലീശ്വരൻ മുടി. ഇത്തരം പ്രാചീന വിശ്വാസങ്ങളിലെ ശക്തമായ ഒരു വ്യവസ്ഥയാണ് കുലചിഹ്നാരാധാന. വംശചിഹ്ന സസ്യത്തെ ജന്തുവിനെ കൊല്ലരുത് എന്ന വിലക്ക് പ്രകൃതിയുടെ നിലനില്പ്പിന്റെ പ്രേരണയായിരുന്നു. ജന്തുസസ്യ വൈവിദ്ധ്യവും ജീവിതവലയവും നിലനിൽക്കുന്നതിനു വേണ്ടിയുള്ള നീതിശാസ്ത്രമായിരുന്നു കാവുകളുടെ ആരാധന. പനകളും പാലകളും മിത്തുകളുടെ ആവാസ കേന്ദ്രങ്ങളായി. കാവുകളുമായി ബന്ധപ്പെട്ട അനുഷ്ഠാനങ്ങൾ നാടോടി സർഗ്ഗാത്മകതയെ പ്രതിഫലിപ്പിക്കുന്നതാണ്. ഈ ദ്രാവിഡ സംസ്കാരഘടകങ്ങളിലേക്ക് പിൽക്കാലത്ത് ആര്യവൈദിക സംസ്കാരത്തിന്റെ പ്രതീകങ്ങളും മിത്തുകളും കടന്നുകയറുകയാണുണ്ടായത്.

### 1.4. പ്രാചീനഭാരത്തിലെ പരിസ്ഥിതിവീക്ഷണം

ഭാരതത്തിൽ പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം ആദ്യകാലത്ത് ദൃഢമായിരുന്നു. മരങ്ങളെ ആരാധിക്കുക, പ്രകൃതി പ്രതിഭാസങ്ങളെ ഭക്തിയോടെ കാണുക, വിളവിറക്കുന്നത് പ്രകൃതിയിലെ ഋതുകൾക്കനുസരിച്ചാവുക ഇങ്ങനെ പാരമ്പര്യത്തിലൂന്നിയ നിരവധി കാഴ്ച്ചപ്പാടുകൾ ഉണ്ടായിരുന്ന ജനത പില്ക്കാലത്ത് വന്യമായ സംസ്കൃതിക്ക് രൂപം കൊടുത്തു.

പുരാണങ്ങളിലും ഇതിഹാസങ്ങളിലും കാടും പരിസ്ഥിതിയും സജീവ സാന്നിധ്യമായി കടന്നുവരുന്നുണ്ട്. ജൈവസമ്പത്തിൽ അധിഷ്ടിതമായ ഒരു സംസ്ക്കാരത്തിന്റെ ഭാഗമെന്നോണമാണ് പരിസ്ഥിതി പുരാണേതിഹാസങ്ങളിൽ കടന്നുവരുന്നത്. മനുഷ്യൻ പ്രകൃതിയുടെ തന്നെ ഭാഗമാണെന്നുള്ള വസ്തുത ഭാരതീയ സാഹിത്യ പാരമ്പര്യത്തിൽ നിഴലി

ക്കുന്നുണ്ട്. പിൽക്കാലത്ത് ഈയൊരു ചിന്തയ്ക്ക് കോട്ടം സംഭവിക്കുകയും പ്രകൃതി അന്യമായി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. പ്രകൃതിയെ മാറ്റിനിർത്തിക്കുകയും വന്യസമ്പത്തിനെ ചൂഷണം ചെയ്യുകയും ചെയ്യുന്ന ഈ സവിശേഷ സാഹചര്യത്തിലാണ് പരിസ്ഥിതി ബോധത്തെ മുൻനിർത്തിയുള്ള ചിന്താധാരകളുടെ പ്രസക്തി. പരിസ്ഥിതി ബോധം ജന ങ്ങളിലെത്തിക്കാൻ സഹായിച്ച ഏറ്റവും പ്രധാനപ്പെട്ട സംഭവങ്ങളെയാണ് തുടർന്ന് ക്രോഡീകരിക്കുന്നത്. ആധുനിക കാലത്ത് പ്രകൃതിയെ സംരക്ഷിക്കുന്നതിനായി ഒട്ടേറെ സംഘടിത പ്രസ്ഥാനങ്ങൾ രൂപം കൊള്ളുന്നുണ്ട്. ചിപ്കോ പ്രസ്ഥാനം, നർമ്മദ ബച്ചാവോ ആന്തോളൻ തുടങ്ങിയ ഈ പ്രസ്ഥാനങ്ങൾ പരിസ്ഥിതിയെ സംബന്ധിച്ച ഒരു പുതിയ അവബോധം ഉണർത്തിവിട്ടു.

### 1.4.1. ചിപ്കോ പ്രസ്ഥാനം

സംസ്കൃതിയായിരുന്നു മനുഷ്യന്റെ നിലനിൽപ്പിന്നാധാരം. എന്നാൽ പരിസ്ഥിതി നശിപ്പിക്കാനുള്ളതല്ല എന്ന ബോധം ഇവിടുത്തെ ജനങ്ങളിൽ രൂഢമൂലമായിരുന്നു. കാട് കയ്യേറി വനവിഭവങ്ങൾ നശിപ്പിക്കപ്പെട്ടപ്പോൾ അതിനെതിരെ വൃക്ഷസ്നേഹം എന്തെന്നു പഠിപ്പിക്കാൻ 1972 കളുടെ അവ സാനം പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് ഭാരതത്തിൽ തുടക്കം കുറിച്ചു കൊണ്ട് ചിപ്കോ പ്രസ്ഥാനം നിലവിൽ വന്നു. ഇതിന്റെ ലക്ഷ്യം വൃക്ഷാ രാധന മാത്രമായിരുന്നില്ല. ഗ്രാമങ്ങളിൽ സ്ത്രീകൾഅനുഭവിക്കുന്ന അവഗ ണന, പ്രകൃതിവിഭവങ്ങളോട് മനുഷ്യന്റെ സമീപനം എന്നിവയെല്ലാം ചോദ്യം ചെയ്യപ്പെട്ടു. ഉരുൾപൊട്ടലും മരം മുറിക്കലും തമ്മിൽ അഭേദ്യമായ ബന്ധമുണ്ടെന്ന് അവർ കണ്ടെത്തി. സുന്ദർലാൽ ബഹുഗുണ, ചന്ദിപ്ര സാദ് ഭട്ട് തുടങ്ങിയവരാണ് ചിപ്കോ പ്രസ്ഥാനത്തിന് നേതൃത്വം നൽകിയ ത്. 1972 ൽ പ്രവർത്തനമാരംഭിച്ച ചിപ്കോ പ്രസ്ഥാനം 1977 ൽ ഒരു പ്രഖ്യാ

പനം നടത്തി. ''ഏറ്റവും പ്രധാനപ്പെട്ട വിഭവം വിറകല്ല, മണ്ണും ജലവും വായുവുമാണെന്നവർ പ്രഖ്യാപിച്ചു''[19]. ''ചിപ്കോ സമരം ചരിത്രപരമായും ദാർശനികമായും ജീവിതരീതിയുടെയും മൂല്യങ്ങളുടെയും തുടർച്ചയാണ്. മനുഷ്യന്റെ സ്വത്വം ഊതി ഉണർത്തി നീചശക്തികൾക്കെതിരെ പ്രതിരോധിക്കുക എന്നതാണ് ഇത് നിർവ്വഹിക്കുന്നത്''[20].

ഉത്തരകർണ്ണാടകത്തിലെ സാൽക്കനി പ്രദേശത്ത് പശ്ചിമഘട്ടത്തിലെ മരം മുറിക്കലിനെതിരെ 1983 ൽ യുവജനങ്ങളും സ്ത്രീകളും ചിപ്കോ രീതിയിൽ നടത്തിയ സമരമാണ് അപ്പിക്കോമൂവ്മെന്റ്. വനനശീകരണം തുടരുകയില്ലെന്ന ഉറപ്പ് അധികാരികളിൽ നിന്നും ലഭിക്കുന്നതുവരെ സമരം നീണ്ടു.

### 1.4.2. നർമ്മദാ ബച്ചാവോ ആന്ദോളൻ

നർമ്മദയിൽ പണിയുന്ന കൂറ്റൻ അണക്കെട്ടുകളെ എതിർത്തുകൊണ്ട് രൂപീകൃതമായ പ്രസ്ഥാനമാണ് നർമ്മദാ ബച്ചാവോ ആന്ദോളൻ. ഇന്ത്യാ ഗവൺമെന്റ് 1969 ൽ മധ്യപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര എന്നിവിടങ്ങളിലെ കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി നർമ്മദയിലെ ജലം ഉപയോഗപ്പെടുത്താമെന്ന് നിർദ്ദേശം വെച്ചു. ഈ പദ്ധതി പ്രാബല്യത്തിൽ വരുകയാണെങ്കിൽ ഒരുപാട് പേരുടെ വാസസ്ഥലം നഷ്ടമാകും. സർദാർ സരോവർ, നർമ്മദാ സാഗർ എന്നീ പദ്ധതികളാണ് ലക്ഷ്യമിട്ടത്.

മേധാപട്കർ ഈ പദ്ധതിമൂലം അഗതികളാകാനിടയുള്ള ജനങ്ങളെ സംഘടിപ്പിച്ചു. നർമ്മദ ബച്ചാവോ ആന്ദോളൻ എന്ന സംഘടന മേധപട്കറുടെ നേതൃത്വത്തിൽ ജനകീയസമരം നടത്തി. ഈയൊരു സമരം ഭാരതം മുഴുവനും പുതിയൊരു പരിസ്ഥിതിബോധം സൃഷ്ടിക്കാൻ ഇടയാക്കി. സമാനനിർമ്മാണ പ്രവർത്തനങ്ങൾക്കെതിരെ പോരാടാനും ജനങ്ങളെ

പ്രേരിപ്പിച്ചു. വ്യവസായ ശാലകളിൽ നിന്നും പുറത്തേക്കൊഴുകുന്ന മാലിന്യങ്ങൾ ഗംഗാനദിയെ മലിനമകാക്കി ഉപയോഗശൂന്യമല്ലാതാക്കുന്നതിനെതിരെ പൊതുജന പ്രക്ഷോഭം ഉണ്ടായി. കേന്ദ്രസർക്കാർ ജലശുദ്ധീകരണത്തിനായി സെൻട്രൽ ഗംഗാ അതോറിറ്റി 1985 ൽ രൂപീകരിച്ചു. മിട്ടി ബച്ചാവോ അഭിയാൻ മറ്റൊരു സമരപരിപാടിയാണ്. നർമ്മദാ നദിയിൽ ടാവാ അണക്കെട്ട് നിർമ്മാണത്തിനെതിരെ ഇത് പ്രവർത്തിച്ചു. ഈ പ്രസ്ഥാനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ആശയവും ഭാരത്തിലെ പരിസ്ഥിതി പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടി.

### 1.4.3. കേരളത്തിൽ

1965 മുതൽ 1979 വരെ കേരള ശാസ്ത്രസാഹിത്യ പരിഷത്ത് കേരളത്തിലെ ചാലിയാർപ്പുഴയെ, കോഴിക്കോട് ജില്ലയിലെ ചാലിയാറിന്റെ തീരത്തു സ്ഥിതി ചെയ്യുന്ന വ്യവസായിക ഗ്രാമമായ 'മാവൂരിലെ റയോൺസ്' മലിനപ്പെടുത്തുന്നതിനെതിരെ സമരപരിപാടികൾ സംഘടിപ്പിച്ചു. 1970 കളോടെ പരിസ്ഥിതി ബോധത്തെക്കുറിച്ചുള്ള ചിന്തകൾ കേരളത്തിൽ സജീവമായി. സൈലന്റ്‌വാലി ജലവൈദ്യുത പദ്ധതിക്കെതിരെ ആയിരുന്നു ആ സമരം. ഈ പദ്ധതി വരുന്നതോടുകൂടി സിംഹവാലൻ കുരങ്ങുകളടക്കം അനേകം ജീവജാലങ്ങൾ വംശനാശഭീഷണി നേരിടുമെന്ന് പരിസ്ഥിതി വാദികൾ കണ്ടെത്തി. വികസനവും പരിഷ്ക്കാരവും തമ്മിലുള്ള ബന്ധം ഇതോടെ ചർച്ചാ വിഷയമായി.

കുടിവെള്ളം മലിനമാക്കുകയും നഷ്ടപ്പെടുത്തുകയും ചെയ്യുന്ന കൊക്കക്കോള കമ്പനിക്കെതിരെ 2002 ൽ പ്ലാച്ചിമടയിൽ നടത്തിയ സമരം ഏറെ ജനശ്രദ്ധ പിടിച്ചുപറ്റിയതാണ്. കശുമാവിൻ തോപ്പുകളിൽ വൻതോതിൽ ഉപയോഗിച്ചുവരുന്ന എൻഡോസൾഫാൻ ജനിതകവൈകല്യത്തിനിടയാക്കുന്നുവെന്ന കണ്ടെത്തൽ കാസർകോഡ് ജില്ലയിൽ നടന്നു. ജില്ല

യിലെ ചില പ്രദേശങ്ങളിലെ കശുമാവ് കൃഷിയിടങ്ങളിൽ വ്യാപകമായി എൻഡോസൾഫാൻ കീടനാശിനി ഉപയോഗിച്ചുവന്നിരുന്നു. 2001 ൽ ആ പ്രദേശത്തെ ശിശുക്കളിൽ കാണപ്പെട്ട അസാധാരണമായ ചില രോഗങ്ങൾ എൻഡോസൾഫാൻ ഉപയോഗവുമായി ബന്ധപ്പെട്ടതാണെന്ന് ശാസ്ത്ര ലോകം കണ്ടെത്തി. കേരളത്തിൽ വ്യാപകമായ പരിസ്ഥിതി പ്രവർത്തന ങ്ങളെക്കുറിച്ച് ജി.മധുസൂധനൻ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. ''പ്രതിരോധ സംഘങ്ങളുടെയും പരിസ്ഥിതി പ്രവർത്തനങ്ങളുടെയും ചെറിയ ചെറിയ കൂട്ടായ്മകളും, 'പാഠഭേദവും', 'സൂചിമുഖിയും' പോലുള്ള ചെറുമാസികകളുടെയും ഒരു സമരമുഖം തന്നെ രൂപപ്പെട്ടുവന്നു. ഫുക്കു വോക്കയുടെ 'ഒറ്റവൈക്കോൽ' വിപ്ലവത്തിന്റെ വിവർത്തനം, നാടുഗദ്ദിക എന്നൊരു നാടകം, കനവ് എന്നൊരു ബദൽ വിദ്യാഭ്യാസ സംരംഭം, സാരംഗ് പോലുള്ള ജൈവകൃഷി പരീക്ഷണങ്ങൾ എന്നിങ്ങനെ പരിണാമ ത്തിന് പ്രേരകമായ നിരവധി പ്രവർത്തനങ്ങൾ അക്കാലത്തു നടന്നു''[21]. പ്രകൃതിയുടെ സന്തുലിതാവസ്ഥക്കു കോട്ടം തട്ടുന്ന മനുഷ്യ പ്രവർത്തന ങ്ങളെ എതിർക്കുവാൻ പാകത്തിൽ ഉള്ളതായിരുന്നു കേരളീയ ജനതയിൽ ഉയർന്നു വന്ന പരിസ്ഥിതി വിവേകം.

### 1.5. പ്രതിരോധ ചിന്തയുടെ വികാസം

പ്രകൃതിയെ ചൂഷണം ചെയ്യുന്ന പാശ്ചാത്യ വികസന നയങ്ങൾ അധികകാലം നീണ്ടു നില്ക്കില്ല. അവിടെ തത്വചിന്തകരുടെ അഭിപ്രായ ങ്ങൾ ഒക്കെത്തന്നെയും പ്രകൃതിവിരുദ്ധ പ്രവർത്തനങ്ങൾക്കായിരുന്നു മുൻതൂക്കം കൊടുത്തത്. നാശത്തിന്റെ വക്കിലേക്ക് പോയികൊണ്ടിരി ക്കുന്ന പ്രകൃതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത ആദ്യം ഉന്ന യിച്ച വ്യക്തിയാണ് സെന്റ് ഫ്രാൻസിസ്. മനുഷ്യനെ പ്രഥമ സ്ഥാനത്തു

പ്രതിഷ്ഠിച്ച ക്രിസ്തുമതത്തിന്റെ സർവ്വാധിപത്യത്തെ സെന്റ് ഫ്രാൻസിസ് ചോദ്യം ചെയ്തു.

യൂറോപ്യൻ ജ്ഞാനോദയത്തിന്റെ തത്വചിന്തകരിൽ പ്രധാനിയായ ജീൻജാക്സ് റൂസ്സോ ആധുനികാവസ്ഥയിൽ നിന്ന് പൗരാണികതയിലേക്ക് തിരിച്ച് പോകാൻ ജനങ്ങളോട് ആഹ്വാനം ചെയ്യുന്നു. 'പ്രകൃതിയിലേക്ക് മടങ്ങുക' എന്ന ആശയം റൂസ്സോവിന്റേതാണ്. സമൂഹത്തിലെ പ്രശ്നങ്ങൾ അവസാനിക്കണമെങ്കിൽ പൗരാണിക ജീവിതത്തെക്കുറിച്ച് പഠിക്കണം എന്ന് റൂസ്സോ കണ്ടെത്തി. എന്നാൽ അമേരിക്കൻ ദാർശനികനായ തോറോ വിലൂടെയാണ് പരിസ്ഥിതി സൗന്ദര്യശാസ്ത്രം രൂപപ്പെടുന്നത്. ഭാരതീയ ദർശനങ്ങളുടെയും മറ്റും സ്വാധീനത്തിൽ പ്രകൃതിക്കിണങ്ങിയ ജീവിത രീതി സ്വയം വരിച്ചു. ''1845 ജൂലായ് തൊട്ട് ഏതാണ്ട് രണ്ട് വർഷം വാൽഡൺ തടാകതീരത്ത് കുടിൽകെട്ടി താമസിച്ച് തന്റെ ആദർശങ്ങൾ പരീക്ഷണവിധേയമാക്കി വാൽഡൺ, സിവിൽഡീസ്, ഒബീഡിയൻസ് എന്നിവ പ്രധാനകൃതികൾ''[22].

കീടനാശിനികളുടെ ഉപയോഗം നിമിത്തം പ്രകൃതിക്കും മനുഷ്യനും സംഭവിക്കുന്ന ദുരന്തങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന കൃതിയാണ് റെയ്ച്ചൽ കൾസന്റെ *നിശബ്ദ വസന്തം*. പ്രകൃതിരമണീയത നിറഞ്ഞ ഭൂപ്രകൃതിയിൽ ഋതുഭേദങ്ങൾ മാറിമറിഞ്ഞു വരുന്നു. വളരെയേറെ സന്തോഷം തരുന്ന അനുഭവങ്ങളാണ് ഋതുഭേദങ്ങൾ പങ്കുവെക്കുന്നത്. കീടനാശിനിപ്രയോഗം കൊണ്ട് നിരവധി ജന്തുക്കളും പക്ഷിമൃഗാദികളും ചത്തൊടുങ്ങുന്നു. നിശബ്ദമായ വസന്തം മാത്രമേ പിന്നീട് കാണാൻ കഴി യൂ എന്ന് റെയ്ച്ചൽ കൾസന്റെ നിശബ്ദ വസന്തം സംവദിക്കുന്നുണ്ട്.

ഇങ്ങനെ പാശ്ചാത്യലോകത്ത് പ്രകൃതിദുരന്തമായും നന്മയായും നാശം വിതയ്ക്കുന്ന അവസ്ഥയും പ്രതിരോധ നടപടികളും സംജാതമായിരിക്കുന്നതുകാണാം. എന്നിരുന്നാലും സിയാറ്റിൻ മൂപ്പൻ അമേരിക്കൻ പ്രസിഡണ്ടിനയച്ച കത്ത് പാശ്ചാത്യ പ്രകൃതി വിരുദ്ധവാദത്തിന് ആക്കം കൂട്ടിയതായി കാണാം. 1854 ൽ ആണ് സിയാറ്റിൻ മൂപ്പൻ അമേരിക്കൻ പ്രസിഡണ്ടിന് കത്ത് കൊടുക്കുന്നത്. അത് ഇപ്രകാരമാണ്. ''ഞങ്ങളുടെ ഭൂമി വാങ്ങാനാശിക്കുന്നെന്ന് വിഷിംഗ്ടണിൽ നിന്ന് പ്രസിഡണ്ട് അറിയിച്ചിരിക്കുന്നു. പക്ഷെ എങ്ങനെയാണ് ആകാശവും ഭൂമിയും വിൽക്കാനും വാങ്ങാനും കഴിയുക. അത്തരമൊരാശയം തന്നെ വിചിത്രമായിതോന്നുന്നു. കാറ്റിന്റെ ചൈതന്യവും ജലത്തിന്റെ ദീപ്തിയും നമ്മുടെതല്ലെങ്കിൽ പിന്നെങ്ങനെ നമുക്കവയെ വിൽക്കാനും വാങ്ങാനും ആവും ?

ഞങ്ങളുടെ ആൾക്കാർക്ക് ഭൂമിയുടെ ഓരോ ഇഞ്ചും പവിത്രമാണ്. പൈൻ മരത്തിന്റെ തിളങ്ങുന്ന ഓരോ സൂചിയിലയും ഓരോ മണൽത്തരിയും ഇരുണ്ട കാടുകളെ മൂടുന്ന ഓരോ മഴത്തുള്ളിയും ഓരോ പുൽക്കൊടിത്തുമ്പും ഓരോ പ്രാണിയും ഞങ്ങളുടെ ഓർമ്മയിലും അനുഭവത്തിലും വിശുദ്ധമാണ്.

മരങ്ങളിലൂറുന്ന നീരിനെ ഞരമ്പുകളിലോടുന്ന രക്തത്തെപ്പോലെ ഞങ്ങൾക്കറിയാം. ഞങ്ങൾ ഭൂമിയുടെ ഭാഗമാണ്. ഭൂമി തങ്ങളുടേതും. സുഗന്ധം പോലുള്ള പൂക്കൾ ഞങ്ങൾക്ക് സഹോദരിമാരാണ്. കരടി, മാൻ, പരുന്ത് എന്നിവയെല്ലാം സഹോദരന്മാരും കരിമ്പാറകളും പുൽക്കൊടികളും കുതിരക്കുട്ടികളും മനുഷ്യനും ഓരോ കുടുംബത്തിലെ അംഗങ്ങളാണ്. അരുവികളിലൂടെയും പുഴകളിലൂടെയുമൊഴുകുന്ന തിളങ്ങുന്ന ജലം വെറും ജലമല്ല. ഞങ്ങളുടെ പൂർവ്വികരുടെ ജീവരക്തമാണത്. ഞങ്ങൾ ഭൂമി വിൽക്കുകയാണെങ്കിൽ നിങ്ങളോർക്കണം അതു പവിത്രമാ

ണെന്ന്. അരുവികളിലെ സ്വച്ഛമായ ജലത്തിലെ ഓരോ പ്രതിഫലനവും ഒരായിരം ഓർമ്മകൾ വിളിച്ചു പറയുന്നുണ്ട്. അരുവികളുടെ മർമ്മത്തിലൂടെ സംസാരിക്കുന്നത് ഏതു പിതാമഹന്മാരാണ്. പുഴകൾ ഞങ്ങളുടെ സഹോദരന്മാരാണ്. ഞങ്ങളുടെ ദാഹമകറ്റുന്നത് അവരാണ്. ഞങ്ങളുടെ ചിറ്റോടങ്ങളെ തഴുകുന്നവർ ഞങ്ങളുടെ കുഞ്ഞുങ്ങളെ പോറ്റുന്നവർ. അതുകൊണ്ടു തന്നെ ഒരു സഹോദരനു നൽകേണ്ട സ്നേഹവും ദയാവായ്പും പുഴകൾക്കും നൽകേണ്ടതുണ്ട്. ഞങ്ങളുടെ വികാരങ്ങൾ നിങ്ങൾക്കു മനസ്സിലാകണം എന്നില്ല. നിങ്ങൾക്ക് ഭൂമിയെന്നാൽ അത്രയും മണ്ണാണ്. നിങ്ങൾക്കാവശ്യമുള്ളതെടുക്കാവുന്ന വിശ്വസിക്കാവുന്ന വെറും മണ്ണ്. നിങ്ങൾക്ക് ഭൂമിയൊരു ശത്രുവാണ്. അടിച്ചൊതുക്കേണ്ട കാൽക്കീഴിലമർത്തേണ്ട ഒരു പ്രതിയോഗി. അതിനെവെന്നും ജയിച്ചും മുന്നേറുമ്പോൾ നിങ്ങൾ മറന്നുപോകുന്ന ഒരു കാര്യമുണ്ട്. നിങ്ങളുടെ അമ്മയെ തന്നെയാണ് നിങ്ങൾ കൊള്ളയടിക്കുന്നത് എന്ന്. പൊക്രോം പൊക്രോ എന്നൊച്ച വെയ്ക്കുന്ന തവളകൾ, നാടു ചുറ്റുന്ന ദേശാടന കിളികൾ ഇവയൊന്നുമില്ലാതെ എന്തു ജീവിതം ? ഞാൻ പരിഷ്ക്കാരമില്ലാത്തവനായതുകൊണ്ടാവാം മറിച്ചു ചിന്തിക്കാത്തത്. തുടുത്ത കാട്ടുപഴങ്ങൾ നിറഞ്ഞ കുറ്റിക്കാടുകളെവിടെ ? കാട്ടുപരുന്തുകൾ എവിടെ ? ജീവിതത്തിന്റെ അവസാനവും അതിജീവനത്തിന്റെ ആരംഭവുമാണിതെന്നു തോന്നുന്നു. ഞങ്ങൾ ഭൂമി വിൽക്കുകയാണെങ്കിൽ പൂർവ്വികരുടെ ആദ്യശ്വാസവും അന്ത്യശ്വാസവും ഏറ്റു വാങ്ങിയത് ഈ കാറ്റാണ്. അതുകൊണ്ട് ഞങ്ങൾഭൂമി വിൽക്കുകയാണ്. എങ്കിൽ തന്നെ നിങ്ങളിത് പരിശുദ്ധമായി സൂക്ഷിക്കണം.

ഞങ്ങൾ കുഞ്ഞുങ്ങൾ പഠിച്ചതെന്തോ അത് ഞങ്ങളുടെ കുഞ്ഞുങ്ങളെയും പഠിപ്പിക്കാമോ ? ഭൂമി നമ്മുടെ അമ്മയാണ് എന്ന്. ഭൂമിക്കുമേൽ

നിപതിക്കുന്നതെന്തോ അത് അവളുടെ സന്തതിക്കുമേലും നിപതിക്കുമെന്ന് നാമറിഞ്ഞിരിക്കണം. ഭൂമി മനുഷ്യരുടെതല്ല, മനുഷ്യൻ ഭൂമിയുടേതാണ്. നമ്മെ ഒന്നാക്കി തീർക്കുന്ന രക്തത്തെപ്പോലെ എല്ലാ വസ്തുതകളും പര സ്പരം ബന്ധിതങ്ങളാണ്. മനുഷ്യൻ ഉയിരിന്റെ വല നെയ്യുന്നില്ല. അവനതി ലൊരരിപ്പ മാത്രം. ജീവന്റെ വലയോട് അവൻ ചെയ്യുന്നതെന്തോ അത് അവ നോട് തന്നെയാണ് ചെയ്യുന്നത്''[23].

**6. പരിസ്ഥിതി ദർശനം**

മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെയാണ് പരിസ്ഥിതി ദർശനം എന്ന പദം ഉൾക്കൊള്ളുന്നത്. ആയിരത്തിതൊള്ളായിരത്തി എഴു പതുകളിലാണ് ഈ ദർശനം വികാസം പ്രാപിച്ചത്. പ്രപഞ്ചവും മനു ഷ്യനും തമ്മിലുള്ള ബന്ധത്തിൽ ഊന്നുകയും അതേ സമയം തന്നെ ഈ ബന്ധത്തിന്റെ സങ്കീർണ്ണതകളെ മനസ്സിലാക്കുകയും ചെയ്യുന്ന വീക്ഷണ മാണ് പരിസ്ഥിതി ബോധത്തിന്റെ മുഖമുദ്ര. ''മനുഷ്യൻ ഒറ്റപ്പെട്ട ഒരു ജൈവഘടനയല്ല എന്നും മനുഷ്യനും പ്രകൃതിയും തമ്മിൽ അതിസൂക്ഷ്മ തലത്തിൽ പോലും ബന്ധമുണ്ടെന്നും ഈ ശാസ്ത്രം വിശ്വസിക്കുന്നു. പരിസ്ഥിതിയെ മാറ്റിനിർത്തിക്കൊണ്ട് എപ്പോൾ മനുഷ്യൻ വികാസം പ്രാപിച്ചു തുടങ്ങിയോ അപ്പോൾ അറിവിന്റെ ഘടനയിലുണ്ടായ വിള്ളൽ ഹരിത സൗന്ദര്യശാസ്ത്രം പരിശോധിക്കുന്നുണ്ട്. മനുഷ്യനും പരിസ്ഥി തിയും തമ്മിലുള്ള ബന്ധം നഷ്ടപ്പെട്ടുതുടങ്ങുന്നിടത്ത് നിന്നാണ് പുതിയ ഹരിതദർശനം ഉൾക്കൊള്ളുന്നത്. പരിസ്ഥിതി പഠനവുമായി ബന്ധപ്പെട്ട് പ്രധാനമായും നാല് ശാഖകളാണ് പരിസ്ഥിതി ദർശനവളർച്ചയുടെ അടി സ്ഥാനഘടകമായി വർത്തിക്കുന്നത്. അവ.

1) ഗഹനപരിസ്ഥിതിവാദം Deep Ecology

2) സാമൂഹികപരിസ്ഥിതിവാദം Social Ecology

3) പാരിസ്ഥിതിക മാർക്സിസം Eco Marxism

4) പാരിസ്ഥിതിക സ്ത്രീവാദം Eco Feminism

### 1.6.1. ഗഹനപരിസ്ഥിതവാദം

1973 ൽ ആർനെനെസ്സ് Arne Ness ആണ് ഡീപ്പ് ഇക്കോളജി എന്ന ദർശനം രൂപപ്പെടുത്തിയത്. മനുഷ്യനു ഭൂമിയിലുള്ള സ്ഥാനം പോലെ തന്നെ സർവ്വജീവജാലങ്ങൾക്കും തുല്യ അവകാശമുണ്ടെന്ന് ഈ സിദ്ധാന്തം പറഞ്ഞുവെക്കുന്നു. എല്ലാ ജീവജാലങ്ങളും പ്രകൃതിഘടകങ്ങളും തമ്മിലുള്ള ഗാഢബന്ധത്തിൽ അധിഷ്ഠിതമാണ് ഗഹനപരിസ്ഥിതിവാദം. മനുഷ്യകേന്ദ്രിതചിന്താ മനുഷ്യനെ പ്രകൃതിദത്തമായ ചുറ്റുപാടുകളിൽ നിന്നകറ്റുകയും പ്രകൃതിചൂഷണത്തിന് പ്രേരിപ്പിക്കുകയും ചെയ്തതാണ് പരിസ്ഥിതി നാശത്തിന് ഹേതുവെന്ന് ഗഹനപരിസ്ഥിതിവാദികൾ കരുതുന്നു.

പ്രകൃതിയെ നാശത്തിലേക്ക് തള്ളിവിടാതെ സംരക്ഷിക്കുക. ഉൾവനങ്ങളിൽ താമസിക്കുന്ന ആദിവാസികളെ സംരക്ഷിക്കുക, ചൂഷണവിധേയമായ വന്യതയെ സംരക്ഷിക്കുക എന്നിവ ഗഹനപരിസ്ഥിതിവാദത്തിന്റെ ലക്ഷ്യങ്ങളാണ്. ഗഹനപരിസ്ഥിതിവാദത്തിന് രണ്ട് അടിസ്ഥാനതത്വങ്ങളാണുള്ളതെന്ന് ജി മധുസൂദനൻ അഭിപ്രായപ്പെടുന്നു. ''ഒന്ന് മനുഷ്യരെപ്പോലെ തന്നെ ഈ പ്രകൃതിയിലെ എല്ലാ സത്തുകൾക്കും കണ്ടെത്താനുള്ള അവകാശവുമുണ്ട്. ഒന്നും മനുഷ്യനു വേണ്ടി നിലനിൽക്കുന്നില്ല. മനുഷ്യനു പ്രയോജനപ്പെടുമോ എന്നുള്ളതിനനുസരിച്ചല്ല ഒന്നിന്റെയും

മൂല്യം നിർണ്ണയിക്കേണ്ടത്. അതിനാൽ തന്നെ മനുഷ്യന്റെ പ്രകൃതിയിലെ ഇടപെടലുകൾ സ്വന്തം നിലനിൽപ്പിനാവശ്യമായ അടിസ്ഥാനാവശ്യങ്ങൾക്കു വേണ്ടത്ര വിഭവങ്ങൾ ശേഖരിക്കുന്നതിനപ്പുറം പോകാൻ പാടില്ല. രണ്ട് മനുഷ്യകേന്ദ്രിത തത്വത്തിൽ നിന്ന് Anthroprocentrism ദർശനം ജൈവകേന്ദ്രിതമാകണം Biocentrism [24]

മാത്യു.എം.വർഗ്ഗീസിന്റെ പഠനത്തിനടിസ്ഥാനത്തിൽ ഗഹന പരിസ്ഥിതിവാദത്തിന്റെ സവിശേഷതകൾ ഇപ്രകാരം ക്രോഡീകരിക്കാം.

- ഭൗതിക ലോകത്തിന്റെ കേന്ദ്രസ്ഥാനത്തു നിന്നു മനുഷ്യനു പുറന്തള്ളപ്പെടുകയും മനുഷ്യൻ വിശാലമായ പരിസ്ഥിതിയെ ഒരു ഘടകം മാത്രമാണെന്ന ചിന്ത പ്രബലമായിത്തീരുകയും ചെയ്യുന്നു. മനുഷ്യകേന്ദ്രിതമായ പരിസ്ഥിതി വാദങ്ങൾക്കെതിരെയുള്ള വിമർശനം എന്ന നിലയിലാണ് ഗഹന പരിസ്ഥിതിവാദത്തിന്റെ ഉത്ഭവം.
- വ്യക്തി, വർഗ്ഗം, സമൂഹം, ആവാസവ്യവസ്ഥകൾ, മാനവികവും മാനവികേതരവുമായ സംസ്ക്കാരങ്ങൾ മുതലായവ ഉൾക്കൊള്ളുന്നതാണ് ഡീപ്പ് ഇക്കോളജിസ്റ്റിന്റെ ജീവലോകം.
- ദൈവശാസ്ത്രജ്ഞർ, തത്വചിന്തകർ തുടങ്ങിയ ഒരു വിഭാഗം ഗഹന പരിസ്ഥിതിവാദ പ്രസ്ഥാനത്തിന് Deep Ecology Movement അനുസൃതമായി ജീവനക്കുറിച്ച് കൂടുതൽ ആഴത്തിലുള്ള സമീപനം കാഴ്ച വെക്കുന്നു. വ്യത്യസ്ത ജീവിതാവിഷ്ക്കാരങ്ങൾ സാധ്യമാക്കാൻ കഴിയുന്ന ദർശനത്തിലധിഷ്ഠിതമാണ് പരിസ്ഥിതിവാദം[25].

### 1.6.2. സാമൂഹിക പരിസ്ഥിതിവാദം

മനുഷ്യസമൂഹത്തിലുണ്ടായ അരാജകത്വത്തിന്റെയും മാർക്സിസത്തിന്റെയും സമന്വയമാണ് സാമൂഹിക പരിസ്ഥിതിവാദം എന്ന് സോഷ്യൽ ഇക്കോളജിയുടെ പിതാവായി അറിയപ്പെടുന്ന മുറേബുക് ചിൻ അഭിപ്രായപ്പെടുന്നു. മനുഷ്യനേക്കാൾ പ്രകൃതിക്കുപ്രാധാന്യം കൊടുക്കുന്ന ദർശനമാണിത്. സാമൂഹിക ഇടപെടലുകൾ പ്രകൃതിയിൽ സാധ്യമല്ല എന്ന് ഈ വാദഗതിക്കാർ ഉദ്ദേശിക്കുന്നു. ഗോത്രമായി ജീവിക്കാനാരംഭിച്ച മനുഷ്യർ ഗോത്രത്തലവന്മാർക്ക് എല്ലാ അധികാരവും നൽകിയതും ഇതിനെത്തുടർന്ന് അധികാരവ്യവസ്ഥ സൃഷ്ടിച്ച മാറ്റങ്ങൾ പ്രകൃതിക്കു നേരെ ഉയരുകയും ചെയ്തപ്പോൾ ജൈവമനുഷ്യപാരസ്പര്യം തകർന്നു എന്ന് ഇക്കൂട്ടർ വാദിക്കുന്നു.

പരിസ്ഥിതി പ്രശ്നത്തിന്റെ വേരുകൾ ഘടനാപരവും പ്രത്യയശാസ്ത്രപരവും മാത്രമല്ല മാനസികവും സാംസ്ക്കാരികവും കൂടിയാണ്. ഒരു സാമൂഹിക ജീവി എന്ന നിലയിൽ മനുഷ്യന് മറ്റുള്ളവരുമായുള്ള ബന്ധം പരിസ്ഥിതി പ്രശ്നങ്ങളെ മനസ്സിലാക്കുന്നതിൽ പ്രധാനമാണ് രണ്ടാം ലോകമഹായുദ്ധാന്തരം ഇടതുപക്ഷം നേരിട്ട സൈദ്ധാന്തിക പ്രശ്നങ്ങളിൽ നിന്നാണ് സോഷ്യൽ ഇക്കോളജി രൂപം കൊള്ളുന്നത്. എല്ലാ ജീവരൂപങ്ങൾക്കും ഒരു ആന്തരികമൂല്യം ഉണ്ടെന്നും ഈ മൂല്യത്തെ നീതിപൂർവ്വം തിരിച്ചറിയാൻ മനുഷ്യനുകഴിയണമെന്നും സോഷ്യൽ ഇക്കോളജി വിശ്വസിക്കുന്നു. പരിണാമപ്രക്രിയയിലെ ഒരു ഉത്പന്നമെന്ന നിലയിൽ മനുഷ്യന് ക്രിയാത്മകമായി ഉൾച്ചേരാനും ബോധപൂർവ്വം ലക്ഷ്യോന്മുഖമായി പ്രാഥമിക പ്രകൃതിയെ ആഗോളമായി മാറ്റാനും കഴിയുന്ന മനുഷ്യനെ പ്രകൃതിയുടെ ശത്രുവായിട്ടല്ല, മറിച്ച് മിത്രമായിട്ടാണ് സാമൂഹിക പരിസ്ഥിതിവാദം കണക്കാക്കുന്നത്.

### 1.6.3. പാരിസ്ഥിതിക മാർക്സിസം

സാമ്പത്തിക ശാസ്ത്രജ്ഞനായ ജെയിംസ് ഒ കൊണോർ ആണ് സോഷ്യലിസ്റ്റ് ഇക്കോളജിയെന്ന പരികൽപനയുടെ പ്രചാരകൻ. മാർക്സി യൻ ദർശനത്തിലധിഷ്ഠിതമായ ഈ വാദത്തിന്റെ മറ്റൊരു പേരാണ് പാരി സ്ഥിതിക സോഷ്യലിസം എന്നത്. പ്രകൃതിയുമായി മനുഷ്യന്റെ ബന്ധം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയും അത് യന്ത്രങ്ങൾ ഏറ്റെടുക്കുകയും ചെയ്യു ന്നത് മുതലാളിത്ത വ്യവസ്ഥിതിയുടെഭാഗമാണ്. ആരും ഭൂമിയുടെ അവകാ ശികളല്ല എന്ന് മാർക്സ് പറയുന്നു. ''എല്ലാറ്റിനെയും ഭൂമിയെ പ്രകൃതി യെ, വ്യക്തിയെ മനുഷ്യസമൂഹത്തെ, ബോധത്തെ, ശക്തിസിദ്ധികളെ, എല്ലാ രൂപപ്പെടുത്തുക, മെച്ചപ്പെടുത്തുക, കൂടുതൽ മികച്ചവയ്ക്ക് രൂപം നൽകി പിൻവാങ്ങുക, പരിണാമത്തെയും, പ്രപഞ്ച ഗതിയേയും സംബ ന്ധിച്ച മാർക്സിയൻ ദർശനത്തിന്റെ കേന്ദ്രാംശമാണിത്''[26].

### 1.6.4. പാരിസ്ഥിതി സ്ത്രീവാദം

ഇക്കോ ഫെമിനിസം എന്ന സങ്കല്പം മുന്നോട്ടുവയ്ക്കുകയും അതി നൊരു ദാർശനിക വ്യാഖ്യാനം നൽകുകയും ചെയ്തത് ഫ്രഞ്ച് ഫെമിനി സ്റ്റായ ഫ്രാൻസ്വാദയുബോൻ Francoise d Eaubonne ആണ്. 1974 ൽ ഫ്രഞ്ചു ഭാഷയിൽ പ്രസിദ്ധീകൃതമായ 'Le Feminism me Ovlamert' (Feminism or Death)എന്ന കൃതിയിലെ ഇക്കോഫെമിനിസത്തിന്റെ കാലം. The time for Ecofeminism എന്ന അധ്യായത്തിലാണ്. പാരിസ്ഥിതിക സ്ത്രീവാദമെന്ന ദർശനത്തിന് തുടക്കമിട്ടത്. ആയിരത്തി തൊള്ളായിരത്തി എൺപതുകളിൽ വികാസം പ്രാപിച്ച പാരിസ്ഥിതിക സ്ത്രീവാദം പരിസ്ഥി തിവാദവും സ്ത്രീവാദവും സമന്വയിക്കുന്ന ദർശനമാണ് കാഴ്ച്ചവെക്കുന്ന

ത്. സ്ത്രീയേയും പരിസ്ഥിതിയേയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്ന ഒരു ആഗോള പ്രസ്ഥാനമെന്ന നിലയിലാണ് പരിസ്ഥിതി സ്ത്രീവാദം വളർന്നു വന്നത്. ''പ്രകൃതി മോചിതമാകണം, സ്ത്രീ മോചിതയാകണം ഇതിനോടൊപ്പം പുരുഷനും മോചിതനാകണം. സ്ത്രീ-പുരുഷ പ്രകൃതി യുടെ സംയുക്ത വിമോചനമാണ് ഇക്കോഫെമിനിസത്തിന്റെ മഹത്തായ ലക്ഷ്യം''[27]. സർവ്വചരാചരങ്ങളുടെയും മുന്നേറ്റത്തെ ഇക്കോഫെമിനിസം ലക്ഷ്യമിടുന്നു. പ്രകൃതിയിലൂടെ സ്ത്രീയും സ്ത്രീയിലൂടെ പുരുഷനും മോചിതനാകുന്ന ഈ സങ്കല്പം സംയുക്തവിമോചനം ലക്ഷ്യമിടുന്നു.

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ അടിസ്ഥാനാശയത്തെ ഇപ്രകാരം ക്രോഡീകരിക്കാം.

- പാരിസ്ഥിതിക സ്ത്രീവാദം ശക്തമായ രണ്ട് വാദമുഖങ്ങളുടെ സമന്വയമാണ്. പരിസ്ഥിതിയും മനുഷ്യനും ഒന്നാണെന്നും പരിസ്ഥിതി യുടെ താളക്രമം അനുസരിച്ചാണ് മനുഷ്യരുടെ ജീവിതക്രമമെന്നും പാരിസ്ഥിതിക സ്ത്രീവാദം വെളിപ്പെടുത്തുന്നു.
- ഉത്പാദനത്തിന്റെയും വികസനത്തിന്റെയും ഉത്തമ പങ്കാളികൾ എന്ന നിലയിൽ സ്ത്രീയും പരിസ്ഥിതിയും മലിനീകരണത്തിനും ചൂഷണത്തിനും വിധേയമാണ്. പാരിസ്ഥിതിക നശീകരണത്തെ സ്ത്രീയുടെ നശീകരണമായി ഇക്കോ ഫെമിനിസ്റ്റുകൾ വ്യാഖ്യാനിക്കുന്നു.
- സ്ത്രീയുടെയും ഭൂമിയുടെയും അവകാശി പുരുഷനാണെന്നുള്ള ആധിപത്യ ആശയത്തെ പരിസ്ഥിതി സ്ത്രീവാദം ചോദ്യം ചെയ്യുന്നു. ലിംഗപരവും വർണ്ണപരവുമായ അടിച്ചമർത്തലുകൾക്കെതിരെയുള്ള ശബ്ദമാണ് പാരിസ്ഥിതിക സ്ത്രീവാദത്തിന്

അടിസ്ഥാനം. ഇത്തരത്തിലൊരു പാരിസ്ഥിതിക അവബോധം പ്രകൃതിയും മനുഷ്യനും തമ്മിലുള്ള അഗാധ പാരസ്പര്യത്തെ ഊട്ടിയുറപ്പിക്കുന്നു. വികസനവും തനത് എന്ന ചിന്തയും തമ്മിൽ കൂടിച്ചേരുന്നതിന്റെ ദൃശ്യമാണ് ആധുനിക കാലഘട്ടത്തിൽ കാണുന്നത്. പ്രകൃതിയെ അറിഞ്ഞാദരിക്കേണ്ടതിന്റെ ആവശ്യകത ചൂഷണാധിഷ്ഠിത സമൂഹത്തിന്റെ മുതലാളിത്ത തന്ത്രങ്ങളിൽ നിന്ന് ജനസമൂഹം മനസ്സിലാക്കുന്നു എന്നതിന് തെളിവാണ് പാരിസ്ഥിതികാവബോധം.

പരിസ്ഥിതിയിൽ നിന്ന് അകന്ന് ഉള്ള ഒരു ജീവിതം മനുഷ്യന് സാധ്യമല്ല എന്നതാണ് പാരിസ്ഥിതിക ദർശനത്തിന്റെ അടിസ്ഥാനം. പരിസ്ഥിതിയെ ചൂഷണം ചെയ്യുന്ന പോലെ തന്നെ സമൂഹത്തിൽ അവഗണിക്കപ്പെടുകയും അക്രമത്തിനിരയാക്കുകയുമാണ് സ്ത്രീയും. രണ്ടും ഒരേ അവസ്ഥയനുഭവിക്കുന്നതുകൊണ്ട് ഒരേ അർത്ഥത്തിലാണ് പാരിസ്ഥിതിക സ്ത്രീവാദികൾ ഇതു പ്രയോഗിക്കുന്നത്. തുടർന്നുള്ള അധ്യായങ്ങളിൽ സ്ത്രീവാദവും പാരിസ്ഥിതികസ്ത്രീവാദവും എന്തെന്ന് വിശദീകരിക്കുകയാണ് ചെയ്യുന്നത്.

## കുറിപ്പുകൾ

1) 'പരിസ്ഥിതി ദളിതെഴുത്ത്, പെണ്ണെഴുത്ത്, സിദ്ധാന്തവും, ആവിഷ്ക്കാരവും', പുറം.169

Eugene.P.Odum; 'Basic Ecology', London Press, Page 1

3) Dadson,J.Stanley; 'Ecology', Page 2

4) ബാലകൃഷ്ണൻ.ബി.സി; കെ.എസ്.നാരായണപിള്ള'ശബ്ദസാഗരം', പു.2480

'പരിസ്ഥിതി ദളിതെഴുത്ത്, പെണ്ണെഴുത്ത്, സിദ്ധാന്തവും, ആവിഷ്ക്കാരവും',പുറം.169 – 170

M.G.Chittara, 'Encyclopedia of Ecology' Environment and pollution Vol. XV. Page.60.

7) മധുസൂദനൻ.ജി; (എഡി), 'ഹരിതനിരൂപണം മലയാളത്തിൽ', പുറം.71.

8) മധുസൂദനൻ.ജി; 'കഥയും പരിസ്ഥിതിയും', പുറം.15.

William Ruckort; 'Literature and Ecology an Experiment in Ecocriticism'. Page.105.

നാരായണൻ, കെ.സി; 'പരിസ്ഥിതി സൗന്ദര്യശാസ്ത്രം, സാഹിത്യ ലോകം', സെപ്തംബർ - ഒക്ടോബർ, പുറം.31.

ആനന്ദ്; 'ജൈവമനുഷ്യൻ', പുറം.57.

വിനയചന്ദ്രൻ,ഡി; 'പരിസ്ഥിതിയുടെ സ്ഥിതി നളചരിതത്തിലും നാട്ടുചരണങ്ങളിലും', വിജ്ഞാനകൈരളി, മെയ് 2010, പുറം.36.

ബാലകൃഷ്ണൻ വെങ്ങാന്നൂർ; 'അഥർവ്വവേദം' (വിവ.)

'യത്തേഭൂമിവഖനാമി

ക്ഷിപ്രം തദപി രോഹത

മാതേ മർമ്മ വിമൃഗ്വരി

മാതേ ഹൃദയമർപ്പിതം' (12.1)

14) ഒ.എം.സി.നാരായണൻ നമ്പൂതിരിപ്പാട്; 'ഋഗ്വേദം ഭാഷാഭാഷ്യം'. പുറം.35

15) ചിന്മയാനന്ദൻ; 'ഈശാവാസ്യോപനിഷത്ത് വ്യാഖ്യാനം', പുറം.11

16) കുട്ടികൃഷ്ണമാരാർ; 'അഭിജ്ഞാനശാകുന്തളം', വിവർത്തനം, പുറം.15.

17) ശങ്കുണ്ണിനായർ, എം.പി; 'ഛത്രവും ചാമരവും', പുറം.21

18) ശ്രീധരൻ അഞ്ചുമൂർത്തി; 'തിണസിദ്ധാന്തം ചരിത്രവും വർത്തമാന വും', പുറം.35.

19) ശ്രീധരൻ.കെ; 'പരിസ്ഥിതി വിജ്ഞാനകോശം', പുറം.23.

20) അരവിന്ദാക്ഷൻ,കെ; 'ഗാന്ധിയുടെ ജീവിതദർശനം', പുറം.146

21) മധുസൂധൻ.ജി; ‘ഹരിതനിരൂപണം മലയാളത്തിൽ’, പുറം.15.

22) പി.പി.കെ.പൊതുവാൾ;‘പരിസ്ഥിതി കവിതയ്ക്കൊരാമുഖം’ പുറം.17

23) പ്രതാപൻ തായ്യാട്ട്; ‘പരിസ്ഥിതി ദർശനം’, പുറം.125

24) മധുസൂദനൻ.ജി; ‘കഥയും പരിസ്ഥിതിയും’, പുറം.338

25) ‘പരിസ്ഥിതി ദളിതെഴുത്ത്, പെണ്ണെഴുത്ത്, സിദ്ധാന്തവും, ആവിഷ്ക്കാരവും’, പുറം.172.

26) രാജശേഖരൻ.എസ്; ‘പന്മനരാമചന്ദ്രൻ നായർ; (എഡി) ‘പരിസ്ഥിതി പഠനങ്ങൾ’, പുറം.179

Carolyn Mechant; ‘Key concept in Critical theory Ecology’, Page. 10.

# അധ്യായം 2

# സ്ത്രീവാദം

ലിംഗവ്യവസ്ഥിതിയുടെ ആധിപത്യത്തിൽ നിന്നു മാനവസമൂഹത്തെ മോചിപ്പിക്കാനുള്ള പ്രതിസംസ്കാരത്തിന്റെ പ്രത്യയശാസ്ത്രമാണ് ഫെമിനിസം അഥവാ സ്ത്രീവാദം. ഫെമിനിസം ഒരു വിമോചസിദ്ധാന്തമായും സ്ത്രീശാക്തീകരണ പ്രസ്ഥാനമായും വളർന്നു വികസിച്ചു കഴിഞ്ഞുവെങ്കിലും സ്ത്രീയുടെ വിമോചനവും ശാക്തീകരണവും പൂർത്തീകരിക്കാനാവാത്ത ഒരു ആശയവും ആവശ്യവുമായി തുടരുകയാണ്. പുരുഷ മേൽക്കോയ്മ സ്ത്രീയുടെ ജീവിതാനുഭവങ്ങളെ തമസ്ക്കരിക്കുകയും പീഡതുല്യമായ ജീവിതം കാഴ്ച്ചവെക്കുന്നതിനുള്ള ഘടകങ്ങൾ ഒരുക്കുന്നതിൽ വ്യഗ്രത കാട്ടുകയും ചെയ്യുന്നു. ഇതിൽ നിന്നുള്ള മോചനം നേടലാണ് ഫെമിനിസം. സ്ത്രീകൾക്കു മാത്രമായ ഒരു പ്രസ്ഥാനമോ, വാദമോ ആയല്ല ഫെമിനിസം നിലകൊള്ളുന്നത്. എന്ത് എഴുതുന്നു എന്നതാണ്, എന്തു നിലപാട് സ്വീകരിക്കുന്നു എന്നതാണ് ഫെമിനിസത്തിന്റെ പ്രത്യേകത. സ്ത്രീസ്വത്വ രൂപീകരണവുമായി ബന്ധപ്പെടുത്തി പുരുഷൻ നടത്തുന്ന രചനകളും ഫെമിനിസത്തിൽ ഇടം കണ്ടെത്തുന്നുണ്ട്. സ്ത്രീ പുരുഷ സമത്വത്തിലധിഷ്ഠിതമായ സർഗ്ഗാത്മ രചനകളും നിരൂപണങ്ങളും വളർത്തി എടുക്കുന്നതിൽ പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ഫെമിനിസം എന്ന പദത്തിന്റെ തർജ്ജമ, നിർവചനങ്ങൾ, ചരിത്രവികാസങ്ങൾ ഇവ പരിശോധിക്കുകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്.

## 2.1. ഫെമിനിസം അർത്ഥവും പ്രയോഗവും

അനേകം ആശയങ്ങളുടെ സമുച്ചയമായ ഫെമിനിസത്തെ സ്ത്രീവാദ ചിന്തകരും ആ ആശയത്തോട് ആഭിമുഖ്യം പുലർത്തുന്നവരും ഈ സിദ്ധാന്തത്തെ വിവിധതരത്തിൽ വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടുണ്ട്.

‘‘ഫെമിനിസ്റ്റ് എന്ന വാക്ക് ആദ്യമായി പ്രയോഗിച്ചു കാണുന്നത് 1895 ഏപ്രിൽ 25-ാം തിയ്യതിയിലെ അത്തെനം എന്ന ആനുകാലിക പ്രസിദ്ധീകരണത്തിലാണ്’’[1]. യൂറോപ്യൻ നവോത്ഥാനത്തിന്റെ ഭാഗമായി നേടിയവിജ്ഞാന വികസനം, ഫെമിനിസമെന്ന ആശയത്തെ ചരിത്രപരതയിലേക്കുയർത്തി സമൂഹത്തിൽ സ്ത്രീപുരുഷബന്ധത്തിന്റെ അനിവാര്യത സമത്വത്തിലൂടെ സാധ്യമാകൂ. അത് ലിംഗസമത്വത്തിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണമെന്ന് ഓക്സ്ഫോർഡ് ഡിക്ഷ്ണറിയിലെ നിർവചനം വ്യക്തമാക്കുന്നു. ‘‘ലിംഗ സമത്വത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രീകളുടെ അവകാശത്തിനു വേണ്ടിയുള്ള വാദം’’[2] എന്ന് ഫെമിനിസത്തിന് അർത്ഥം നൽകിയിരിക്കുന്നു.

ഫെമിനിസമെന്ന പദം നിരവധി സംജ്ഞകളിലാണ് അറിയപ്പെടുന്നത്. സ്ത്രീവാദം, സ്ത്രീവിമോചനം, സ്ത്രീ പ്രസ്ഥാനം എന്നീ പേരുകളിൽ അറിയപ്പെടുമ്പോഴും ഇവയിൽ അന്തർധാരയായി വർത്തിക്കുന്ന ഘടകം ഒന്നുതന്നെയാണ്. അതായത് സമൂഹത്തിലെ അസമത്വത്തിൽ നിന്നുള്ള മോചനം. സ്ത്രീകൾക്കുവേണ്ടി വാദിക്കുകയും വിമോചനം നേടുകയും പ്രസ്ഥാനമായി രൂപം കൊള്ളുകയും ചെയ്യുന്ന ചരിത്രവൽക്കരണം ഫെമിനിസം എന്ന പദം ഉൾക്കൊള്ളുണ്ട്. ഓരോ കാലഘട്ടത്തിലൂടെയുള്ള വളർച്ച ഇത് പ്രശ്നവൽക്കരിക്കുന്നു.

‘‘സ്ത്രീവാദം, സ്ത്രീവിമോചനം, സ്ത്രീപ്രസ്ഥാനം തുടങ്ങിയ സംജ്ഞകൾ കൊണ്ട് വിവക്ഷിക്കുന്ന സാമൂഹിക പ്രസ്ഥാനമാണ് ഫെമിനിസം’’[3]. ഫെമിനിസം ഒരു സാമൂഹിക പ്രസ്ഥാനമായതുകൊണ്ടു തന്നെ വ്യക്തിയും അതിനോടുബന്ധപ്പെട്ടു വരുന്ന ജീവിതചര്യങ്ങളും ഉൾക്കൊ

ള്ളുന്നുണ്ട്. ''വ്യക്തിനിഷ്ഠവും രാഷ്ട്രീയവും നൈസർഗീകതയും സജീവതയും ഒന്നുചേർന്ന ഇടമാണ് സ്ത്രീവാദം എന്ന് ആൻഡ്രിയൻ റിച്ച് Andrienne Rich നിരീക്ഷിക്കുന്നു''[4].

ആദ്യകാല നിരീക്ഷണങ്ങളിലൊന്നാണ് ആൻഡ്രിയൻ റിച്ചിന്റേത്. വ്യക്ത്യധിഷ്ഠിത കാഴ്ച്ചപ്പാടുകൾ സജീവമായ ഈ കാലഘട്ടത്തിൽ സ്വന്തം മാനസിക വ്യാപാരത്തിന്റെ ധാരണകളിലൂടെ സമത്വം സൃഷ്ടിച്ചെടുക്കാം എന്ന ധാരണ ശക്തമായിരുന്നു. സ്ത്രീപുരുഷ ബന്ധങ്ങളെ പാവനമായി കണ്ട പൗരാണിക സമൂഹത്തിന്റെ നേർവിപരീതമാണ് പിന്നീട് കണ്ടത്. അതുകൊണ്ടുതന്നെ സമൂഹവ്യവസ്ഥിതി അസമത്വം നിറഞ്ഞതും പീഡനാത്കവുമായ പരിതോവസ്ഥയുടേതായി മാറി. ''അസമത്വം നിറഞ്ഞതും പീഡനാത്മകവുമായ സ്ത്രീ പുരുഷ ബന്ധങ്ങളെ ചൂഴ്ന്നു നിൽക്കുന്ന മൗനത്തിന്റെ ഗൂഢാലോചനയെ പൊളിക്കാൻ ധൈര്യപ്പെടുകയും അവയെ മാറ്റിത്തീർക്കാൻ പരിശ്രമിക്കുകയും ചെയ്യുന്നവരാണ് ഫെമിനിസ്റ്റുകൾ''[5]. ഫെമിനിസ്റ്റുകൾ നേരിടുന്ന ഏറ്റവും പ്രധാന വെല്ലുവിളി സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വമാണെന്നും പീഡനാധിഷ്ഠിതമായ സമൂഹത്തിൽ നിന്നും മോചനം നേടുകയാണ് ഫെമിനിസ്റ്റുകളുടെ ലക്ഷ്യമെന്നും ഈ നിർവചനം സ്ഥാപിക്കുന്നു. എന്നാൽ സമൂഹത്തിൽ നിലനിൽക്കുന്ന അസമത്വം എന്നതിനപ്പുറം അധികാരഘടനകൂടി ലിംഗസമത്വത്തെ നിയന്ത്രിക്കുന്നു എന്ന കണ്ടെത്തൽ ആധുനിക സ്ത്രീവാദ സമീപനത്തിലേക്കുള്ള ഒരു വഴിത്തിരിവാകുന്നു.

''രണ്ടു അടിസ്ഥാന പ്രമാണങ്ങളെ മുൻനിർത്തിയുള്ള കാഴ്ച്ചപ്പാടാണിത്. ലിംഗവ്യത്യാസം സ്ത്രീപുരുഷന്മാർക്കിടയിൽ നിലനിൽക്കുന്നതും സമൂഹഘടനയുടെ ഭാഗമായതുമായ എല്ലാ അസമത്വങ്ങളുടെയും അടി

സ്ഥാനശിലയാണ്. ഇതിന്റെ ഫലമായി സ്ത്രീകൾ ക്രമബന്ധമായ സാമൂഹിക നീതികൾക്കിരയാവുന്നു. ലിംഗജാതികൾക്കിടയിൽ നിലനിൽക്കുന്ന അസമത്വം ജീവശാസ്ത്രപരമായ ആവശ്യങ്ങളായല്ല, മറിച്ച് ലിംഗ വ്യത്യാസത്തെ സംബന്ധിച്ച സാംസ്ക്കാരിക നിർമ്മിതിയുടെ ഭാഗമയാണ് ഉടലെടുക്കുന്നത്. ലിംഗപരമായ അസമത്വത്തെ രൂപീകരിക്കുകയും വിശദീകരിക്കുകയും ചെയ്യുന്ന ബലതന്ത്രത്തെ തിരിച്ചറിയുകയും ചെയ്യുക എന്ന ദ്വിമുഖപദ്ധതിയായി ഈ കാഴ്ച്ചപ്പാട് ഫെമിനിസത്തെ പരിവർത്തിപ്പിക്കുന്നു.[6] പാംമോറിസിന്റെ ഈ ചിന്ത തുല്യനീതി എന്നത് സമൂഹത്തിനാവശ്യമാണെന്ന് അടിവരയിടുന്നു.

അവകാശങ്ങൾ നേടിയെടുക്കുക എന്നതാണ് ഫെമിനിസത്തിന്റെ ലക്ഷ്യമെന്ന് വാദിക്കുന്ന നിർവചനമാണ് രാമകൃഷ്ണൻ മുന്നോട്ടുവെക്കുന്നത്. ''ആൺകോയ്മാ സമൂഹം പരമ്പരാഗതമായി അന്യൂനമെന്ന് വാദിച്ചിട്ടുള്ള വീക്ഷണങ്ങളുടെയും സമീപനങ്ങളുടെയും ന്യായാന്യായങ്ങൾ, മാനുഷികവും മതേതരവുമായ ആദർശങ്ങളുടെയും യുക്തിബോധത്തിന്റെയും വെളിച്ചത്തിൽ സമഗ്രമായി പരിശോധിക്കാനും സ്ത്രീകളും പുരുഷന്മാരുമുൾപ്പെടുന്ന വ്യക്തികളുടെ ബോധത്തിൽ അനീതിക്കെതിരെ പ്രതിഷേധത്തിന്റെ കൊടുങ്കാറ്റുകളുയർത്തി പ്രതികൂലമായ അവസ്ഥകളോട് ഏറ്റുമുട്ടാനും അവർക്ക് സംഘടിതമായ ഇച്ഛാശക്തിയും ആത്മവിശ്വാസവും നല്കാനും പ്രാപ്തമായ ഒരു ചിന്താപദ്ധതിയാണ് ഫെമിനിസം''[7].

സ്ത്രീകളെ രണ്ടു തട്ടിലായി കാണുന്ന നയമായിരുന്നു പുരുഷസമൂഹം കൈക്കൊണ്ടത്. സ്ത്രീകളെന്നു പറയുമ്പോൾ തുല്യനീതി എന്നത് സമൂഹത്തിനാവശ്യമാണെന്ന് അടിവരയിടുന്നു.

''സ്ത്രീയുടെ രചനകളെ സ്ത്രീകൾ തന്നെ വ്യാഖ്യാനിക്കുന്ന പ്രക്രിയയാണ് ഫെമിനിസം''[8] ഇങ്ങനെ വരുമ്പോൾ ഫെമിനിസം സ്ത്രീകൾക്കു വേണ്ടി മാത്രമാണെന്ന ധാരണ ഉണ്ടാക്കാൻ ഈ നിർവ്വചനം പര്യാപ്തമാകുന്നു. കൃതികളെ സ്ത്രീകൾ തന്നെ വിലയിരുത്തുന്ന പ്രക്രിയകൂടി ഇതിൽ ഉൾക്കൊള്ളുമ്പോൾ പുരുഷാധിപത്യത്തിൽ നിന്ന് വ്യത്യസ്തമായി സ്ത്രീകളുടെതായ ലോകത്തിലേക്ക് ഫെമിനിസം വഴിമാറുന്നതായി കാണാം. ''ഫെമിനിസ്റ്റ് നിരൂപണം പുരുഷാധീശസങ്കൽപ്പങ്ങൾക്കെതിരായ ഒരു സാഹിത്യവിചിന്തന പ്രസ്ഥാനമാണ്[9]. എന്ന ലീലാവതിയുടെ അഭിപ്രായം ഈ വാദത്തെ കൂടുതൽ ബലപ്പെടുത്തുന്നു. സ്ത്രീകളുടെ ഇച്ഛാശക്തി പുരുഷമേൽക്കോയ്മയ്ക്ക് അവകാശപ്പെട്ടതല്ലെന്ന ബോധത്തിന്റെ വെളിച്ചത്തിൽ മാനുഷികരിൽ ഒരു വിഭാഗം സ്ത്രീകളുടെ മാത്രം ഉന്നമനത്തിനുവേണ്ടി പ്രവർത്തിക്കുന്നത് എന്ന് അർത്ഥം കിട്ടുന്ന തരത്തിൽ ''വർഗ്ഗപരമായി വരേണ്യപദവിയുള്ള മധ്യവർഗ്ഗവനിതകളുടെ മുന്നേറ്റമാണ് ഫെമിനിസം''[10]. എന്ന നിർവചനവും ഉണ്ട്. ഇതു പ്രകാരം മധ്യവർഗവനിതകളുടെ മുന്നേറ്റം മാത്രം ഉൾക്കൊള്ളുന്നതാണ് ഫെമിനിസം എന്നു വരുന്നു.

ഫെമിനിസവും ഫെമിനിസ്റ്റ് നിരൂപണവും സ്ത്രീകൾക്ക് തുല്യാവകാശം സമൂഹത്തിൽ കൈവരിക്കണം എന്ന ലക്ഷ്യത്തിലാണ് ഊന്നുന്നത്. ഏകതാബോധത്തിലധിഷ്ഠിതമായിരുന്ന ഗോത്രവർഗ്ഗകാലഘട്ടത്തിൽ നിന്നും ഭിന്നമായി സ്ത്രീപുരുഷ വ്യത്യാസം ഉടലെടുത്തപ്പോഴുണ്ടായ അസ്വാരസ്യങ്ങളിൽ നിന്ന് പുത്തൻ ഉണർവു നേടിയതിന്റെ പുതിയ ശബ്ദം കണ്ടെത്തിയതിന്റെ വിമോചനത്തിന്റെ നിലനിൽപ്പിന്റെ എല്ലാം കൂടിയുള്ള മുന്നേറ്റമാണ് ഫെമിനിസം എന്നു പറയാം.

## 2.2. സ്ത്രീവാദം വളർച്ചും വികസനവും

പാശ്ചാത്യചിന്തകരിലൂടെ വളർന്നുവന്ന ഫെമിനിസത്തിന്റെ വളർച്ചയെ പരിശോധിക്കുകയാണ് തുടർന്നു ചെയ്യുന്നത്.

### 2.2.1. സ്ത്രീ കാഴ്ച്ചപ്പാട്

സ്ത്രീപക്ഷ സാഹിത്യവിമർശനത്തിന്റെ മേഖലയിൽ അദ്വിതീയ സ്ഥാനം വഹിക്കുന്ന ഗ്രന്ഥമാണ് സിമോങ് ദ ബുവ്വായുടെ Simone de Beauvior സെക്കന്റ് സെക്സ് Second Sex സ്ത്രീവാദ ചിന്തകളിൽ പ്രാധാന്യമർഹിക്കുന്ന ഈ ഗ്രന്ഥത്തിൽ ''മനുഷ്യകുലം ഒരു ആൺ സങ്ക ല്പമാണ്. പുരുഷൻ പ്രകൃതിയെ നിർവചിക്കുന്നത് അവളിൽ നിന്നുകൊ ണ്ടല്ല, മറിച്ച് അവനുമായുള്ള ബന്ധത്തിലാണ്. സർവ്വ സ്വാതന്ത്ര്യയായി അവൾ ഒരിക്കലും പരിഗണിക്കപ്പെടുന്നില്ല''[10]. എന്നു പറയുന്നു. ഈ ഗ്രന്ഥ ത്തിന്റെ കാഴ്ചപ്പാടിൽ ആരും സ്ത്രീയായി ജനിക്കുന്നില്ല എന്നും സ്ത്രീ ആക്കപ്പെടുകയാണ് എന്നുമുള്ള കാഴ്ച്ചപ്പാട് ഉണ്ട്. സംസ്ക്കാരത്തിലെ വിരുദ്ധ കാഴ്ച്ചപ്പാടുകളെ, സ്ത്രീപുരുഷവ്യതിരിക്തതയെ ഈ ഗ്രന്ഥം ചോദ്യം ചെയ്യുന്നു. സെക്കന്റ് സെക്സ് തുടങ്ങുന്നത് ഇങ്ങനെയാണ്. ''ഞാനൊരു സ്ത്രീയാണ്. മുന്നോട്ടുള്ള എല്ലാ ചർച്ചകളും ഈയൊരു സത്യത്തിന്റെ അടിസ്ഥാനത്തിലായിരിക്കും''[11]. ഫ്രഞ്ച് ഫെമിനിസ്റ്റ് ചിന്ത യിൽ അദ്വിതീയ സ്ഥാനം ഈ പുസ്തകത്തിനുണ്ട്. സ്ത്രീകളുടെ അസ്തി ത്വത്തെ ചോദ്യം ചെയ്യുന്നവർക്കുള്ള ഉത്തരമായാണ് ഈ കൃതി നിലകൊ ള്ളുന്നത്. പേരിലുള്ള വൈചിത്രത സമൂഹത്തിലെ സ്ത്രീയുടെ സ്ഥാനം എന്ത് എന്ന് വ്യക്തമാക്കാൻ ഉതകുന്നതാണ്. സംസ്ക്കാരത്തിന് വിവിധ

കാഴ്ചപ്പാടുകളാണ് സ്ത്രീയേയും പുരുഷനേയും വ്യതിരിക്തമായ രീതി യിൽ കാണാൻ പര്യാപ്തമാക്കുന്നത്.

### 2.2.2. ചിന്തയിലെ ഇടം

സ്ത്രീ സ്വതന്ത്ര്യവാദികളുടെ ബൈബിൾ എന്നറിയപ്പെടുന്ന വെർജീ നിയ വുൾഫിന്റെ 'എഴുത്തുകാരിയുടെ മുറി' A Room of One's Own നിയമത്തിന്റെ മുന്നിൽ എല്ലാവർക്കും തുല്യഅവകാശമുണ്ടെന്ന് വാദിക്കു ന്നു. ''പുരുഷാധികാരമെന്നാൽ പിതാക്കന്മാരുടെ അധികാരബലപ്രയോഗം കൊണ്ടും ഒപ്പം ഭാഷ, ആചാരങ്ങൾ, മര്യാദ, വിദ്യാഭ്യാസം, അദ്ധ്വാനവിഭ ജനം എന്നിവകൊണ്ടും സ്ത്രീകളുടെ പങ്കിനെ പുരുഷന്മാർ നിർണ്ണയി ക്കുന്ന കുടുംബപരമായ, സാമൂഹ്യമായ, പ്രത്യയശാസ്ത്രപരമായ, രാഷ്ട്രീ യവ്യവസ്ഥ ഇതിൽ എല്ലായിടത്തും സ്ത്രീപുരുഷന് കീഴ്പ്പെട്ടിരിക്കുന്നു.[12]

ജാനിസ് ബർക്ക് ലാന്റും Janis Birke Land നെസ്ത്രാകിങ്ങും Nestraking രൂപപ്പെടുത്തിയ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ മുൻധാര ണകൾ ഇങ്ങനെയാണ്. സമൂഹത്തിലെ സാംസ്ക്കാരിക വൈവിധ്യങ്ങൾ, സമത്വം, അഹിംസ തുടങ്ങിയ മൂല്യങ്ങൾ സാമൂഹിക പുനർനിർമ്മിതിക്കാ വശ്യമാണ്. അത് പരിസ്ഥിതി സ്ത്രീഘടകങ്ങളുടെ നിലനിൽപ്പിനും നീതിക്കും ഉതകുന്നതാണ്. അധികാര ശ്രേണിബന്ധങ്ങൾ സൃഷ്ടിച്ചെടു ക്കുന്ന അധിനിവേശപ്രക്രിയ പാരസ്പര്യവും നേരിടാനുള്ള കഴിവുമായി മാറ്റിയെടുക്കണം. ശ്രേണി ബന്ധവ്യവസ്ഥകൾ സമൂഹത്തിൽ വിള്ളലുകൾ സൃഷ്ടിക്കുന്നുണ്ട്. ബുദ്ധിപരതയും സാംസ്ക്കാരിക കൈമാറ്റങ്ങളും ശ്രേണികൃതവ്യവസ്ഥയിൽ മുന്നിട്ടുനിൽക്കുന്നുണ്ട്. ഒരു ഭാഗത്ത് മഹ ത്വവൽക്കരണത്തിന്റെയും മറുഭാഗത്ത് തമസ്ക്കരിക്കുന്നതിന്റെയും പ്രതീക

ങ്ങൾ സമൂഹം സൃഷ്ടിക്കുന്നു. സ്ത്രീ പ്രകൃതി അവസ്ഥകൾ വേർതിരിച്ചുനിർത്തുന്നതിനെ സ്ത്രീവാദം എതിർക്കുന്നു. ഇത്തരത്തിലൊരവബോധം പാരിസ്ഥിതിക സ്ത്രീവാദം കാഴ്ചവെക്കുന്നു.

സാമൂഹ്യശാസ്ത്രജ്ഞയായ മരിയമേയ്സ് Maria Mase ആത്മീയതയിൽ ചിന്തകളെ ഊന്നുന്ന വന്ദനശിവ Vandhana Siva എന്നിവർ സ്ത്രീയുടെ സ്ത്രൈണ ധർമ്മങ്ങളുടെ പ്രത്യേകതകൾ തന്നെ പരിസ്ഥിതിയെകുറിച്ച് സ്ത്രീ പുരുഷനേക്കാൾ ആകുലപ്പെടുവാൻ പ്രേരിപ്പിക്കുന്നു എന്നു നിരീക്ഷിക്കുന്നുണ്ട്. പുരുഷനേക്കാൾ സ്ത്രീ പ്രകൃതിയോടും കുടുംബത്തോടും ചേർന്നു നിൽക്കുമ്പോൾ അവയിൽ നിന്നുണ്ടാകുന്ന വൈഷമ്യങ്ങൾ അവളെ തളർത്തുന്നു. മുതലാളിത്ത മനോഭാവസംസ്ക്കാരത്തിന് എതിരായി സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത വന്ദനശിവ നിരീക്ഷിക്കുന്നുണ്ട്.

**2.2.3. ലിംഗരാഷ്ട്രീയം**

അമേരിക്കൽ സാഹിത്യവിമർശകയായ കെയ്റ്റ് മില്ലറ്റിന്റെ Kate Millete ഗ്രന്ഥമാണ് സെക്ഷ്വൽ പൊളിറ്റിക്സ് Sexual Politics സ്ത്രീയെ എങ്ങനെയാണ് ഒരു സമൂഹം വിലയിരുത്തുന്നത് അതു ജാതിമതവർഗ്ഗഭേദത്തിനപ്പുറം സ്ത്രീയെ ചിന്ത്രീകരിക്കുന്നതെങ്ങനെയാണ് എന്ന് സെക്ഷ്വൽ പൊളിറ്റിക്സ് എന്ന ഗ്രന്ഥം നിരീക്ഷിക്കുന്നു. ഇതിനായി ഡി.എച്ച്.ലോറൻസ് D.H.Lawrence ഹെൻട്രി മില്ലർ Henry Miller നോർമൻ മെയ്ലർ Norman Mailer ഷെനെ Shenay എന്നീ നാലു നോവലിസ്റ്റുകളുടെ രചനകളെ ലൈംഗികരാഷ്ട്രീയത്തെ മുൻനിർത്തി

പഠനവിധേയമാക്കുന്നു. ''ആൺകോയ്മ'' ഒരു സ്ഥാപനമെന്ന നിലയിൽ ചിരസ്ഥായിയായി നിലകൊള്ളുന്നു. രാഷ്ട്രീയവും സാമ്പത്തികവും സാമൂഹികവുമായ മേഖലകളിൽ അതു വേരൂന്നുയിരിക്കുന്നു. ജാതി, വർഗ്ഗം, പ്രഭുത്വം, ഉദ്യോഗസ്ഥ മേധാവിത്വം, മതം എന്നിവയിലുള്ള സ്വാധീനത്തിനു പുറമേ ചരിത്രപരമായും സ്ഥലപരമായും അത് വൈവിധ്യ മാർജ്ജിക്കുന്നു''[13]. പുരുഷൻ നിർമ്മിച്ചു കൊണ്ടിരിക്കുന്ന സാഹിത്യത്തിൽ സ്ത്രീകളുടെ അവതരണത്തെ പരിഹാസത്തോടെ നോക്കിക്കാണുന്നു കെയ്റ്റ് മില്ലെറ്റ് എന്നതു ശ്രദ്ധേയമാണ്.

### 2.2.4. ലിംഗകേന്ദ്രിതഭാവം

ഫ്രഞ്ച് ഫെമിനിസ്റ്റായ ഹെലൻ സിക്സുവിന്റെ Helen Cixous പ്രസിദ്ധമായ രചനയാണ് മെഡൂസയുടെ ചിരി The Laugh of the Medusa സ്ത്രൈണത, സ്ത്രീത്വം എന്നീ പരികല്പനകളെ പഠനവിധേയ മാക്കുന്നു. ഭാഷ സാഹചര്യങ്ങളിൽ എങ്ങനെ ലിംഗകേന്ദ്രിത ഭാവം ഉടലെ ടുക്കുന്നു എന്നു നിരീക്ഷിക്കുന്നു. ''മെഡൂസയുടെ ചിരി എന്ന ഗ്രന്ഥ ത്തിൽ നടത്തുന്ന വിശദമായ ചർച്ചകളിലൂടെ ധനാത്മകമായ Positive ഒരു സ്ത്രൈണ ഭാഷാനിർമ്മിതിയുടെ രൂപരേഖ സിക്സു തയ്യാറാക്കുന്നു. സ്ത്രൈണത ഭാഷാനിർവചനാതീതവും ശൈലീകരിക്കാത്തതും തുറ ന്നതും കവിഞ്ഞൊഴുകുന്നതുമാണെന്ന് ഹെലൻ സിക്സു പറയുന്നുണ്ട്''[14]. സ്ത്രീരചനകൾ സ്ത്രീകളെക്കുറിച്ചായിരിക്കണം. സ്ത്രീകളെ ബോധ വൽക്കരിക്കാനായിരിക്കണം സ്ത്രീകൾ എഴുതുന്നത് എന്നിങ്ങനെയുള്ള ചിന്തകൾ ഹെലൻ സിക്സു അവതരിപ്പിക്കുമ്പോൾ പുരുഷാധിപത്യ സമൂഹം സ്ത്രീരചനകൾക്ക് വേണ്ടത്ര പ്രാധാന്യം കൊടുത്തിരുന്നില്ലെന്ന്

മനസ്സിലാക്കാം. ''സ്ത്രീയുടെ എഴുത്തിനെക്കുറിച്ചും അത് എങ്ങനെ ആയിരിക്കണം എന്നും ഞാൻ സംസാരിക്കാം. സ്ത്രീ സ്വന്തമായി എഴുത ണം. സ്ത്രീകളെപ്പറ്റി എഴുതണം. സ്ത്രീകളെ എഴുത്തിലേക്ക് കൊണ്ടുവരി കയും വേണം''[15].

**2.2.5. ലിംഗസങ്കല്പം**

സ്ത്രീക്ക് സമൂഹം കൽപ്പിച്ചുകൊടുക്കുന്ന സ്ത്രീനിർവചനങ്ങളെ പൊളിച്ചെഴുതുന്നതിനുള്ള യജ്ഞത്തിൽ പുരുഷന്റെ കണ്ണിലൂടെ സ്ത്രീയെ കാണുന്ന രീതികളെ വിമർശകർ പഠനവിധേയമാക്കി. എന്തുകൊണ്ട് സ്ത്രീ ഇങ്ങനെ എഴുതുന്നു എന്ന ബോധം ലിംഗസങ്കല്പത്തിന്റെ ചുവടു പിടിച്ചാണ് പാശ്ചാത്യലോകത്ത് നിലനിന്നത്. പുരുഷന്റെ പരമാധികാര ത്തിനു കീഴിൽ പുരുഷസങ്കല്പത്തിലെ സ്ത്രീയെക്കുറിച്ചാണ് വർണ്ണിച്ചത്. സ്ത്രീപുരുഷവിവേചനം എഴുത്തിൽ പ്രതിഫലിച്ചപ്പോൾ സ്ത്രീകൾ അതി നെതിരെ പോരാടാനും, പുരുഷന്റെ സ്ത്രീസങ്കല്പമാണ് സ്ത്രീത്വത്തെ നിർണ്ണിക്കുന്നതെന്ന പ്രായോഗിക തലത്തെ വിമർശിക്കാനും സ്ത്രീകൾ തയ്യാറായി. ഇവരിൽ പ്രധാനിയാണ് അമേരിക്കൻ വമർശകയായ എലൈയ്ൻ ഷോവാർട്ടർ Elaine Showalter). ''സ്ത്രീകളുടെ വാർപ്പുമാ തൃകകളെക്കുറിച്ചും പുരുഷവിമർശകരുടെ ലൈംഗികതാ സങ്കല്പത്തെക്കു റിച്ചും സാഹിത്യചരിത്രത്തിലെ സ്ത്രീയുടെ പരിമിതഭാഗധേയത്തെ ക്കുറിച്ചും നാം പഠിക്കുമ്പോൾ സ്ത്രീയുടെ അനുഭാവമോ, പ്രായോഗിക പരിജ്ഞാനമോ നാം കണക്കിലെടുക്കുന്നില്ല. മറിച്ച് സ്ത്രീ ആരായിരിക്ക ണമെന്ന പുരുഷ സങ്കല്പത്തെക്കുറിച്ചാണ് നാം പഠിക്കുന്നത്''[16].

ജീവശാസ്ത്രം, ഭാഷാശാസ്ത്രം, മനഃശാസ്ത്രം എന്നിങ്ങനെ വ്യത്യസ്ത മാതൃകകൾ സ്ത്രീവാദവിമർശനത്തിനുണ്ട്. ഗൈനോക്രിട്ടിസിസം സ്ത്രീകളുടെ സാഹിത്യത്തെ വിലയിരുത്താൻ ഉപയുക്തമാണ്. അതുവഴി സ്ത്രീകളെ സാഹിത്യ വിമർശനരംഗത്തേക്കു കൂട്ടിക്കൊണ്ടുവരുവാനും ഗൈനോക്രിട്ടിസിസം പര്യാപ്തമാണ്. പുരുഷകേന്ദ്രിതമായ സാഹിത്യചരിത്രത്തിന്റെ കേവലമാനങ്ങളിൽ നിന്നും നാം നമ്മെ തന്നെ സ്വതന്ത്രരാക്കുകയും പുരുഷ പാരമ്പര്യത്തിന്റെ വരികൾക്കിടയിൽ സ്ത്രീയെ തിക്കിക്കൊള്ളിക്കുന്നത് തടഞ്ഞ് സ്ത്രീ സംസ്ക്കാരത്തിന്റെ നവീനലോകത്ത് ശ്രദ്ധകേന്ദ്രീകരിക്കുകയും ചെയ്യുന്നിടത്താണ്. ഗൈനോക്രിട്ടിസിസം ആരംഭിക്കുന്നത്''[17]. സാഹിത്യരചനകൾ സ്ത്രീരചനകളെന്നും പുരുഷരചനകളെന്നും രണ്ടായി തിരിച്ച് സ്ത്രീരചനകളെ കുറിക്കുന്ന പഠനത്തിന് മാത്രം ഗൈനോക്രിറ്റിസിസം എന്ന പേര് ഷോവാൾട്ടർ കൊടുത്തു. സ്ത്രീയെ എഴുത്തുകാരിയും വായനക്കാരിയുമായി നിരീക്ഷിക്കുന്ന ഈ ചിന്തക പുരുഷനിർമ്മിത സാഹിത്യത്തിലെ വിലക്ഷണത കണ്ടെത്തുന്നു. ''സ്ത്രൈണം Feminine Feminist സ്ത്രീവിഷയകം Female എന്നിങ്ങനെ സ്ത്രീകളുടെ സാഹിത്യ പ്രവർത്തനങ്ങളെ മൂന്നു ഘട്ടങ്ങളായി ഷോവാൾട്ടർ തിരിക്കുന്നു''[18].

**2.2.6. മനഃശാസ്ത്രപരം**

എഴുത്ത് സർഗ്ഗാത്മ പ്രക്രിയയാണ് അതിലെ വിഷയസ്വീകരണം പ്രധാനമാണ്. പുരുഷനാണോ സ്ത്രീയാണോ എഴുതുന്നത് എന്നു നിശ്ചയിക്കുന്നത് ആ വ്യക്തിയിലെ മനഃശാസ്ത്രഘടകങ്ങളോട് ബന്ധപ്പെടുത്തിയാണ്. മനുഷ്യന്റെ മാനസികഭാവങ്ങളെക്കുറിച്ച് പഠിക്കുന്ന മനഃശാസ്ത്ര

ചിന്താപദ്ധതി എഴുത്തിൽ പ്രയോജനപ്പെടുത്തുന്നതെങ്ങനെയായിരിക്കണം എന്ന് ഫ്രഞ്ച് ചിന്തകയായ ജൂലിയ ക്രിസ്റ്റേവ Julia Kristeva അവതരിപ്പിക്കുന്നുണ്ട്. ഫെമിനിസത്തെ പ്രത്യക്ഷത്തിൽ തള്ളിപ്പറഞ്ഞ ഇവർ സെമനാലിസിസ് Semanalysis എന്ന വിശകലന രീതിയാണ് സാഹിത്യപഠനത്തിൽ ഉപയോഗിക്കുന്നത്. Irigaray യിൽ നിന്നും Cixious ൽ നിന്നും ഭിന്നമായി സ്ത്രൈണതയെ ജീവശാസ്ത്രപരമായി അംഗീകരിക്കുന്ന സ്ത്രീയിലും പൗരുഷത്തെ ജീവശാസ്ത്രപരമായി അംഗീകരിക്കുന്ന പുരുഷനിലും മാത്രം ചാർത്തിക്കൊടുക്കാൻ ക്രിസ്റ്റോവ തയ്യാറാകുന്നില്ല. പ്രതീകാത്മക ഘട്ടത്തിലേക്ക് പ്രവേശിക്കുമ്പോൾ ശിശു അമ്മയായിട്ടാണോ അച്ഛനായിട്ടാണോ കൂടുതൽ തദാത്മ്യം പ്രാപിക്കുന്നത് അതാണ് എഴുത്തിലെ നിർണ്ണായക ഘടകം''[19].

പ്രതീകങ്ങളും ചിഹ്നങ്ങളും പഠനത്തിനു വിധേയമാക്കുന്ന ക്രിസ്റ്റേവ ഭാഷയ്ക്കു പ്രാധാന്യം കൊടുക്കു

.ന്നു. ഈ ഭാഷ തന്നെയാണ് അവളുടെ അസ്തിത്വം നിർണ്ണയിക്കുന്നതെന്നും ഉള്ള കാഴ്ച്ചപ്പാടാണ് ക്രിസ്റ്റേവയുടേത്.

**2.2.7. ദ്വന്ദ്വ സങ്കല്പം**

മനോവിശ്ലേഷണ വിമർശനത്തിനു പ്രാധാന്യം കൊടുക്കുന്ന ലൂസി ഇറിഗാറോ Luce Irigaray സ്ത്രൈണതയെ പുനർനിർമ്മിക്കുന്നു. മനശാസ്ത്രജ്ഞനായ സിഗ്മണ്ട് ഫ്രോയിഡും Sigmund Freud ഫ്രഞ്ച് മനഃശാസ്ത്രവിദഗ്ദനായ ഷാക്ക് ലക്കാനും Jacques Lacan നടത്തിയ പുരുഷാധിപത്യപരമായ മനഃശാസ്ത്ര വമർശനത്തെ ഇറിഗാറോ അപനിർമ്മി

ക്കുന്നു. പുരുഷൻ/സ്ത്രീ എന്ന ദ്വന്ദ്വ സങ്കൽപ്പത്തിലൂന്നി നിന്നുകൊണ്ട് സ്ത്രീ സ്വത്വത്തിന്റെ മഹത്വത്തെ പ്രതീകവത്കരിക്കുന്നു. 'Speculam of the other woman' 'The sex which is not one'എന്നിവ ഇറിഗോറേയുടെ പ്രധാന ലേഖനങ്ങളാണ്.

പാശ്ചാത്യലോകത്ത് ഉണ്ടായിട്ടുള്ള ഫെമിനിസ്റ്റ് മുന്നേറ്റം ഭാഷയുടെ വ്യംഗ്യവും വാച്യവുമായ തലങ്ങളിലൂടെയായിരുന്നു. 1789 ഫ്രഞ്ചുവിപ്ലവ കാലത്താണ് സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച് ആസൂത്രിതമായ മുന്നേറ്റങ്ങൾ ചരിത്രത്തിൽ ആരംഭിക്കുന്നത്. അപ്രധാന സ്ത്രീ പ്രശ്ന ങ്ങൾക്ക് മുൻതൂക്കം കൊടുത്ത ആദ്യകാല ഫെമിനിസം പുതിയ ചിന്താപ ദ്ധതികളുമായി സ്ത്രീകളുടെ അവകാശങ്ങൾക്കു വേണ്ടിയുള്ള അവബോ ധവുമായി രംഗത്തുവന്നു.

## 2.3. ഭാരതീയ പശ്ചാത്തലത്തിലെ സ്ത്രീസങ്കല്പം.

ഭാരതീയ പശ്ചാത്തലത്തിലെ സ്ത്രീസങ്കല്പം അതിസങ്കീർണ്ണമാ യൊരു തലമാണ്. വേദശാസ്ത്ര പുരാണാദികൾ, മതങ്ങളുടെ സ്വാധീനം ഇവ കൊണ്ട് നിറഞ്ഞുനിൽക്കുന്ന സാംസ്ക്കാരിക സമ്പത്തിൽ സ്ത്രീകൾക്ക് കൽപ്പിച്ചു കൊടുത്ത സ്ഥാനം അന്നത്തെ സാമൂഹിക രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ഗതി എന്ത് എന്ന് തിരിച്ചറിയാൻ പര്യാപ്തമാ ണ്. സ്ത്രീപക്ഷ സമീപനത്തിന്റെ സാംഗത്യമാണ് ഇത് വെളിവാക്കുന്നത്.

### 2.3.1. വൈദിക സംസ്ക്കാരം

അഗ്നി, ഇന്ദ്രൻ, മിത്രൻ, വരുണൻ തുടങ്ങിയ ദേവന്മാരെ ഉദ്ദേശിച്ചു കൊണ്ടുള്ള കവികളുടെയും ഋഷികളുടെയും പ്രാർത്ഥനാസൂക്തങ്ങളുടെ സമാഹാരമായ ഋഗ്വേദത്തിൽ ആത്മാവിന് സ്ത്രീപുരുഷഭേദമില്ല എന്ന് പറ

യുന്നുണ്ട്. (164:16)[20] സ്ത്രീകൾ യുദ്ധക്കളത്തിൽ പോയിരുന്നു (10.34, 8-9, 10-35-8)[21] എന്നീ വസ്തുക്കൾ ഋഗ്വേദത്തിൽ പരാമർശിച്ചിട്ടുണ്ട്. എങ്കിലും അമ്മ, ഭാര്യ, കന്യക എന്നീ നിലകളിലുള്ള സ്ത്രീ പങ്കാളിത്തം വേദങ്ങൾ നിർണ്ണയിക്കുന്നത് പുരുഷാധിഷ്ഠിത വ്യവസ്ഥയ്ക്ക് അകത്തു നിന്നു കൊണ്ടാണ്.

<u>ഉദാഹരണം</u>

1) ഗൃഹം ഭാര്യതന്നെയാണ് ഋഗ്വേദം 3-53:4.[22].

മാതൃത്വത്തെ ജീവശാസ്ത്രപരവും അനുഭവപരവുമായ അവസ്ഥ എന്ന നിലയ്ക്കല്ലാതെ സ്ത്രീകളെ പുരുഷന്റെ പരിധിയിലൊതുക്കുമ്പോൾ അത് സ്ത്രീവിരുദ്ധമായി മാറുന്നു. ''ഒരു സ്ത്രീയുടെ ജീവിതത്തിൽ മാതൃത്വമെന്ന അവസ്ഥ അടിച്ചേൽപ്പിക്കുന്ന വിലക്കുകളും അധ്വാഭാരവും, പരാധീനതകളും മറച്ചുവെച്ച് അതിനെ ആദർശവത്ക്കരിച്ച് അതേപടി നിലനിർത്താൻ ശ്രമിക്കുകയാണ് ആൺകോയ്മാ വ്യവസ്ഥ ചെയ്യുന്നതെന്ന് റിച്ച് പറയുന്നുണ്ട്''[23]. മാതൃത്വത്തിന്റെ പേരിൽ സ്ത്രീയെ പുരുഷൻ വരുതിയിലാക്കുന്ന പ്രവണത വൈദിക സാഹിത്യത്തിൽ ആധിപത്യം നേടിയിട്ടുള്ളതായി കാണാം. ഉദാഹരണത്തിന് എല്ലാം ഉണ്ടാക്കുന്നവളാകയാൽ മാതാവായ ഭൂമി (ഋഗ്വേദം 3.55.12)[24] സ്ത്രീയുടെ ഭാഗം നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നതായി കാണാൻ കഴിയില്ല എന്നത്.

### 2.3.3. ഇതിഹാസകാലം

രാജകന്യകമാർക്ക് ഇഷ്ടമുള്ള വരനെ തിരഞ്ഞെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ഇക്കാലഘട്ടത്തിൽ സ്ത്രീക്കുണ്ടായി. ഇത് സ്വയംവരം എന്ന പേരിലാണ് അറിയപ്പെട്ടത്. രാജകന്യകയുടെ വരനാകാൻ യോഗ്യതയുള്ള

രാജാക്കന്മാരെ ക്ഷണിച്ചുവരുത്തി അവർക്ക് അസ്ത്രശാസ്ത്രാദികളിൽ കഠിനമായ ഏതെങ്കിലും പരീക്ഷണം നടത്തുന്ന രീതി അക്കാലത്തുണ്ടായിരുന്നു. പരീക്ഷണത്തിൽ വിജയിച്ചാൽ ആ രാജകുമാരനെ രാജകുമാരി വരണമാലയിട്ട് സ്വീകരിക്കുന്നു. ഈ സവിശേഷത ഭാരതസംസ്കാരത്തിൽ മാത്രം കാണുന്ന ഒന്നാണ്. എന്നാൽ സ്ത്രീയുടെ വസ്തുവൽകൃത അവസ്ഥയും കാണാൻ സാധിക്കും. സ്ത്രീയെ കല്ലാക്കുന്നതും കല്ലിനെ സ്ത്രീയാക്കുന്നതും പുരുഷന്റെ ഇച്ഛയും നീതികളുമാണ്. ജനജീവിതം തെല്ലൊന്ന് ശാന്തമാകുന്നത് ഇതിഹാസകാലത്തിനുശേഷമാണ്. ലൗകിക ജീവിതം വെടിഞ്ഞ് അധ്യാത്മിക മൂല്യങ്ങളന്വേഷിച്ച് ഹിമാലയ സാനുക്കളിൽ അഭയം തേടുന്നു മനുഷ്യർ. ഇക്കാലഘട്ടങ്ങളിൽ ബ്രാഹ്മണകങ്ങൾ, ആരണ്യകങ്ങൾ മുതലായവ രചിക്കപ്പെട്ടു.

**2.3.4. പുരാണങ്ങൾ**

സ്ത്രീകൾ നിത്യവും അനുഷ്ഠിക്കേണ്ട ധർമ്മങ്ങളുടെ ഒരു സമുച്ചയം പുരാണങ്ങളിൽ കാണാം. വീട് എപ്പോഴും അടിച്ചുവാരി വൃത്തിയാക്കുന്നത് സ്ത്രീ ധർമ്മമാണ്. രജസ്വലകളും പതിതരും ഒരുപോലെയാണ്. അവളോടൊരിക്കലും സംസാരിക്കരുത്. ഭർത്താവ് അടുത്തുള്ളപ്പോഴും അകന്നിരിക്കുമ്പോഴും സ്ത്രീ അയാൾക്കുവേണ്ടി ജീവിക്കണം. പാതിവ്രത്യമാണ് ശരിയായ ആചാരവും മഹാപ്രതവുമെന്ന് അഗ്നിപുരാണം കർശനമായി നിർദ്ദേശിക്കുന്നു. ''മാർക്കണ്ഡേയപുരാണത്തിൽ ഭർത്തൃപ്രസാദം കൊണ്ടു മാത്രമാണ് ഇഹപരങ്ങളിൽ സത്രീ പ്രശംസിക്കപ്പെടുന്നതെന്നും പറയുന്നു''[25]. ബ്രഹ്മാണ്ഡപുരാണത്തിൽ ശീലാവതിയും അനസൂയയും ആദരണീയമായ സ്ത്രീമാതൃകകളാണ്. പാതിവ്രത്യം കൊണ്ട് സൂര്യനെപ്പോലും കീഴടക്കിയവളാണ് ശീലാവതി. പുരുഷനോടുള്ള വിധേ

യത്വമായി സ്ത്രീയെ കാണുന്ന രീതിയാണ് പുരാണങ്ങളിലധികവും കാണാനാവുക.

### 2.3.5. ജൈനബുദ്ധമതങ്ങൾ

ജൈനബുദ്ധമതങ്ങൾ ആവിർഭവിച്ചത് ജാതിസമ്പ്രദായത്തോടുള്ള എതിർപ്പിന്റെ മട്ടിലാണ്. പുരുഷൻ സ്ത്രീയേക്കാൾ ശ്രേഷ്ഠരെന്ന് ജൈന മതം വിശ്വസിച്ചു. സ്ത്രീകൾക്ക് മോക്ഷമുണ്ടെന്ന് ജൈനമതത്തിലെ ഒരു വിഭാഗമായ ദിഗംബരൻ വിശ്വസിക്കുന്നില്ല. സ്ത്രീകൾക്ക് മോക്ഷമുണ്ടെന്ന് ശ്വേതാംബരന്മാർ വിശ്വസിക്കുന്നു.

ബുദ്ധമതം കുടുംബജീവിതത്തെ നിഷേധിക്കുന്നു. സ്ത്രീസമ്പർക്ക മുള്ളതിനാൽ വിവാഹം കഴിഞ്ഞ ആളുകൾക്ക് നിർവ്വാണം സാധ്യമല്ലെന്ന് ബുദ്ധമതം വിശ്വസിച്ചു. ''ഗാർഹികദിനചര്യയിൽ ഏഴുതരം ഭാര്യമാരിൽ ദാസ്യയായ ഭാര്യയാണ് ഏറ്റവും ഉത്തമയെന്ന ദർശനം ബുദ്ധൻ മുന്നോട്ട് വെക്കുന്നു. അതായത് ഭർത്താവിനെക്കാൾ താഴെയാണ് അവിടെ സ്ത്രീയുടെ സ്ഥാനം''[26].

ക്രിസ്തുമതത്തിൽ പുരുഷന്റെ വാരിയെല്ലിൽ നിന്നാണ് സ്ത്രീയെ സൃഷ്ടിച്ചിരിക്കുന്നതെന്നുള്ള സങ്കല്പം സ്ത്രീയെ രണ്ടാം കിടയായി കാണുന്നതിനും ശ്രദ്ധചെലുത്തി. കന്യാസ്ത്രീ, പരിശുദ്ധ എന്നീ സങ്കൽപ്പ ങ്ങൾ ക്രിസ്തുമതം മുന്നോട്ടു വെക്കുന്നുണ്ട്. പുരുഷൻ സൃഷ്ടിക്കപ്പെട്ടത് സ്ത്രീക്കുവേണ്ടിയല്ല, സ്ത്രീ സൃഷ്ടിക്കപ്പെട്ടത് പുരുഷന് വേണ്ടിയാണെ ന്നുള്ള സങ്കൽപ്പമാണ് ക്രിസ്തുമതത്തിനുള്ളത്. മുസ്ലീം സമുദായത്തിലാ വട്ടെ ഭാര്യഭർത്തൃബന്ധത്തിലാണ് സ്ത്രീ പുരുഷബന്ധം പ്രകടമായി

കാണുന്നത്. പുരുഷന് ഒന്നിലധികം ഭാര്യമാരെ വ്യവസ്ഥാനുസരണം സ്വീകരിക്കാം എന്നാൽ സ്ത്രീകൾക്ക് അത് നിഷിദ്ധമാണ്.

സ്വതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിന്തകൾ ഭാരതീയ ജീവിതക്രമത്തിലേക്ക് ശക്തമായ സാന്നിദ്ധ്യവുമായി കടന്നുവന്നു. ബഹുഭാര്യത്വം, വിവാഹനിരോധനനിയമം, ബാലവിവാഹം, സതി, വേശ്യാസമ്പ്രദായം, വിദ്യാഭ്യാസ നിഷേധം തുടങ്ങിയ നിരവധി അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സാമൂഹിക നിയമങ്ങളും ഇന്ത്യൻ സ്ത്രീ ജീവിതത്തെ നരകതുല്യമാക്കി. രാജാറാം മോഹൻറോയ്, ഈശ്വരചന്ദ്രവിദ്യാസാഗർ, പണ്ഡിറ്റ് രമാഭായി തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങളും സാമൂഹിക പരിഷ്ക്കരണപ്രവർത്തനങ്ങൾക്ക് മുതൽക്കൂട്ടായി.

പുരാണസാഹിത്യത്തിൽ നിലീനമായ പുരുഷാധിപത്യവ്യവസ്ഥിതിയുടെ തിരിച്ചറിവ് സ്ത്രീപക്ഷസാഹിത്യവിമർശനത്തിൽ പ്രസക്തമായി കടന്നുവന്നിട്ടുണ്ട്. മതഗ്രന്ഥങ്ങളും ക്ലാസ്സിക്കുകളും ജനപ്രിയ സാഹിത്യവും ബാലസാഹിത്യവും എല്ലാമടങ്ങുന്ന അതിബൃഹത്തായ വ്യവഹാരലോകം പുരുഷത്വത്തിന്റെയും സ്വൈത്രൈണവിധേയത്വത്തിന്റെയും ദൃഢീകരണമാണ് നിർവ്വഹിക്കുന്നത്. പുരുഷന്റെ ലൈംഗീകതയ്ക്കും സ്ത്രീ ശരീരദർശനാഭിലാഷങ്ങൾക്കും ശമനം വരുത്തുന്ന കേവല അവയവസമാഹാരമായി സ്ത്രീയെ നിർവ്യക്തീകരിക്കുന്നു എന്നതാണ് ഈ വ്യവഹാരലോകത്തിന്റെ മറ്റൊരു പൊതുധർമ്മം.

''ഋഗ്വേദത്തിലെ പ്രഭാതവർണ്ണനയിൽ മാറിടംകൂട്ടി ഇരുട്ടകറ്റുന്നതരുണിയും വാക്കിനെക്കുറിച്ചുള്ള പ്രശസ്തശ്ലോകത്തിൽ ഭർത്തൃസവിധത്തിൽ വിവസ്ത്രയായി നിൽക്കുന്ന ഭാര്യയും മുതൽ നമ്മുടെ മഹാകാവ്യങ്ങ

ളിലും ശുദ്ധസാഹിത്യത്തിലും ഇങ്ങേയറ്റത്ത് പുതു തലമുറക്കാരായ യുവാക്കളുടെ രചനകളിൽ വരെ നാം കണ്ടുമുട്ടുന്ന സ്ത്രീ ചിത്രങ്ങൾ സത്തയിൽഭിന്നങ്ങളല്ല''[27] എന്ന് എൻ.കെ.രവീന്ദ്രൻ ഫെമിനിസ്റ്റ് സാഹിത്യവിമർശനം എന്ന ലേഖനത്തിൽ വ്യക്തമാക്കുന്നുണ്ട്.

### 2.4. കേരളീയ ജീവിതത്തിൽ

ഇംഗ്ലീഷ് വിദ്യാഭ്യാസവും ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവർത്തനവും കേരളത്തിൽ സ്ത്രീവിമോചന പ്രവർത്തനങ്ങൾക്ക് ഉണർവേകി. 1859 ൽ നടന്ന മേൽമുണ്ട് സമരം, 1905 ലെ കല്ലുമാല സമരം ഇവ സ്ത്രീമുന്നേറ്റ കൂട്ടായ്മയെ ചിത്രീകരിക്കുന്നു. ജാതിയമായി നിലനിന്ന് ആചാരനുഷ്ഠാനങ്ങൾ, ഈഴവസമുദായത്തിലെ പുളികുടി, താലികെട്ടുകല്യാണം, ഇവയ്ക്കെതിരെ ശ്രീനാരായണ ഗുരു പ്രതികരിച്ചു. മറക്കുടയും ഘോഷാ ബഹിഷ്ക്കരണവും നമ്പൂതിരി സമുദായത്തെ പരിഷ്ക്കരണവിധേയമാക്കി. പാർവ്വതി നെന്മിനിമംഗലം, ആര്യാപള്ളം എന്നിവർ സ്ത്രീകളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചു. അന്വേഷി, ബോധന, മാനുഷി, കുടമാളൂർസ്ത്രീ പഠന കേന്ദ്രം, സഖി തുടങ്ങിയ സംഘടനകൾ സ്ത്രീകളുടെ ഇടത്തെക്കുറിച്ച് അന്വേഷിച്ചു. അജിത, സാറാജോസഫ് തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള സ്ത്രീ സംഘടനകൾക്ക് കേരളീയ സാമൂഹിക ജീവിതത്തിൽ സ്ഥാനം നേടാൻ കഴിഞ്ഞു. സി.കെ.ജാനുവിന്റെയും മയിലമ്മയുടെയും നേതൃത്വത്തിലുള്ള സ്ത്രീ മുന്നേറ്റങ്ങൾ ശ്രദ്ധേയമാണ്.

ഇതിഹാസ പുരാണങ്ങളിലും തുടർന്നുള്ള ഘട്ടങ്ങളിലും സ്ത്രീ സ്വത്വാവിഷ്ക്കാരത്തിന്റെ സ്വാതന്ത്ര്യത്തിന്റെ അനുരണനങ്ങൾ പ്രകടമാകുന്നുണ്ട്. ആധുനിക സമൂഹത്തിൽ സ്ത്രീ ഇടപെടലുകളുടെ വ്യക്തമായ

സ്വാധീനമാണ് കണ്ടെത്താൻ കഴിയുന്നത്. സ്ത്രീ സംഘടനകളുടം ശാക്തീകരണപദ്ധതിയും ഒക്കെ മുന്നോട്ടുവെക്കുന്ന ആശയവും സ്ത്രീ സമത്വമായ സമൂഹം തന്നെയാണെന്ന് കാണാം.

## 2.5. സ്ത്രീവാദ പ്രസ്ഥാനത്തിന്റെ ഉത്ഭവവികാസങ്ങൾ

സ്ത്രീവാദ പ്രസ്ഥാനത്തിന്റെ രൂപം കൊള്ളൽ സമൂഹത്തിലെ ഉച്ചനീചത്വങ്ങളുടെയും, കുടുംബം, സമൂഹം എന്നീ രംഗങ്ങളിൽ സ്ത്രീയനുഭവിച്ച രണ്ടാംകിട പരിചരണത്തോടുള്ള പ്രതിഷേധ ത്തിന്റെ ഭാഗമായിട്ടാണ്. ‘‘പുറംലോകത്തിലെ വേതനമുള്ള പ്രവൃത്തികളെല്ലാം പുരുഷന്മാർക്കും അകത്തളങ്ങളിലെ വേതനമില്ലാത്തതും വേദനയുള്ളതു മായ പ്രവൃത്തികളെല്ലാം സ്ത്രീകൾക്കും എന്ന മട്ടിലുള്ള പ്രവൃത്തി വിഭജനം പാടില്ലെന്ന് പെൺവർഗ്ഗം വാദിക്കാൻ തുടങ്ങിയതോടെ ഫെമിനിസം എന്ന സ്ത്രീവാദ പ്രസ്ഥാനം രൂപംകൊണ്ടു.’’[28]. അകം പുറം വിഭജനത്തിന്റെ തെറ്റായ പരിപ്രേക്ഷ്യങ്ങൾക്ക് എതിരെയാണ് സ്ത്രീവാദം നിലകൊള്ളുന്നത്. മനുഷ്യൻ ലിംഗഭേദമില്ലാതെ ഒന്നാണെന്ന ധാരണ രൂപപ്പെടുത്താൻ ഇവർക്ക് കഴിഞ്ഞു. ബോധവൽക്കരണത്തിന്റെ ഭാഗമായും സ്ത്രീപുരുഷസമത്വം സ്ഥാപിക്കുന്നതിനുവേണ്ടി വനിതാവകാശസമർത്ഥന മെന്ന ഗ്രന്ഥത്തിലൂടെ ഇവർ ശ്രമിച്ചു.

സ്ത്രീമുന്നേറ്റത്തിന്റെ ഭാഗമായി ഇംഗ്ലണ്ടിൽ 1972ൽ മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ് വനിതാവകാശ സമർത്ഥനം Vindication of the Rights of Women എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു[29]. മേരി വൂൾസ്റ്റോൺ ക്രാഫ്റ്റ് പുരുഷൻ സ്ത്രീയുടെ രക്ഷകനെന്ന സങ്കൽപത്തെ ചോദ്യം ചെയ്യുകയായിരുന്നു. ഈ ചോദ്യം ചെയ്യൽ സ്ത്രീകളെ സ്വാതന്ത്ര മനുഷ്യ

വ്യക്തിയായി കാണുന്നതിന്റെ തുടക്കമാണ്. സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്ന ഫ്രഞ്ചു വിപ്ലവം മുന്നോട്ടുവെച്ച ലക്ഷ്യ സാധൂകരണം ഈ ഗ്രന്ഥത്തിലൂടെ സാധ്യമാക്കി. വനിത അവകാശ സമർത്ഥനം എന്ന ഒറ്റ കൃതിയിലൂടെ പുരുഷമേൽക്കോയ്മക്കെതിരെ ഒരു വിഭാഗം ആളുകളെ സ്വാധീനിക്കാൻ മേരി വൂൾസ്റ്റോൺ ക്രാഫ്റ്റിന് കഴിഞ്ഞു.

ഫെമിനിസമെന്ന ചിന്താപദ്ധതിക്ക് ആദ്യമുണ്ടായ ഒരു കൃതി ആയി ഇതിനെ കാണാം. ''പ്രകൃതിയുടെ സുന്ദരമായ വൈകല്യ Paradise Lost മെന്ന് സ്ത്രീയെ വിശേഷിപ്പിച്ച മഹാകവി മിൽട്ടൺ അടക്കമുള്ള സാഹിത്യശ്രേഷ്ഠന്മാരുടെ സ്ത്രീസങ്കൽപ്പത്തെ ചോദ്യം ചെയ്തു കൊണ്ടുള്ള ഈ ആദ്യകാല ഫെമിനിസ്റ്റ് ആഖ്യായിക, സ്ത്രീക്കു നൽകേണ്ട വിദ്യാഭ്യാസത്തിലെ സ്ത്രീപക്ഷ ഘടകങ്ങൾക്കു വേണ്ടി യുക്തിയുടെ പിൻബലത്തിൽ ശക്തമായ വാദമുഖങ്ങൾ നിരത്തിക്കൊണ്ട് അന്നു നിലനിന്നിരുന്ന വ്യവസ്ഥാപിത പുരുഷമേൽക്കോയ്മാധിഷ്ഠിത വിചാരഘടനയെ പ്രകോപിപ്പിക്കുക തന്നെ ചെയ്തു''.[30]

''1845 ൽ പ്രസിദ്ധീകൃതമായ മാർഗ്ഗരറ്റ് ഫുള്ളറുടെ Margeret Fuller Women in the mine teenth century എന്ന പുസ്തകത്തിൽ വ്യക്തിവാദത്തിൽ നിന്ന് സമൂഹവാദത്തിലേക്കുള്ള പരിവർത്തനത്തിന്റെ രേഖകൾ ഉണ്ട്. സ്ത്രീകളുടെ മൗലികാവകാശമാണ് സ്വാതന്ത്ര്യം എന്നവർ വാദിച്ചു. അവൾക്കു വളരാനും വികസിക്കാനുമുള്ള അവസരങ്ങൾ ആവശ്യമാണ്.''[31]

ആദ്യമായി ഫെമിനിസ്റ്റ് പ്രസ്ഥാനം ശ്രദ്ധ കേന്ദ്രീകരിച്ചത് സ്ത്രീകൾക്ക് പ്രായപൂർത്തി വോട്ടവകാശം നേടിയെടുക്കുന്നതി

നായിരുന്നു. 1825 ൽ ഇംഗ്ലണ്ടിലെ സോഷ്യലിസ്റ്റ് ചിന്തകനായ വില്യം തോംപ്സൺ സ്ത്രീകളുടെ വോട്ടവകാശത്തിനു വേണ്ടി വാദിച്ചു. 1848 ൽ നടന്ന വനിതാവകാശ സമ്മേളനത്തിൽ സ്ത്രീകളുടെ വോട്ടവകാശം, വിവാഹം, തുല്യവേതന വ്യവസ്ഥ, വിദ്യാഭ്യാസം എന്നിവയിക്ക് വേണ്ടി വാദഗതികൾ ഉയർന്നുവന്നു. സ്ത്രീകളെ രണ്ടാംകിട സൃഷ്ടിയായിക്കണ്ട ബൈബിളിന്റെ ആധിപത്യ തകർച്ചയുമായി ഇതിനു ബന്ധമുണ്ട്. ചരിത്രപരമാണ് സ്ത്രീപുരുഷ ബന്ധമെന്നും അതു പരിണാമത്തിനു വിധേയമായിക്കൊണ്ടിരിക്കുമെന്നും കാറൽ മാർക്സ് സ്ഥാപിച്ചു.

''മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധങ്ങളിൽ വെച്ച് ഏറ്റവും സ്വാഭാവികമായുള്ളത് സ്ത്രീപുരുഷ ബന്ധമാണ്. മനുഷ്യന്റെ സഹജഭാവം എത്രത്തോളം സാമൂഹികമായി പരിവർത്തനം ചെയ്യപ്പെട്ടിരിക്കുന്നുവെന്നത് ഈ ബന്ധത്തിലൂടെ വ്യക്തമാക്കുന്നു. അതിനാൽ മനുഷ്യൻ എത്രത്തോളം മനുഷ്യനായിരിക്കുന്നു എന്നതിന്, അയാൾ എത്രത്തോളം തന്റെ മനുഷ്യത്വത്തെ മനസ്സിലാക്കിയിരിക്കുന്നു എന്നതിന് ഇത് ഉരക്കല്ലാണ്.''[32]

1844ൽ കാൾമാർക്സ് സാമൂഹ്യവിമോചനവും സ്ത്രീ വിമോചനവും തമ്മിലുള്ള ബന്ധത്തെപ്പറ്റി പറഞ്ഞതാണിത്. ഫെഡറിക് എംഗൽസിന്റെ The origin of the family private property and state (കുടുംബം, സ്വകാര്യസ്വത്ത്, ഭരണകൂടം എന്നിവയുടെ ഉത്ഭവം) എന്ന ഗ്രന്ഥത്തിലും കാണുന്നത്. ചരിത്രപരമായ സ്ത്രീപുരുഷ ബന്ധം ചരിത്രത്തിൽ അത് ഇനിയും പരിവർത്തന വിധേയമായിരിക്കുമെന്നും എംഗൽസ് സ്ഥാപിക്കുന്നു. 1869 ൽ ജോൺ സ്റ്റുവർട്ട് മില്ലിന്റെ 'സ്ത്രീകളുടെ വിധേയ വത്ക്കരണം' The subjection of women പ്രസിദ്ധീകരിച്ചു. രാഷ്ട്രീയ

ചിന്തയുടെ ഭാഗമായി സ്ത്രീ പ്രശ്നങ്ങൾ മിൽ കൈകാര്യം ചെയ്തു. അന്നത്തെ വിദ്യാഭ്യാസ സമ്പ്രദായം വീട്ടുജോലികളുടെ ഭാരം സ്ത്രീകൾ നിർബന്ധമായും ഏറ്റെടുക്കണം എന്ന ആശയത്തിൽ ഉറച്ചുനിൽക്കുന്നതായിരുന്നു. ഇതിനെ സ്റ്റുവർട്ട് ചോദ്യം ചെയ്തു.

''സ്ത്രീകൾക്ക് പൗരാവകാശങ്ങൾ നൽകുന്നതിന് എതിരായ ചിന്താഗതി യൂറോപ്പിലും അമേരിക്കയിലും നിലനിന്ന കാലത്താണ് ജൂലിയ ക്രൈസ്തവ യാഥാസ്ഥിതികത്വത്തെ ചോദ്യം ചെയ്തു കൊണ്ട The subjection of women പ്രസിദ്ധ പ്പെടുത്തുന്നത്. സ്ത്രീപുരുഷബന്ധങ്ങളെ സമഗ്രമായ വിശകലനത്തിന് വിധേയമാ ക്കാനുള്ള ആദ്യകാല ശ്രമമെന്ന നിലയിൽ ഇതിന് ശ്രദ്ധേയമായ സ്ഥാനമുണ്ട്.''[33] പാർലമെന്റേറിയനായിരുന്ന സ്റ്റുവർട്ട് മിൽ ബ്രിട്ടീഷ് പാർലിമെന്റിനകത്തും പുറത്തും സ്ത്രീ അവകാശ ങ്ങൾക്കു വേണ്ടി വാദിച്ചു. പിന്നീടങ്ങോട്ട് സ്ത്രീകൾക്ക് വോട്ടവകാശങ്ങൾ ലഭിക്കുന്നതിനുള്ള സമരങ്ങളായിരുന്നു. 1893 ൽ ന്യൂസിലന്റ് തുടർന്ന് ആസ്ട്രേലിയ, ഡെൻമാർക്ക്, നോർവെ, റഷ്യ തുടങ്ങിയ രാഷ്ട്രങ്ങളിൽ വോട്ടവകാശം ലഭിച്ചു. 1918 ൽ ബ്രിട്ടനിലും 1920 ൽ അമേരിക്കയിലും 1945 ൽ ഫ്രാൻസിലും സ്ത്രീകൾക്കു വോട്ടവകാശം ലഭിച്ചു.

1. ലിബറൽ ഫെമിനിസം,
2. റാഡിക്കൽ ഫെമിനിസം,
3. മാർക്സിസ്റ്റ് ഫെമിനിസം,
4. സോഷ്യലിസ്റ്റ് ഫെമിനിസം,
5. ഇക്കോ ഫെമിനിസം

തുടങ്ങിയവയാണ് ഫെമിനിസത്തിന്റെ പ്രധാനപ്പെട്ട വകഭേദങ്ങൾ. ഇവയെല്ലാം തന്നെ സ്ത്രീകളുടെ ഉന്നമനത്തിനും സ്വാതന്ത്ര്യ ത്തിനും വേണ്ടി പലകാലങ്ങളിലായി രൂപം പ്രാപിച്ചവയാണ്.

### 2.5.1. ലിബറൽ ഫെമിനിസം (ഉദാര സ്ത്രീവാദം)

നിയമനിർമ്മാണത്തിലൂടെ സ്ത്രീകൾക്കുള്ള അവകാശങ്ങൾ നേടിയെടുക്കാൻ ഉദാര സ്ത്രീവാദം ശ്രമിക്കുന്നു. ''ഫ്യൂഡലിസ ത്തിന്റെ പതനവും ആധുനിക യുഗത്തിന്റെ തിരനീക്കവും സന്ധിച്ച വേളയിൽ ലോക്ക്, റൂസ്സോ, ബെന്താം, ജോൺ സ്റ്റുവർട്ട്മിൽ തുടങ്ങിയ ചിന്തകർ ഉദ്ഘോഷിച്ച തുല്യാവകാശം, വ്യക്തി സ്വാതന്ത്ര്യം, വിമോചനം, നീതിബോധം തുടങ്ങിയ മൂല്യങ്ങളുടെ സ്ത്രൈണവത്ക്കരണമോ, സ്ത്രീവാദവൽക്കരണമോ ആണ് ലിബറൽ ഫെമിനിസം.''[34] പേരു സൂചിപ്പിക്കുന്നതു പോലെ തന്നെ വളരെ ഉദരമായിരുന്നു ഈ ചിന്തകരുടെ നിലപാട്. സ്ത്രീക്കും പുരുഷനും തുല്യാവകാശം ഉറപ്പാക്കുന്ന നിയമങ്ങൾ ഉണ്ടാക്കണമെന്നും, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളിൽ ഒരു കൂട്ടർ ഇവരേക്കാൾ മെച്ചമാണ് എന്ന വിശ്വാസം ഇല്ലാതാക്കണമെന്നും ലിബറൽ ഫെമിനിസ്റ്റുകാർ ആവശ്യപ്പെട്ടു. വ്യവസ്ഥിതിയുടെ മാറ്റവും പുരുഷനിരാസവും ഈ ചിന്താപദ്ധതിയിലില്ല. നിയമനിർമ്മാണത്തിലൂടെ കാര്യങ്ങൾ നേടിയെടുക്കാനാണവർ ശ്രമിച്ചത്. ഉദാരമായി കാര്യങ്ങൾ നേടാൻ ആഗ്രഹിക്കുന്ന ഈ ചിന്തകർ വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ സ്ത്രീസ്വാതന്ത്ര്യവും അവകാശങ്ങളും നേടിയെടുക്കാൻ ശാന്തത തങ്ങളുടെ പ്രവൃത്തികളിൽ പ്രകടിപ്പിച്ചു.

### 2.5.2. റാഡിക്കൽ ഫെമിനിസം (മൗലിക സ്ത്രീവാദം)

രണ്ടാം തരംഗ സ്ത്രീവാദം 1960 കളിൽ രൂപം കൊണ്ടു. അതിന്റെ ഉത്പ്പന്നമാണ് റാഡിക്കൽ ഫെമിനിസം. (1929).

സ്ത്രീ ലൈംഗികതയെപ്പറ്റി വിശദവും വിപ്ലവകരവുമായ ദർശനം മുന്നോട്ടുവെച്ച ജെർമെൻ ഗ്രിഗർ, സ്ത്രീകൾക്ക് എഴുതണമെങ്കിൽ കാശും സ്വന്തമായ മുറിയും വേണമെന്നാ വശ്യപ്പെട്ട വെർജീനിയ വൂൾഫ്, സ്ത്രൈണത, സ്ത്രീത്വം എന്നീ പരികൽപനകളെ താത്വികമായി അപഗ്രഥിച്ച ഹെലൻ സിയൂ എന്നിവർ റാഡിക്കൽ ഫെമിനിസത്തിന്റെ പ്രചാരകരാണ്. പിതൃദായ സമൂഹഘടന നിലനിൽക്കുന്നിടത്തോളം ജീവിതത്തിന്റെ എല്ലാ മേഖലകളിലും പുരുഷാധിപത്യം നിലനിൽക്കും എന്നുള്ളതുകൊണ്ട് ഒരു വ്യവസ്ഥിതി മാറ്റത്തെയാണ് റാഡിക്കൽ ഫെമിനിസ്റ്റുകൾ വിഭാവനം ചെയ്യുന്നത്. ബെറ്റി ഫ്രീഡന്റെ നേതൃത്വത്തിൽ അമേരിക്കയിൽ 1966 ൽ സ്ത്രീ സംഘടന രൂപംകൊണ്ടു. NOW അവരെഴുതിയ 'The Feminine Mystic (1963) കുടുംബപരവും സാമൂഹികവുമായ തലങ്ങളിൽ സ്ത്രീയനു ഭവിക്കുന്ന സംഘർഷങ്ങൾ അംഗീകരിച്ചു. ഇതിൽ നിന്നു ഭിന്നമായി കൂടുതൽ തീവ്രമായ നിലപാടെടുത്തവരാണ് റാഡിക്കൽ ഫെമിനിസ്റ്റുകൾ. സ്ത്രൈണ ലൈംഗികതയെപ്പറ്റി നിലനിന്ന സമീപനങ്ങളെ അവർ ചോദ്യം ചെയ്തു. സ്ത്രീകളെ ഒരു പ്രത്യേക വർഗ്ഗമായി കാണുന്ന സമീപനരീതി ജെർമൈൻ ഗ്രീഗറിന്റെ കൃതികളിലുണ്ട്. കുടുംബം പിതാവിന്റെ അധീനതയിലുള്ള സ്ഥാപനമാണെന്നവർ വാദിച്ചു. 35 പിതൃമേധാവിത്വം നിലനിന്നിരുന്ന ഒരു സമൂഹത്തിൽ സ്ത്രീകളെ ഒരു പ്രത്യേക വർഗ്ഗമായി കാണുന്ന

സമീപനരീതി അക്കാലഘട്ടങ്ങളിൽ നിലവിലുണ്ടായിരുന്നു.അന്നത്തെ സാമൂഹിക സ്ഥിതി സ്ത്രീകൾക്കു അനുകൂലമല്ലായിരുന്നു. സാഹിത്യസൃഷ്ടി നടത്തുന്നതിന് സ്വന്തം മുറി ആവശ്യമാണെന്നു വെർജീനിയ വൂൾഫ് വാദിച്ചു. "വെർജീനിയ വൂൾഫിന്റെ 'A Room of One's own സ്ത്രീകളും സർഗ്ഗാത്മകതയുമായി ബന്ധപ്പെട്ട അനേകം പ്രശ്നങ്ങൾ മുന്നോട്ടുവെയ്ക്കുന്നു. സ്ത്രീകൾക്ക് എഴുതണമെങ്കിൽ സ്വന്തമായി ഒരു മുറിയും വേണം.[36.] കുടുംബസാഹചര്യങ്ങളിൽ നിലനിന്ന അരക്ഷിതാവസ്ഥയെ അടയാളപ്പെടുത്തുന്നതാണ് വൂൾഫിന്റെ ഈ കൃതി. സർഗ്ഗാത്മക രചനയെ തരം താഴ്ത്തുന്ന പ്രക്രിയയെ വൂൾഫ് നിശിതമായി ഈ കൃതിയിൽ വിമർശിക്കുന്നുണ്ട്.

### 2.5.3. മാർക്സിസ്റ്റ് ഫെമിനിസം

മാർക്സിയൻ ദർശനമാണ് ഇതിനടിസ്ഥാനം. സ്വാതന്ത്ര്യവും, സമത്വവും, ചൂഷണത്തിൽ നിന്നുള്ള മോചനവും ചൂഷകർക്കെ തിരെയുള്ള ശക്തമായ പ്രതിരോധവും അടിസ്ഥാന പ്രമാണങ്ങളാ യംഗീകരിച്ചിട്ടുള്ള മാർക്സിസ്റ്റ് സിദ്ധാന്തവുമായി സ്ത്രീപക്ഷവാദ ചിന്തകളുടെ കൂടിച്ചേരലാണ് മാർക്സിസ്റ്റ് ഫെമിനിസം[37]. ലിംഗവിവേചനത്തിന്റെ തലത്തെ വർഗ്ഗവ്യത്യാസവുമായി ബന്ധപ്പെടുത്തി പഠിക്കാനും ലിംഗപരമായ അസമത്വത്തെ സാമ്പത്തിക സാഹചര്യങ്ങളുടെ അപഗ്രഥനവുമായി ബന്ധപ്പെടുത്താനുമാണ് മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ ശ്രമിച്ചത്. കുടുംബമാണ് സ്ത്രീകളുടെ അടിച്ചമർത്തലിന്റെ നിർണ്ണായക സ്ഥാനം.

സ്ത്രീപീഢനത്തിനു ഹേതുവാകുന്നത് മുതലാളിത്ത വ്യവസ്ഥിതിയാണ്. സമൂഹത്തിലെ അധമപദവി, ഗാർഹിക അടിമത്തം, ലിംഗവിവേചനം തുടങ്ങിയ സ്ത്രീപക്ഷ വീക്ഷണം പുലർത്തുകയും സാമൂഹിക മുന്നേറ്റത്തിലൂടെ മാത്രമേ സ്ത്രീപുരോഗതി ഉണ്ടാകൂ എന്നു മാർക്സിസ്റ്റ് ഫെമിനിസ്റ്റുകൾ കരുതി. അലക്സാൻഡ്രാ കൊളോൺടായി (റഷ്യ) ക്ലാരാ സെറ്റ്കീൻ (ജർമ്മനി), എമ്മ ഗോൾഡ് മാൻ (അമേരിക്ക) തുടങ്ങിയവർ ആദ്യകാല മാർക്സിസ്റ്റ് ഫെമിനിസ്റ്റുകളാണ്.

### 2.5.4. സോഷ്യലിസ്റ്റ് ഫെമിനിസം

കമ്മ്യൂണിസ്റ്റ് ആശയങ്ങളോട് സാധർമ്മ്യം പുലർത്തിക്കൊണ്ട് ഉണ്ടായ സ്ത്രീവാദ ശാഖയാണ് സോഷ്യലിസ്റ്റ് ഫെമിനിസം. സ്ത്രീധർമ്മങ്ങളിലേക്കും, കുടുംബജീവിതത്തിലേക്കും, വ്യക്തി ബന്ധങ്ങളിലേക്കും, സ്ത്രൈണാനുഭവങ്ങളിലേക്കും, പഠന വ്യാപ്തി നേടിക്കൊടുക്കുന്ന സാംസ്ക്കാരിക സ്ത്രീവാദം / സോഷ്യലിസ്റ്റ് ഫെമിനിസം പൊതുവേദികളിലേക്ക് സ്ത്രീകളെ ആകർഷിക്കുന്നു. ''സ്ത്രീകളുടെ ചൂഷണാനുഭവങ്ങളുടെ വ്യാപ്തിയും വൈയക്തി കതയും ലിംഗപരതയും അവയുടെ പുരുഷക്കോയ്മ രാഷ്ട്രീയവും കണക്കിലെടുത്തു കൊണ്ടുള്ള ഒരു വിമോചനത്തിനു മാത്രമേ ഫെമിനിസത്തിന്റെ ലക്ഷ്യം സഫലീകരിക്കാനാവൂ എന്നു സോഷ്യലിസ്റ്റ് ഫെമിനിസ്റ്റ് ചിന്തകർ വിശ്വസിക്കുന്നു.''[38] പുരോഗമന മേൽക്കോയ്മയിൽ നിന്നു മോചനം നേടിയാൽ മാത്രമേ സമത്വം കൈവരൂ എന്ന് സോഷ്യലിസ്റ്റ് ഫെമിനിസ്റ്റുകാർ കരുതുന്നു.

### 2.5.5. പാരിസ്ഥിതിക സ്ത്രീവാദം

1970 കളിൽ വിമർശനരംഗത്ത് ആധിപത്യം സ്ഥാപിച്ച പാരിസ്ഥിതിക സ്ത്രീവാദം 'പെണ്ണെഴുത്ത്' എന്ന പ്രസ്ഥാനത്തിന് പുതുജീവൻ നൽകിക്കൊണ്ടാണ് രംഗപ്രവേശനം ചെയ്തത്. പരിസ്ഥിതിയേയും സ്ത്രീവാദത്തെയും ബന്ധിപ്പിച്ചുകൊണ്ടുള്ള വീക്ഷണമാണ് പാരിസ്ഥിതിക സ്ത്രീവാദം പുലർത്തുന്നത്. സ്ത്രീ, പ്രകൃതിചിന്തകളെക്കുറിച്ച് ആദ്യം ചിന്തിച്ചത് സിമോങ് ദി ബൂവ്വേയാണ്. പെണ്ണിനും പ്രകൃതിക്കും നേരിട്ടുകൊണ്ടിരിക്കുന്ന ചൂഷണത്തിനെതിരെ പ്രതിരോധമായിട്ടാണ് ഇവർ രംഗത്തെ ത്തുന്നത്. ഫെമിനിസത്തിന്റെ വളർച്ചയിലുണ്ടായ വിവിധ പ്രസ്ഥാനങ്ങളുടെ നല്ല അംശങ്ങളെ അംഗീകരിച്ചുകൊണ്ട് പ്രകൃതിയേയും സ്ത്രീയേയും കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുക എന്നതാണ് ഇക്കോ ഫെമിനിസ്റ്റുകളുടെ കാഴ്ചപ്പാട്. പാരസ്പര്യത്തിന് ഊന്നൽ കൊടുക്കുന്ന സ്ത്രീ കേന്ദ്രീകൃതമായ കാഴ്ച്ചപ്പാടാണ് ഇവർക്കുള്ളത്. മുതലാളിത്ത ആൺകോയ്മ സംസ്ക്കാരത്തിന്റെ അധീശ മനോഭാവത്തിനെതിരെ സ്ത്രീകൾ കൂട്ടായ്മയോടെ പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമായി പാരിസ്ഥിതിക സ്ത്രീവാദം നിലകൊള്ളുന്നു.

ആധിപത്യം, ചൂഷണം, ആക്രമണം എന്നീ അവസ്ഥകൾ പുരുഷകേന്ദ്രിത ലോകത്തുനിന്നും ഏറ്റുവാങ്ങേണ്ടി വന്ന സ്ത്രീയുടെയും ഭൂമിയുടെയും അവസ്ഥകളെ നിർണ്ണയിക്കുന്ന പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ രൂപപ്പെടൽ, വികാസം, നിർവ്വചനം എന്നിവ പഠനവിധേയമാക്കി കൊണ്ടുമാത്രമേ സ്ത്രീവാദവും പാരിസ്ഥിതിക സ്ത്രീവാദവും മലയാളകവിതക്ക് പുതിയ മാനങ്ങൾ സൃഷ്ടിച്ചതെങ്ങനെയെന്ന് നിർണ്ണയിക്കാൻ കഴിയൂ.

## കുറിപ്പുകൾ

1) ജാൻസി ജെയിംസ്; 'ഫെമിനിസം', പുറം.3.

Oxford English Dictionary', Indian Edition, Catherienes Soanes, Agnusstevenson (Edi), Page 635

3) രാധിക; സി.നായർ, 'സമകാലിക സാഹിത്യസിദ്ധാന്തം ഒരു പാഠപുസ്തകം', പേജ് 69.

Nagarajn; M.S English Literary Criticism and Theory and Introductory History, Page 206.

5) രാമകൃഷ്ണൻ എം.കെ; വേണുഗോപാൽ കെ.എം;, 'സ്ത്രീവിമോചനം', ചരിത്രം, സിദ്ധാന്തം, സമീപനം, പുറം.22.

Pammoris, 'Literature and Feminism', Page 1.

7) രാമകൃഷ്ണൻ; എം.കെ, വേണുഗോപാൽ ; കെ.എം, 'സ്ത്രീവിമോചനം', ചരിത്രം, സിദ്ധാന്തം, സമീപനം, പുറം.42 – 43.

8) ലീലാവതി; എം, 'സാഹിത്യനിരൂപണത്തിലെ ദിശാബോധം', പുറം.157.

9) രാമകൃഷ്ണൻ; എം.കെ, വേണുഗോപാൽ ; കെ.എം, 'സ്ത്രീവിമോചനം, ചരിത്രം, സിദ്ധാന്തം, സമീപനം', പുറം.34.

Simondebeavior 'The Second sex', Page 22.

11) രാമകൃഷ്ണൻ; എം.കെ, വേണുഗോപാൽ ; കെ.എം.,, 'സ്ത്രീവിമോ ചനം, ചരിത്രം, സിദ്ധാന്തം, സമീപനം', പുറം.21.

Simondebeavior 'The Second sex', Page 21.

13) Kete Millet, 'Sexual Politics', Page 21.

14) Hellen Cixous, 'The Laugh of Mebusa, New French Feminism, Feminist Literary Theory' (ed), Page 252 - 258.

15) Hellen Cixous, 'The Laugh of Mebusa, New French Feminism, Feminist Literary Theory' (ed), Page 320.

16) Eline Shoalter, 'Feminist Critic, Page 225.

17) Eline Shoalter, 'Feminist Critic, Page 225.

18) Eline Shoalter, 'Feminist Critic, Page 7.

19) ഹേമമാലിനി; എം, 'അപരഭാഷ്യങ്ങൾ', പുറം.23.

20) നരേന്ദ്രഭൂഷൺ, 'ചതുർവേദ സംഹിത 2', പുറം.144.

''സ്ത്രീയഃ സതീസ്താം ഉമേപുംസ ആഹുഃ

പശ്യദക്ഷശ്വാന്ന വി ചേതദണ്ഡഃ

കവിര്യഃ പുത്രഃ സ ഈമാചികേതയസ്താ വിജാനാത്സ

പിതുഷ്പിതാസത്''

21) നരേന്ദ്രഭൂഷൺ, 'ചതുർവേദ സംഹിത 2', പുറം.242. .

22) നരേന്ദ്രഭൂഷൺ, 'ചതുർവേദ സംഹിത 2', പുറം.242. .

''ജായേദസ്തം രഘവൻത്സേഭുയോനിസ്തദിത്യാ

യുക്തി ഹരയേ വഹന്തു!

യദാകദാ ച സുനവാമ സോമമഗ്നിഷ്ട്വാദൂതോ

ദന്യാതൃച്ഛ ഹഹ''

23) രാമകൃഷ്ണൻ; എം.കെ, വേണുഗോപാൽ ; കെ.എം,, 'സ്ത്രീവിമോചനം, ചരിത്രം, സിദ്ധാന്തം, സമീപനം', പുറം.139.

24) നരേന്ദ്രഭൂഷൺ, 'ചതുർവേദ സംഹിത 2', പുറം.247. .

''മാതാ ച യത്ര ദുഹിത ചധേനു സബർഭുധേ

ധാപയേതേ സമീചി

ഋതസ്യതേ സദസീളേ

അന്തർമമഹദ് ദേവാനാമസുരത്വമേകം!''

25) വള്ളത്തോൾ നാരായണമേനോൻ, 'ശ്രീ മാർക്കണ്ഡേയപുരാണം', പുറം.28.

26) ഗീത, 'ആധുനികമലയാള കവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ', പുറം.30.

27) രവീന്ദ്രൻ.എം.കെ, 'ഫെമിനിസ്റ്റ് സാഹിത്യനിരൂപണം', പുറം.162.

28) ലീലാവതി;എം 'സാഹിത്യനിരൂപണത്തിലെ ദിശാബോധം', പുറം.7.

29) ജാൻസി ജെയിംസ്; 'ഫെമിനിസം', പുറം.4.

30) ജാൻസി ജെയിംസ്; ‘ഫെമിനിസം’, പുറം.3.

Charvet John; ‘Feminism’, Page 24.

32) Charvet John; ‘Feminism’, Page 68.

33) രാമകൃഷ്ണൻ; എം.കെ, വേണുഗോപാൽ ; കെ.എം, ‘സ്ത്രീവിമോചനം’, ചരിത്രം, സിദ്ധാന്തം, സമീപനം, പുറം.46-47.

34) ജാൻസി ജെയിംസ്; ‘ഫെമിനിസം’, പുറം.7.

Greergerman ‘The Female Funuch’, Page.93.

36) Virginia Woolf, ‘A room of one’s own’. Page.120.

37) ജാൻസി ജെയിംസ്; ‘ഫെമിനിസം’, പുറം.12.

38) ജാൻസി ജെയിംസ്; ‘ഫെമിനിസം’, പുറം.12.

# അധ്യായം 3

# പാരിസ്ഥിതിക സ്ത്രീവാദം

ആയിരത്തി തൊള്ളായിരത്തി എഴുപതുകളുടെ ആരംഭത്തിലാണ് പാരിസ്ഥിതിക സ്ത്രീവാദ ചിന്ത Ecofeminism രൂപപ്പെടുന്നത്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ച, വ്യവസായവാദത്തിന്റെ ഹരിത വൽക്കരണം, ആണവവിരുദ്ധ പ്രചാരങ്ങൾ, സ്ത്രീകളുടെ മുന്നേറ്റത്തെ ക്കുറിച്ചുള്ള ഉത്ക്കണ്ഠ ഇവയൊക്കെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ രൂപപ്പെടലിനു കാരണമായി. മനുഷ്യനെയും പരിസ്ഥിതിയെയും കൂട്ടിയിണ ക്കിക്കൊണ്ടുള്ള ദർശനമാണ് പാരിസ്ഥിതിക സ്ത്രീവാദം. ഒരു പ്രസ്ഥാന മായും കാഴ്ച്ചപ്പാടായും ഫ്രാൻസ്, ജർമ്മനി, അമേരിക്ക, ജപ്പാൻ, വെനിസ്വേല, ഫിൻലാന്റ്, ഓസ്ട്രിയ എന്നിവിടങ്ങളിലാണ് പാരിസ്ഥിതിക സ്ത്രീവാദം രൂപംകൊണ്ടത്.

''പരിസ്ഥിതിയെയും സ്ത്രീയെയും ബന്ധപ്പെടുത്തിയുള്ള ചിന്തകൾക്ക് വളരെ നേരത്തെ പ്രസക്തിയുണ്ടായിരുന്നെങ്കിലും എഴുപതുകളുടെ മധ്യത്തിൽ സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ ഭാഗമായിട്ടാണ് പാരി സ്ഥിതിക സ്ത്രീവാദത്തിന്റെ പിറവി''[1] പ്രകൃതി, സ്ത്രീ ചോദനകളെ അംഗീകരിക്കുക എന്നതാണ് പാരിസ്ഥിതിക സ്ത്രീവാദികളുടെ ലക്ഷ്യം. 'ഇക്കോ ഫെമിനിസത്തിന്റെ മുദ്രാവാക്യം സമഗ്ര മോചനമാണ്. പ്രകൃതി മോചിതയാകണം, സ്ത്രീ മോചിതനാകണം. ഇതിനോടൊപ്പം പുരുഷനും മോചിതയാകണം.സ്ത്രീപുരുഷ പ്രകൃതിയുടെ സംയുക്ത വിമോചനമാണ് ഇക്കോ ഫെമിനിസത്തിന്റെ മഹത്തായ ലക്ഷ്യം.'[2].

'വിമൺ ആന്റ് ലൈഫ് ഓൺ എർത്ത് - എ കോൺഫറൻസ് ഓൺ ഇക്കോഫെമിനിസം' എന്ന സമ്മേളനം അമേരിക്കയിലെ ആമെസ്റ്റിൽ നടന്നു. 'ത്രീമെൻ ഐലന്റ് ആണവ ദുരന്തമാണ് 1979 ൽ ഇങ്ങനെയൊരു സമ്മേളനം വിളിച്ചുകൂട്ടാൻ കാരണമായത്. അതോടുകൂടി അമേരിക്കയിൽ

പാരിസ്ഥിതിക സ്ത്രീവാദം രൂപംകൊണ്ടു. സൂസൻ ഗ്രിഫിൻ Susan Griffith മേരിദാലി Marydali Rosemary റൂഥർ ഫോർഡ് Ernestruther ford നെസ്ട്രിങ് Nestraking എന്നിവർ അമേരിക്കയിൽ ദാർശനികവും പ്രായോഗികവുമായ പാരിസ്ഥിതിക സ്ത്രീവാദ ചിന്തകൾക്ക് രൂപം നൽകുന്നതിനായി പ്രയത്നിച്ചവരാണ്. ഓസ്ട്രേലി യയിൽ ഏരിയൽ സാലെയും Arielsallkh ജർമ്മനിയിൽ മിയ മിയസും Miyamace ഇന്ത്യയിൽ വന്ദന ശിവയും Wandana siva പാരിസ്ഥിതിക ചിന്തകളെ അവതരിപ്പിച്ചു.

പാരിസ്ഥിതിക സ്ത്രീവാദ ചിന്തയ്ക്ക് ദാർശനിക രൂപം നൽകിയത് ഫ്രഞ്ച് എഴുത്തുകാരി ഫ്രാൻസ്വാദ് യൂബോൺ ആണ്. ''ഇക്കോ ഫെമിനിസം എന്ന സംയുക്ത പദം നിർമ്മിച്ചതിന്റെ ബഹുമതി 1974 ൽ ഫ്രഞ്ചു ഫെമിനിസ്റ്റായ ഫ്രാൻസ്വാദ് യൂബോണിനാണ് പൊതുവെ വകവച്ചു കൊടുക്കുന്നതെങ്കിലും, അമേരിക്കയിലെ സാമൂഹിക പാരിസ്ഥിതിക സ്ത്രീവാദക്കാരിയായ ഷിയാ ഹെല്യാറിനും ജാനറ്റ് ആ ബഹുമതി കൊടുക്കുന്നു.''[3]

മണ്ണിന്റെയും സ്ത്രീയുടെയും അധികാരം ലഭിച്ചപ്പോൾ പുരുഷൻ ഇതു രണ്ടും ചൂഷണത്തിനു വിധേയമാക്കി. ഇതുവരെ കണ്ട ഭൂമിയല്ല ഇന്നുള്ളതെന്നും, മനുഷ്യന്റെ കൈകടത്തലുകൾ കൊണ്ട് നാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ഭൂമിയാണ് ഇന്നുള്ള തെന്നും അവർ കരുതി. പരിസ്ഥിതി നാശത്തിനും ജനസംഖ്യാ വർദ്ധനവിനും മാത്രമേ പ്രകൃതി, സ്ത്രീ ചൂഷണത്തിലൂടെ സാധ്യമാകൂ. മനുഷ്യനെ മനുഷ്യനായി കാണാനും ചിന്തിക്കാനും കഴിയണം. യൂബോൺ രൂപപ്പെടുത്തിയ

പാരിസ്ഥിതിക സ്ത്രീവാദം എന്ന ചിന്താപദ്ധതി നെസ്ട്രാകിങ്ങിലൂടെ പ്രസ്ഥാനമായി രൂപം കൊണ്ടു. WANE (Women Against Nuclear Energy) അമേരിക്കയിലേയും ആസ്ട്രേലിയയിലേയും സ്ത്രീകൾ ഉൾപ്പെട്ട സംഘടനയാണ്. 1978 ൽ സൂസൻ ഗ്രിഫിറ്റ് Women and Nature - The Rouring Inside Her എന്ന കൃതി പ്രസിദ്ധീകരിക്കുകയും, തുടർന്ന് 1979 ൽ Green Paradise Lost എന്ന എലിസബത്ത് ഡോഡ്ഗൺ ഗ്രേയുടെ ലേഖനം പ്രസിദ്ധീകൃതമാവുകയും ചെയ്തു. പ്രകൃതി, സംസ്കൃതി രൂപപ്പെടുത്തൽ, പുനർവിചിന്തനത്തിനു വിധേയമാകേണ്ട തിന്റെ ആവശ്യ കത ഏരിയൽ സാലേ പറയുന്നുണ്ട്.

''പാരിസ്ഥിതിക സ്ത്രീവാദം ബൂർഷ്വാ അവകാശങ്ങളും പ്രസ്ഥാനങ്ങളും സൃഷ്ടിച്ച ഒരു സമീപനത്തിൽ നിന്നു വ്യത്യസ്തമായി പരിസ്ഥിതി, സമാധാനം, ലിംഗവ്യവസ്ഥ, സാമൂഹിക പ്രശ്നങ്ങൾ ഇവയെല്ലാം പുനർവിചിന്തനത്തിനു വിധേയമാക്കുന്നു.''[4] സമൂഹത്തിലേ ക്കിറങ്ങിച്ചെന്ന് മറ്റു കൈക്കാത്തലുകൾ ഇല്ലാത്ത വ്യവസ്ഥിതിയെ സൃഷ്ടിക്കാൻ സാലേ ശ്രമിച്ചു. വന്ദന ശിവയാകട്ടെ ''സ്ത്രീയുടെയും പ്രകൃതിയുടെയും മേലുള്ള പുരുഷാധിപത്യമാണ് പ്രകൃതിയെ സംസ്കൃതി യിൽ നിന്നകറ്റുന്നത് എന്നു പറയുന്നു'',[5] ലിംഗാധിപത്യം പുലർത്തുന്ന മനോ ഭാവങ്ങൾ സമൂഹത്തിലുണ്ടാക്കുന്ന വിള്ളലുകളുടെ മൂർത്തരൂപമാണ്. ഒരേ നീതി പുലർത്തേണ്ടുന്ന സ്ത്രീയും പുരുഷനും വ്യത്യസ്ത സാഹചര്യ ങ്ങളിൽ അധീശത്വഭാവം പുറത്തെടുക്കുന്നു. പ്രകൃതിയുടെ സംയമനശേഷി സ്ത്രീയിലാരോപിക്കപ്പെടുകയും തുടർന്ന്

രണ്ടും ഒന്നെന്ന ധാരണയോടെ മുതലാളിത്തത്തിന്റെ ചുവടിൽ ചൂഷണം ചെയ്യപ്പെടുകയുമാണ് ചെയ്യുന്നത്.

### 3.1. നിർവചനങ്ങൾ

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സാമൂഹിക ഘടനയും സാംസ്ക്കാരിക വീക്ഷണവും പരിസ്ഥിതിയും സ്ത്രീവാദവും ഉൾച്ചേർന്നുണ്ടായതാണ്. പരിസ്ഥിതിക്കും സ്ത്രീക്കും സംഭവിച്ചു കൊണ്ടിരിക്കുന്ന മൂല്യച്യുതിയിൽ നിന്നാണ് പുതിയൊരു ഭാവുകത്വത്തിന്റെ ആശയതലം ഉടലെടുക്കുന്നത്. സാമൂഹിക പ്രശ്നങ്ങൾ, സാംസ്ക്കാരിക വീക്ഷണങ്ങൾ എന്നിവ സ്ത്രീയുടെ സാഹചര്യങ്ങളെ വ്യത്യസ്തപ്പെടുത്തുന്നുണ്ട്.

''പാരിസ്ഥിതിക സ്ത്രീവാദം, പരിസ്ഥിതി സ്ത്രീവാദങ്ങളെ പൂർണ്ണതയിലും ഗഹനതയിലും ഉൾക്കൊള്ളുമ്പോൾ തന്നെ സ്ത്രീയുടെയും പ്രകൃതിയുടെയും മേലുള്ള പുരുഷാധിപത്യ പ്രവണതകൾ സാമൂഹ്യഘടനയിലും സാംസ്ക്കാരിക വീക്ഷണത്തിലും എങ്ങനെ പരസ്പരം ബന്ധിതമാണെന്നു തുറന്നു കാട്ടുന്നു.''[6]

പാരിസ്ഥിതിക സ്ത്രീവാദം ചർച്ച ചെയ്യുന്നത് സ്ത്രീ പ്രകൃതി വിഷയങ്ങളെയാണ്. സ്ത്രീവാദമാകട്ടെ ലിംഗവർണ്ണ വർഗ്ഗ ചർച്ചകളെ വിപുലപ്പെടുത്തുന്നു.പ്രകൃതിയെക്കൂടി സ്ത്രീക്കൊപ്പം ഉൾപ്പെടുത്തുമ്പോൾ പാരിസ്ഥിതിക സിദ്ധാന്തത്തിന്റെ മേഖല വളരെ വിപുലമാകുന്നു എന്ന അഭിപ്രായമാണ് നെസ്ട്രാകിങ് (Ynestra king) കാഴ്ച വെക്കുന്നത്.

"പ്രകൃതി, തിര്യക്കുകൾ എന്നിവയ്ക്കു മേലുള്ള പുരുഷാധിപത്യങ്ങൾക്കും, സ്ത്രീയുടെ സാമൂഹ്യപദവിക്കു മേലുള്ള പുരുഷാധിപത്യ

ങ്ങൾക്കും തമ്മിലുള്ള ചർച്ചകളിൽ നിന്നാണ് പാരിസ്ഥിതിക സ്ത്രീവാദ ത്തിന്റെ സിദ്ധാന്തങ്ങൾ ആരംഭിക്കുന്നത് എന്ന് ഇവർ പ്രസ്താവിക്കുന്നു.[7]

ജീവിതത്തിൽ നിലനിർത്തേണ്ട ജൈവികവും സാംസ്ക്കാരി കവുമായ അവസ്ഥകളെ പ്രതിപാദിക്കുന്ന മൂല്യങ്ങളെക്കുറിച്ച് പാരിസ്ഥി തികസ്ത്രീവാദം രേഖപ്പെടുത്തുന്നുണ്ട്. ''എല്ലാ ജീവിതത്തിലും നിലനിർത്തുന്ന ജൈവികവും സാംസ്ക്കാരികവുമായ വൈവിധ്യ ങ്ങളെ മൂല്യവല്ക്കരിക്കുകയും സ്വാംശീകരിക്കുകയും ചെയ്യുന്ന നവചരിത്രങ്ങൾ നെയ്യുന്ന സിദ്ധാന്തമാണ് പാരിസ്ഥിതിക സ്ത്രീവാദം''[8.]

സ്ത്രീയും പ്രകൃതിയും മാത്രമല്ല അതിനോടു ബന്ധപ്പെട്ട വർണ്ണവർഗ്ഗഘടകങ്ങളും പാരിസ്ഥിതിക സ്ത്രീവാദം ഉൾക്കൊള്ളു ന്നുണ്ട്. സ്ത്രീയുടെയും പ്രകൃതിയുടെയും എല്ലാ വശങ്ങളെയും ബന്ധപ്പെടു ത്തുന്ന കാരൻ. ജെ വാറന്റെ Karen.J.Warren talking imperical data seriously എന്ന കൃതിയിൽ ''പരിസ്ഥിതി വാദങ്ങൾക്കും പ്രവർത്തന ങ്ങൾക്കും സ്ത്രീ, പ്രകൃതി, വർണ്ണ വർഗ്ഗ ഘടകങ്ങളോടുള്ള ബന്ധത്തെ തള്ളിക്കളയാനാവില്ല''[9] എന്നു കണ്ടെത്തുന്നു.

''സ്ത്രീവാദം, സ്ത്രീവിഷയം എന്ന സങ്കുചിതാവസ്ഥയിൽ നിന്ന് വർഗ്ഗം, ദാരിദ്ര്യം, ലൈംഗികപ്രാതിനിധ്യം, മൂന്നാം ലോക അധിനിവേശങ്ങൾ മതം, യുദ്ധം, ഭീഷണസംസ്ക്കാരങ്ങൾ ജനുസ്സുകൾ, ആഗോളപരിസ്ഥിതി എന്നീ വിഷയങ്ങളെ കൂടി ഉൾക്കൊള്ളുന്നുവെന്നും അതുകൊണ്ടുതന്നെ മറ്റൊരു സിദ്ധാന്ത ത്തിനും അവകാശപ്പെടാനാവാത്ത വൈപുല്യം സ്ത്രീവാദത്തിനു കൈവന്നിരിക്കുന്നു.''[10] എന്ന രാധിക.സി.നാ

യരുടെ അഭിപ്രായം സ്ത്രീവാദത്തിന്റെയും പാരിസ്ഥിതിക സ്ത്രീവാദ ത്തിന്റെയും വികസ്വരതയെ സൂചിപ്പിക്കുന്നു.

ജാനിസ് ബർക്കലാന്റിന്റെ സിദ്ധാന്തപ്രകാരം ''പാരിസ്ഥിതിക സ്ത്രീവാദം ഒരു മൂല്യവ്യവസ്ഥയും സാമൂഹിക മുന്നേറ്റവും പ്രവർത്തന പദ്ധതിയും ആയിരിക്കുമ്പോൾ തന്നെ പുരുഷകേന്ദ്രീ തത്വവും പരിസ്ഥിതി നാശവും വിശകലനം ചെയ്യുന്നു.[11]

പുരുഷാധിനിവേശ കേന്ദ്രീകൃതവ്യവസ്ഥ ഉല്പാദിപ്പിച്ചെടുത്ത സാമൂഹിക വ്യവസ്ഥിതിയിൽ സ്ത്രീയും പ്രകൃതിയും ചൂഷണ ങ്ങൾക്ക് വിധേയമാവുന്നു എന്ന തലമാണ് ഈ നിർവചനങ്ങൾ വ്യക്തമാക്കുന്നത്.

ജാനിസ് ബർക്ക്ലാന്റും നെസ്ത്രകിങ്ങും രൂപപ്പെടുത്തിയ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ മുൻധാരണകൾ ഇങ്ങനെയാണ് സമൂഹത്തിലെ സാംസ്ക്കാരിക വൈവിധ്യങ്ങൾ, സമത്വം, അഹിംസ തുടങ്ങിയ മൂല്യങ്ങൾ സാമൂഹിക പുനർനിർമിതിക്കാവശ്യമാണ്. അത് പരിസ്ഥിതി സ്ത്രീഘടകങ്ങളുടെ നിലനിൽപ്പിനും നീതിക്കും ഉതകുന്നതാണ്. ശ്രേണിബന്ധ വ്യവസ്ഥിതി സമൂഹത്തിൽ വിള്ളലുകൾ സൃഷ്ടിക്കുന്നുണ്ട്. ബുദ്ധിപരതയും സാംസ്ക്കാരിക കൈമാറ്റങ്ങളും ശ്രേണികൃത വ്യവസ്ഥിതിയിൽ മുന്നിട്ടു നിൽക്കുന്നുണ്ട്. ഒരു ഭാഗത്ത് മഹത്വവൽക്കരണത്തിന്റെയും മറുഭാഗത്ത് തമസ്ക്കരിക്കുന്നതിന്റെയും പ്രതീകങ്ങൾ സമൂഹം സൃഷ്ടിക്കുന്നുണ്ട്. സ്ത്രീ പ്രകൃതി അവസ്ഥകളെ വേർതിരിച്ചു നിർത്തുന്നതിനെ സ്ത്രീവാദം എതിർക്കുന്നു. പ്രകൃതിയോട് അധിനി വേശഭാവമല്ല ആഭിമുഖ്യമാണ് വളർത്തേണ്ടത്. ഇത്തരത്തിലൊ രവബോധം പാരിസ്ഥിതിക സ്ത്രീവാദം കാഴ്ച്ചവെക്കുന്നു. ആദ്യകാലം

മുതൽ തന്നെ പരിസ്ഥിതിക്കും സ്ത്രീക്കും വേണ്ടിയുള്ള പോരാട്ടം തുടങ്ങുന്നുണ്ട്.

സാമൂഹ്യശാസ്ത്രജ്ഞയായ മരിയമേയ്സ്, ആത്മീയതയിൽ ചിന്തകളെ ഊന്നുന്ന വന്ദനശിവ എന്നിവർ സ്ത്രീയുടെ സ്ത്രൈണ ധർമ്മങ്ങളുടെ പ്രത്യേകതകൾ ആണ് പരിസ്ഥിതിയെ ക്കുറിച്ച് സ്ത്രീയെ പുരുഷനേക്കാൾ ആകുലപ്പെടുവാൻ പ്രേരിപ്പിക്കുന്നത് എന്നു നിരീക്ഷിക്കു ന്നുണ്ട്. പുരുഷനേക്കാൾ സ്ത്രീ പ്രകൃതിയോടും കുടുംബത്തോടും ചേർന്നു നിൽക്കുമ്പോൾ അവയിൽ നിന്നുണ്ടാകുന്ന വൈഷമ്യങ്ങൾ അവളെ തളർത്തുന്നു.മുതലാളിത്ത മനോഭാവസംസ്കാരത്തിന് എതിരായി സ്ത്രീകൾ കൂട്ടായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത വരുന്ന ശിവ നിരീക്ഷിക്കുന്നുണ്ട്. ഹൈന്ദവദർശനങ്ങളിലെ ശിവശക്തി സൂചകത്തെ അവതരിപ്പിക്കുന്ന വന്ദന ശിവ ഭൂമി, ജലം, വനം എന്നീ ഘടകങ്ങൾക്കു മേലുള്ള സ്ത്രീജാഗ്രതയെ സാംസ്ക്കാരികമായും സാംസ്ക്കാരികമായും ത്വരിതപ്പെടുത്തുന്ന ബിംബമായി ശക്തിയെ കാണുന്നുണ്ട്.

### 3.1.1. സ്ത്രീ പ്രാതിനിത്യം പരിസ്ഥിതിയിൽ

പരിസ്ഥിതിവീക്ഷണം സ്ത്രീകേന്ദ്രിതമാകുമ്പോൾ അവ പാരസ്പര്യ ത്തിന്റെ അനുപൂരണമാകുന്നു. സാമ്പത്തിക ലക്ഷ്യം മുന്നിൽ കണ്ടു കൊണ്ടുള്ള കൃഷിരീതി നാശത്തിലേക്കാണ് വഴിതെളിയിക്കുന്നത്. അതുകൊണ്ടു തന്നെ സ്ത്രീപ്രാധാന്യമുള്ള കൃഷിരീതിക്ക് പാരിസ്ഥിതിക സ്ത്രീവാദം മുൻതൂക്കം നൽകുന്നു. സിംബാവെ, മാൾവ തുടങ്ങിയ പ്രദേശങ്ങളിൽ സ്ത്രീകൾ ഭൂമിയുടെ രക്ഷകരായിരുന്നു. മഴയെ ക്ഷണിച്ചു വരുത്തുകയും ആഘോഷങ്ങൾ നടത്തുന്നതും ഒക്കെ സ്ത്രീ ധർമ്മ

മായിരുന്നു. പുരുഷാധിപത്യ സമൂഹം പിന്നിട്ടതിൽ നിന്നും സ്ത്രീകളെ മാറ്റി നിർത്തി. ഈ മാറ്റിനിർത്തലിനെ പുനഃസൃഷ്ടിക്കാൻ പാരിസ്ഥിതിക സ്ത്രീവാദം ശ്രമിക്കുന്നു.

### 3.1.2. ഈശ്വരസങ്കല്പം

ഉർവ്വരതാ പ്രതീകമായ അമ്മദൈവത്തെയാണ് ആരാധനദൈവ മായി പാരിസ്ഥിതിക സത്രീവാദികൾ കാണുന്നത്. കാരണം സ്ത്രീ പുരുഷന്മാർ തമ്മിൽ പ്രകൃതിയും മനുഷ്യനും തമ്മിൽ താരതമ്യം രൂപപ്പെടുത്താൻ പ്രപഞ്ചമാതാവ് എന്ന ആദിമാതാവിന് സാധിക്കും. മനുഷ്യ മനസ്സിൽ കാലങ്ങളായി ഉൾക്കൊള്ളുന്ന ആദിമാതൃസങ്കല്പം പാരസ്പര്യത്തിന്റേതാണ്. ഹിബ്രുവിലും ഗ്രീക്ക് റോമൻ രാജ്യങ്ങളിലും വേരുകളുള്ള ക്രിസ്ത്യൻ മതം സ്ത്രീക്ക് ധർമ്മസ്ഥാനം കൽപ്പിക്കുന്നു. മതവിശ്വാസങ്ങളെ അതുകൊണ്ടു തന്നെ പാരിസ്ഥിതിക സ്ത്രീവാദം എതിർക്കുന്നു. ഭൂമിയെ മാതാവെന്ന സങ്കല്പത്തിൽ അധിഷ്ഠിതമായി കാണുമ്പോൾ മാത്രമേ മനുഷ്യർ തമ്മിലുള്ള ഐക്യം ഉണ്ടാകുന്നുള്ളൂ. അമ്മയെ പൂജിക്കപ്പെടേണ്ടവളായി കണ്ട പൗരാണിക ഭാരതീയ സംസ്കാരം പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ മുഖമുദ്രയാണ്. പ്രകൃതിയുടെ നിലനില്പിനാധാരം പ്രകൃതി മനുഷ്യ ഏകീകരണത്തിലൂടെ സാധ്യമാകൂ എന്ന് പാരിസ്ഥിതിക സ്ത്രീവാദികൾ വിശ്വസിക്കുന്നു.

### 3.1.3. ഹരിതരാഷ്ട്രീയം

ഇരുപതാം നൂറ്റാണ്ടിലെ പരിസ്ഥിതി ചിന്തകളിൽ ഗണ്യമായ സ്വാധീനമാണ് ഹരിതരാഷ്ട്രീയം അഥവാ പരിസ്ഥിതി രാഷ്ട്രീയം ചെലുത്തിയത്. പ്രകൃതി നശീകരണം, പരിസരമലിനീകരണം, യുദ്ധം

സാങ്കേതിക വിദ്യ, പുരുഷ മേധാവിത്വം എന്നിവയെ കേന്ദ്രീകരിച്ചാണ് ഹരിത രാഷ്ട്രീയം വളർന്നത്. റുഡോൾഫ് ബറോ, ഫ്രിജോഫ് കാപ്ര തുടങ്ങിയവർ ഇതിന് സൈദ്ധാന്തിക അടിത്തറ നൽകി. 'മുതലാളിത്തേ തരണം' ആണ് ഹരിത രാഷ്ട്രീയത്തിന്റെ മുഖമുദ്രയെന്ന് സച്ചിദാനന്ദൻ നിരീക്ഷിക്കുന്നു[12] സോഷ്യൽ ഇക്കോളജി, ഇക്കോ മാർക്സിസം എന്നിവ ഹരിത രാഷ്ട്രീയത്തിൽ പ്പെടുന്നു. ഹരിതരാഷ്ട്രീയത്തിന് ഏറെ പൊരുത്തം പാരിസ്ഥിതിക സ്ത്രീവാദവുമായിട്ടാണ്. ഹരിത പ്രസ്ഥാന ങ്ങൾക്കൊക്കെ പ്രതിരോധത്തിന്റെ ബലതന്ത്രം നൽകുന്നത് പരിസ്ഥിതി രാഷ്ട്രീയമാണ്. അധികാരത്തിന്റെ കേന്ദ്രീകൃതസത്തയെ നിരാകരിക്കു കയും ഒരു ഹരിതജനാധിപത്യസങ്കല്പം പകരം വെക്കുകയും ചെയ്തു കൊണ്ടാണ് അതു മുന്നോട്ടു പോകുന്നത്. പുരോഗതിയെക്കുറിച്ചും വികസനത്തെകുറിച്ചും നിലവിലുള്ള വിനാശകരവുമായ കാഴ്ച്ചപ്പാടുകളെ ഹരിതരാഷ്ട്രീയം പ്രതിരോധിക്കുന്നു. മൂന്നാം ലോക രാജ്യങ്ങളിലെ വികസന മാതൃകകൾ സ്ത്രീകൾ, പ്രകൃതി, ആദിവാസികൾ എന്നിവരുടെ നിലനിൽപ്പിനു തന്നെ ഭീഷണിയാണ്. ഇന്ത്യയിലെ ചിപ്കോ പ്രസ്ഥാനവും നർമ്മദാ സംരക്ഷണ പ്രസ്ഥാനവും പ്ലാച്ചിമട സമരപരിപാടിയും കേവലം പ്രകൃതി സംരക്ഷണവാദം മാത്രമല്ല വംശീയവും ദേശീയവുമായ കാഴ്ച്ചപ്പാടുകൾ അവയ്ക്കു പിന്നിലുണ്ട്. പ്രകൃതിയുടെ അവിഭാജ്യ ഘടകമാണ് മനുഷ്യൻ. തങ്ങൾ പ്രകൃതിയുമായി ഉൾച്ചേർന്നിരിക്കു ന്നതിനെ സംബന്ധിച്ച് മനുഷ്യനുള്ള വീക്ഷണത്തെയാണ് പ്രകൃതി വീക്ഷണം എന്നു പറയുന്നത്. ഹരിതരാഷ്ട്രീയം മുന്നോട്ടുവെക്കുന്നത് മനുഷ്യപ്രകൃതി ബന്ധത്തിന്റെ പ്രാധാന്യ ത്തെയാണ്.

ഹരിതരാഷ്ട്രീയത്തിന്റെ പ്രതിരോധസ്വരം സാഹിത്യത്തിൽ ശക്തമായി തുടങ്ങുന്നത് അറുപതുകൾക്കു ശേഷം പ്രബലമായി വളർന്നുവന്ന സാഹിത്യധാരകളിലാണ്. സാഹിത്യത്തിലെ പ്രകൃതി ബോധവും പരിസ്ഥിതിവാദവും കൈകോർക്കുന്നത് ആധുനികത യുടെ അസ്തിത്വദാർശനിക ആകുലതകളെ കുടഞ്ഞെറിഞ്ഞു കൊണ്ടാണ്. ആധുനികതയിൽ പരിസ്ഥിതിസ്വരം കവിതയിലാണ് ശക്തിപ്പെട്ടതെങ്കിൽ ഉത്തരാധുനികതയിൽ നോവലിലും ചെറുകഥയിലും സാഹിത്യവിമർശന ത്തിലുമാണ് കൂടുതൽ പച്ചപ്പുള്ള സൗന്ദര്യപദ്ധതിയായി ഇതു രൂപപ്പെട്ടത്.

ഉത്തരാധുനിക കാലാവസ്ഥയിലാണ് ദളിത് പരിസ്ഥിതി ശാസ്ത്രം, സ്ത്രീവാദ പരിസ്ഥിതി സൗന്ദര്യശാസ്ത്രം, പരിസ്ഥിതി ആത്മീയത എന്നിവ മലയാളത്തിലെ കവിത, ചെറുകഥ, നോവൽ, നിരൂപണം എന്നിവയിൽ ബഹുസ്വരമായത്. പരിസ്ഥിതി സൗന്ദര്യ ശാസ്ത്രത്തെ പച്ചപിടിപ്പിച്ചു കൊണ്ടിരുന്നത് വേദനാജനകവും കറപുരണ്ടതുമായ മനുഷ്യന്റെ നഷ്ടബോധങ്ങളായിരുന്നു. ആദികവി തൊട്ട് വർത്തമാന സാഹിത്യകാരന്മാരിലൂടെ കടന്നു പോകുമ്പോഴും ഇതു പ്രകടമാണ്. യന്ത്രസംസ്കാരത്തിലും നാഗരിക പരിസ്ഥിതിയിലും ജീവിക്കുമ്പോഴും മനുഷ്യന്റെ പ്രാകൃതവാസനകൾ കാടുമായി ബന്ധപ്പെട്ടിരിക്കുന്നു. പുരോഗതിയുടെ പാതയിലൂടെ സഞ്ചരിക്കുമ്പോഴും മനുഷ്യന്റെ ഉപബോധ മനസ്സിൽ പ്രകൃതിയുടെ നിതാന്തസാന്നിധ്യമുണ്ട്.

കേരളീയാചാരനുഷ്ഠാനങ്ങളിൽ പ്രകടമാകുന്ന ഉർവരതാ ബിംബങ്ങൾ കാർഷിക ഗ്രാമീണ പ്രാകൃതിക സംസ്കൃതിയിലേക്ക് വളരു ന്നുണ്ട്. കളമെഴുത്തു പാട്ടിനും, ഭദ്രകാളിത്തോറ്റങ്ങൾക്കും കെട്ടിയൊരു ക്കുന്ന പന്തലിൽ ഞാത്തിയിടുന്ന കുരുത്തോല, കവുങ്ങിൻ പൂക്കുല,

നാളികേരം, അടയ്ക്ക, വെറ്റില, എന്നിവ ഉർവ്വതാബിംബങ്ങളായി വ്യവഹരിക്കാവുന്നതാണ്. കളമെഴുതാൻ കൃത്രിമചായക്കൂട്ടല്ല, പ്രകൃതിയിൽ നിന്നു തന്നെയുള്ള നൂറ്, അരിപ്പൊടി, മഞ്ഞൾപ്പൊടി, പച്ചിലപ്പൊടി എന്നിവയാണ് ഉപയോഗിക്കുന്നത്. ഭാരതീയരുടെ വേദങ്ങൾ ഉപനിഷത്തുക്കൾ, ഇതിഹാസാദിഗ്രന്ഥങ്ങൾ, കാവ്യങ്ങൾ എന്നീ കലാസാഹിത്യ സൗന്ദര്യദർശനങ്ങളിലെല്ലാം പ്രകൃതിയുമായുള്ള അനുരഞ്ജനത്തിന്റെയും തൻമയത്വത്തിന്റെയും സ്ഫുരണങ്ങൾ കാണാം.

''ഹരിതരാഷ്ട്രീയത്തിന്റെ സൈദ്ധാന്തികാസ്പദം ഗാന്ധിസത്തിന്റെയും മാർക്സിസത്തിന്റെയും കാഴ്ച്ചപ്പാടുകളാണ് രൂപപ്പെടുത്തുക''[13] എന്ന് ടെഡ്ബെന്റിനെ ഉദ്ധരിച്ചു കൊണ്ട് വേണുഗോപാൽ രേഖപ്പെടുത്തിയിട്ടുണ്ട്.

### 3.1.4. ഭാരതീയ വീക്ഷണത്തിലെ പാരിസ്ഥിതിക വീക്ഷണം

ഭാരതത്തിൽ നിലനിന്നിരുന്ന ദേവതാസങ്കൽപ്പം സ്ത്രീയെ പുനരുദ്ധരിക്കാൻ പര്യാപ്തമായി. ഗോത്രസമൂഹമായി ജീവിച്ച മനുഷ്യർ പ്രകൃതിയെ ബോധപൂർവ്വം ചൂഷണം ചെയ്തു. ഭൂമിയിൽ കൊടുക്കുന്നതെന്തും ഇരട്ടിയായി തിരിച്ചുകിട്ടുമെന്ന വിശ്വാസം പ്രകൃതിയോടുള്ള ഭാരതീയരുടെ ആരാധനയെ കാണിക്കുന്നു. ആധിവ്യാധികളിൽ നിന്നും രക്ഷനേടാനും, ദൈവമായും ഒക്കെ ഭാരതീയർ പ്രകൃതിയെ കണ്ടു. ഈയൊരു തലം പാശ്ചാത്യർ ഇപ്പോൾ സ്വീകരിക്കുന്നുണ്ട്. പ്രകൃതിയിലേക്ക് മടങ്ങുക എന്ന റൂസ്സോവിന്റെ സങ്കൽപവും ഇതിനോട് ചേർത്തു വായിക്കാവുന്നതാണ്. ''പ്രകൃതിയും ഉർവ്വരതയുമായി ബന്ധപ്പെട്ടു വരുന്ന ദേവതാസങ്കൽപം മാതൃമേധാവിത്വമുള്ള ഒരു സാമൂഹിക വ്യവസ്ഥിതിയെ കാണിക്കുന്നു. കർഷകന് കൃഷിഭൂമി അമ്മയാണ്. മുക്കുവന് കടൽ

അമ്മയാണ്. ഭൗതിക ദേവതകൾ എന്ന സങ്കൽപ്പം അതിഭൗതിക ദേവതകളായി രൂപം കൊള്ളുന്നത് ഈ സമൂഹത്തിലാണ്. സ്ത്രീയുടെ സിദ്ധിവിശേഷങ്ങളെക്കുറിച്ചുള്ള ബോധവും ബഹുമാനവും അഭൗതിക സങ്കൽപങ്ങളിലേക്ക് വികസിക്കുന്നതോടെ അവരും രക്ഷികളായ യക്ഷികളായി സ്വാഭാവിക പരിണാമത്തിനു വിധേയരാവുന്നു''[14]. പരിശുദ്ധ രൂപത്തിലുള്ള യക്ഷി പ്രകൃതിയും അശുദ്ധ രൂപങ്ങളിൽ കരാളവുമായി മാറുന്നു. പ്രകൃതിയുടെ പ്രതീകവൽകൃത ഭാവങ്ങളാണ് യക്ഷി സങ്കൽപ്പത്തിൽ സമന്വയിക്കുന്നതെങ്കിൽ പ്രകൃതിയുടെ എല്ലാ ഭാവങ്ങളും അവരിലും അന്തർലീനമായിരിക്കും. രക്ഷയുടെയും ശിക്ഷയുടെയും സൃഷ്ടിയുടെയും സംഹാരത്തിന്റെയും സൗന്ദര്യത്തിന്റെയും ബീഭത്സത യുടെയും ദ്വൈതാത്മകഭാവങ്ങൾ പ്രകൃതിക്കുണ്ട്. ഭാരതത്തിൽ പരിസ്ഥി തിയെ അമ്മയായി സങ്കല്പിച്ച് ശിക്ഷകരക്ഷകസ്വഭാവങ്ങൾ സ്വാംശീകരി ക്കുന്ന കാഴ്ച്ചപ്പാട് സ്വീകരിക്കപ്പെട്ടു.

### 3.2. സ്ത്രീവാദവും പരിസ്ഥിതിയും

മനുഷ്യനും സമൂഹവുമായും മനുഷ്യനും പ്രകൃതിയുമായും വിടവുകൾ ഉണ്ടാക്കി വെക്കുന്നതിൽ ആധുനിക സാമ്പത്തിക ശാസ്ത്രം പ്രധാനപങ്കു വഹിച്ചു. ഉത്പാദനലക്ഷ്യം മാത്രം മുന്നിൽ കണ്ടുകൊണ്ട് പാരിസ്ഥിതിക സന്തുലിതാവസ്ഥക്ക് വില കൽപ്പിക്കാത്ത വികസന രാഷ്ട്രീയ സങ്കല്പങ്ങൾ സമൂഹത്തിൽ ഇടം നേടി. ഇതോടൊപ്പം പുരുഷാധിപത്യ പ്രവണത ശക്തമായി. പുരുഷന്മാർ അധ്വാനിച്ചു കൊണ്ടുവരുന്ന പണം കൊണ്ട് ജീവിതം കരുപിടിപ്പിക്കുന്നത് എന്ന ധാരണ സമൂഹത്തിൽ ഉണ്ടാക്കി. ഉത്പാദന ക്ഷമതയ്ക്കായി പ്രകൃതി ചൂഷണം ചെയ്തു. പ്രകൃതി മനുഷ്യന്റെ അധീനതയിലാണെന്നും,

മാനുഷിക പീഡനങ്ങൾ ഏൽക്കേണ്ടത് ഭൂമിയുടെ സർവ്വതലസ്പർശിത്വത്തിന്റെ സൂചനയാണെന്നും തിരിച്ചറിഞ്ഞു. പുഴകളും, കാടുകളും, പുനരുത്പാദിപ്പിക്കാനുള്ള കഴിവ് ഉദാഹരണം ഈ പ്രത്യുല്പാദന വ്യവസ്ഥ ഘടന സ്ത്രീ ശരീരത്തിന്റെ വ്യതിരിക്തതയാണ്. പ്രകൃതിയും സ്ത്രീയും നിയന്ത്രണങ്ങളുടെ അതിരുകൾക്കുള്ളിലാണ്. സാമൂഹിക അസമത്വങ്ങൾ സ്ത്രീകൾക്ക് ഭീഷണിയാകുമ്പോൾ, അസമത്വം സൃഷ്ടിക്കുന്ന അധീശത്വശക്തികൾ സ്ത്രീകൾക്കെതിരെ തിരിയുന്നു. പാകം ചെയ്യലിന്റെ വെച്ചുവിളമ്പലിന്റെ തത്വശാസ്ത്രം സ്ത്രീകൾക്കു നിർദ്ദേശിക്കുന്ന പൊതുസമൂഹം സ്ത്രീകളോട് അടുക്കളയിലേക്ക് പോകുവാൻ ആജ്ഞാപിച്ചു. പുറംലോകത്തിന്റെ ശബളിമയിൽ നിരന്തരം മാറ്റങ്ങൾ കണ്ടു വളരുന്ന പുരുഷസമൂഹം അധികാരത്തിന്റെ മൂർത്തിഭാവമായി.

മനുഷ്യൻ പുരോഗതി നേടിയത് വന്യമായ പ്രകൃതിയെ ഇണക്കി എടുത്താണ്. ഇത് ഉത്പാദന പുനരുത്പാദന പ്രക്രിയയുമായി ബന്ധപ്പെട്ടാണ്. ഇവിടെ ഉത്പാദനം എന്നതു കൊണ്ട് അർത്ഥമാക്കുന്നത് ജൈവികവും സാമൂഹികവുമായ ആശയങ്ങളുടെ ഉത്പാദനമാണ്. മുതലാളിത്തമനസ്സ് ഉയർന്നു വന്നപ്പോൾ തൊഴിലാളികളെ നിയന്ത്രിച്ചു തുടങ്ങി. പുതിയ പ്രത്യയശാസ്ത്രം പുരുഷന്മാരെ സ്വാധീനിച്ചു. ഇത് സ്ത്രീകൾക്കു നേരെ പ്രതിഷേധം ഉയർത്തിവിട്ടു. മതഭേദമന്യേ കാവുകളിൽ ഉത്സവങ്ങളിൽ പങ്കെടുത്തു കാവുകളിൽ കാർഷികകൂട്ടായ്മ ഉണ്ടായി.

അമ്മ ദൈവാരാധന കാവുകളിൽ ശക്തിപ്പെട്ടു. രണ്ടു വർഗ്ഗങ്ങൾ തമ്മിലുള്ള വ്യത്യാസം പുരുഷ,സ്ത്രീ കാഴ്ചപ്പാടിലും കാണാം.

കീഴാളവർഗ്ഗ പ്രതിനിധിയായി സ്ത്രീയേയും മേലാളനായി പുരുഷനേയും കാണാനുള്ള തുടക്കം ഈ ഒരു സംസ്കൃതിയിൽ നിന്നു തുടങ്ങി.

മറ്റൊരു പ്രത്യേകത ക്ഷേത്രങ്ങളിൽ ദൈവങ്ങൾ ഇഷ്ടാനി ഷ്ടങ്ങൾ ജ്യോതിഷ പ്രശ്നത്തിലൂടെ വെളിപ്പെടുത്തുമ്പോൾ കാവുകളിൽ ഭക്തമാരോട് നേരിട്ടോ വെളിച്ചപ്പാട് വഴിയോ അവതരിപ്പിക്കുന്നു എന്ന താണ്.

**3.3. പാരിസ്ഥിതിക സ്ത്രീവാദം - വിവിധ വിഭാഗങ്ങൾ**

മൂന്നു വിഭാഗങ്ങളാണ് പാരിസ്ഥിതിക സ്ത്രീവാദത്തിനുള്ളത്.

1) മൂന്നാം ലോക പാരിസ്ഥിതിക സ്ത്രീവാദം / സ്ത്രീവാദ ആത്മീയത,

2) സാമൂഹിക പാരിസ്ഥിതിക സ്ത്രീവാദം,

3) സാംസ്ക്കാരിക പാരിസ്ഥിതിക സ്ത്രീവാദം.

**3.3.1. മൂന്നാം ലോക പാരിസ്ഥിതിക സ്ത്രീവാദം**

വന്ദനശിവയാണ് ഈ ചിന്ത അവതരിപ്പിച്ചത്. വികസിത അവികസിത രാജ്യങ്ങളുടെ സാമൂഹിക സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കി യുള്ളതാണ് ഈ വാദം. വന്ദനശിവയും ജർമ്മൻ ഫെമിനിസ്റ്റായ മരിയാ മിസും ചേർന്നുകൊണ്ട് 'ഇക്കോഫെമിനിസം' എന്ന കൃതി രചിച്ചു. ''മനുഷ്യചരിത്രത്തിന്റെ കേന്ദ്രത്തിലേക്ക് ജീവനെയും അതിജീവന ത്തെയും പ്രത്യേക പരിഗണനയോടെ കൊണ്ടുവരികയാണ് മൂന്നാം ലോക സ്ത്രീ ചെയ്യുന്നത്. എല്ലാത്തരം ജീവിതങ്ങളുടെയും അതിജീവനമാണ് ലക്ഷ്യമിടുന്നത്. ഇതു സാധിക്കുന്നത് പ്രകൃതിയിലും സമൂഹത്തിലും

സ്ത്രൈണ മൂല്യങ്ങളുടെ തിരിച്ചുവരവിന് വേണ്ടുന്ന അടിത്തറയാകുന്നു. അങ്ങനെ അവർ ഈ ഭൂമിയെ മുഴുവൻ നിലനിർത്തുന്നവരും പരിപോഷക രുമായി മാറുന്നു.''[15] സ്ത്രീ പ്രാതിനിധ്യം ആവശ്യപ്പെടുന്ന വന്ദനാ ശിവയുടെ ഈ വാക്കുകൾ പ്രത്യേക പരിഗണനയോടെ അതിജീവന ത്തിനൊരുങ്ങുന്ന ഒരു വിഭാഗത്തെ കാണിക്കുന്നതാണ്. സ്ത്രൈണ മൂല്യങ്ങൾ ഭാരതീയ പാരമ്പര്യത്തെ സംബന്ധിച്ചിടത്തോളം വിലപ്പെട്ടതാ യിരുന്നു. അമ്മ ദേവിയാണെന്നും പൂജിക്കപ്പെടേണ്ടവളാണെന്നുമുള്ള സങ്കൽപം പണ്ടു കാലത്ത് ഉണ്ടായിരുന്നു. ആ സങ്കൽപത്തിന് മൂല്യച്യുതി നേരിട്ടു കൊണ്ടിരിക്കുന്നു. ലിംഗാധിഷ്ഠിത വ്യവസ്ഥകളെ എതിർക്കു ന്നതും സുന്ദരവുമായ വികസനത്തിനാണ് പാരിസ്ഥിതിക സ്ത്രീവാദം ലക്ഷ്യമിടുന്നത്. ആൺകോയ്മാ മൂല്യങ്ങൾ ഉയർത്തിക്കാട്ടുകയും സ്ത്രൈണ മൂല്യങ്ങളെ വിമർശിപ്പിക്കുകയും ചെയ്യുന്ന സംസ്കൃതി ക്കെതിരെ പാരിസ്ഥിതിക സ്ത്രീവാദം നിലകൊള്ളുന്നു.

### 3.3.2. സാമൂഹിക പാരിസ്ഥിതിക സ്ത്രീവാദം

ജീവന്റെ ഉത്പ്പാദകരും സംരക്ഷകരുമായ സ്ത്രീ/പ്രകൃതി ബിംബങ്ങൾ മൂന്നാം ലോകരാഷ്ട്രങ്ങളിൽ പ്രകൃതിനശീകരണം സ്ത്രീ നശീകരണവുമായി ബന്ധപ്പെടുത്തുന്നുണ്ട്. ഉത്പാദന പുനരുത്പാദന പ്രക്രിയ ജീവന്റെ നിലനിൽപ്പിനു വേണ്ടിയുള്ള സാമൂഹിക ശ്രമമാണ് എങ്കിലും ഇത് പുരുഷമേൽക്കോയ്മ അംഗീകരിക്കുന്നില്ല. മരിയ മൈസ് ജൈവസംരക്ഷണത്തിനായുള്ള സ്ത്രീകളുടെ ശ്രമങ്ങളെ കാണുന്നത് ജീവന്റെ ഉത്പ്പാദനമെന്ന നിലയിലാണ്.[16] കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നു. ഭൂമിക്കു മേൽ യാതൊരുവിധ അവകാശങ്ങളും ഇല്ലെങ്കിലും അവർ മക്കളെ

വളർത്തുന്നു. സ്വശരീരത്തിൻമേൽ സ്വന്തം അവകാശമോ അധികാരമോ ഇല്ല. ഇതു തന്നെയാണ് ഭൂമിയുടെയും അവസ്ഥ. ആർക്കോ വേണ്ടി ഫലമൂലാദികളും മറ്റും വിളയിക്കുന്ന ഭൂമി വിൽപനച്ചരക്കാക്കി കച്ചവടക്കണ്ണോടെ മാത്രം കാണുന്ന ശൈലിയാണ് ഇന്നുള്ളത്.

'വികസനമെന്നത് യൂറോപ്പിതര ലോകത്തിന്റെ വിഭവങ്ങളെ ചൂഷണം ചെയ്ത് ലാഭം കൊയ്യുന്നതിനുള്ള മൂർത്തമായ പ്രവർത്തന പരിപാടി കളാണ്. യൂറോപ്പിതര രാജ്യങ്ങളിൽ സ്വയം വികസിക്കുന്നതിന് സജ്ജമല്ല. അല്ലെങ്കിൽ അവർക്കതിന് കഴിയില്ല. അതിനാൽ യൂറോപ്യൻ രാജ്യങ്ങളുടെ ഇടപെടലുകൾ കൂടാതെ അവർക്ക് ചൂഷണങ്ങൾ ചെയ്ത് നേട്ടം കൊയ്യാനാവില്ല. ഇത്തരം വികസനം ലോകത്തിനു മുഴുവൻ ഗുണകര മാണ്. യൂറോപ്പിതര രാജ്യങ്ങലുടെ വിഭവങ്ങളെ ചൂഷണം ചെയ്ത് നേട്ടമുണ്ടാക്കുക എന്നത് യൂറോപ്യൻ രാജ്യങ്ങളുടെ ധാർമ്മികവും രാഷ്ട്രീയവുമായ ഉത്തരവാദിത്തമാണ്. ഇത്തരത്തിലുള്ള വികസനത്തിന് നേതൃത്വം കൊടുക്കുന്ന യൂറോപ്യൻ രാജ്യങ്ങൾ ലാഭമെടുക്കുന്നതിൽ പ്രഥമസ്ഥാനം വഹിക്കുന്നതും ആരുടെ വിഭവങ്ങളാണോ ചൂഷണം ചെയ്യുന്നത് അവർക്ക് രണ്ടാമത്തെ നേട്ടം കിട്ടുന്നതിലും ഒരു തെറ്റുമില്ല.''[17]

ആൺകോയ്മ വരുന്നതിനു മുമ്പുള്ള പെൺകോയ്മാ സമൂഹത്തിൽ സ്ത്രീകൾ തന്നെയാണ് പ്രകൃതിയെ നിയന്ത്രിച്ചി രുന്നത് എന്ന് ഡാലി വാദിക്കുന്നുണ്ട്. സ്ത്രീസഹജ വാസനകളെയും, പ്രകൃതിയെ മലിനീകരി ക്കുകയും ചെയ്യുന്നതോടൊപ്പം പാരസ്പര്യത്തിനും സഹജീവനത്തിനു മുള്ള പുരുഷന്റെ കഴിവ് കമ്മിയാണെന്നും ഡാലി പറയുന്നുണ്ട്. ഇതിനായി പുരുഷനിലെ Gigno Ecology യ്ക്കും, സ്ത്രീയുടെ Gynlecology യ്ക്കും

തമ്മിലുള്ള വ്യത്യാസം രേഖപ്പെടുത്തുന്നുണ്ട്. പുരുഷ Gyno ecology പുനരുത്പാദന കാണ്ഡത്തെക്കുറിക്കുന്നു. സ്ത്രീയുടേതാകട്ടെ Gynle-cology സ്വന്തം രീതിയിലുള്ള സ്നേഹ ചേതന ബന്ധങ്ങളുടെ ശൃംഖല കണ്ടെത്തുകയാണ് ചെയ്യുന്നത്. ആത്മീയ പരിസ്ഥിതിവാദത്തിന്റെ ഉപജ്ഞാക്കളായ കാർലെയ്ൻ സ്പെട്രാനക്, സ്റ്റാർ ഹെനക്ക് എന്നിവർ പരിസ്ഥിതി വീഴ്ച്ചയ്ക്കും പുരുഷന്റെ അധീശത്വത്തിനും തമ്മിൽ സമാനതകൾ കാണുന്നുണ്ട്. ഇവർക്ക് പ്രയോജനം നൽകുന്ന ഗ്രന്ഥങ്ങൾ മേരി ഡാലിയുടെ 'Gynlecology', Rose Mary Radford Reuther New Women New Earth എന്നീ ഗ്രന്ഥങ്ങളാണ്. സംസ്ക്കാരത്തെ നിയന്ത്രിക്കുന്ന പുരുഷൻ പ്രകൃതിയെയും സ്ത്രീയെയും ആശ്രിത നിലയിൽ നിർത്തുന്നു. ''റോസ് മേരി റൂഥറിന്റെ New Women New Earth സ്ത്രീക്ക് സംഭവിച്ച പതനത്തിന്റെ മൂന്നു തലങ്ങൾ വ്യക്തമാക്കുന്നു. 1) അമ്മയുടെ പതനം. ഇത് ചരിത്രത്തിലും സാമ്പത്തിക സ്വാതന്ത്ര്യത്തിലും സ്ത്രീക്ക് സംഭവിച്ച മാറ്റിനിർത്തലിന്റെ അനുഭവമാണ്,

2) ആൺകോയ്മയിലെ മതങ്ങളിലും തത്ത്വചിന്ത യിലും സ്ത്രീക്ക് സംഭവിച്ച നിരാകരണം,

3) അമ്മയുടെ ഉദാര വൽക്കരണം''[18] എന്നിങ്ങനെ ഏരിയൽ സാലേ വിശദീകരിക്കുന്നു.

സ്ത്രീകൾക്കു മാത്രമാണോ പ്രകൃതിയോട് താദാത്മ്യപ്പെടാൻ പറ്റുന്നതെന്ന ചോദ്യം സോഷ്യലിസ്റ്റ് ഫെമിനിസ്റ്റുകൾ നേരിടുന്നുണ്ട്. പുരുഷസമൂഹം സൃഷ്ടിച്ചെടുത്ത ദൈവത്തിന്റെ പോലും ഉന്നതാധികാരം

ഇവർ ചോദ്യം ചെയ്യുന്നുണ്ട്. വന്യതയിലേക്കു മടങ്ങിപ്പോകാനുള്ള ആഹ്വാനവും പഴയ വിശ്വാസങ്ങളുടെ പുനരുജ്ജീവനവും കൊണ്ടുവരാൻ ഇവർ ആഗ്രഹിക്കുന്നു. മലയാളത്തിൽ സുഗതകുമാരിക്കവിതകൾ ഉദാഹരണമാണ്.

### 3.3.3. സാംസ്ക്കാരിക പാരിസ്ഥിതിക സ്ത്രീവാദം

സ്ത്രീശരീര കേന്ദ്രിത മൂല്യങ്ങൾക്കു പ്രാധാന്യം കൊടുക്കുകയാണ് സാംസ്ക്കാരിക പാരിസ്ഥിതിക സ്ത്രീവാദം ചെയ്യുന്നത്. ദൈവത്തിന്റെ രൂപവും ഭാഷയും പുരുഷന്റെ രൂപത്തിലാണെന്നും, ആത്മീയതയ്ക്ക് സ്ത്രൈണ രൂപം കൊടുക്കുക എന്നതും ഇവിടെ പ്രധാനമാണ്. ഇവർക്ക് പ്രകൃതി ദൈവമാണ്. പുനരുത്പാദന പ്രക്രിയയിൽ പുരുഷൻ സ്ത്രീയിൽ ആധിപത്യം പുലർത്തുന്നതു പോലെ മുതലാളിത്ത വ്യവസ്ഥിതി പരിസ്ഥിതിയിൽ ആധിപത്യം പുലർത്തുന്നുണ്ട്. ആഗോളവത്ക്കരണ അധികാര രാഷ്ട്രീയത്തിന്റെ ഉയർച്ച ദൈവശാസ്ത്രത്തിനോടൊപ്പം നിൽക്കുന്നതിനേക്കാൾ കൂടുതലായി സ്ത്രീകളുടെ ആവശ്യങ്ങൾക്കൊപ്പം നിൽക്കുന്നു എന്ന കാഴ്ച്ചപ്പാട് പ്രസക്തിയേറുന്നു. സാംസ്ക്കാരിക സ്ത്രീവാദം സാമ്പ്രദായിക കുടുംബബന്ധങ്ങൾക്കപ്പുറത്തു നിന്നുകൊണ്ട് പ്രകൃതിയനുഭവ ങ്ങളുടെ പാശ്ചാത്തലത്തിൽ സ്ത്രീയനുഭവങ്ങളെ വിലയിരുത്തുന്നു. പുനരുത്പാദന പ്രക്രിയയെ സമഗ്രമായി കാണുന്നു എന്നത് സോഷ്യലിസ്റ്റ് ഫെമിനിസത്തിന്റെ പ്രത്യേകതയാണ്.

## 3.4. പരിസ്ഥിതി സ്ത്രീവാദം മലയാള കവിതയിൽ

പരിസ്ഥിതിയെക്കുറിച്ചുള്ള അവബോധം പുതിയ ഒരു ലോകബോധ മാണ്. മാറിവരുന്ന കർത്തൃസ്ഥാന വീക്ഷണത്തിൽ ഏകാത്മകവും ഉദ്ഗ്രഥിതവുമായ ഒരു പരിസ്ഥിതി കാഴ്ച മാത്രമല്ല ഇന്ന്

സാദ്ധ്യമാകുന്നത്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും പ്രകൃതിസ്ത്രീ ബോധം എന്നിവ നിർണ്ണായക സാന്നിധ്യമാണ്. കേരളത്തിൽ പ്രാചീന കാലം മുതലുള്ള സാഹിത്യകൃതികളിൽ ഈ അവബോധം പ്രകടമാണ്. സംഘംകൃതികൾ, പാട്ട്, മണിപ്രവാളം മുതൽ എന്നിങ്ങനെ ആധുനിക ഘട്ടം വരെയുള്ള കൃതികളിലെ പരാമർശങ്ങളെ ആസ്പദമാക്കിയുള്ള അന്വേഷണമാണ് ഇവയുടെ സ്വാധീനവും സാന്നിധ്യവും തിരിച്ചറിയാൻ സഹായകമാകുന്നത്.

### 3.4.1. സംഘകാലം

''സംഘം ചേരുക അഥവാ കൂട്ടം കൂടുക എന്നർത്ഥത്തിലുള്ള 'ചങ്കം' എന്ന പദത്തിൽ നിന്നാണ് 'സംഘം' എന്ന പദം ഉണ്ടായത്. 'സംഘം' എന്ന സംസ്കൃത ശബ്ദത്തിന് കൂട്ടുകൂടൽ എന്നാണ് അർത്ഥം. 'കവിച്ചങ്കം' എന്ന കവിക്കൂട്ടായ്മയിൽ നിന്നാണ് 'സംഘം' എന്ന പേരുണ്ടായത്. ഒരു സാഹിത്യസമിതിയാണ് കവികളുടെ ഈ കൂടിച്ചേരൽ.''[19] ഈ സാഹിത്യസമിതിയിൽ രൂപം കൊണ്ട കൃതികൾ ഒരു കാലഘട്ടത്തിലെ പ്രകൃതി, വിഭവസമൃദ്ധി, ആഹാരരീതി, ആടയാഭരണങ്ങൾ, തൊഴിൽ, ആചാരങ്ങൾ എന്നിങ്ങനെ ഒരു ജനത നയിച്ചിരുന്ന ജീവിതത്തെ പ്രതിഫലിപ്പിക്കുന്നു. ''ഈ കാലഘട്ടത്തിന്റെ പരിധിയെക്കുറിച്ച് വ്യക്തമായ തെളിവുകൾ കിട്ടിയിട്ടില്ലെങ്കിലും എ.ഡി. ഒമ്പതാം നൂറ്റാണ്ടിൽ രചിക്കപ്പെട്ടതെന്ന് കരുതുന്ന '*ഇറൈയനാർ അകപ്പൊരുൾ*' എന്ന സാഹിത്യലക്ഷണ ഗ്രന്ഥത്തിൽ സംഘത്തെ പറ്റി പ്രസ്താവനകൾ കാണുന്നുണ്ട്.''[20]

പ്രാചീന ദ്രാവിഡ കാവ്യശാസ്ത്രഗ്രന്ഥമായ '*തൊൽക്കാപ്പിയം*' പൊരുളതികാരത്തിലെ തിണസങ്കൽപം വിപുലമായ പാരിസ്ഥിതിക

സൗന്ദര്യശാസ്ത്രം അവതരിപ്പിക്കുന്നുണ്ട്.''ആധുനിക കാഴ്ച്ചപ്പാടിൽ ഭക്ഷണം മുതൽ ചിന്ത വരെ അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. പ്രപഞ്ചഭാഗമായ മനുഷ്യന്റെ ജീവിതവീക്ഷണമിതാണ്. തിണസങ്കൽപത്തെ പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന്റെ പൂർവ്വപരികൽപന യായി ഇങ്ങനെ വിനയചന്ദ്രൻ വിലയിരുത്തുന്നുണ്ട്.[21]

ഭൂശാസ്ത്ര പ്രത്യേകത കൊണ്ട് സവിശേഷമായ പ്രദേശത്തിൽ മുല്ലൈ, കുറുഞ്ചി, പാലൈ, മരുതം, നെയ്തൽ എന്നിങ്ങനെ അഞ്ചു തിണകൾ രൂപപ്പെടുകയും അവ സമൂഹത്തിന്റെ വിവിധ ശ്രേണികളിൽ ജീവിക്കുന്നവരുടെ കൂട്ടായ്മയാകുകയും ചെയ്തു. ഈ കൂട്ടായ്മയാണ് മനുഷ്യ പ്രകൃതി ബന്ധത്തിന്റെ ആന്തരാർത്ഥങ്ങളിലേക്ക് വിരൽ ചൂണ്ടുന്നത്.

സ്ത്രീക്കും പ്രകൃതിക്കും പൊരുളതികാരം നൽകുന്ന പ്രാധാന്യം പാരിസ്ഥിതിക സ്ത്രീവാദത്തേയും സ്ത്രീവാദത്തേയും ഈ സിദ്ധാന്തത്തോട് അടുപ്പിക്കുന്നു. ''ഏതു ചിന്താപദ്ധതി ഉപയോഗിച്ചാലും 'അധീശത്വ-അധീനത' ബന്ധത്തിൽ സ്ത്രീക്കനു കൂലമായ സമീപനം മുറുകെ പിടിക്കുമ്പോഴേ അതിനെ സ്ത്രീവാദ നിരൂപണം എന്നു വിളിക്കാനാവൂ.''[22].

''പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആദ്യകാല ഭൗതിക പ്രചോദകർ പാരീഷ്യൻ എഴുത്തുകാരി ഫ്രാങ്കോയ് ഡി ഒബോണും അമേരിക്കൻ എഴുത്തുകാരി റോസ് മേരി റ്യൂഥറുമാണ്. ഇവരുടെ അഭിപ്രായത്തിൽ ജീവിതത്തിന്റെ കേന്ദ്രബിന്ദു കുടുംബമാണ്. കുടുംബം, പ്രകൃതി, സ്ത്രീ ഇവയാണ് എല്ലാത്തിന്റെയും അടിസ്ഥാനം''.[23.] ഈ കാഴ്ച്ചപ്പാടുകളുടെ

ഘടകങ്ങൾ പൊരുളധികാരത്തിൽ കണ്ടെത്താം. "കുടുംബജീവിതത്തിന്റെ കെട്ടുറപ്പ് ലക്ഷ്യം വെച്ചുകൊണ്ടുള്ള മുപ്പത്തി രണ്ട് സംഭാഷണാ വസരങ്ങൾ കുറിഞ്ഞി, നെയ്തൽ തിണകളിൽ തോഴിയുടേതായുണ്ട്"[24]. (തൊൽക്കാപ്പിയം). "സ്വന്തം കുഞ്ഞുങ്ങൾക്ക് യുദ്ധഭൂമിയിൽ പോരാടാൻ ആയുധം കൊടുത്തയക്കുന്ന അമ്മമാർ" (പുറനാനൂറ്)[25] തുടങ്ങി വ്യക്തിത്വമുള്ള സ്ത്രീകൾ ഇവിടെ ചിത്രീകരിക്കപ്പെടുന്നു. സ്ത്രീ പുരുഷ സമത്വത്തെ ഈ സമൂഹം അംഗീകരിച്ചു എന്നു തോന്നുന്നില്ല. എന്നാൽ സ്ത്രീയുടെ ഗുണങ്ങൾ എന്തെല്ലാ മാണെന്നു സൂചിപ്പിക്കുന്നു എന്നു കണ്ടെത്താം.

### 3.4.2. പ്രകൃതിയുമായുള്ള ജനജീവിത ബന്ധം

ജൈവം, പാരിസ്ഥിതികം എന്നീ പദങ്ങൾ പ്രാചീന മനുഷ്യരിൽ ആഴത്തിൽ മുദ്രിതമായിട്ടുണ്ട്. പ്രകൃതിയെ അതിന്റെ സാകല്യത്തിൽ ഉൾക്കൊള്ളാനും സാഹിത്യത്തെയും ജീവിതത്തെയും നിർവചി ക്കാനും തമിഴകത്തിനു കഴിഞ്ഞു. ഭൂപ്രകൃതിയുടെ വൈരുദ്ധ്യങ്ങളും മനുഷ്യന്റെ വികാരഭേദങ്ങളും അടിസ്ഥാനമാക്കി പാട്ടുകളിലെ പ്രതിപാദ്യവിഷയം, മുതൽപൊരുൾ, കരുപൊരുൾ, ഉരിപൊരുൾ എന്നിങ്ങനെ മൂന്നായി തിരിയുന്നു. തൊൽക്കാപ്പിയം 572 മുതൽ 578 വരെയുള്ള സൂത്രങ്ങളിൽ പുല്ലും മരവും ഒരറിവുയിർകളും മൃഗങ്ങളും പക്ഷികളും അഞ്ചറിവുയിർ കളുമാണെന്നും മനുഷ്യന് ആറ് അറിവിലുള്ള ജീവനാണ് ഉള്ളതെന്നും പറയുന്നുണ്ട്. (തൊൽക്കാപ്പിയം)[26]. ഇവ ഫെമിനിസ്റ്റു ദർശനത്തിന്റെ മാതൃകകളാണ്. ഇവ ഒരേസമയം സ്ത്രീയുടെ വ്യത്യസ്തത ഉയർത്തി

പ്പിടിക്കുകയും സ്ത്രീയുടെ സാമൂഹിക ധർമ്മം നിർവ്വഹിക്കുകയും ചെയ്യുന്നു.

''സംഘകാല കവിതകളുടെ ആദ്യഘട്ടങ്ങളിൽ പുരുഷ മേധാവിത്വ സൂചനകളില്ല. എന്നാൽ അവസാനം പ്രത്യക്ഷപ്പെടുന്ന 'പതിനെൺകീഴ് കണക്കി'ൽ പുരുഷ മേധാവിത്വ പ്രവണതകൾ കാണുന്നതായി കെ.എൻ. ഗണേഷ് വിലയിരുത്തുന്നത് ശ്രദ്ധേയമാണ്.''[27] ''ഭർത്താവിനെ അനുസരിക്കാത്ത ഭാര്യയെ നിന്ദിക്കുന്നു. സ്ത്രീകൾ ഗാർഹികജോലി ചെയ്യുന്നവരും ഭർത്താവിന്റെ ആശ്രിതരുമാണ്, പുരുഷന് പരസ്ത്രീയെ പ്രാപിക്കാമെങ്കിലും സ്ത്രീക്ക് അനുവദനീയമല്ല എന്നീ അവസ്ഥകൾ അവസാനകാല സംഘം കൃതികളിൽ കാണുന്നു. അതായത് സംഘകാല സാഹിത്യത്തിന്റെ അവസാന കാലഘട്ടം മുതൽ സാഹിത്യത്തിൽ പുരുഷമേധാവിത്വ പ്രവണതകൾ കാണുന്നതായി നിരീക്ഷിക്കപ്പെട്ടിരിക്കുന്നു''[28].

ഇത് പരിസ്ഥിതി മനുഷ്യനിൽ ചെലുത്തിയ സ്വാധീനത്തെയും മനുഷ്യനും പ്രകൃതിയുമായുള്ള ബന്ധത്തെയും സൂചിപ്പിക്കാൻ പര്യാപ്തമാണ്. മനുഷ്യരുടെ തൊഴിലുകൾ നിശ്ചയിച്ചത് ഭൂമിയുടെ വിഭവസമൃദ്ധിയെ അനുസരിച്ചാണ്. വനം വെട്ടി മാറ്റി ചുട്ടുകരിച്ചാണ് കൃഷിയിടം ഒരുക്കിയിരുന്നത്. വേടന്മാർ ചുട്ടുകരിച്ച സ്ഥലത്ത് നല്ല പോലെ ഉഴുതുമറിച്ച് വിശാലമായ കൊല്ലിയിൽ മലനെല്ല് വിതക്കുന്നു എന്ന് പുറനാനൂറിൽ പെരുംഞ്ചിത്തിരനാർ പാടുന്നത് ഇപ്രകാരമാണ്.

''കരിപുനമയക്കിയ പകൽ കാട് കൊല്ലൈ

ഐവനം, വിത്തിമൈയുറക്കവിനി'' (പുറനാനൂറ് 159.16-17)

എങ്കിലും കൃഷിയായിരുന്നു ഇവരുടെ പ്രധാന തൊഴിൽ. ''മറ്റുള്ളവർ ഏതു തൊഴിലിൽ വ്യാപരിച്ചാലും അവസാനം അവർക്കു കൃഷിക്കാരെ ആശ്രയിക്കാതെ നിർവ്വാഹമില്ല. കൃഷിക്കാർ ഭൂമി കൃഷി ചെയ്തില്ലെങ്കിൽ സന്ന്യാസിമാർ പോലും നിരാശ്രയ രായിത്തീരും. കൃഷി പോലെ മൗലികമായ മറ്റു യാതൊരു തൊഴിലും ഇല്ല'' എന്ന എൻ. സുബ്രഹ്മണ്യന്റെ[29] അഭിപ്രായം ഇക്കാലത്തെ കൃഷിയുടെ പ്രാധാന്യം വ്യക്തമാക്കുന്നു. ദൃഢമായ മനുഷ്യപ്രകൃതി ബന്ധവും ഇക്കാലത്തുണ്ടായി രുന്നു.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അയ്യപ്പപണിക്കർ പറയുന്നത് ശ്രദ്ധേയാണ്. ''സ്ഥലകാലാ വസ്ഥകളുടെ ഒരു സംയുക്തമാണ് ഓരോ തിണയും....പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധം സാഹിത്യത്തിൽ പശ്ചാത്തലവും ഇതിവൃത്തവും തമ്മിലുള്ള ബന്ധത്തിലൂടെ സൂചിതമാകുന്നു.''[30]. ഈ അഭിപ്രായം തമിഴക പാരമ്പര്യത്തിലെ പ്രകൃതിബോധത്തെ കൃത്യമായി പ്രതിഫലിപ്പിക്കുന്ന താണ്.

**3.4.3. പ്രാചീനം**

മലയാളകവിതാസാഹിത്യലോകത്തെ സ്ത്രീ ചിത്രണങ്ങളെ വിശകലനം ചെയ്യുമ്പോൾ ഏറെ ശ്രദ്ധേയമായ ഒന്നാണ് മുണ്ടശ്ശേരിയുടെ വീക്ഷണം. ''സാഹിത്യകാരന്മാർ വിശേഷിച്ചു കവികൾ, അവർ സൃഷ്ടിച്ച സ്ത്രീ കഥാപാത്രങ്ങളിലൂടെയാണ് ജീവിക്കുന്നത്.''[31]. മഹിളാളിമഹാസ്പദ മായിരുന്ന മണിപ്രവാള കവിതയുടെ പരാജയ ത്തിനു കാരണം സ്ത്രീക്ക് ഒരു സ്വത്വമുണ്ടെന്ന് കാണാൻ കഴിയാതിരുന്നതാണ്. പതിനാറാം നൂറ്റാണ്ടിൽ ഭക്തിപ്രസ്ഥാനത്തിന്റെ ആശയങ്ങൾ ഉൾക്കൊണ്ട് സ്ത്രീയുടെ

ശുദ്ധിയും ശക്തിയും കണ്ടറിഞ്ഞ എഴുത്തച്ഛൻ ഋതുവായ പെണ്ണിനു പോലും ഭക്തി വിലക്കേണ്ടതില്ല എന്ന നിഗമനത്തിലെത്തിച്ചേർന്നു.

''ഋതുവായ പെണ്ണിനുമിരപ്പനും ദാഹകനും
പതിതനുമഗ്നിയജനം ചെയ്തഭുസുരനും
ഹരിനാമകീർത്തനമിതൊരുനാളുമാർക്കുമുട
നരുതാത്തതല്ല ഹരിനാരായണായനമഃ''[32]

'അദ്ധ്യാത്മരാമായണം കിളിപ്പാട്ടിലെ സുന്ദരകാണ്ഡ'ത്തിൽ ഹനുമാൻ ലങ്കാദഹനം നടത്തുമ്പോൾ തീപൊള്ളലേറ്റു പിടയുന്ന സ്ത്രീകളുടെ അവസ്ഥ ചിത്രീകരിക്കുന്നുണ്ട്. 'ഇത്രകുടിലത്വമുണ്ടായൊരു ത്തനെ പൃഥ്വിയിലിങ്ങനെ കണ്ടീല കേശവ' എന്നു പുരുഷ രാഷ്ട്രീയത്തിന്റെ അനീതിക്കെതിരെ പ്രതികരിക്കുന്ന ഗാന്ധാരിയെ മഹാഭാരതം സ്ത്രീപർവ്വത്തിൽ കാണാം. 'സ്ത്രീശരീരത്തെ ഹിംസാത്മക മായി തുറിച്ചു നോക്കുന്ന പരമ്പരയിൽ നിന്ന് വ്യത്യസ്തമായി അവളുടെ സ്വത്വാത്മക പ്രശ്നത്തിലേയ്ക്ക് സഹൃദയരെ നയിക്കുന്നു സ്ത്രീപർവ്വം'[33].

ഭാര്യാത്വം, മാതൃത്വം തുടങ്ങിയ സ്ത്രീയവസ്ഥകളെ ഉദ്ഘോഷിക്കു മ്പോഴും ഇത്തരം കള്ളികൾക്കകത്തു നിന്നും കൊണ്ടുള്ള സ്ത്രീയുടെ അനുഭവ യാഥാർത്ഥ്യത്തെ തിരിച്ചറിയു ന്നുണ്ട് എഴുത്തച്ഛൻ കവിത. അതിനെല്ലാമപ്പുറമുള്ള യഥാർത്ഥ സ്ത്രീസത്തയെക്കുറിച്ചുള്ള അന്വേഷണ വുമുണ്ട്. സ്ത്രീയുടെ ക്ലേശങ്ങളേയും വ്യവസ്ഥാപിത തത്വത്തിന്റെ സ്ത്രീവിരുദ്ധതയേയും തിരിച്ചറിയുകയും സ്വത്വരൂപമുള്ള സ്ത്രീരൂപങ്ങൾ സൃഷ്ടിക്കുകയും ചെയ്തു എന്നതാണ് എഴുത്തച്ഛൻ കൃതികളിലെ സ്ത്രീത്വത്വ ദർശനത്തെ നിർണ്ണയിക്കുന്നത്.

എഴുത്തച്ഛനു തൊട്ടുമുമ്പുള്ള കാലം മലയാളത്തിൽ മണിപ്രവാള ക്കവിതയുടെ സുവർണ്ണകാലമായിരുന്നു. മഹിളാളി മഹാസ്പദകളെന്നും വിഖ്യാതമായ മണിപ്രവാളക്കവിതയിലെ മഹിള കുറെ അവയവ ഖണ്ഡങ്ങളുടെ സമന്വയമായിരുന്നു. പുരുഷന്റെ ആഗ്രഹം പൂർത്തീകരി ക്കാനുള്ള ഉപകരണമെന്ന നിലയിൽ കവിഞ്ഞ ഒരസ്തിത്വം സ്ത്രീക്ക് ആ കൃതികൾ നല്കുന്നില്ല. എഴുത്തച്ഛൻ സ്ത്രീയെ വർണ്ണിക്കാൻ ഇടം കണ്ടെത്തുന്നുണ്ട്. എന്നാൽ സ്ത്രീയെ അവയവങ്ങളായി കാണാൻ പ്രേരിപ്പിക്കുന്നവയല്ല അവയൊന്നും. മറിച്ച് സന്ദർഭോചിതമായ കഥാപാത്ര ചിത്രീകരണമായിട്ടാണ് വർത്തിക്കുന്നത്.

സീത ലജ്ജാവതിയും വിനയാന്വിതയുമാണെങ്കിലും സ്വയംവരപ്പന്ത ലിലേക്കു കടന്നു വന്ന് വരണമാല്യമണിയിക്കും മുമ്പ് തല ഉയർത്തി രാമനെ ഒരു നോക്കു നോക്കാൻ ധൈര്യമുള്ളവളാണ്. സ്ത്രീ കൗമാര ത്തിലും യൗവനത്തിലും വാർധക്യത്തിലും പുരുഷനാൽ രക്ഷിക്കപ്പെടുന്നു എന്നു പറഞ്ഞ് സ്ത്രീ സംരക്ഷണം സ്വയം ഏറ്റെടുത്തഭിമാനിക്കുകയും എന്നാൽ സ്ത്രീസ്വാതന്ത്ര്യം നിഷേധിക്കുകയും ചെയ്യുന്ന പുരുഷന്റെ നിലപാടുകളെ ഇതിഹാസങ്ങൾ കാട്ടിത്തരുന്നുണ്ട്. സീതാപഹരണവും ദ്രൗപദി വസ്ത്രാക്ഷേപവും അത്തരം സന്ദർഭങ്ങളാണ്. പുരുഷന്റെ അർത്ഥമാണ് (ധനമെന്നും പുരുഷാർത്ഥമായ കാമപൂർത്തീകരണ വസ്തുവെന്നും) ഭാര്യ എന്നുള്ള പുരുഷപക്ഷ വീക്ഷണത്തിനു പകരം പുരുഷാർദ്ധമാണ് (പകുതി) എന്ന ഒരു അർദ്ധനാരീശ്വര സങ്കല്പത്തില ധിഷ്ഠിമായ പാരസ്പര്യബോധം എഴുത്തച്ഛൻ കൃതികളിൽ കാണാം. സ്വന്തമായ ഒരു വ്യക്തിത്വം സ്ത്രീകൾക്കു നൽകുന്നു എന്നതാണ് എഴുത്തച്ഛൻ കൃതികളെ സ്ത്രീപക്ഷ മാക്കുന്ന പ്രധാന ഘടകം.

സ്ത്രീകളുടെ ക്ലേശങ്ങളെ തിരിച്ചറിഞ്ഞ് സ്വത്വബോധമുള്ള സ്ത്രീ രൂപങ്ങൾ സൃഷ്ടിക്കുക എന്നത് എഴുത്തച്ഛൻ കൃതികളിലെ സ്ത്രീത്വദർശ നത്തെ നിർണ്ണിയിക്കുന്ന ഘടകമാണ്. പാഞ്ചാലീ വസ്ത്രാക്ഷേപത്തിലും സീതയുടെ ചിത്രത്തിലുമെല്ലാം ഈ ബോധം ഏറെ പ്രകടമായി കാണാനാകും.

### 3.4.4. ആധുനിക കവിത്രയകാലം

ഇരുപതാം നൂറ്റാണ്ടിൽ ഇംഗ്ലീഷ് സാഹിത്യവുമായുള്ള സമ്പർക്ക ത്തിന്റെ ഭാഗമായി കാൽപനിക പ്രസ്ഥാനം രൂപംകൊണ്ടു. മനുഷ്യന്റെ പൂർണ്ണ വികാസത്തിന് കൂടുതൽ ശ്രദ്ധ ഊന്നൽ കൊടുത്ത ഈ കാലഘട്ടം പുരോഗമനാശയങ്ങളെ മുന്നോട്ടുവെച്ചു. പുരോഗമനപരമായ ആശയങ്ങളുമായിട്ടാണ് ആശാനും, വള്ളത്തോൾ നാരായണമേനോനും, ഉള്ളൂരും സാഹിത്യ ലോകത്തിലേക്കു കടന്നുവരുന്നത്.

കേരളത്തിന്റെ നവോത്ഥാനപരമായ മുന്നേറ്റങ്ങളിൽ സ്ത്രീ ലൈംഗികതയും ജാതിയുമാണ് കൂടുതൽ പരിഷ്കരണങ്ങൾക്ക് വിധേയമായത്. ‘‘ആണിനെയും പെണ്ണിനെയും വേർതിരിച്ചു വളർത്തുക എന്നത് പഠിപ്പിക്കു എന്നത് നവോത്ഥാന പ്രസ്ഥാനങ്ങളു ടെയെല്ലാം അടിസ്ഥാനധാരയായിരുന്നു. കേരള/ബംഗാൾ നവോത്ഥാ നപ്രക്രിയയിൽ ഏറ്റവും പ്രധാന കൃത്യമായി നടന്നത് ആണിനും പെണ്ണിനും വെവ്വേറെ സ്കൂൾ പണിയുക എന്നതായിരുന്നു.’’[34]. നവോത്ഥാനാശയങ്ങളിൽ പ്രചോദനം ഉൾക്കൊണ്ട ആശാൻ തന്റെ കൃതികളിൽ അവ പ്രതിഫലി പ്പിച്ചു. പുരുഷാധിപത്യ സമൂഹത്തിൽ നിലനിൽക്കുന്ന നീതിബോധത്തെ വിമർശിക്കുന്ന കൃതിയാണ് ‘ചിന്താവിഷ്ടയായ സീത’. സീത സ്ത്രീയുടെ ഭൗതികശരീരം പുരുഷന്റെ മുന്നിൽ കീഴ്പ്പെട്ടാലും മനസ്സും ചേതനയും

അതിനു വഴങ്ങില്ല എന്നു പ്രഖ്യാപിക്കുന്നു. അഭിമാനത്തിന്റെയും സ്വാതന്ത്ര്യബോധത്തിന്റെയും തണലിൽ നിന്നുകൊണ്ടാണ് സീത, രാമന്റെ പ്രവൃത്തികളെ വിലയിരുത്തുന്നത്. 'സീത വഹിച്ചുപോയ അതിചിന്ത ഫെമിനിസത്തിന്റെ ഫാലക്കുറിയാണ്.'[35]. സീത അതിചിന്ത വഹിക്കുന്ന സ്ത്രീയുടെ പ്രതീകമാണെങ്കിൽ രാമൻ പ്രതികരണ ശേഷി ഇല്ലാത്ത വനാണ് ''പ്രതികരണശൂന്യമായ പ്രതിമയെ കാംക്ഷിക്കുന്ന പുരുഷത്വ'' മാണ് രാമനിൽ ആരോപിക്കപ്പെടുന്നത്[36]. 'അധികാരത്തിന്റെ പ്രലോഭന ത്തിൽ അഹങ്കാരിയായ സാധാരണ മനുഷ്യന്റെ പ്രതിനിധി മാത്രമാണ് രാമൻ' എന്ന 'ആശാന്റെ സീതയെപറ്റി' കുട്ടികൃഷ്ണമാരാരുടെ[37] അഭിപ്രായം അന്നു നിലവിലിരുന്ന പുരുഷാധിപത്യത്തിനുള്ള പ്രതികരണ മായി മാറുന്നു.

പുരുഷാധിപത്യലോകം ആഗ്രഹിച്ച രീതിയിലുള്ള സീതയെ അല്ല ആശാൻ സൃഷ്ടിച്ചത്. കാലഘട്ടം ആവശ്യപ്പെടുന്ന നിയതമായ അർത്ഥം ഉൾക്കൊള്ളുന്ന കഥാപാത്രത്തെ സൃഷ്ടിച്ചു. ആശാന്റെ സീതാകാവ്യ ത്തിൽ പ്രകൃതിയുടെ സ്നിഗ്ദ്ധത നിലനിർത്തുന്ന സീതക്ക് സ്വത്വത്തിന്റെ പേരിലുള്ള ആഘാതങ്ങളെ മാറ്റാൻ കഴിയുന്നു. ''സ്ത്രീയുടെ നിശബ്ദാനു ഭവങ്ങളിൽ മാനവ രാശിക്കാകെ ക്ഷേമദായകമായ പലതുമുണ്ട്. കേൾക്ക പ്പെടാത്ത നിരവധി ശബ്ദങ്ങളുമുണ്ട്. സാംസ്ക്കാരിക സ്ത്രീവാദത്തിനും പാരിസ്ഥിതിക പഠനത്തോടുമുള്ള താത്പര്യം സ്ത്രീധർമ്മത്തിന്റെ പ്രത്യയ ശാസ്ത്രത്തെ - സ്ത്രീ പ്രകൃതി എന്ന ബന്ധത്തെ ഒരു മർദ്ദനോപകരണ മല്ലാതാക്കുന്നു. ആ ക്രിയാത്മക ഘടകമാക്കി ത്തീർക്കുന്നു[38].

സ്ത്രീ എന്ന ലോകവീക്ഷണത്തെ ഒരു നാൾ കൊണ്ട് മാറ്റിമറിക്കാവു ന്നതല്ല എന്ന് ലീലാവതി പറയുന്നു. ''അതിനാൽ രാമന്റെ തീരുമാനത്തിന്

പകുതി ഉത്തരവാദിയാകേണ്ടത് സ്ത്രീയെ സംബന്ധിച്ചുള്ള ലോക സങ്കൽപമാണ്. പുരുഷന്റെ സ്വത്താണ്; ഇന്ദ്രിയാർത്ഥമാണ് സ്ത്രീയെന്ന ലോകവീക്ഷണത്തെ രാമനും ഒരുനാൾ കൊണ്ട് മാറ്റിമറിക്കാവുന്നതല്ല''[39].

''കുമാരനാശാന്റെ നായികമാർ സ്വത്വശക്തിയുടെ സൽസന്താന ങ്ങളാണ്. സ്ത്രീത്വത്തിന്റെ ശംഖധ്വനി മുഴക്കുന്നവരാണവർ. 'തരുണിയുടെ ബലം വിശുദ്ധി' (ലീല)യാണെന്ന് അവർ തെളിയിക്കുന്നു. സ്വാതന്ത്ര്യ ബോധത്തിന്റെ കർമ്മകാണ്ഡങ്ങൾ ആരചിക്കുന്നു നളിനിയും ലീലയും, സീതയും സാവിത്രിയും, മാതംഗിയും വാസവദത്തയും സ്ത്രീവിമോചന ത്തിന്റെ വില്ലുകുലച്ചവരാണ്. അന്ത:കരണ സ്വാതന്ത്ര്യത്തിന്റെ ആവനാഴി യിൽ നിന്നു തൻ പോരിമയുടെ ശരം തൊടുത്തുവിട്ടവരാണ്[40]. ആശാന്റെ സ്ത്രീകഥാപാത്രങ്ങളെ സ്വത്വബോധത്തിന്റെ സാമൂഹിക പശ്ചാത്തല ത്തിൽ അടയാളപ്പെടുത്തപ്പെട്ടവയാണ്.

ഉള്ളൂർ കവിതകളിലെ സ്ത്രീകഥാപാത്രങ്ങൾ നിശ്ചയദാർഢ്യ മുള്ളവരാണ്. സ്ത്രീകൾ പാതിവ്രത്യം അനുഷ്ഠിക്കുമ്പോൾ പുരുഷന്മാർ ഏകപത്നിവ്രതവും ദീക്ഷിക്കേണ്ടത് പ്രകൃതിയനു സാരിയാണെന്ന കാഴ്ച്ചപ്പാടിലൂടെ അംബ എന്ന കൃതിയിലെ അംബ പുരുഷത്വത്തെ ചോദ്യം ചെയ്യുന്നു. വള്ളത്തോൾ കവിതകളിൽ ജന്മാവകാശത്തിനു നേരേയുള്ള സ്വാതന്ത്ര്യത്തിൽ കൈവെച്ച പുരുഷന്റെ അധാർമിക വൃത്തിക്കു നേരെ പ്രതികരിക്കുന്ന സ്ത്രീത്വമാതൃകകളെ കാണാം. ''സ്ത്രീയുടെ അന്തസ്സും മഹത്ത്വവും അറിയാൻ കഴിയാത്ത സമുദായം അർദ്ധഭാഗത്തെ ഇരുളിലും അഴലിലും ആഴ്ത്തുന്നതിനാൽ മോചന മർഹിക്കുന്നില്ല. രാഷ്ട്രീയസ്വാതന്ത്ര്യം നേടിയാലും അത് സമഗ്ര സ്വാതന്ത്ര്യ മാവുന്നില്ല; എന്ന ആശയം സമുദായത്തിന്റെ അടിത്തട്ടിലേക്കു

തള്ളപ്പെട്ട അധഃകൃതരെ പീഢിപ്പിക്കുന്നതിൽ ലജ്ജിക്കാത്ത ഉപരിവർഗ്ഗം സ്വാതന്ത്ര്യമർഹിക്കുന്നില്ല എന്ന ആശയത്തിനു സമാന്തരമാണ്. ദേശീയ നവോത്ഥാനത്തിന്റെ ചാലകശക്തികളിൽ ഇവയ്ക്കു തുല്യ പ്രാധാന്യമുണ്ട്. ഈ ദർശനം മലയാളകവികളിൽ ഒന്നാമതായി ഉണർന്നത് വള്ളത്തോളിലാണ്''[41] എന്ന ലീലാവതിയുടെ പരാമർശം വള്ളത്തോൾ കവിതകളിലെ സ്ത്രീസ്വത്വത്തെ അളക്കാൻ പോന്നതാണ്.

### 3.4.5. നവീനകാല കവികൾ

കവികൾ എന്നും മർദ്ദിതപക്ഷത്തു നിൽക്കുന്നവരാണ്. മർദ്ദിതരുടെ നിലവിളികൾക്കൊപ്പം നിന്ന് സമൂഹത്തിലെ ഉച്ചനീചത്വങ്ങളെ ഇല്ലായ്മ ചെയ്യാൻ ഒരു പരിധിവരെ തങ്ങളുടെ തൂലികയിലൂടെ ശ്രമിക്കുന്നവരാണ് കവികൾ. സ്ത്രീയും പുരുഷനും ജീവിക്കുന്ന സാഹചര്യങ്ങളിൽ നിന്ന് സ്ത്രീയെ അകറ്റി നിർത്തുകയും അവളെ ഒരു സാധനമായി (ങമലേൃശമഹ) കാണുകയും ചെയ്യുന്ന സമൂഹത്തിനെതിരെ, സ്ത്രീയെ ഉടൽരൂപമായി ചിത്രീകരിക്കുന്ന പുരുഷ സമൂഹത്തിനെതിരെ ഒളപ്പമണ്ണ കവിതകളെഴുതി. നിരാലംബ ജനതകളാണ് ഒളപ്പമണ്ണയുടെ സ്ത്രീകഥാപാത്രങ്ങൾ. ഒളപ്പമണ്ണയുടെ ആദ്യകാല കവിതകളിലൊന്നായ 'റബ്ബർ വൈഫി'ലെ ആശയം സ്ത്രീയെ സാധനമായിക്കാണുന്ന പുരുഷനെ തിരെയുള്ള രൂക്ഷവിമർശനമാണ് ഈ കവിതയിലെ പപ്പേട്ടനെന്ന കഥാപാത്രത്തിന് വെറും ഉടൽ മാത്രമായി മാറുന്നു പെണ്ണെന്ന വർഗ്ഗം. വികാരവും വിചാരവും ആത്മാവും ഉണ്ടെങ്കിൽ അതു പെണ്ണിന്റെ നാശമായി കരുതുന്ന പപ്പേട്ടൻ വേളി കഴിക്കാൻ താത്പര്യപ്പെടുന്നില്ല. എന്നാൽ ഒരു ദിവസം അയാൾ വേളി കഴിച്ചെന്നറിഞ്ഞെത്തുന്ന ആളുകൾക്ക് മുന്നിലേക്ക് ഒരു പെട്ടിയും പമ്പും കൊണ്ടുവന്നു വെക്കുന്നു. പെട്ടി തുറന്ന് അതിൽ നിന്നു റബ്ബർ എടുത്ത്

പമ്പു കൊണ്ട് ഊതി കാറ്റ് നിറച്ച് സ്ത്രീയുടെ ഉടൽ വടിവു വരുത്തുന്നു. ഈ വടിവു കണ്ട് തൃപ്തിപ്പെടുന്ന പപ്പേട്ടൻ ആധുനിക സമൂഹത്തിലെ പുരുഷവീക്ഷണത്തെ പരിഹസിക്കുകയാണ്. സ്ത്രീ വിദ്വേഷത്തിലേക്കു പുരുഷന്മാരെ നയിച്ചേക്കാമെന്ന സൂചന ഈ കവിത നൽകുന്നുണ്ട്. ചെലവു ചുരുക്കൽ രീതി, മാനസിക വിഭ്രാന്തി ഇതൊക്കെ പപ്പേട്ടനെ വലയം ചെയ്യുന്നു. ഒരുതരം 'ഗേ' ആയി മാറുന്ന സമൂഹത്തെ ഇതിലൂടെ കാണാം. ഉടലിനും ജീവനും തുല്യപ്രാധാന്യമുണ്ട് സ്ത്രീയായാലും പുരുഷനായാലും. ഇതിൽ നിന്നും വ്യത്യസ്തത യാർന്നതാണ് 'നങ്ങേമക്കുട്ടി' എന്ന കവിത. സ്ത്രീയെ ആത്മഹത്യക്കു പ്രേരിപ്പിക്കുന്നതെന്ത് എന്ന ചോദ്യത്തിനുത്തരമായി മാറുന്നു നങ്ങേമക്കുട്ടി എന്ന കവിത.

''നങ്ങേമക്കുട്ടിയാണ് ഒളപ്പമണ്ണയുടെ ഏറ്റവും പ്രധാനമായ കൃതി. പരിത്യക്തയും ഭ്രഷ്ടയുമായ ഗർഭിണിയുടെ ദുരന്തം. ഓമനയായി വളർന്ന അന്തർജ്ജന ബാലികയെ വിലക്കപ്പെട്ട കനിയൂട്ടിത് ഒരു ട്യൂഷൻ മാസ്റ്റർ. അയാൾ അവളെ സംരക്ഷിക്കു മായിരുന്നു. അവൾ കൂടെ ചെല്ലുമായിരു ന്നെങ്കിൽ. പക്ഷേ ഒളിച്ചോടാൻ അവൾ ധൈര്യപ്പെട്ടില്ല. ലോകമെന്തെന്നറി യാത്ത കുട്ടി അച്ഛനമ്മമാർ രക്ഷിക്കുമെന്നു വിശ്വസിച്ചു. കഥയറിഞ്ഞപ്പോൾ അവൾ തകർന്നു - സമുദായത്തെ ഭയന്ന അവർ അവളെ പുറത്താക്കി പടിയടച്ചു പിണ്ഡം വെച്ചു. അനാഥയായ അവൾ ആസ്പത്രിയിൽ പ്രസവിച്ചു. കുഞ്ഞിനെ ഇല്ലത്തെ ഉമ്മറത്ത് വെടിഞ്ഞ ഇല്ലത്തെ കുളത്തിൽ ആത്മാവിനെ വിലയിപ്പിച്ചു''[42].

ഒരു സ്ത്രീയുടെ ദുരന്തമാണ് ഇവിടെ കാണാൻ കഴിയുന്നത്. മാതാവാകുന്നത് അവൾക്കു വേണ്ടി മാത്രമല്ലെന്നത് ഭർത്താവോ

അച്ഛനമ്മമാരോ സമൂഹമോ അറിയുന്നില്ല. മരണത്തിനുത്തരവാദി സ്ത്രീയെന്ന രീതിയിലേക്ക് സമുദായം മാറ്റപ്പെടുന്നു. ഒരു സമുദായം മാത്രമല്ല നങ്ങേമക്കുട്ടിയോട് ഇതു ചെയ്യുന്നത്. എല്ലാ സമുദായങ്ങളിലും ഇത്തരം അനീതികൾ ഉണ്ടെന്നും സ്ത്രീകളെ സംരക്ഷിക്കേണ്ടത് സമൂഹത്തിന്റെ കടമയാണെന്നും 'നങ്ങേമക്കുട്ടി' എന്ന കവിത ഓർമ്മിപ്പി ക്കുന്നു. വി.ടി.യെപ്പോലെ ഒരു സമൂഹ പരിഷ്കർത്താവിന്റെ ദൗത്യമാണ് ഇതിലൂടെ ഒളപ്പമണ്ണ നിർവഹിക്കുന്നത്.

സ്ത്രീസ്വത്വ വിചിന്തനം ഈ വിധത്തിലാകുമ്പോൾ പ്രകൃതിയിൽ ആവിഷ്കൃതമാകുന്ന ദർശനം 'മരണക്കുറിമാനം' എന്ന കവിതയിൽ തെളിയുന്നതു കാണാം. പ്രകൃതിക്കും ജീവജാലങ്ങൾക്കും മേൽ നടത്തുന്ന ക്രൂരമായ അധിനിവേശം മനുഷ്യൻ സ്വന്തം സുഖസൗകര്യങ്ങൾക്കായി തീർത്തെടുക്കുന്ന യന്ത്രവേഗത്തിന്റെ പുരോഗമനമാണെന്നു കാണിക്കുന്ന കവിതയാണ് ഇത്. ആധുനിക ഭക്ഷണസംസ്കാരം ഏതുവിധത്തിലാ ണെന്നു പറഞ്ഞുകൊണ്ടാണ് ഈ കവിത അവസാനിക്കുന്നത്. മൃഗങ്ങളെ കൊന്ന് ഭക്ഷിക്കുന്ന മാനുഷിക ക്രൂരതക്കെതിരെ ഈ കവിത നിലകൊള്ളുന്നു.

തന്നിൽ പ്രപഞ്ചത്തെയും പ്രപഞ്ചത്തിൽ തന്നെയും പ്രതിഫലിച്ചു കാണാൻ ശ്രമിച്ച ജി ഭാരതീയ പാരമ്പര്യത്തിൽ ഊന്നിനിന്നു കൊണ്ട് ഉപനിഷത്ത് അധിഷ്ഠിതമായ കാവ്യബോധം കവിതകളിൽ സൃഷ്ടിച്ചു. ''മൺ ചഷകത്തിനുള്ളിൽ കണ്ണീരും മധുരിക്കുന്ന പുഞ്ചിരി കളും നിറച്ച് തന്നെ ഓമനിച്ച പ്രകൃത്യാംബയെക്കുറിച്ച് പാടിയ കാലം. പൂവിളികളുടെ ദലമർമ്മരത്തിലും ആറുകളുടെ തുടിപ്പിലും ആകാശത്തിന്റെ യോഗനിദ്രയിലും ചെന്താമരയുടെ തപസ്സിലും സ്വയം അലിഞ്ഞു പാടിയ

കാലം - ഇങ്ങനെ ഒരു ഉപാസകന്റെ പരിസ്ഥിതിജന്യമായ ഭാവനകളിൽ നിന്നും നവലോകത്തിന്റെ സ്വപ്നങ്ങളിലേക്കുള്ള പ്രയാണം പ്രകടമായും ചിലപ്പോൾ അന്തര്യാമിയായി ജി യുടെ കവിതകളിൽ തുടരുന്നു''[43].

പ്രകൃതി തന്നെയാണ് വിഷയം. അതിനെ ആഴത്തിൽ അറിഞ്ഞു കൊണ്ട് ഉപാസക ദൗത്യം ജി ഏറ്റെടുക്കുന്നു.പ്രകൃതിയെ സ്നേഹിക്കുക അതുവഴി ആനന്ദചിത്തമായി ഒരവസ്ഥയിലേക്കെത്തുക യോഗാത്മകമായ ചിത്രണങ്ങളെ കവിതയിലാവിഷ്കരിക്കുക ഇത്രയുമാകുമ്പോഴേക്കും യോഗിയാണ് ആ വ്യക്തി എന്ന പേരിനർഹമാകുന്നു. ഇതൊരർത്ഥത്തിൽ പ്രകൃത്യോപാസനയുടെ ഈശ്വര സാക്ഷാത്കാരമാവുന്നു. കാൽപനുക കവികൾ പടുത്തുയർത്തിയ പ്രകൃത്യാധിഷ്ടിത മനോഭാവത്തിൽ നിന്നും പ്രകൃതി വീക്ഷണത്തിൽ നിന്നും വളരെ ഭിന്നമായി ആഴത്തിലുള്ള പരിസ്ഥിതി വീക്ഷണമാണ് ജി കവിതകളിൽ കാണാൻ കഴിയുക. അറിയുക അറിഞ്ഞതിനെ ആഴത്തിൽ പഠിക്കുക എന്നതാണ് ജിയുടെ രീതി.

പ്രകൃതിയെ അടുത്തറിയുകയാണ് ജി തന്റെ കൃതികളിലൂടെ. പ്രകൃതി സ്നേഹമായും, മരണമായും, ആകാശമായും, ലിംഗാവസ്ഥ യായും ഒക്കെ കടന്നു വരുന്നു.പ്രകൃതിയെ ആഴത്തിലറിയുമ്പോൾ ലഭിക്കുന്ന അനുഭൂതിയുടെ ഭാഗമായിരിക്കാം ഇത്. –സൂര്യകാന്തി– എന്ന കവിതയിൽ സൂര്യകാന്തിയെന്ന ഭൂമിയിലെ നിസ്സാരമായ ചെടി ഉയരത്തിൽ നിൽക്കുന്ന സൂര്യനെ പ്രണയിക്കുന്നു.ഇതാഖ്യാനം ചെയ്യുന്ന താവട്ടെ സൂര്യകാന്ത്യയുടെ കണ്ണിലൂടെയും.

ആശാന്റെ നായികമാരെപ്പോലെ സ്ത്രീ ഇവിടെ തന്റെ പ്രണയം പറയുകയോ വിചാരിക്കുകയോ ചെയ്യുന്നു.പുരഷൻ ദൃഢചിത്തനായ രൂപവും. ഈ കവിതയിൽ ദ്വയാർത്ഥ തലം രൂപപ്പെടുന്നുണ്ട്. സൂര്യൻ, സൂര്യകാന്തി, പുരുഷൻ, സ്ത്രീ, ഇത് രാഷ്ട്രീയാധികാരത്തിന്റെ ചിഹ്നമായി മാറുന്നു. സാമൂഹിക ഘടകമാവുന്നു. മാർക്സിയൻ പരികൽപനപോലെ ദ്വന്ദ്വങ്ങൾ സൃഷ്ടിച്ചെടുക്കുന്ന അർത്ഥസാധ്യതകൾ ചെന്നെത്തുന്നത് പ്രാകൃത പരിസ്ഥിതിയിലേക്കാണ്

''തന്നിലെ ജീവാത്മാവിനെ കാമുകിയായി സ്ത്രൈണഭാവനയിൽ വീക്ഷിച്ചുകൊണ്ട് പ്രകൃതിയിലെ മറ്റു വസ്തുക്കളിൽ നിറഞ്ഞു നിൽക്കുന്ന പരമാത്മചൈതന്യത്തെ പുരുഷരൂപത്തിൽ കാമുകനായി കണ്ട് പ്രണയാനുഭൂതി പൂണ്ട് ലയിക്കുവാനുള്ള അദമ്യമായ ആഗ്രഹത്തിന്റെ അവതരണങ്ങൾ''[44] ജി കവിത സംവദിക്കുന്ന സ്ത്രീ പുരുഷ പ്രേമത്തെക്കുറിച്ചു പറയുന്ന കാവാലം തുടർന്ന് സ്ത്രൈണഭാവത്തിൽ കാമുകിയായി കണ്ടും, പുരുഷഭാവത്തിൽ കാമുകനായി കണ്ടും സംയോഗാഭിവാഞ്ജ ചിത്രീകരിക്കുന്ന മറ്റൊരു രീതിയെക്കുറിച്ചും പറയുന്നുണ്ട്.

മനുഷ്യജീവിതത്തെ പ്രകൃതിക്കു പകരം വെക്കുന്ന ജി ശൈശവം എന്ന കവിതയിൽ ഇങ്ങനെ പറയുന്നു

അറിവുകൂടും തോറും പ്രകൃതിയെ പ്രഹരിക്കുന്ന മനുഷ്യൻ വെളിച്ചത്തിനെ ആട്ടിയോടിച്ച് സൗന്ദര്യത്തെ സ്വീകരിക്കുന്നു. സൗന്ദര്യത്തിനുവേണ്ടി അറിവിനെപ്പോലും നിഷേധിക്കുന്നൊരു നിലപാടിലേക്ക് ഇത് കവിയെ നയിക്കുന്നു. പ്രകൃതിയിലൂടെ മനുഷ്യനെ അറിയുക എന്ന ദർശനമാണ് ജിക്കുള്ളത് എന്നു കാണാം

കാല്പനികനായ ഒരു പ്രകൃത്യുപാസകനല്ല ഈ കവി .മനുഷ്യ സ്പർശമേൽക്കാത്ത വിശുദ്ധ പ്രകൃതിയെക്കുറിച്ചുള്ള മനുഷ്യത്വഹീനമായ ഭാവനകൾ ഇവിടെ ഇല്ല. മനുഷ്യനുമായുള്ള ബന്ധത്തിലൂടെയാണ് പ്രകൃതി മനുഷ്യനെ സംബന്ധിച്ച് അർത്ഥവത്താകുന്നത്[45] മനുഷ്യനും പ്രകൃതിയും അഭേദ്യമായ ബന്ധപ്പെട്ടിരിക്കുന്നു. കർഷക കവിയായ ഇടശ്ശേരിക്കവിതകളിലൂടെ സഞ്ചരിക്കുമ്പോൾ കുടുംബം, സമൂഹം, ആചാരാനുഷ്ഠാനങ്ങളിലും പുരാവൃത്തങ്ങളിലും പ്രത്യക്ഷപ്പെടുന്ന സ്ത്രീ പ്രകൃതിയും സ്ത്രീയും തമ്മിലുള്ള ഐക്യം (നല്ല മാതാവ്, ദുർമാതാവ്,) ഇവയുടെല്ലാം രൂപങ്ങളെ ദർശിക്കാം. അതിൽ പ്രധാനമായും എടുത്തു പറയേണ്ടവയാണ് പ്രകൃതി, സ്ത്രീ ഐക്യം ഗ്രാമീണ കർഷക സംസ്കൃതികൾക്ക് മാതൃദേവതമാരുമായുള്ള ബന്ധം ഏറെ ചർച്ച ചെയ്യുന്ന രണ്ടു കവിതകളാണ് പൂതപ്പാട്ട്, കാവിലെപ്പാട്ട് എന്നിവ. വ്യക്തിയിൽ നിന്നും സമൂഹത്തിലേക്കും സമൂഹത്തിൽനിന്നും വ്യക്തിയിലേക്കും എങ്ങനെ ഒരു പുരാവൃത്തം പാലായനം ചെയ്യുന്നു എന്ന് ഈ കവിതകൾ അന്വേഷിക്കുന്നു.

ദൈവികത്വത്തെ കവിതാരംഭത്തിലാവിഷ്കരിച്ച് സ്ത്രീക്ക് ദൈവികത്വം കൽപ്പിക്കുകയും തുടർന്ന് നാടോടി സംസ്കാരവും, മിത്തിലെ പൂതവും, നങ്ങേലി എന്ന സാധാരണ മാതാവിനേയും അവതരിപ്പിച്ചു കൊണ്ട് മുന്നേറുന്ന പൂതപ്പാട്ട് എന്ന കവിത അവസാന ഭാഗങ്ങളിൽ ദൈവത്തിനു തുല്യമായ ഒരമ്മയേയും അസുരത യൊഴിഞ്ഞ സമൂഹനന്മയുടെ പ്രതീകമായി മാറുന്ന പൂതത്തെയും കാഴ്ച വെക്കുന്നു. ഇവിടെ ശ്രദ്ധിക്കപ്പെടേണ്ട ഒരു കാര്യം ഉർവ്വരതയുടെ

ഏറ്റുമുട്ടൽ പൂതവും നങ്ങേലിയും തമ്മിലുണ്ടാകുന്നു എന്നതാണ്. ബ്രഹ്റ്റിന്റെ നാടകത്തിലെ (കൊക്കേഷ്യൻ ചാക്ക് സർക്ക്ൾ)

പെറ്റമ്മയും പോറ്റമ്മയും തമ്മിലുള്ള വിവാദത്തേക്കാൾ എത്രയോ രൂക്ഷവും വികാരനിർഭരവുമാണ് പൂതവും നങ്ങേലിയുമായുള്ള ഏറ്റുമുട്ടൽ. ''ശാപോദ്യുക്തയായ നങ്ങേലിയുടെ വിജയം അസുരതയ്ക്കു മേൽ മാതൃത്വത്തിന്റെ വിജയമായും കൗശലത്തിനുമേൽ ധീരസത്യസന്ധതയുടെ വിജയമായും വന്ധ്യതയ്ക്കുമേൽ ഉർവ്വരതയുടെ വിജയമായുമെല്ലാം ആഘോഷിക്കുന്നയാണ്''[46.]

സൂക്ഷ്മവും തീവ്രവും വ്യത്യസ്തവുമായ സ്ത്രീ സാന്നിധ്യം ഇടശ്ശേരിക്കവിതയിൽ പ്രകടനമാണ്. പ്രകൃതിയുടെ പ്രതിരൂപമായ സ്ത്രീസഹനത്തിന്റെയും ത്യാഗത്തിന്റെയും പ്രതീകമായി പൂതപ്പാട്ടിൽ ചിത്രീകരിക്കപ്പെടുന്നു. പരിശുദ്ധമായ പാട്ട് എന്നർത്ഥം വരുന്ന പൂതപ്പാട്ട് നങ്ങേലിയുടെ കഥയിലൂടെ സമൂഹത്തിന്റെ കഥയാക്കി മാറ്റുന്നു. നങ്ങേലിയുടെ കുഞ്ഞിനെ നഷ്ടപ്പെട്ട സങ്കടത്തിൽ പ്രകൃതിയുടെ ദു:ഖവും പ്രകടമാകുന്നുണ്ട്. ഒരുപാട് പരീക്ഷണങ്ങൾ ചെറിയ സമയം കൊണ്ട് നേരിടുന്ന നങ്ങേലി പുത്രവാൽസല്യത്തിന്റെ നിറകുടമാണ്. അമ്മയെക്കുറിച്ചുള്ള സങ്കല്പങ്ങൾ പൂതത്തിലൂടെയും നങ്ങേലിയിലൂടെയും ഇകതൾ വിരിയുന്നുണ്ട്. വന്ധ്യയായ പൂതം (കവിതയിലെ വിടെയും ഇങ്ങനെയൊരു വീക്ഷണം ഇല്ലെങ്കിലും) ഒരു കുഞ്ഞിനെ ലാളിക്കുന്നതിനു വേണ്ടി നങ്ങേലിയുടെ കുഞ്ഞിനെ വശത്താക്കുന്നു. നങ്ങേലിക്ക് കുഞ്ഞിനെ നഷ്ടപ്പെട്ട ദു:ഖം കല്പിതകഥയാണെങ്കിലും ഈ കവിതയിൽ സ്ത്രീയുടെ വിഭിന്നഭാവങ്ങൾ കാണുന്നുണ്ട്. മനുഷ്യവർക്ഷ സംസ്കാരത്തിന്റെ ആദിമ പ്രകൃതിയാണ് ഇവിടെ അമ്മ

മനുഷ്യവർക്ഷ ചരിത്രത്തിന്റെ മൂല്യ സൃഷ്ടിയിൽ വിസ്മൃതരും സമസ്കൃതരുമായിപ്പോയ ഇത്തരം അമ്മമാരെ ഉയർത്തി കൊണ്ടു വരികയാണ് കവി. പ്രാന്തവൽക്കരിക്കപ്പെട്ട അവരെ കേന്ദ്ര സ്ഥാനത്തു നിർത്തുന്നു.

അമ്മയും പൂതവും സ്ത്രീകളാണ്. പ്രസവിക്കാത്ത പൂതം കഥയുടെ ആദ്യഘട്ടത്തിൽ ദുഷ്ടയും രണ്ടാംഘട്ടത്തിൽ  പരിഹാസ്യയും ദു:ഖിതയു മാണ്. പ്രസവിച്ച അമ്മ കവിതയിൽ നല്ലവളാണ് ശക്തയാണ്. ഇവിടെ നല്ല സ്ത്രീ പ്രസവിച്ച നങ്ങേലിയും ചീത്ത സ്ത്രീ പ്രസവിക്കാത്ത പൂതവും ആണ്.സ്ത്രീ നല്ലവളാകുന്നത് അവൾ പെറ്റമ്മയാകുമ്പോഴാണ് എന്ന കവിയുടെ കാഴ്ചപ്പാട് സ്ത്രീ സങ്കൽപത്തിന്റെ സമൂഹദൃഷ്ട്യാ പ്രസക്തമാക്കുന്നു.

പ്രകൃതിയിലെ ഭാവങ്ങളും ഭാവപകർച്ചകളും പുരാവൃത്തവും ചേർന്നു ഉണ്ടാക്കിയെടുത്ത രസതലം പൗരാണികത്തിനെ ഭേദിച്ചു കൊണ്ട് അമ്മ പ്രകൃതി ഭാവങ്ങളിലെ താരല്യത കാഴ്ച വെക്കുന്നു.

ലോകമാതാവെന്ന സങ്കൽപത്തെ കാഴ്ചവെക്കുന്ന കാവിലെപ്പാട്ട് ക്രൂരയും കന്യയുമായ ദേവിക്ക് പെറ്റമ്മയുടെ നിലപാടിലുണ്ടായ മാറ്റം മൂലം നല്ല ദേവിയായ സാഹചര്യം വ്യക്തമാക്കുന്നു.

അമ്മ മകനെ ദേവിക്ക് വിട്ടു കൊടുക്കുന്നത് അഭിമാനമായി കരുതുന്നു. അലറി പൂത്തു നിൽക്കുന്ന കാവുകൾ പരോക്ഷമായെങ്കിലും പ്രകൃതിയുടെ മഹത്വത്തെ സൂചിപ്പിക്കുന്നുണ്ട്. പ്രകൃതിയാണ് ദേവിയേയും അമ്മയേയും മകനേയും കവിതയിലേക്കാനയിക്കുന്നത്. ഇവിടെയും വന്ധ്യത കടന്നു വരുന്നു. കന്യകയായ ദേവിയും പെറ്റമ്മയായ അമ്മയും

പൂതപ്പാട്ടിലെ  അമ്മക്കു പേരുണ്ട് എന്നാൽ കാവിലെപ്പാട്ടിലെ അമ്മയ്ക്ക് പേരില്ല. സ്ത്രീക്കു പ്രാധാന്യം കിട്ടുന്ന കവിതയായി കാവിലെപ്പാട്ട് മാറുന്നു. മകൻ പുരുഷബിംബത്തെ സൂചിപ്പിക്കുന്നു. ആ മകൻ സ്ത്രീയാകുന്ന ദേവിയുടെ മുന്നിൽ തലതാഴ്ത്തുന്നു. ലോകമാതാവെന്ന സങ്കൽപത്തിലധിഷ്ഠിതമാണ് ഈ ദ്വന്ദ്വം അമ്മ..മകൻ എന്ന തലത്തിൽ നോക്കുമ്പോൾ അമ്മയുടെ നല്ല ഇഷ്ടങ്ങൾ സാധിച്ചു കൊടുക്കേണ്ടത് പുത്രധർമ്മമാണ് എന്നു വരുന്നു.

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ചെറിയ ചില അനുരണനങ്ങൾ കവിതയിലാവിഷ്ക്കരിക്കുന്ന ഇടശ്ശേരി ആത്മീയാന്തരീക്ഷത്തിന്റെ ചില സൂചനകൾ, സ്ത്രീ പ്രകൃതിയുടെ ദൈവികത്വം കലർന്ന ആവിഷ്ക്കാര ങ്ങൾ വരും തലമുറക്ക് പകർന്നു കൊടുക്കുന്നു. കൂടാതെ കാവ്യഭാഷയിൽ ദ്രാവിഡവൃത്തങ്ങൾക്കു പ്രാധാന്യം  കൈവരുന്ന ഘട്ടത്തിലാണ് ഇടശ്ശേരി ക്കവിത എഴുതി തുടങ്ങുന്നത് ചൊല്ലുന്ന രീതിക്കു പ്രാധാന്യം കൊടുക്കുന്ന ദ്രാവിഡ ശീലത്തിലെ തുടക്കവും ഇടശ്ശേരിക്കവിതകളിൽ ദർശിക്കാം.

**3.9. സ്ത്രീ സ്വത്വാവിഷ്ക്കാരം**

ഓരോ മേഖലകളുമായി ബന്ധപ്പെട്ടുനിൽക്കുന്ന തത്ത്വശാസ്ത്ര ങ്ങളുടെ പരിധിയിൽ നിന്നുകൊണ്ടാണ് സ്വത്വനിർവചനങ്ങളുണ്ടായിട്ടുള്ളത്.

പഴയ സംഘകാലഘട്ടത്തിൽ വിരചിതമായ 'പുറനാനൂറി'ലെ കവിതകളിൽപ്പെട്ട 'പതിറ്റുപ്പത്ത്' എന്ന കൃതിയിൽ ആടുകോടുപാട്ടു ചേരലാതനെ സ്തുതിച്ചുകൊണ്ടുള്ള ആറാമത്തെ പത്ത് രചിച്ചത് കാക്കൈപാടിനിയാർ നച്ചെളെയാർ എന്ന കവയത്രിയാണ്.

'ആട് കോട് പാട്ടുചേരലാതനെ

യാത്തചെയ്യു ഇടങ്കിയകൊൾകൈക്

കാക്കൈ പാടിനിയാർ നച്ചെള്ളയാർ

വിവേശതകാഭിസ്സഹ മന്ത്രശാലോം.'[47].

തുടർന്ന് പത്തൊമ്പതാം നൂറ്റാണ്ടിൽ ആണ് സാഹിത്യരംഗത്തു സ്ത്രീകളുടെ രംഗപ്രവേശം ഉണ്ടാകുന്നത്. മരുമക്കത്തായം സ്ത്രീകളെ അടുക്കളയിൽ തളച്ചിടുന്നതിൽ ശ്രദ്ധവെക്കുകയും, ഭൂമിയിലുള്ള അവകാശങ്ങളിൽ മാനുഷിക പരിഗണന നൽകാതെ അവഗണിക്കുകയും ചെയ്ത സാഹചര്യത്തിൽ ബ്രിട്ടീഷ് ഭരണം അവകാശങ്ങളെക്കുറിച്ചും അധികാരങ്ങളെ ക്കുറിച്ചും ജനങ്ങളിൽ ബോധോദയമുണ്ടാക്കി. ഇത് സാമൂഹികപരിഷ്ക്കരണ ശ്രമങ്ങളിലേക്ക് വഴിവെച്ചു. ഇക്കാലങ്ങളിൽ സ്ത്രീസാന്നിദ്ധ്യമറിയിച്ച കവയത്രികളാണ് മനോരമത്തമ്പുരാട്ടി, കല്യാണിക്കുട്ടിയമ്മതങ്കച്ചി, തോട്ടയ്ക്കാട്ട് ഇക്കാവമ്മ, കാത്തനാട്ട് മാധവിയമ്മ, തെക്കേടത്തു കല്യാണിക്കുട്ടിയമ്മ എന്നിവർ.

കാവ്യലോകത്ത് സ്ത്രീയ്ക്കും സ്ഥാനമുണ്ടെന്നു സ്ഥാപിച്ച തോട്ടയ്ക്കാട്ട് ഇക്കാവമ്മ 'സുഭദ്രാർജുനം' എന്ന ഭാഷനാടകത്തിലൂടെ പുരുഷാധിപത്യ പ്രവണതകളെ ചോദ്യം ചെയ്തു.

''മല്ലാരി പ്രിയയായ ഭാമ സമരം

ചെയ്തീലയോ? തേർതെളി–

ച്ചില്ലേ പണ്ടു സുഭദ്രാ പാരിതുഭരി–

ക്കുന്നില്ലെ വിക്ടോറിയാ?

മല്ലാക്ഷീമണിമാർക്കുപാടവമിവ–

യ്ക്കെല്ലാമിയന്നീടുകിൽ

ചൊല്ലേറും കവിതയ്ക്കു മാത്രമവരാ-

ളല്ലെന്നു വന്നീടുമോ ?'' [48]

ക്ഷമാപണത്തിന്റെ പ്രതീതി ഉളവാക്കുന്നവയാണ് ഈ വരികൾ. എങ്കിലും ഇക്കാവമ്മയുടെ സ്ത്രീസ്വത്വാവബോധം പ്രകടമാക്കുന്ന ഈ വരികൾ സാഹിത്യലോകത്തു സ്ത്രീ സാന്നിധ്യത്തെ പരോക്ഷ മായെങ്കിലും ഉറപ്പിക്കുന്നു. സമരമുറകളിലൂടെ സ്ത്രീസാന്നിധ്യം കടന്നു വന്ന ചരിത്രത്തെ ഓർമ്മിപ്പിക്കുന്നു. കവിതക്ക് എന്തു വിഷയമാകണം, മല്ലാക്ഷിമണിയാളുടെ പാടവമെന്ത് എന്നിങ്ങനെ സ്ത്രീത്വത്തെ ഹീനമായി അധിക്ഷേപിക്കുന്നവർക്ക് മറുപടി കൂടിയാവുന്നു ഈ വരികൾ.

'കേരളനന്ദിനി' മാസികയിൽ ''അരുതരുതതിസഖ്യം സ്ത്രീകളോ ടൊട്ടുമാകാ'' എന്ന് സമസ്യ ഒരാൾ പൂരിപ്പിച്ചെഴുതിയത് ശ്രദ്ധയിൽപ്പെട്ട പ്പോൾ ഇക്കാവമ്മ 'അരുതരുതൊരുനാളും നിന്ദയീ സ്ത്രീജനത്തിൽ' എന്ന് എഴുതിയത് ഇക്കാവമ്മയുടെ സ്ത്രീപക്ഷ സമീപനത്തിന് ഉത്തമ ഉദാഹരണമാണ്. സ്ത്രീത്വാവബോധം ജീവിതത്തിലും സാഹിത്യത്തിലും ഒരേപോലെ പ്രാവർത്തിക മാക്കിയ കവയത്രിയെ ഇക്കാവമ്മയിലൂടെ സാഹിത്യലോകം സ്വീകരിച്ചു.

സാഹിത്യലോകത്തിലെ ഈ ഉണർവ് സ്ത്രീക്കു പറയാൻ ഒട്ടേറെ അനുഭവങ്ങളുണ്ടെന്ന് സ്ത്രൈണാനുഭവങ്ങളും കാഴ്ച്ചപ്പാടുകളും ആവിഷ്ക്കരിക്കേണ്ടതാണെന്നും ഉള്ള നിലപാടിലേക്ക് കവയത്രികളെ പ്രേരിപ്പിച്ചു. പാരമ്പര്യത്തോട് ചേർന്നു നിന്നുകൊണ്ട് രചന നടത്തിയ കടത്തനാട്ട് മാധവിയമ്മ ആണ് ആദ്യം രംഗപ്രവേശനം ചെയ്യുന്നത്. മാധവിയമ്മക്കവിതകളുടെ അവതാരിക കാരനായ എ.പി.പി. നമ്പൂതിരി പറയുന്നു. ''അടഞ്ഞുകിടക്കുന്ന വാതിലുള്ള ഏകാന്തസൗധമല്ല, കാറ്റും

വെളിച്ചവും ഉള്ളിൽ കടക്കുന്ന മാറ്റങ്ങൾ മാമ്പൂമണം പരത്തുന്ന തുറന്ന സ്ഥലമാണ് തനിക്കു പ്രിയങ്കരം എന്നു പറയുന്നത്. അവരുടെ കവിതയെ സംബന്ധിച്ചും ശരിയാണ്''[49].

ബാലാമണിയമ്മയുടെ കവിതയിലെത്തുമ്പോഴേക്കും പ്രകൃതി യിൽ നിരന്തരം ഇടപെടുന്ന സ്ത്രീയവസ്ഥകളെ കാവ്യാനുഭവമാക്കി ഉയർത്തുന്നു. മാതൃത്വത്തിന്റെ കവി എന്നു മുദ്രകുത്തപ്പെട്ട ബാലാമണിയമ്മ തന്റെ കവിതകളിൽ സ്ത്രീസ്വത്വാവിഷ്ക്കാര ത്തിന്റെ വേറിട്ട ഇടങ്ങൾ തേടുകയാണ്. ആദ്യകാലകവിതകളിൽ സ്ത്രീയുടെയും പ്രകൃതിയുടെയും മാതൃഭാവം പ്രമേയമാകുന്നുണ്ട്. 'പിഞ്ചുകുഞ്ഞിന്റെ മാതൃത്വത്തിൽ നിന്നു പ്രപഞ്ചത്തിന്റെ മാതൃത്വത്തിലേക്കു വളർച്ച നേടിയ കവിയെന്നും (ലീലാവതി എം. വർണ്ണരാജി, പു. 58) ലോകത്തിലെ ഒരേയൊരു മാതൃഗായിക എന്നും വരെ (അഴിക്കോട് സുകുമാർ, പു. 10) വിശേഷിപ്പിക്കപ്പെട്ട കവിയാണ്.

ബാലാമണിയമ്മ ''കവി എന്നു നിസംശയം വിളിക്കാവുന്ന ഒരു സാഹിത്യകർത്രി മലയാള സാഹിത്യത്തിലുണ്ടായിട്ടുണ്ടെങ്കിൽ അവരുടെ പേരാണ് ബാലാമണിയമ്മ. അവരെന്തായാലും കവയിത്രി അല്ല. സാധാരണ കവിതക്കാർക്ക് അപ്രാപ്യവും ലിംഗഭേദാതീത വുമായ കവിത്വത്തിൽ അവരെത്തിച്ചേർന്നത് സ്ത്രീത്വത്തിന്റെ പൂർണ്ണിമയായ മാതൃത്വത്തിന്റെ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് അതടങ്ങുന്ന ലോകത്തെ പറ്റി കവിത എഴുതിയതുകൊണ്ടാണ് എന്ന സോപാനം അവതാരിക കാരന്റെ നിരീക്ഷണം ശ്രദ്ധേയമാണ്[50].

മാതൃത്വത്തിന്റെ കവി എന്നതിനൊപ്പം തന്നെ ഈ നിരീക്ഷണങ്ങൾ മുന്നോട്ടുവെക്കുന്ന ഒരാശയം സ്ത്രീകവിയിലൂടെയാവിഷ്ക്കരിച്ച ലിംഗാ

തീതമായ കാവ്യാവിഷ്ക്കാരം എന്നതാണ്. പുരുഷൻമാർ മാത്രം എഴുതിയിരുന്ന ഒരു ലോകത്തിലേക്കാണ് സ്ത്രീയവസ്ഥയെ പ്രതിപാദിച്ചു കൊണ്ട് കവി കടന്നുവരുന്നത്. സാമൂഹികസാഹചര്യം ഉണ്ടാക്കിയെടുത്ത വ്യവസ്ഥാപിത താത്പര്യങ്ങൾ പുരുഷസമൂഹത്തി നനുകൂലമായിരുന്നു. അതു കൊണ്ടുതന്നെ അക്കാലത്തെ രചനകളിലധികവും പുരുഷ കേന്ദ്രിതമായിരുന്നു. സ്ത്രീയുടെ ചിന്തകൾ സ്ത്രീ തന്നെ അവതരി പ്പിക്കുന്നു എന്നതാണ് ബാലാമണിയമ്മയുടെ പ്രത്യേകത. അനുഭവിച്ചറിയു ന്നതിലൂടെ പ്രാവർത്തികമാക്കുന്ന ചിന്തകൾ വാർന്നുവീഴുന്നത് മാതൃത്വത്തിന്റെ നിലപാടിൽ നിന്നുകൊണ്ടാണ്. മാതൃത്വം മനുഷ്യനു ണ്ടായ കാലം മുതൽക്കു തന്നെ പ്രധാന പ്പെട്ടതാണ്. അമ്മ ദേവിയായും ഉഗ്രരൂപണിയായും ഒക്കെ കവിതകളിലിടം പിടിച്ചപ്പോൾ യഥാർത്ഥ അമ്മ, കുട്ടി ബന്ധം അന്വേഷിക്കുകയാണ്, കുടുംബ ബന്ധങ്ങളിലെ ഊഷ്മളതയിലൂടെ സ്വത്വനിർവ്വചനം നടത്തുകയാണ്. പുരാണസ്പൃക്കായ കഥാതന്തു ക്കളെ ആധുനിക സമസ്യകളിലേക്ക് ചോദ്യചിഹ്നങ്ങളായി ഉയർത്തിവിടുന്നു. ഇതോടൊപ്പം കാമുകി, വധു, ഭാര്യ, വീട്ടുകാരി, വേലക്കാരി, ഉദ്യോഗസ്ഥ എന്നിങ്ങനെ സാമൂഹിക റോളിലും സ്ത്രീ അവതരിക്കുന്നു.

യാഥാസ്ഥിതിക സമൂഹത്തിൽ സ്ത്രീയുടെ സ്ഥാനം അളവുകോലു കളാൽ നിബന്ധിതമാണ്. സ്ത്രീ ശരീരം മാത്രമാണെന്നും, ലൈംഗിക സുഖം നൽകാനുള്ളതും, പ്രസവം, ശിശുസംരക്ഷണം തുടങ്ങിയ പ്രക്രിയകൾ ലംഘനം കൂടാതെ നടത്തേണ്ടതുമായ ജീവിതമാണ് അവളുടേത് എന്നും ശഠിക്കുന്നിടത്ത് ഒരു സമൂഹം യഥാസ്ഥിതിക മാവുന്നു. ഈയൊരവസ്ഥയിൽ സ്ത്രീരചനകൾ വേറിട്ട സ്വരം

കേൾപ്പിക്കുമ്പോൾ അത് ഉണർവിലേക്കുള്ള ചുവടുമാറ്റമാവുന്നു. ഒരു പരാന്നഭുക്ക് Parasite എന്ന നിലയിലുള്ള സ്ത്രീയുടെ സമീപനം എന്നു നിർത്തുന്നുവോ അന്നുമുതൽ അവൾക്ക് ലോകവുമായി ബന്ധപ്പെടാൻ പുരുഷദല്ലാളിന്റെ ആവശ്യമുണ്ടാവില്ല എന്ന് 'സിമോൺ ദി ബുവേ' പറഞ്ഞത്,[51] യഥാസ്ഥിതികാവസ്ഥയിൽ നിന്നും മാറി തന്റെ അനുഭവത്തെ ആവിഷ്ക്കരിക്കാൻ ശക്തമായ മാധ്യമം ഉപയോഗിക്കുന്ന വ്യക്തിയുടെ സ്വത്വം പൊതുസമൂഹം അംഗീകരിക്കേണ്ടതാണ് എന്നതിലേക്കാണ് ചൂണ്ടുന്നത്. ഈയൊരു തലം ഉപയോഗപ്പെടു ത്തുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ അവസാനഘട്ടത്തിലാണ്. സുഗതകുമാരിയും, സാവിത്രി രാജീവനും, വിജയലക്ഷ്മിയും, ലളിതാ ലെനിനും, റോസ്മേരിയും ഇക്കാര്യത്തിൽ വ്യത്യസ്ത രീതികൾ സ്വീകരിക്കുന്നവരാണ്.

സ്വത്വ സംരക്ഷണത്തിനു വേണ്ടി അകത്തളങ്ങളിൽ നിന്നും പുറം ലോകത്തിലേക്കിറങ്ങി സ്ത്രൈണാവിഷ്ക്കാരങ്ങൾ നിർവ്വഹിക്കാൻ അവകാശങ്ങൾ സംരക്ഷിക്കാൻ വെമ്പുന്ന സ്ത്രീയെ അവതരിപ്പിക്കുന്നു സുഗതകുമാരി.

ബാലാമണിയിലൂടെയും, സുഗതകുമാരിയിലൂടെയും വളർന്നു വന്ന സ്ത്രീത്വാവബോധം വിജയലക്ഷ്മി ക്കവിതകളിലെത്തുമ്പോൾ സ്ത്രീ - പുരുഷ ഭേദമില്ലാതെ മനുഷ്യാനുഭവങ്ങളെയും ബോധത്തെയും കവിതകളിൽ അവതരിപ്പിക്കുന്നതു കാണാം.

പുരുഷന്മാർ നൽകുന്ന ശിക്ഷണത്തിലൂടെ ജീവിതത്തെയും ലോകത്തെയും കാണേണ്ടിവരുന്ന ചില മൃഗങ്ങളായി സ്ത്രീകളെ പരിചയപ്പെടുത്തുന്ന 'മൃഗശിക്ഷകൻ' എന്ന കവിത തടവിൽ കഴിയേണ്ടി

വരുന്നവരുടെ ദയനീയ ചിത്രം വരച്ചിടുന്നു. പുറത്തേക്കോടാൻ ശ്രമിക്കുന്ന മനസ്സും അതിനൊപ്പം എത്താൻ കഴിയാത്ത ശരീരവും ഇവ രണ്ടും സൃഷ്ടിച്ചെടുക്കുന്ന പുരുഷലോകവും ഈ കവിതയുടെ വാങ്മയതലത്തെ വ്യത്യസ്തമാക്കുന്നുണ്ട്. സ്ത്രീയുടെ പ്രവൃത്തിമണ്ഡലം എന്തെന്ന് പുനർനിർദ്ധാരണം ചെയ്യാൻ ശ്രമിക്കുന്ന കവിതയാണ് 'തച്ചന്റെ മകൾ'. കുടുംബബന്ധങ്ങളുടെ പരിതോവസ്ഥകളിൽ വളരുന്ന തച്ചന്റെ മകൾ കുടുംബബന്ധ തിരസ്ക്കരണത്തിന്റെ, താൻ വെറും കാഴ്ച്ചവസ്തുവല്ലെന്ന ബോധ്യപ്പെടുത്തലിന്റെ, സ്ത്രീത്വാവബോധത്തിന്റെ നിദർശനമായി മാറുന്നു. വൈരുദ്ധ്യാത്മക സംഘർഷത്തിന്റെ ഏതു ജീവിത പ്രതിസന്ധി കളിലും തളരാതെ മുന്നേറുന്ന തച്ചന്റെ മകൾക്ക് സ്വാതന്ത്ര്യബോധം കൈവരുത്തുന്ന കവി ആത്മഗതമെന്ന നിലയിലാണ് കവിതാഘടന വിന്യസിച്ചിട്ടുള്ളത്. ജി. ശങ്കരക്കുറുപ്പിന്റെ 'പെരുന്തച്ചനും', വൈലോപ്പിള്ളി യുടെ 'തച്ചന്റെ മകനും' സാമൂഹിക പ്രതിബദ്ധതയുടെ പിതൃ പുത്ര ബന്ധത്തിന്റെ ആഖ്യാനങ്ങൾ അന്വേഷിക്കുമ്പോൾ വിജയലക്ഷ്മി പിതൃ പുത്ര ബന്ധങ്ങളെ അവരുടെ സർഗ്ഗപര കഴിവുകളെ അറിഞ്ഞ് സ്വന്തം മാർഗ്ഗം തേടി പോകുന്ന സ്ത്രീയെ അവതരിപ്പിക്കുന്നു. 'മഴയ്ക്കപ്പുറം' എന്ന കവിതയിൽ സ്വാതന്ത്ര്യമനുഭവിക്കാൻ അവസരം ലഭിക്കാത്ത സ്ത്രീയുടെ ചിത്രണമാണ് ഉള്ളത്. കിണർ എന്ന സൂചകത്തെ സ്ത്രീശരീര മായി കാണാം.

'വീട്ടുമുറ്റത്തെ കിണറ്റുവെള്ളം
വിർപ്പടക്കിക്കൊണ്ടൊതുങ്ങി നിന്നു
ആർദ്രമൗനത്തിനകത്തനന്തം
ദീപ്ത നക്ഷത്രങ്ങൾ വിൺ തുറന്നു.[52.]

ഒതുങ്ങലിന്റെ സ്വരം സ്ത്രീയുടെ ഇടങ്ങളെ നിർണ്ണയിക്കുന്നു. സ്വാതന്ത്ര്യം നേടാനുള്ള ആഗ്രഹം വിസ്ഫോടനത്തിന്റെ തലത്തിലേക്കു യരാതെ ഭയത്തിന്റെ ആവരണം തീർക്കുന്ന ഒരന്തരീക്ഷം ഈ കവിതയിൽ ഉണ്ട്.

'സ്ത്രീത്വാവബോധം മനുഷ്യത്വാവബോധത്തിൽ നിന്നും ഒട്ടും ഭിന്നമല്ലെന്നു തിരിച്ചറിയുന്ന ഈ കവി മനുഷ്യത്വം പ്രകൃതി സ്വത്വത്തിൽ നിന്നു ഭിന്നമല്ലെന്നു തിരിച്ചറിയുന്നു. അതുകൊണ്ട് പ്രകൃതി-മനുഷ്യ ബന്ധങ്ങളുടെ സങ്കീർണ്ണതകളെ സർഗ്ഗാത്മകമായി സ്വാംശീകരിക്കാൻ വിജയലക്ഷ്മിക്കവിതയ്ക്കു കഴിയുന്നു. മലയാള കവിതയിലെ സ്ത്രീത്വാവ ബോധത്തിന്റെ ഉത്ഥാനഘട്ടമെന്ന് ഇതിനെ വിശേഷിപ്പിക്കാം.[53] ഈ കാഴ്ച്ചപ്പാട് വിജയലക്ഷ്മിയുടെ സ്ത്രീത്വാവബോധത്തെ അടയാളപ്പെ ടുത്തുന്നതാണ്.

താൻ മാത്രം നേരെയിരിക്കുന്നുവെന്നും, ലോകം മുഴുവൻ ചരിഞ്ഞിരിക്കയാണെന്നും പറഞ്ഞുകൊണ്ടാണ് സാവിത്രി രാജീവൻ മലയാള കവിതയുടെ പുതുശബ്ദമായത്. സ്ത്രീയനുഭവങ്ങളെ കാവ്യവ്യവ ഹാരത്തിൽ എങ്ങനെയെല്ലാം അടയാളപ്പെടുത്താം എന്ന അന്വേഷണം സാവിത്രി രാജീവന്റെ കവിതകളിൽ കാണാം. ശരീരവും വീട്ടുപകരണ ങ്ങളും കവിതയിൽ വരുന്നത് സ്ത്രീയനുഭവത്തിന്റെ ആവിഷ്ക്കാര ചാലകങ്ങൾ എന്ന നിലയിലാണ്.

'അടുക്കളയിലെ
തേഞ്ഞുതീരുന്ന വീട്ടുപകരണമാണു ഞാൻ
ശ്വസിക്കുന്നതിനാൽ നടക്കുകയും

നടക്കുന്നതിനാൽ കിടക്കുകയും ചെയ്യുന്ന

പാചകങ്ങൾക്കൊപ്പം വാചകങ്ങൾ വിളമ്പുന്ന

സങ്കീർണ്ണത ഒട്ടുമില്ലാത്ത ഒരു ഉപകരണം.' [54]

ഈ ഉപകരണത്തിന് വീട്ടിനുള്ളിൽ നിന്നുള്ള കാഴ്ച്ച മാത്രമേ സമൂഹം അനുവദിക്കുന്നുള്ളു എന്ന് കവയത്രി 'ചരിവ്' എന്ന കവിതയിൽ ചൂണ്ടിക്കാട്ടുണ്ട്. കേൾവിയിലൂടെ മാത്രം പുറം ലോകം അറിയുന്നു. പുരുഷാധിപത്യ സമൂഹത്തിന്റെ കൂർമ്മബുദ്ധിയെ എല്ലാം ചരിഞ്ഞിരിക്കു ന്നതായ ഈ ലോകത്തിൽ ഞാൻ മാത്രം എന്തിനു മറ്റുള്ളവർ കാട്ടിത്ത രുന്ന 'ശരിയിൽ' ഇരിക്കണമെന്നു കവയത്രി ചോദ്യം ചെയ്യുന്നു. അനേകം കാരണങ്ങളാൽ ചെരിഞ്ഞിരിക്കുന്ന ഭൂമിയും പുരുഷസമൂഹത്തിന്റെ അടിച്ചമർത്തലിൽ ചെരിഞ്ഞിരിക്കുന്ന കഥാപാത്രവും തുല്യത കൈവരുത്തുന്നു.

പുരുഷത്വത്തിന്റെ വികൃതമായ മുഖം തുറന്നുകാട്ടുകയും സ്ത്രീ സ്വത്വത്തെക്കുറിച്ച് ഉള്ള തെറ്റായ ധാരണകളെ പുരുഷ മനസ്സുകളിലേക്കു കയറി പൊളിച്ചെഴുത്തു നടത്തുകയും ചെയ്യുന്ന ലളിതാ ലെനിന്റെ സാവിത്രിയുടെ ചിറകുകൾ സ്ത്രീസ്വത്വത്തിന്റെ ഉയർച്ചയെ കുറിക്കുന്നു. നഗ്നത എന്ന കവിതയിൽ സ്ത്രീ എല്ലാ രംഗങ്ങളിലും സ്വാതന്ത്ര്യത്തിൽ നിന്നു ഉൾവലിഞ്ഞു നിൽക്കുന്ന തിനു കാരണം അവളുടെ മേൽ സമൂഹം അടിച്ചേൽപ്പിച്ച ശരീരബോധമാണ് എന്ന സത്യം ഉള്ളടങ്ങുന്നു.

റോസ്മേരിയുടെ കവിതകളിലെത്തുമ്പോഴേക്കും സ്ത്രീസ്വത്വം പ്രകൃതിയുടെയും പ്രകൃതി പ്രതിഭാസങ്ങളുടെയും ഭൂമിശാസ്ത്രത്തിൽ നിന്നും വായിച്ചെടുക്കാം. 'വാക്കുകൾ ചേക്കേറുന്നിടം', 'ചാഞ്ഞുപെയ്യുന്ന മഴ' എന്നീ സമാഹാരങ്ങളിൽ ഈ തലം വ്യക്തമാകുന്നുണ്ട്.

സൗന്ദര്യശാസ്ത്രപരമായ ഘടകങ്ങളോടെ സ്ത്രീയനുഭവങ്ങളുടെ ശക്തമായ കടന്നുവരൽ പുതിയ തലമുറയിലെ കവിതയിൽ പ്രത്യക്ഷ പ്പെടുന്നുണ്ട്. എല്ലാ തലത്തിലും ഒറ്റപ്പെട്ടു നിന്നിരുന്ന സ്ത്രീ സംഘടി ക്കുന്നു. അവരുടെ ഇടം കണ്ടെത്തുന്നു. അനിതാ തമ്പി, ബിന്ദു കൃഷ്ണൻ, ഗിരിജ. പി. പാതേക്കര തുടങ്ങിയവർ അവരുടെ കവിതകളിലൂടെ സ്ത്രീകളുടെ വിവിധ അവസ്ഥകളെ അവതരിപ്പിക്കാൻ ശ്രമിച്ചു. സ്ത്രീസ്വത്വത്തെ അപനിർമ്മിക്കാൻ ശ്രമിച്ചു. ആധുനിക കവികളിൽ പ്രധാനിയായ ഒ.എൻ.വി.കവിതകളിലെ പ്രകൃതി സ്ത്രീ സമീപനങ്ങൾ വിശദമായി പഠിച്ചിരിക്കുകയാണ് അടുത്ത അധ്യായത്തിൽ.

## കുറിപ്പുകൾ

1. പിയേഴ്സൺ.എൻ.എം; 'പാരിസ്ഥിതിക മാർക്സിസം പരിസ്ഥിതി പ്രത്യയശാസ്ത്രവും മാർക്സിയൻ പ്രതിസന്ധിയും', പുറം.122.

   Doyle, Timothy and Eachern Dougmi 'Environment and Politics', Page.44.

3. Mery Keller 'Feminism and Ecology', Page.44.

4. Arief Sallah, 'Eco Feminism as Politics Nature marx and the post modernism', Page 10.

5. വന്ദനശിവ, 'ജൈവോച്ചാരണം', വിവ. മനോജ്കുമാർ, പുറം.205.

   Reuth Rose mary Redford, 'Gia to God, Page 2.

7. Ne straking, Healing the wound rewearing the world. 'The Emergency of Ecofeminism', (Ed), Page.117.

8. Irene Diamond and Gloria Feman Orentain (Eds) 'Reweaving the World. The Emergence of Ecofeminism' Page.XI.

9. Karen.J.Warren, Talking Emperical Daka seriously. 'An Ecofeminist Philosophical per spective, Ecofeminism women culture, Nature Ed Karen J Warren, Page 3-20.

10. രാധിക;സി.നായർ, 'ആധുനിക സിദ്ധാന്തങ്ങൾ പ്രസക്തി' മാധ്യമം വാരിക, പുറം.12.

11. Carol.J Adam Ecofeminism what one needs to know, 'Nancy R Howell, Journal of Religion and science', Vol 32. No.2, June 1, Page.2.

12. സച്ചിദാനന്ദൻ, 'സംസ്ക്കാരത്തിന്റെ രാഷ്ട്രീയം', പുറം.93.

13. വേണുഗോപാൽ;കെ.എം, 'പരിസ്ഥിതി രാഷ്ട്രീയവും മാർക്സിസവും', പുറം. 15.

14. വാസുദേവൻ പിള്ള; 'കടമ്മനിട്ട 1992 പടേനിയിലെ പാളക്കോലങ്ങൾ', പുറം.89.

Vandana Siva; 'Staying alive, page 224.

16. Maria Mies 'Patriarchy and Accumulation on a world scale', Page 16-17.

17. Social force une edy/epus/pub-coc cornel pdf

18. Ariel Sallah, 'Ecofeminism as politics Nature mark and the post modern', Page 55.

19. സുബ്രഹ്മണ്യൻ;എൻ 'സംഘകാലഭരണ സംവിധാനം', പുറം.17.

20. കൃഷ്ണവാരിയൻ; എൻ.വി, 'അകം കവിതകൾ (വിവ) പുറം.7.

21. വിനയചന്ദ്രൻ; മധുസൂദനൻ;ജി (എഡി) 'ഹരിതനിരൂപണം മലയാളത്തിൽ', പുറം.106.

22. ലീലാവതി;എം, 'സാഹിത്യ നിരൂപണത്തിലെ ദിശാബോധം', പുറം.135.

23. പിയേഴ്സൻ; എൻ.എം. 'ഇക്കോഫെമിനിസം, ഇക്കോടീറിസം, ഇക്കോ മാർക്സിസം', പുറം.13.

24. ഇളയപെരുമാൾ, സുബ്രഹ്മണ്യപിള്ള (വ്യാഖ്യാ) 'തൊൽക്കാപ്പിയം', പുറം.32.

25. പരമേശ്വരൻ പിള്ള; വി.ആർ 'പുറനാനൂറ്',

> ''കെടുകെ ചിന്തൈ കടിതിവടുണിവേ
> മൂതിൻ മകളിരാതറകുമേ
> മേനാളുറ്റ ചെരുവിർ കിവടനൈ
> യാനൈറിന്തു കളത്തൊഴിന്തനനേ

നെരുനലുറ്റ ചെരുവിർകിവൾ കൊഴുനൻ
പെരുനിരൈവിലങ്കിയാണുപ്പട്ട നനേ
ഇന്റും, ചെരുപ്പറൈകേട്ടു വിരുപ്പുറ്റുമയങ്കി
മേൽകൈക്കൊടുത്തു വെളിതു വിരിത്തുടീ ഇവ്
പാറുമയിർക്കുടുമിയെ കണ്ണായ് നീമി
ഒരു മകനല്ലതിപ്പോൾ
ചെറുമുകനോക്കിച്ചെൽകൈനവിടുമേ''

പുറനാനൂറ് 279

26. ഇളയപെരുമാൾ, സുബ്രഹ്മണ്യപിള്ള (വ്യാഖ്യാ) 'തൊൽക്കാപ്പിയം', പുറം. 358.

572 : ''പുല്ലും മരനും ഓരറി വിനവേ
പിറവും ഉളവേ ആക്കിളൈപ്പിറവേ''

573 : ''നന്തും മുരളും ഈരറി വിനവേ
പിറവും ഉളവേ അക്കിളപ്പിറപ്പേ''

574 ''ചിതലും എറമ്പും മൂവറിവിനമേ
പിറവും ഉളവേ അക്കിളൈപ്പിറപ്പേ''

575 ''നണ്ടും നുമ്പിയും നാൽകറിവിനവേ
പിറവും ഉളവേ അക്കിളൈപ്പിറപ്പേ''

576 ''മാവും പുള്ളും ഐവറിവിനവേ
പിറവും ഉളവേ അക്കിളൈപ്പിറപ്പേ''

577 ''മക്കൾതാമേ ആറ്റിമുയിരേ
പിറവും ഉളവേ ആക്കിളൈപ്പിറപ്പേ''

578 ''ആചാർവിലങ്കം ഉളവെന മൊഴി പ''

27. ഗണേഷ്; കെ.എൻ 'കേരളത്തിന്റെ ഇന്നലെകൾ', പുറം.219.

28. സുബ്രഹ്മണ്യൻ;എൻ 'സംഘകാലഭരണ സംവിധാനം', പുറം.219.

29. ,, ,, പുറം.215

30. അയ്യപ്പപണിക്കർ; കെ 'ഇന്ത്യൻ സാഹിത്യസിദ്ധാന്തം പ്രസക്തിയുടെ സാധ്യതയും', പുറം.94.

31. 'മുണ്ടശ്ശേരി കവിതകൾ', പുറം.4.

32. ബാലകൃഷ്ണൻ;വി. (വിവ) 'ഹരിനാമകീർത്തനം', പുറം.153.

33. ഗോപിനാഥ പിള്ള, 'സാഹിത്യ നിരീക്ഷണം'.പുറം.22.

34. യാക്കോബ് തോമസ്, 'ആധുനിക കവിതയും തിണ സങ്കല്പവും', പുറം.63.

35. മീരാക്കുട്ടി, 'മലയാള സാഹിത്യം', പുറം.96.

36. ഷീലാകുമാരി, 'കാവ്യഭാവനയുടെ സ്ത്രീപഠനങ്ങൾ' പുറം.26.

37. കുട്ടികൃഷ്ണമാരാർ 'ചർച്ചായോഗം, പുറം.112.

38. ഐറീസ് കൊയ്ലോ 'സാഹിത്യലോകം', മാർച്ച് - ഏപ്രിൽ, പുറം.26.

39. ലീലാവതി;എം. 'മലയാള കവിതാസാഹിത്യചരിത്രം', പുറം.196.

40. മീരാക്കുട്ടി 'മലയാള സാഹിത്യം', പുറം.96.

41. ലീലാവതി 'മലയാള കവിതാസാഹിത്യ ചരിത്രം', പുറം.55.

42. ,, ,, പുറം.326.

43. രാമകൃഷ്ണൻ ദേശമംഗലം, 'സൂര്യകാന്തിയും മറ്റു പ്രധാന കൃതികളും', പുറം.13.

44. ആനന്ദ് കാവാലം 'മലയാള കവിതയും പരിസ്ഥിതിയും', പുറം.58.

45. സച്ചിദാനന്ദൻ) 'മലയാളകവിതാപഠനങ്ങൾ', പുറം.166.

46. ലീലാവതി;എം. 'നവകാന്തം', പുറം.168.

47. ഉണ്ണിക്കിടാവ്; കെ, 'സംഘകാലകൃതികളിലെ തമിഴ് സംസ്കാരം', പുറം.18.

48. 'കടത്തനാട്ട് മാധവിയമ്മയുടെ കവിതകൾ', (എഡി) പുറം.16.

49. ,, ,, പുറം.28

50. സുകുമാർ അഴീക്കോട്, 'സോപാനം', അവതാരിക, ബാലാമണിയമ്മ കവിതകൾ. പുറം.18.

Simone De Beavoir 'The Second Sex',

52. 'വിജയലക്ഷ്മിയുടെ കവിതകൾ' പുറം. 24.

53. ,, ,, പുറം.40

54. സാവിത്രി രാജീവൻ, 'ചരിവ് കവിതാസമാഹാരം', പുറം.34.

# അധ്യായം 4

# ഒ.എൻ.വി.കവിതയിലെ പ്രകൃതി സ്ത്രീ

# സമീപനങ്ങൾ

നവോത്ഥാന പ്രസ്ഥാനങ്ങളും അവ മുന്നോട്ടുവെച്ച പുരോഗമന ചിന്തകളും, കേരള സമൂഹത്തിൽ അധഃസ്ഥിതരും കീഴാളരും അനുഭവിച്ചു വന്ന അവശതകളെ തിരിച്ചറിയുവാനും മാറ്റിത്തീർക്കുവാനുമുള്ള തീവ്രശ്രമ ങ്ങൾക്ക് തുടക്കം കുറിച്ചു. സാമൂഹികരംഗത്തുണ്ടായ പരിവർത്തനങ്ങൾ സാഹിത്യ കൃതികളിലും പ്രതിഫലിച്ചു. വയലാർ, പി.ഭാസ്ക്കരൻ തുടങ്ങിയവരുടെ കവിതകൾ സമൂഹത്തിൽ പുരോഗമന ചിന്തകളെ പ്രചോദിപ്പിക്കാനുള്ള ഉപാധികളായി. ഈ കവികളെ പിൻതുടർന്ന് കൊണ്ടാണ് ഒ.എൻ.വി.കുറുപ്പ് മലയാള സാഹിത്യത്തിൽ രംഗപ്രവേശനം ചെയ്തത്. ഒ.എൻ.വി.കവിതയിൽ ആദ്യകാലത്ത് പ്രത്യക്ഷപ്പെട്ട ചങ്ങമ്പുഴയുടെ സ്വാധീനം ഇല്ലാതാകുകയും മനുഷ്യപുരോഗതിയിൽ ഊന്നി നിന്ന് കൊണ്ട് അദ്ദേഹം മാനവികതയുടെ വക്താവായി മാറുകയും ചെയ്തു. നാട്ടിലാകെ ഉയർന്ന ദേശീയ സ്വാതന്ത്ര്യസമരം, നാടുവാഴി മേധാവിത്വത്തിനെതിരായ മുന്നേങ്ങൾ, സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾ, കർഷകസമരങ്ങൾ എന്നിവയുടെയെല്ലാം ശക്തമായ സ്വാധീനം സമൂഹത്തിൽ അലയടിച്ചു കൊണ്ടിരുന്ന കാലത്താണ് ഒ.എൻ.വി.കുറുപ്പ് സാഹിത്യമണ്ഡലത്തിലേക്ക് കടന്നുവരുന്നത്.ചങ്ങമ്പുഴ കവിതയുടെ പ്രലോഭനങ്ങളിൽ നിന്നുരുത്തിരിയുന്ന ഭാവനാത്മകതയും സംഗീതബോധവും സമകാലിക സമൂഹവും സാഹിത്യവും നല്കിയ വിപ്ലവവീര്യവും ഒരുപോലെ ഒ.എൻ.വി. കവിതകളിൽ പ്രകടമായിരുന്നു. എൻ.വി.കൃഷ്ണവാരിയർ ഒ.എൻ.വി. കവിതകളെ നിരീക്ഷിക്കുന്നത് ഇങ്ങനെയാണ്. ''നമ്മുടെ രാജ്യത്തെ പ്രക്ഷുബ്ധമാക്കിയ രാഷ്ട്രീയ സാമ്പത്തിക സാമൂഹിക വിപ്ലവത്തിന്റെ സംഗീതമായിരുന്നു ഒ.എൻ.വി. യുടെ ആദ്യകാലകവിതകൾ ധീരമെങ്കിലും മധുരമായി അദ്ദേഹം പല കവി തകളിൽ പല ഈണങ്ങളിൽ 'മാറ്റുവിൻ ചട്ടങ്ങളെ' എന്നു പാടി. ആ

സംഗീതം ജനഹൃദയങ്ങളിലേക്ക് കിനിഞ്ഞിറങ്ങി. കൂടെ വിപ്ലവത്തിന്റേ തായ ആ സന്ദേശവും എങ്കിലും സന്ദേശത്തെക്കാളേറെ സംഗീതമായി രുന്നു ഒ.എൻ.വി.യുടെ സവിശേഷത. അതായിരുന്നു അദ്ദേഹത്തെ വിപ്ലവ ഗായകരുടെ ഒരു സംഘത്തിനുള്ളിൽ വെച്ചും വേർതിരിച്ചു കാട്ടിയത്''[1]. ഇങ്ങനെ സാമൂഹിക ജീവിതത്തിന്റെ കടുത്ത യഥാർത്ഥ്യങ്ങളെ ആവിഷ്ക രിച്ചപ്പോഴും ഗാനാത്മകത സൃഷ്ടിച്ച ആകർഷണ വലയം ആ കവിതകളെ വളരെയേറെ ശ്രദ്ധിക്കപ്പെടുന്നവയാക്കിത്തീർത്തു. ഈ വിപ്ലവബോധ ത്തിൽ നിന്നുരുത്തിരിഞ്ഞു വന്നതാണ് വൈദേശികാധിപത്യത്തിന് എതി രായുള്ള കവിയുടെ രാഷ്ട്രീയ ദർശനം. ''വിദേശികളുടെ അധീശത്വധികാ രത്തിന്നിരകളായി പിടഞ്ഞു വീണു മരിച്ചവരും ശ്വാസകോശങ്ങളിൽ ലോഹത്തരികേറി ഇഞ്ചിഞ്ചായി ഒടുങ്ങിയവരും ചേതസ്സിലേൽപ്പിച്ച ആഘാതങ്ങളാണ് വിപ്ലവത്തിന്റെയും മർദ്ദിതവർഗ്ഗത്തിന്റെയും വക്താ വെന്ന മേൽവിലാസം കവിക്ക് ഉറപ്പിച്ചുകൊടുത്ത നാദങ്ങളുണ യർത്തിയത്''[2].

തൊഴിലാളി വർഗ്ഗസംസ്ക്കാരമല്ല കാർഷക സംസ്കാരമാണ് ഒ.എൻ.വി.കവിതയിൽ ഏറെ മുന്നിട്ടു നിൽക്കുന്നത്. തൊഴിലാളിയോടും കർഷകനോടുമുള്ള കനിവൂറുന്ന സ്നേഹവായ്പും ആർദ്രതയും അവർക്കെതിരെ നിലകൊള്ളുന്നവർക്ക് നേരെയുള്ള ക്രൗര്യത്തിന്റെ കരുത്തും ഒരു പോലെ ഒ.എൻ.വി.കവിതകളിൽ ദൃശ്യമാണ്. കാർഷിക സംസ്കാരത്തിൽ വിള്ളലുകൾ വീഴ്ത്തുന്ന വിദേശാധിപത്യത്തെ ചോദ്യം ചെയ്യുന്ന കവി കൃഷിയുടെ വെന്നിക്കൊടി നാട്ടുന്ന കർഷകർ അരിവാൾ ആയുധമാക്കി ബ്രിട്ടീഷുകാർക്കെതിരെ ആഞ്ഞടുക്കുന്നതായി ഒരിടത്ത് സൂചിപ്പിക്കുന്നുണ്ട്.

''ഇന്ത്യതൻ കൃഷിക്കാരൻ ചങ്ങലവെട്ടിപ്പൊട്ടി

ച്ചിന്നിലങ്ങളിൽ വെന്നിക്കൊടിനാട്ടുമപ്പോരിൽ,

പോയൊരാതലമുറയേകിയൊരരിവാളാ-

മായുധവുമായവളാഞ്ഞടുത്തിടുന്നതായ്''[3].

മണ്ണ് പ്രധാനബിംബമായി ഒ.എൻ.വി.കവിതകളിൽ വികസിക്കുന്നുണ്ട്. വ്യവസായിക സംസ്ക്കാരമോ തൊഴിലാളി വിപ്ലവമോ അല്ല കാർഷിക സംസ്കൃതിയും അതിനെ ഉറപ്പിച്ചു നിർത്താനുള്ള കർഷകന്റെ വെമ്പലുകളാണ് കവിതകളിലേറെയും പ്രകടമാകുന്നത്. ഒ.എൻ.വി.കമ്മ്യൂണിസ്റ്റ് കവിയായിട്ടാണ് രംഗപ്രവേശനം ചെയ്തത്. പക്ഷേ, അദ്ദേഹത്തിന്റെ കവിതയിൽ തൊഴിലാളിവർഗ്ഗസംസ്കാരമല്ല, കാർഷിക സംസ്കാരമാണ് വേരോടിയിരിക്കുന്നത്. കാവ്യരചനയെ ഉത്പാദനമായിട്ടല്ല (ജ്യീറൗരശേീി) കാർഷിക വൃത്തിയായിട്ടാണ് Cultivation ഒ.എൻ.വി. കാണുന്നത്''[4].

'അരിവാളും രാക്കുയിലും' (1949) 'മലയുടെ മക്കൾ ഞാൻ നിന്നെ സ്നേഹിക്കുന്നു' (1952), 'നഷ്ടപ്പെടാൻ വിലങ്ങുകൾ', 'പാടുന്ന നക്ഷത്രം', 'മണ്ണിന്റെ സ്വപ്നം' (1950) തുടങ്ങിയ ആദ്യകാല കവിതകളിലെല്ലാം കർഷക സംസ്കാരത്തിന്റെ ധാര കാണാം. വിശ്വമാനവികതയിലേക്കുള്ള കവിയുടെ സഞ്ചാരം കാവ്യ ജീവിതത്തിന്റെ രണ്ടാം ഘട്ടത്തോടെ ആരംഭിക്കുന്നു. ''ഒ.എൻ.വി.യുടെ കാവ്യ ജീവിതത്തിന്റെ ഒരു പ്രത്യേക ഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന 'മയിൽപ്പീലി (1959–1964) അദ്ദേഹത്തിന്റെ കവിതാ സമാഹാരങ്ങളിൽ അനന്യശോഭയോടെ നിലകൊള്ളുന്നു. അതിനു കാരണം കൊച്ചുദുഃഖത്തിന്റെ പച്ചത്തുരുത്തിലണഞ്ഞ കവിയുടെ വിഷാദാ

ത്മകഭാവം ഇതിന്റെ അന്തർധാരയായി വർത്തിക്കുന്നുവെന്നതാണ്''[5]. കാവ്യഭാഷയിലെ മാർദ്ദവവും കാവ്യപ്രമേയത്തിൽ വന്നു ചേരുന്ന സവിശേഷമായ പരിണാമവും ഈ ഘട്ടത്തിൽ കാണാം. ഒ.എൻ.വി.യുടെ ആദ്യകാല കവിതകൾ സാമ്പത്തിക ഉച്ചനീചത്വങ്ങൾക്കെതിരെയുള്ള ഭാഷണങ്ങളായിരുന്നു. പിൻക്കാലത്ത് പ്രകൃതി പരിസ്ഥിതി ബോധം കവിതകളിൽ കടന്നുവരുന്നതിന്റെ സൂചനകളാണ് കാണുന്നത്. ഇതൊരു അനുസ്യൂത പരിണാമമായിട്ടാണ് കാവ്യദർശനത്തിൽ വന്ന മാറ്റമായല്ല കാണേണ്ടത്.

1959 മുതൽ 1961 വരെയുള്ള കാലഘട്ടത്തിലെ ഇരുപത് കവിതകളുടെ സമാഹാരമാണ് മയിൽപ്പീലി. മണ്ണ് അല്ലെങ്കിൽ ഭൂമി ഒരു മാതൃരൂപമായി ഈ സമാഹാരത്തിലെ 'ചോറൂൺ' എന്ന കവിതയിൽ വികസിക്കുന്നു. പൂക്കളും കിളിമൊഴികളും തെച്ചിപ്പഴങ്ങളും നീരൊഴുക്കുകളും എല്ലാ കൂടി ചേർന്ന് ദൃശ്യസുന്ദരമാണ് 'ചോറൂൺ' എന്ന കവിത.

''ഭൂമി തന്നുപ്പുനുകർന്നു നീ പൈതലേ!
ഭൂമി തന്നുപ്പായ് വളരുകെന്നിങ്ങനെ''[6].

എന്നു കവി മകനെ ആശംസിക്കുന്നു. കവിയും പത്നിയും മകന്റെ ചോറൂണിനായുള്ള യാത്ര പ്രകൃതി ഭംഗി നിറഞ്ഞ ഗ്രാമത്തിലൂടെയാണ് നിർവ്വഹിക്കുന്നത്. ഇതുകേവല പ്രകൃതിയല്ല. പ്രകൃതി ഇവിടെ മാതാവാണ്. എല്ലാ ജീവജാലങ്ങളെയും തന്നിലേക്കടുപ്പിക്കുന്ന മാതാവായാണ് പ്രകൃതിയെ ഇവിടെ ചിത്രീകരിക്കുന്നത്. കവിയുടെ ഓർമ്മകളിൽ നിറഞ്ഞു നിൽക്കുന്ന നാട്ടിൻപുറത്തെ വയലേലകളും കുറ്റിക്കാടുകളും ഈ കവിതയിൽ കാണാം. പാതയോരത്തെ തെച്ചിപ്പഴം പറിച്ചു തരാനാവശ്യപ്പെടുന്ന ഭാര്യയിലെ കൗമാരഭാവം കവിതയിൽ ഭൂതകാല സ്മരണകളുണർത്തുന്നു. കവി കൊടുക്കുന്ന തെച്ചിപ്പഴം ഭാര്യ 'കുഞ്ഞുമോനിഷ്ടാവു'

മെന്ന് കരുതി കരുതിവെച്ചു. തനിക്കുള്ളതെല്ലാം മക്കൾക്കു കരുതിവെക്കുന്ന മാതൃത്വം ഇവിടെ ഉണരുന്നതായി കവി കാണുന്നു. മകനായി ചെത്തിപ്പഴം കരുതിവെക്കുന്ന അമ്മയിലൂടെ കവി മാതൃ സങ്കല്പത്തിന്റെ ഉദാത്തമായ തലത്തെയാണ് ദർശിക്കുന്നത്. വിശ്വമാതാവിന്റെ വാത്സല്യം നിറഞ്ഞു തുളുമ്പുന്ന പ്രകൃതിയെയാണ് അമ്മയിൽ കവി കാണുന്നത്. മാതൃത്വത്തിന്റെ സൂക്ഷ്മഭാവങ്ങൾ പ്രകൃതിയിൽ വിലയം കൊണ്ട് കിടപ്പുണ്ട്. അമ്മ, ഭൂമി, കുട്ടി എന്ന ത്രിത്വത്തിലൂടെ വികസിക്കുന്ന 'ചോറൂൺ' എന്ന കവിതയിൽ ഒളിഞ്ഞിരിക്കുന്ന പാരിസ്ഥിതിക ബോധം അഗാധവും വിപുലവുമാണ്. പിൽക്കാലത്ത് ഒ.എൻ.വി.കവിതകളിലെല്ലാം കാണുന്ന പരിസ്ഥിതിബോധത്തിന്റെ ആദി നാമ്പുകൾ ഇവിടെ കാണാം.

വർത്തമാനകാല ജീവിതസാഹചര്യങ്ങളുടെ പശ്ചാത്തലത്തിൽ എഴുതപ്പെട്ട കൃതികളാണ് 1964 കൾക്കുശേഷം ഒ.എൻ.വി.യുടെ കവിതാപ്രപഞ്ചത്തിൽ കാണുക. ''രചനയുടെ ആദ്യകാലം മുതൽ ഒ.എൻ.വി.കവിതയുടെ സംസ്കാരമായി കാണപ്പെട്ടുപോകുന്ന മാനവികതയും സർവ്വചരാചര സ്നേഹവും പിൽക്കാലത്തെ കവിതകളിൽ പക്വതയിലെത്തുകയും ഔന്നത്യം നേടുന്നതും ചെയ്യുന്നതായി കാണാം''[7]. പ്രകൃതിയെക്കുറിച്ചും ഭൂമിയെക്കുറിച്ചും കവിക്കുള്ള ഉത്കണ്ഠ സ്ത്രീ ചൂഷണത്തിന്റെ സമകാലിക വശങ്ങൾ, ഫ്യൂഡൽ കാലഘട്ടത്തിന്റെ നന്മകൾ, പുരാവൃത്തങ്ങളിലേക്കുള്ള തിരിച്ചുപോക്ക് ഇവയൊക്കെ ഒ.എൻ.വി.കവിതകളുടെ അടിസ്ഥാന ധാരയായി വർത്തിക്കുന്നു. പുരുഷാധിപത്യസംസ്ക്കാരം വളർത്തിയെടുത്ത അധീശത്വം സംസ്കൃതിയിൽ നാശത്തിന്റെ അടയാളങ്ങൾ രൂപപ്പെടുത്തി. മുതലാളിത്ത പ്രത്യായശാസ്ത്രം പുരുഷകേന്ദ്രിതമായ സാമൂഹിക ഘടനയ്ക്ക് ഊന്നൽ നൽകുന്നു.

''സമൂഹാവസ്ഥയുടെ ഈ മാറ്റത്തെ സിമോങ് ദ ബുവ്വേ ഇങ്ങനെ നിരീക്ഷിക്കുന്നു'' ഒരിക്കൽ മർദ്ദിതരുടെ കലാപവും പിന്നീടൊരിക്കൽ വരേണ്യവർഗ്ഗത്തിൽ സംഭവിക്കുന്ന പരിണാമവും ഹേതുവായി പുതിയ സാഹചര്യങ്ങൾ ആവിർഭവിക്കണം. അങ്ങനെ പുരുഷന്മാർ അവരുടെ സ്വകീയ താത്പര്യാർത്ഥം വനിതകൾക്ക് ഭാഗികമായ സ്വാതന്ത്ര്യം അനുവദിക്കും. മഹിള അവളുടെ കയറ്റം തുടർന്നുകൊണ്ടേയിരിക്കണം''[8]. പുരുഷനോട് എന്നതിനേക്കാൾ പുരുഷാധിപത്യപരമായൊരു സാമൂഹികവ്യവസ്ഥിതിയോടാണ് കവിയ്ക്ക് പ്രതിഷേധിക്കേണ്ടതായി വന്നത്. സ്ത്രീയേയും പ്രകൃതിയേയും ഒരു പോലെ ചൂഷണ വിധേയമാക്കുന്ന പിതൃ ആധിപത്യ മൂല്യങ്ങൾക്കെതിരെയുള്ള വിമർശനമാണ് ഈ കാലഘട്ടത്തിലെ ഒ.എൻ.വി.കവിതകൾ ഉൾക്കൊള്ളുന്നത്. ''പിതൃഭൂമി സങ്കല്പം വളർന്നു എന്നാലും മനുഷ്യ സഞ്ചയത്തിന്റെ അബോധമനസ്സിൽ മുലയൂട്ടിയ അമ്മയുടെ രൂപത്തിലാണ്ടു ഭൂസങ്കല്പം ജീവിക്കുന്നത്''[9] എന്ന ലീലാവതിയുടെ നിരീക്ഷണം ഭൂമി, അമ്മ ബിംബങ്ങളുടെ ഗാഢത മനസ്സിലാക്കാൻ ഉപയുക്തമാണ്.

പ്രാക്തനദർശനവും ഗൃഹാതുരത്വം പേറുന്ന ഓർമ്മകളും കവിയുടെ നല്ല നാളെയുടെ സ്വപ്നങ്ങളാണ്. അമ്മ എന്ന ആശയം ഉത്പാദിപ്പിക്കുന്ന അർത്ഥത്തിനു കച്ചവടവത്ക്കരണത്തിന്റെയും സ്വാർത്ഥതാത്പര്യത്തിന്റെയും ഭാഗമായി മൂല്യച്യുതി സംഭവിക്കുന്നു. മാതൃസങ്കല്പം ഭൗമമാണ്. മണ്ണുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. ഭൂമിയെന്ന മാതാവിനെ ആസ്പദമാക്കിയുള്ള മാനവികതാ ബോധമാണ്. ഒ.എൻ.വി.യുടെ ജീവിത വീക്ഷണം വികസിക്കുന്നത് ഈ ബോധത്തിലൂടെയാണ്.

**4.1. ഭൂമി, അമ്മ**

മനുഷ്യ സമൂഹത്തിലെ അവിഭാജ്യഘടകമാണ് സ്ത്രീ. ഭാര്യ, മാതാവ്, എന്നീ രണ്ട് അവസ്ഥകൾ സ്ത്രീക്കുണ്ട്. എന്നാൽ സ്വന്തം നില പാടുകൾ സ്ഥാപിച്ചെടുക്കുന്നതിനും അസ്തിത്വത്തെ ഉറപ്പിക്കുന്നതിനു മായി തന്നെ അടിമപ്പെടുത്തിയവരോട് അവൾക്ക് പോരാടേണ്ടിവരുന്നുണ്ട്. ദിവ്യത്വം നൽകി പൂജിക്കപ്പെടുമ്പോഴും അസ്വാതന്ത്ര്യത്തിന്റെ ഇരുട്ടറയി ലേക്ക് അവൾ തള്ളി വീഴ്ത്തപ്പെടുകയാണ് ചെയ്യുന്നത്. സമൂഹം സ്ത്രീയെ കാണുന്നതും അടയാളപ്പെടുത്തുന്നതും അഴകുറ്റ ശരീരം മാത്ര മായിട്ടാണ്. ഈ ധാരണ മുതലാളിത്തം സൃഷ്ടിച്ച വാണിജ്യ സംസ്ക്കാര ത്തിന്റെ സംഭാവനയാണ്. യഥാർത്ഥത്തിൽ ഇത് പ്രകൃതി വിരുദ്ധമാണ്. സ്ത്രീക്ക് സ്വന്തമായ ചിന്തകളും അഭിലാഷങ്ങളും വികാരങ്ങളും സ്വാത ന്ത്ര്യബോധവുമുണ്ട്. പ്രകൃതിയിലെ എല്ലാ ജീവികളും സ്ത്രീയെ സ്വതന്ത്ര യായി കാണുമ്പോൾ മനുഷ്യൻ മാത്രമാണ് അവളെ അടക്കിവെക്കുന്നത്. അവൾക്കുമേൽ സ്വന്തം അധികാരം സ്ഥാപിക്കുന്നതും.

ഭൂമിയെ സ്ത്രീ സ്വത്വത്തിന്റെ പ്രതീകമായും മാതൃസങ്കല്പത്തിന്റെ പ്രതിബിംബമായും കാണുന്നത് അവളുടെ അനന്തമായ സ്വതന്ത്രതയും സൃഷ്ട്യുന്മുഖതയും വാത്സല്യവും ഒരുപോലെ പ്രകടമാക്കുന്നതിലാണ്. ഒ.എൻ.വി.കവിതകളിൽ ഭൂമി മാതൃസങ്കല്പവുമായി ബന്ധപ്പെട്ട് കടന്നുവ രുന്നുണ്ട്. എന്നാൽ ഈ ഭൂമി ഉഗ്രരൂപിണിയായി സംഹാരശക്തിയോടെ താണ്ഡവനൃത്തം ചെയ്യുന്നവളല്ല. പുതുലാവണ്യത്തോടെ ഓണപ്പുടവയു ടുത്തു നിൽക്കുന്നവളാണ്. അമ്മയും ഭൂമിയും ഒന്നാണെന്നും ഭൂമിക്കു സംഭവിക്കുന്ന ക്ഷതം മാതാവിന്റെ അറുതിയില്ലാത്ത നാശത്തെയാണ് സൂചിപ്പിക്കുന്നതെന്നും കവി പറയുന്നു.

''ഓണനിലാവിൻ പുടവയുടുത്താ-
ലമ്മക്കിനും പുതുലാവണ്യം''[10]

എന്നിങ്ങനെയാണ് കവി ഭൂമിയെ അവതരിപ്പിക്കുന്നത്.

''പ്രാക്തന ചരിത്രദശകങ്ങളിൽ എല്ലാ ജനവർഗ്ഗങ്ങളും ഭൂമിയെ അമ്മയായി തന്നെയാണു സങ്കൽപ്പിച്ചിരുന്നത്. പിന്നീട് ചിലയിടത്തു സകല ചരാചരങ്ങളുടെയും അമ്മ ആയിരുന്നു ഭൂമി. അല്ലയോ ഭൂമിദേവി അവിടുന്ന് വിസ്താരവതിയായി, സുഖദാത്രിയായി, കണ്ടകരഹിതയായി എല്ലാവർക്കും അധിവാസസ്ഥാനഭൂതയായി ഭവിച്ചാലും. മതിയാവോളം വിസ്തൃതമായ ഗൃഹം ഞങ്ങൾക്കു തന്നരുളിയാലും''[11]. ഇത് പ്രാചീന ജനതയുടെ ഭൂമിയെക്കുറിച്ചുള്ള പ്രാർത്ഥനയായിരുന്നു. ''ഹേ ഭൂമി! നിന്നിൽ നിന്ന് ഞാൻ എന്തെടുക്കുന്നുവോ അതു വേഗം മുളച്ചുവരട്ടെ! പാവനയായവളെ! ഞാനൊരിക്കലും നിന്റെ മർമ്മങ്ങളെ നിന്റെ ഹൃദയത്തെ പിളർക്കാതിരിക്കട്ടെ''[12]. ഭൂമിയോട് മനുഷ്യനുള്ള ആദരമാണ് ഇതു കാണിക്കുന്നത്. എന്നാൽ മനുഷ്യന്റെ സ്വാർത്ഥ താല്പര്യം അമ്മയുടെ പുതുലാവണ്യത്തെ ഊറ്റിയെടുത്തു അവളെ വികൃതരൂപിണിയും അശരണയുമാക്കി.

''ഭൂമിക്കൊരു ചരമഗീതം'' എന്ന കവിത കാലങ്ങൾക്കു ശേഷമുള്ള ഭൂമിയുടെ അവസ്ഥയെയാണ് അവതരിപ്പിക്കുന്നത്. ഹരിതസമൃദ്ധിയുടെ കഞ്ചുകം നീക്കി അമ്മയുടെ മുലപ്പാൽ ആവോളം കുടിച്ച് വീർത്തവർ തന്നെ പ്രകൃതിയെ ഭൂമിയുടെ നാശത്തിലേക്ക് തള്ളിവിടുന്ന കാഴ്ച്ചയാണ് കാണുന്നത്. അമ്മയെ മാനിക്കാതെ ആ അമ്മയെ തന്നെ അഹങ്കാരത്തോടെ ചൂഷണം ചെയ്യാനൊരുങ്ങുന്ന മനുഷ്യനെയാണ് ഒ.എൻ.വി. 'ഭൂമിക്കൊരു ചരമഗീത'മെന്ന കവിതയിൽ അവതരിപ്പിക്കുന്നത്. ആധുനിക സമൂഹം ഓരോ നിമിഷവും വേവലാതിയോടെ ചൂഷണ പീഢനവാർത്തകൾ കേൾക്കുന്നു. 'ഭൂമിക്കൊരു ചരമഗീത'ത്തിൽ കവി ഈഡിപ്പസിന്റെ

കഥ പറഞ്ഞു തരുന്നു. എന്നാൽ ഈഡിപ്സ് അറിയാതെ ചെയ്ത തെറ്റ് ഇന്നുള്ളവർ അറിഞ്ഞു കൊണ്ട് ആവർത്തിക്കുന്നു.

''അറിയാതെ ജനനിയെപ്പരിണയിച്ചൊരു യവന-
തരുണന്റെ കഥയെത്ര പഴകീ!
പുതിയ കഥയെഴുതുന്നു വസുധയുടെ മക്കളിവർ
വസുധയുടെ വസ്ത്രമുരിയുന്നു!''[13].

മരണത്തിലേക്ക് അടുക്കുന്ന മാതാവിനായി കവി പാടുന്ന ശാന്തി ഗീതമാണ് ഈ കവിത.

''ഇനിയും മരിക്കാത്ത ഭൂമി ?
ഇതു നിന്റെ മൃതിശാന്തിഗീതം!
ഇതു നിന്റെ (എന്റെയും) ചരമശുശ്രൂഷയ്ക്കു
ഹൃദയത്തിലിന്നേ കുറിച്ച ഗീതം!''[14].

ഭൂമിയുടെ മരണം മനുഷ്യവർഗ്ഗത്തിന്റെ തന്നെ നാശമാണെന്ന് കവി തിരിച്ചറിയുന്നു. അനുദിനം മരിച്ചു കൊണ്ടിരിക്കുന്ന ഭൂമിയുടെ ദുർവിധി യോർത്ത് കവി സങ്കടപ്പെടുന്നു. മക്കൾക്കെല്ലാം വയസ്സാവുന്നെന്നും വീണക്കമ്പി മുറുക്കി നവതാരുണ്യം കൊണ്ടുവരുന്നവളാണ് അമ്മ എന്നും പറഞ്ഞ കവിയാണ് ഭൂമിക്ക് ചരമഗീതം രചിക്കുന്നത്. കാലങ്ങളായിട്ടുള്ള ഭൂമിയിലെ ആവാസവ്യവസ്ഥ തകരുന്നു.

'ചോറൂണിൽ' തെച്ചിപ്പഴം മകനുകൊടുക്കുന്ന അമ്മയിൽ നിന്ന് ഭൂമി ക്കൊരു ചരമത്തിലേക്കെത്തുമ്പോൾ കാലം ഏറെ മാറിയിരിക്കുന്നു. ഒപ്പം മനുഷ്യനും പ്രകൃതിയിലുള്ളതെല്ലാം ചൂഷണം ചെയ്ത് സ്വന്തം പണ ക്കുമ്പ വീർപ്പിക്കുന്ന മനുഷ്യന്റെ പൈശാചികത നമ്മുടെയെല്ലാം അമ്മയെ എന്നെന്നേക്കുമായി ഇല്ലായ്മ ചെയ്തേക്കാമെന്ന ഭയവും അതിലൂടെ ഭൂമി

യിലെ ജന്തുക്കളും സസ്യങ്ങളുമെല്ലാം നാശമടഞ്ഞേക്കാമെന്ന വിഹ്വല തയും ഈ കവിത പങ്കുവെക്കുന്നുണ്ട്.

'അമ്മ' എന്ന കവിതയുടെ അർത്ഥതലങ്ങൾ സ്ത്രീയുടെ സഹനശക്തിയുടെയും വാക്കുപാലിക്കലിന്റെയും കഥകൂടിയാണ്. കല്ലിലെ നീറുവ യായി സ്ത്രീ ഈ കവിതയിൽ പ്രത്യക്ഷപ്പെടുന്നു. ഒ.എൻ.വി.1987 ൽ യുഗോസ്ലോവിയായിലെ കാവ്യോത്സവത്തിൽ പങ്കെടുത്തപ്പോൾ കേൾക്കാനിടയായ ഒരു നാടൻ കവിതയിലെ സ്ത്രീ പ്രതിമ - പാതിനഗ്നമായ നെഞ്ചും നീട്ടിയ കയ്യുമായി നില്ക്കുന്ന സ്ത്രീരൂപ ദൃശ്യസ്മൃതിയാണ് ഈ കവിതക്കവലംബം. കവി പറയുംപോലെ ''പിന്നെയൊരിക്കൽ അതു പൊട്ടിക്കിളിർത്തപ്പോൾ അതിനു മലയാണ്മയുടെ ചൂരും ചുവയുമുണ്ടായി. അതാണ് ഈ പാട്ടുകാവ്യം അമ്മ''[15].

യുഗോസ്ലാവിയായിലെ മാസിഡോണിയയിൽ കണ്ട ഒരു സ്ത്രീ പ്രതിമയുടെ കഥയാണ് 'അമ്മ' എന്ന കവിത. കോട്ടയുടെ കല്ലുകൾ ബലപ്പെട്ടുകിട്ടാൻ വേണ്ടി ഒമ്പതു ശില്പികളിൽ മൂത്തയാൾ അയാളുടെ ഭാര്യയെ ഭിത്തിക്കുള്ളിലാക്കി കല്ലുകൾ പെറുക്കി വെക്കുന്നു. ആ അമ്മയുടെ അന്ത്യാഭിലാഷം തന്റെ പകുതിനെഞ്ചും മുലയും മറയ്ക്കരുത് എന്നായിരുന്നു.

'ഈ കൈയാൽ കുഞ്ഞിനെയേറ്റുവാങ്ങി ഈ മുലയൂട്ടാനനുവദിക്കൂ' എന്നമ്മ പറയുന്നു. മാതൃത്വത്തിന്റെ ഉന്നതരൂപങ്ങളാണ് പ്രതിമയിൽ കവി ദർശിച്ചത്. അതാണ് കവിതയായി വികസിച്ചതും. ഭൂമിയെ ദേവതയായും സ്ത്രീയെ കൃഷിയുടെ അധിപതിയായും കരുതുന്ന രീതി പ്രാചീന കാലം മുതൽക്കു തന്നെ നിലവിലുണ്ടായിരുന്നു. പിന്നീട് മനുഷ്യസമൂഹം ചൂഷണത്തിനുള്ള ഉപാധിയായും ഉപഭോഗവസ്തുവായും സ്ത്രീയെ കരുതുകയാണ് ചെയ്തത്. ഇതോടെ ഭൂമിക്ക് കൊടുത്തിരുന്ന ദിവ്യത്വം ഇല്ലാതായി.

അവളെ മാതാവായി കണ്ടിരുന്ന മനസ്സും ഇല്ലാതായി. ''മാതൃസത്ത ഏതെങ്കിലും കാലത്ത് ചരിത്രത്തിൽ നിലവിലുണ്ടായിരുന്നുവെന്ന വാദങ്ങൾ അടിസ്ഥാന രഹിതമാണെന്ന് റിച്ച് കരുതുന്നു. എന്നാൽ വിദൂരമായ ഒരു ഭൂതകാലത്തിൽ സ്ത്രീകൾക്ക് താരതമ്യേന കൂടുതൽ പ്രാമുഖ്യമുണ്ടായിരിക്കാമെന്ന് അവർ അഭിപ്രായപ്പെടുന്നു. സ്ത്രീ ദേവതകളെ ആരാധിച്ചിരുന്ന കാലം ഗർഭധാരണത്തിനും പ്രസവത്തിനുമുള്ള സ്ത്രീയുടെ കഴിവിനെ ഭക്ത്യാദരങ്ങളോടെ വീക്ഷിച്ചിരുന്ന കാലമായിരിക്കണം. ഉർവ്വരതയും ശക്തിയും അമ്മദൈവങ്ങളോട് ബന്ധപ്പെട്ട സങ്കല്പങ്ങളായത് ഇത്തരം മനോഭാവത്തിന്റെ പ്രതിഫലനമായിരിക്കാമെന്ന് എഡിൻറിച്ച് ചൂണ്ടിക്കാട്ടുന്നു''[16].

**4.2. സൂര്യൻ, അഗ്നി**

സൂര്യൻ, അഗ്നി എന്നീ ബിംബങ്ങൾ ഒ.എൻ.വി.കവിതയിൽ ധാരാളമായി കടന്നുവരുന്നുണ്ട്. സൂര്യനും അഗ്നിക്കും പ്രാചീനകാലം മുതൽക്കു തന്നെ അന്യൂനമായ സ്ഥാനം കല്പിക്കപ്പെട്ടിരുന്നു.

സൂര്യനും സൂര്യന്റെ കീഴിലുള്ളതൊക്കെയും തന്റെ കവിതയ്ക്കു വിഷയമാണെന്ന് ഒ.എൻ.വി.വിശ്വസിക്കുന്നു. വെളിച്ചത്തിന്റെയും ജ്ഞാനത്തിന്റെയും കണം തന്റെ കവിതയിലൂടെ മാനവ സമൂഹത്തിന് നൽകണമെന്ന് കവി ആഗ്രഹിക്കുന്നു.

'സ്വസ്തിഹേ, സൂര്യ!തേ സ്വസ്തി!
മറ്റുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന
സുസ്നേഹമൂർത്തിയാം സൂര്യ!''[17].

എന്ന് കവി സൂര്യനെ 'സൂര്യഗീതം' എന്ന കവിതയിലാവിഷ്ക്കരിക്കുന്നു. മാനവികതയുടെയും സാഹോദര്യത്തിന്റെയും മൂർത്തിയായിട്ടാണ് കവി സൂര്യനെ അവതരിപ്പിക്കുന്നത്. ആദ്യകാല കവിതകളിലും രണ്ടാം

ഘട്ടത്തിലുള്ള കവിതകളിലും അക്ഷരം മുതലുള്ള മൂന്നാംഘട്ടത്തിലും വികസിച്ചു വരുന്ന വെളിച്ചം എന്ന ബിംബം 'സൂര്യഗീത'ത്തിലെത്തുമ്പോഴേക്കും ഉപനിഷദ് സൂക്തം പോലെ പരിണമിക്കുന്നു. 'സ്വസ്തി, ഹേ സൂര്യ! തേ സ്വസ്തി!' ഇങ്ങനെയാണ്. 'സൂര്യഗീതം' എന്ന കവിത തുടങ്ങുന്നത്. കവി കവിസൃഷ്ടിയുടെയും സംഹാരത്തിന്റെയും പ്രതീകമായിട്ടാണ് അഗ്നിയെ കാണുന്നത്. എല്ലാം അഗ്നിയിൽ നിന്നു നിഷ്പന്നമാകുകയും അതിൽ തന്നെ ലയിക്കുകയും ചെയ്യുന്നു എന്ന് കവി പറയുന്നു. ഈ പ്രപഞ്ചം മുഴുവൻ സൂര്യനിൽ നിന്നാണ് ഉത്ഭവിച്ചതെന്ന് ഭാരതീയ ദർശനങ്ങളെ മുൻനിർത്തി കെ.ഭാസ്ക്കരൻ നായർ പറയുന്നുണ്ട്.

''സർവ്വചരാചരപ്രാണികളും സൂര്യനിൽ നിന്നാണ് ഉത്ഭവിക്കുന്നത്. അവയെ എല്ലാം പരിപാലിക്കുന്നതും അദ്ദേഹം തന്നെ. അവസാനം എല്ലാ ജീവികളും അദ്ദേഹത്തിൽ വിലയം പ്രാപിക്കുന്നു. ഞാനും സൂര്യൻ തന്നെയാണ്''[18]. ഈ ദർശനം ഒ.എൻ.വി.യുടെ സൂര്യഗായത്രികളെന്നു വിശേഷിപ്പിക്കാവുന്ന കവിതകളിലെല്ലാം പ്രകടമായി കാണാം.

ഭാരതീയ ദർശനത്തെ ആഗിരണം ചെയ്തെടുത്ത ഒരു കവിതയാണ് സൂര്യഗീതം' എന്നതിന് കവിതയുടെ ആരംഭം തന്നെ തെളിവാണ്. 'സ്വസ്തി' എന്ന പദത്തോടെയാണ് 'സൂര്യഗീതം' എന്ന കവിത ആരംഭിക്കുന്നത്. മനുഷ്യന്റെ ഉത്പ്പത്തി മുതൽ സമകാലിക ചരിത്രവും അതിന്റെ ദുരയും പടയോട്ടവും മന്ത്രാക്ഷരധ്വനികളിലൂടെ 'സൂര്യഗീത'ത്തിൽ ഒ.എൻ.വി.കുറുപ്പ് ആവിഷ്ക്കരിച്ചിരിക്കുന്നു. സൂര്യവെളിച്ചം പങ്കുവെക്കുന്നവരെല്ലാം ഭൂമിയിൽ എന്നും എവിടെയും ഒന്നാണെന്ന മാനവികതാബോധത്തിലാണ് 'സൂര്യഗീതം' അവസാനിക്കുന്നത്.

'മറ്റുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന
'സുസ്നേഹമൂർത്തിയാം സൂര്യ!

സ്വസ്തിഹേ സൂര്യ! തേ സ്വസ്തി!’[19].

ഇങ്ങനെ മറ്റുള്ളവർക്കുവേണ്ടി സ്വയം എരിഞ്ഞു വെളിച്ചം നൽകുന്ന സൂര്യൻ ആണ് ഒ.എൻ.വി.കവിതയിൽ വെളിച്ചം വീശി നിൽക്കുന്ന ബിംബം.

സൂര്യനെ ഭൂമിയുടെ കാമുകനായി ‘ഭൂമിക്കൊരു ചരമഗീത’ത്തിൽ പ്രത്യക്ഷമാക്കുന്നുണ്ട്. വരൻ വധുവിനു സമ്മാനിച്ച മംഗല്യവസ്ത്രത്തെ ആർത്തിപിടിച്ച മനുഷ്യർ വലിച്ചു കീറുന്നു. കാമാന്ധനായ വിടനെ പ്പോലെ മനുഷ്യൻ ഭൂമിയുടെ വസ്ത്രം പറിച്ചെടുത്തു സ്വന്തം സുഖഭോഗ ങ്ങൾക്ക് ഇരയാക്കുന്നു.

‘‘ഇഷ്ടവധുവാംനിന്നെ സൂര്യനണിയിച്ചൊരാ
ചിത്രപടകഞ്ചുകം ചീന്തി,
നിൻനഗ്നമേനിയിൽ നഖം താഴ്ത്തി, മുറിവുകളിൽ
നിന്നുതിരം ഉതിരമവർ മോന്തി’’[20].

ചിത്രപടം ചീന്തുക, നഗ്നമേനിയിൽ നഖമാഴ്ത്തുക, ഉതിരം മോന്തുക തുടങ്ങിയ പ്രയോഗങ്ങളിലൂടെ മനുഷ്യന്റെ അമിതമായ ഭോഗാ സക്തിയും നിഷ്ഠൂരമായ പ്രവർത്തികൾ ചെയ്യാനുള്ള അധമബോധവും പ്രകടമാകുന്നുണ്ട്. തെച്ചിപ്പഴം പറിച്ച ചോറൂണിലെ അച്ഛനിൽ നിന്ന് മാതൃ ഹത്ത ചെയ്യുന്ന പുതിയ മനുഷ്യനിലേക്കുള്ള ദൂരം ചെറുതല്ല.

**4.3. പെങ്ങൾ, ആങ്ങള**

മലയാള സാഹിത്യത്തിൽ പെങ്ങൾ, ആങ്ങള എന്നീ സങ്കല്പങ്ങൾ പല കവിതകളിലും കടന്നുവരുന്നുണ്ട്. കേരളീയ സാമൂഹ്യജീവിതത്തിൽ ഈ ബന്ധങ്ങൾക്ക് മാറ്റേറുന്നു. ഒ.എൻ.വി.കവിതകളിൽ കടന്നു വരുന്ന പെങ്ങൾ, ആങ്ങള ബന്ധം ഈ സാഹചര്യത്തിലാണ് അപഗ്രഥിക്കപ്പെടേ ണ്ടത്. പീഡിപ്പിക്കപ്പെടുന്നതും വേദനിപ്പിക്കുന്നതുമായ സ്ത്രീയോടുള്ള

അലിവും സ്ത്രീയെ ചൂഷണം ചെയ്യുന്ന അധികാരശക്തികളോടുള്ള ഗർവ്വും ഒ.എൻ.വി. കവിതകളിൽ ആവോളം പ്രകടമാണ്. 'മാറ്റുവിൻ ചട്ട ങ്ങളിലും' 'പൊരുതുന്ന സൗന്ദര്യത്തി'ലും തുടങ്ങി വെച്ച സ്ത്രീത്വത്തോ ടുള്ള ആദരവിന്റെ ക്രമാനുഗതമായ വികാസമാണ് 'കോതമ്പുമണികൾ' എന്ന കവിത. ഉത്തരേന്ത്യൻ ഗ്രാമത്തിലെവിടെയോ വെച്ച് കവി കണ്ട ഒരു കർഷക ബാലികയെയാണ് കവി ഈ കവിതയിലൂടെ അവതരിപ്പിക്കുന്ന ത്. ദാരിദ്ര്യവും അടിമത്തവും ഒരുപോലെ തളർത്തികളഞ്ഞവളാണ് പേരറി യാത്ത ആ പെൺകിടാവ്. യഥാർത്ഥത്തിൽ ഈ പെൺകിടാവ് ലോകത്തെ വിടെയുമാകാം. ദാരിദ്ര്യവും അടിമത്തവും അനുഭവിക്കുന്ന സ്ത്രീക്ക് ഏതു ദേശത്തും ദരിദ്രമായ അവസ്ഥയെ സൂചിപ്പിക്കാനെന്ന വിധം കീറിത്തുടങ്ങിയ ചേലയും അലങ്കാരമില്ലാത്ത ശരീരവും ഉള്ള ഒരു പെൺകുട്ടിയായാണ് അവളെ അവതരിപ്പിക്കുന്നത്. നീ എന്നും നീയാ ണെന്ന കവി വചനം ഇതു വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു. പാടാൻ മറന്ന കിളിയായി, കുടുംബമഹിമയുടെ കുളിരായി കവിതയിൽ ഈ പെൺകുട്ടി കടന്നു വരുന്നു. പുറം ലോകമറിയാതെ സന്തോഷം പ്രകടമാ ക്കുന്ന ആ പെൺകുട്ടി കുഞ്ഞായിരുന്നപ്പോൾ കണ്ട സ്വപ്നങ്ങൾ ഒന്നും സാക്ഷാത്കരിച്ചില്ല. നിരാലംബരും അശരണരുമായ ദരിദ്രകുടുംബങ്ങ ളിലെ പെൺകിടാങ്ങളെ വേൾക്കാൻ ആരും മുന്നോട്ടുവരികയില്ല. ഇങ്ങനെ യുള്ള ഒരുവളാണ് 'കോതമ്പുമണി'കളിലെ കർഷക പെൺകിടാവ്. അവൾക്ക് സ്വപ്നങ്ങൾപോലും കൈമോശം വന്നിരിക്കുന്നു.

''നിന്നെ വധുവായലങ്കരിക്കാനിങ്ങു
പൊന്നില്ല, പൂവില്ല, ഒന്നുമില്ല!
മയ്യെഴുതിച്ചു, മൈലാഞ്ചി ചാർത്തി ചുറ്റും
കൈകൊട്ടിപ്പാടനുമാരുമില്ല! [21].
വെള്ളക്കുതിരപുറത്തുവന്നെത്തുവാൻ

ഇല്ലോരാൾ കൊട്ടും കുഴലുമില്ല''[22].

മുമ്പേ സൂചിപ്പിച്ചപോലെ ഇത് ഉത്തരേന്ത്യയിലെ ഏതെങ്കിലും ഒരു പെൺകുട്ടിയുടെ മാത്രം കഥയായിട്ടല്ല ഒ.എൻ.വി.അവതരിപ്പിക്കുന്നത്. ഇന്ത്യയിലെ ദരിദ്രഗ്രാമങ്ങളിലെ പെൺകുട്ടികളുടെയെല്ലാം പ്രതീകമായിട്ടാണവൾ കടന്നുവരുന്നത്. പേരറിയാത്ത പെൺകുട്ടി എന്ന വിശേഷണം അറിയാത്ത ഏതോ ഒരുവൾ എന്നർത്ഥത്തിൽ മാത്രമല്ല പേരറിയാത്ത എന്ന വിശേഷണം നാമറിയാത്ത ഏതെല്ലാമോ ഇടങ്ങളിൽ അരക്ഷിതരും മൃതപ്രായരുമായി കഴിയുന്ന ജനതയുടെയും സ്ത്രീസ്വത്വത്തിന്റെയും പ്രതീകമായിട്ടുകൂടിയാണ് ഇവളെ അവതരിപ്പിക്കുന്നതെന്നു വായനക്കാരനെ ബോധ്യപ്പെടുത്തുന്നു. ആരെങ്കിലും എപ്പോഴെങ്കിലും വന്ന് തന്നെയാക്രമിക്കുമോ എന്ന ഭയം അവളിൽ നിലനിൽക്കുന്നുണ്ട്. കോതമ്പുപാടവും ഇതുപോലെയാണെന്നു കവി പറയുന്നു. കർഷകർ ആറ്റുനോറ്റു വളർത്തുന്ന കൃഷി കതിരു വന്നാൽ മറ്റാരെങ്കിലും അവകാശികളായി വന്ന് കൊയ്തു കൊണ്ടു പോകുന്നു. പിന്നെ ആ പൊന്നിൻമണികൾ പോകുന്നത് കമ്പോളത്തിലേക്കാണ്. സ്ത്രീയും ഇതുപോലെ കമ്പോള വസ്തുവാകുന്നു. 'കോതമ്പുമണി'കളിലെ പെൺകുട്ടി മാനം കാക്കുന്നതിന് ഒരാങ്ങളയെ തേടുന്നു. സമൂഹവ്യവസ്ഥിതി സൃഷ്ടിച്ച വ്യവസ്ഥാബന്ധങ്ങളിൽ പെങ്ങൾ ആങ്ങളെ ബന്ധം ദൃഢമാണ്. ഇവിടെ കവി സ്വയം ആങ്ങളയായി അവരോധിക്കപ്പെടുകയാണ്. ആ പെൺകുട്ടിക്ക് വേണ്ടത് തന്റെ ശരീരം കവർന്ന് എടുക്കുന്ന പുരുഷനെയല്ല. മാനം കാക്കുന്ന ഒരാങ്ങളെയെയാണ്. ഈ ആങ്ങള കുതിരപ്പുറത്തുടവാളുമായിട്ടാണ് വരുന്നത്. വടക്കൻപാട്ടുകളിൽ ജ്വലിച്ചു നിൽക്കുന്ന വീരകഥാപാത്രങ്ങളുടെ കഥകളിലെ പെങ്ങൾ, ആങ്ങള ബന്ധത്തെ ഓർമ്മിപ്പിക്കുന്നതാണ് ഒ.എൻ.വി.യുടെ 'കോതമ്പുമണികൾ' എന്ന കവിത. പെണ്ണിനെ കോതമ്പുപാടവുമായി

ബന്ധിപ്പിക്കുന്ന വിശാലമായ ഒരു പരിസ്ഥിതി വീക്ഷണം മുറ്റി നിൽക്കുന്നുണ്ട് എന്നതാണ് ഈ കവിതയെ ശ്രദ്ധേയമാക്കുന്ന പ്രധാന ഘടകം. പാടത്തെ ഉല്പന്നം വില്ക്കപ്പെടും പോലെ സ്ത്രീയും വില്ക്കപ്പെടുന്നു. രൂപം കൊണ്ട് ആകർഷിക്കുന്ന ധാന്യക്കതിരും പെൺകുട്ടിയുമായുള്ള സാദൃശ്യത്തിൽ ചൂഷണവും അടിമത്വവും വരെ എത്തി നിൽക്കുന്ന ഒരു ഘടനയാണ് ഈ ബന്ധത്തെ സുദൃഢമാക്കുന്നത്.

കവിയുടെ ബാല്യകാല ഓർമ്മകളാണ് 'കുഞ്ഞേടത്തി' എന്ന കവിതയുടെ അന്തഃസത്ത കുഞ്ഞേടത്തിയും ഉണ്ണിയും തമ്മിലുള്ള ബന്ധം ആങ്ങള പെങ്ങൾ ബന്ധത്തിന്റെ ദൃഢതയെ അവതരിപ്പിക്കുന്നു. കുഞ്ഞേടത്തിയുടെ ആകസ്മിക മരണം ഉണ്ണിക്ക് ഉൾക്കൊള്ളാൻ പറ്റാത്ത കഥാതന്തുവാകുന്നുണ്ട്.

'ഒന്നുമറിയാതെ ഉണ്ണിമിഴിക്കുമ്പോൾ
ഒന്നുണ്ടു കാതിൽ കേൾക്കുന്നു.
കുഞ്ഞേടത്തിതൻ കുഞ്ഞിവയറ്റിലൊ-
രുണ്ണിയുണ്ടായിരുന്നെന്നോ'[23].

പിഴച്ച പെണ്ണ്, വഴിതെറ്റിക്കപ്പെട്ടവൾ എന്നിങ്ങനെ നീറുന്ന സാമൂഹിക പ്രശ്നമായി 'കുഞ്ഞേടത്തി' എന്ന കവിത മാറുന്നുണ്ട്. എന്നിരിക്കലും ഈ കവിത പെങ്ങൾ, ആങ്ങള ബന്ധത്തിന്റെ ഊഷ്മളത ചിത്രീകരിക്കുന്നുണ്ട്. പെങ്ങളെ മാതാവായി കാണുന്ന കാലഘട്ടം കൂടി 'കുഞ്ഞേടത്തി' എന്ന കവിത മുന്നോട്ടു വെക്കുന്നുണ്ട്. 'കുഞ്ഞേടത്തി' എന്ന കവിതയും 'കോതമ്പുമണികൾ' എന്ന കവിതയും പകർന്നു തരുന്ന ആശയം ഒന്നു തന്നെയാണ്. രണ്ടിലും വിഷയം ഒന്നു തന്നെയാണ്. അതു 'പെങ്ങൾ' എന്ന കുടുംബസൂചനാപദവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ രണ്ടു പെങ്ങന്മാരേയും രണ്ടു ജീവിത സാഹചര്യത്തിലാണ് ഒ.എൻ.

വി.അവതരിപ്പിക്കുന്നത്. ഒന്ന് ഫ്യൂഡൽ കാലഘട്ടത്തിലെ കൂട്ടുകുടുംബ വ്യവസ്ഥിതിയിലെ അമ്മയോളം തന്നെ പ്രാധാന്യമുള്ള പെങ്ങൾ, രണ്ട് പേരറിയാത്ത പെൺകിടാവ്. കേരളപാശ്ചാത്തലത്തിലും, ഉത്തരേന്ത്യൻ പാശ്ചാത്തലത്തിലും നിബന്ധിതമായിട്ടുള്ള രണ്ടു കവിതകളിലും പെങ്ങൾ കടന്നുവരുന്നുണ്ട്. പുരുഷന്റെ സ്വാർത്ഥ താത്പര്യങ്ങൾ സംരക്ഷിക്കുന്ന തിനായി സ്ത്രീയെ ചൂഷണം ചെയ്യുന്നതിന്റെ സൂചനയാണ് ഈ കവിത കൾ നൽകുന്നത്. ആധുനിക സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രതി സന്ധികളെ ഈ രണ്ടു കവിതകളും അവതരിപ്പിക്കുന്നുണ്ട്. ആങ്ങള പെങ്ങ ളുടെ മാനം കാക്കാൻ തുണയായി നിൽക്കുന്നതാണ് 'കോതമ്പു മണി'കളിലെ പ്രമേയമെങ്കിൽ ആങ്ങള ഉണ്ടായിട്ടും പെങ്ങൾ ചൂഷണത്തി നിരയാകുന്നതാണ് 'കുഞ്ഞേടത്തി' യിലെ പ്രമേയം.

'കോതമ്പുമണികൾ' എന്ന കവിതയിലെ പെൺകുട്ടി കാർഷിക സംസ്ക്കാരത്തിന്റെ ചുറ്റുപാടുകളെയും വ്യവസ്ഥിതികളെയും പ്രതിഫലി പ്പിച്ചുകൊണ്ട് നിൽക്കുന്നവളാണ്. അതുകൊണ്ടു തന്നെ സമൂഹം നിർമ്മി ച്ചെടുത്ത ചാരിത്ര്യ സങ്കല്പത്തെ നിഷ്ഠയോടെ പരിപാലിക്കാൻ ഉള്ള കടമ തനിക്കുണ്ടെന്ന് അവൾ വിചാരിക്കുന്നു. ഈ കവിത വിളവെടുപ്പിനെ ജൈവികമായ പ്രത്യുത്പ്പാദന വ്യവസ്ഥയുമായി ബന്ധിപ്പിച്ചുകൊണ്ടാണ് മുന്നോട്ടു പോകുന്നത്. ഉത്തരേന്ത്യൻ ഗ്രാമത്തിൽ നടക്കുന്ന കഥയാണ് എങ്കിലും ഞാറ്റുവേല, കുടിവെയ്പ്പ്, കറുകുഴൽപ്പാട്ട്, ആങ്ങളെ എന്നീ പ്രയോഗങ്ങൾ കേരളീയാന്തരീക്ഷം കവിതയിൽ സൃഷ്ടിക്കുന്നു. ഒരു പ്രായം കഴിഞ്ഞാൽ പെൺകുട്ടികളെ കല്യാണം കഴിപ്പിച്ചു വിടേണ്ടതാ ണെന്നും പിന്നീടുള്ള അവളുടെ ജീവിതം കൊയ്ത്തുമെതികളുടേതാണെ ന്നുമുള്ള സങ്കല്പമാണ് കോതമ്പുമണികൾ എന്ന കവിത ആവിഷ്ക്കരി ക്കുന്നത്. ഒപ്പം പുരുഷന്റെ ആഗ്രഹങ്ങൾക്ക് സ്ത്രീയെ ഉപയോഗപ്പെടു

ത്തുന്ന ഒരു സമൂഹത്തെ കൂടി ഈ കവിത കാട്ടിത്തരുന്നുണ്ട്. മെതി, പൊന്നിൻമണികൾ, കമ്പോളം തുടങ്ങിയ വാക്കുകൾ അതിന്റെ സൂചന നൽകുന്നു.

ഒ.എൻ.വി.കവിതകളിൽ കടന്നുവരുന്ന പെങ്ങൾ, ആങ്ങള ബന്ധം ഒരു കാലഘട്ടത്തിൽ നിലനിന്നിരുന്ന സമൂഹവ്യവസ്ഥിതിയുമായി ബന്ധപ്പെട്ട സ്ത്രീ പുരുഷ അവസ്ഥകളെയാണ് അനാവരണം ചെയ്യുന്നത്. പുരുഷന് സ്ത്രീയുടെ മേലുള്ള അധികാരവാഞ്ചയും സ്വാർത്ഥ താത്പര്യവും ഈ കവിതകളിൽ കാണാം.

കൂട്ടുകുടുംബ വ്യവസ്ഥക്കകത്ത് പെങ്ങൾ ആങ്ങള ബന്ധം പോലെ തന്നെ ദൃഢമായിരുന്നു മുത്തശ്ശിമാർ. ഒ.എൻ.വി.കവിതയിൽ മുത്തശ്ശി എന്ന ബിംബം പല മട്ടിൽ ആവർത്തിക്കുന്നുണ്ട്.

**4.4. മുത്തശ്ശിബിംബം**

പഴമയേയും ഗ്രാമീണ സംസ്ക്കാരത്തെയും സൂചിപ്പിക്കുന്ന മുത്തശ്ശി എന്ന ബിംബം ഒ.എൻ.വി.കവിതകളിൽ പ്രകടമായി കാണാം. പഴമയും പുതുമയും തമ്മിലുള്ള ബന്ധത്തിന്റെ ചാലകശക്തിയായിട്ടാണ് മുത്തശ്ശിയെ കവി അവതരിപ്പിക്കുന്നത്. പുലർച്ചയ്ക്ക് ഉണർന്നെഴുന്നേൽക്കുവാൻ ഒരു മുത്തശ്ശി വീട്ടിലുണ്ടാകുക എന്നത് ഉണർവ്വിന്റെ ഉന്മേഷത്തിന്റെ സൂചകമായി ഗാർങ്ഗപക്ഷികൾ, 'നാലുമണിപ്പൂക്കൾ' എന്നീ കവിതകളിൽ വരുന്നു.

'പണ്ടു മുത്തശ്ശിപരിക്കേറ്റൊരു കിളി
കുഞ്ഞിനുമീതേയൊരോട്ടുകിണ്ണം വച്ചു
താലം പിടിച്ചതും കുഞ്ഞിക്കിളി ചെറു-
തൂവൽ കുടഞ്ഞു പിടഞ്ഞെഴുന്നേറ്റതും
അന്നെനിക്കത്ഭുതമായിരുന്നെങ്കില

തിന്നെന്നിലെ ബോധപൗർണ്ണമിയാവുന്നു''[24].

ജീവിതാനുഭവങ്ങളുടെ മധുരവും കയ്പും അറിഞ്ഞ മുത്തശ്ശി പ്രാക്തന സംസ്കാരത്തിന്റെ അടയാളമായി 'ഉപ്പ്' എന്ന കവിതയിൽ പ്രത്യക്ഷപ്പെടുന്നു. മാതൃദായ സംസ്കാരത്തിന്റെ പ്രതിബിംബമാണ് മുത്തശ്ശി. മുത്തശ്ശിക്ക് സ്വന്തം ജീവിതത്തിന്റെ അനുഭവങ്ങൾ പറയാനുണ്ട്. മുത്തശ്ശിയുടെ ജീവിതാനുഭവങ്ങളെ അവതരിപ്പിക്കുമ്പോഴും മുത്തശ്ശി ലോകത്തിൽ നിന്നു ഇല്ലാതാകുന്നതിന്റെ ആകാംക്ഷകൂടി പങ്കു വെക്കുന്നു ണ്ട്.

'കഞ്ഞിയിൽ ഉപ്പുതരി വീണലിഞ്ഞുപോം
മട്ടിലെന്നുണ്ണി, നിൻ മുത്തശ്ശിയും നിന്ന-
നില്പിലൊരുനാൾ മറഞ്ഞുപോം''[25].

എന്നു മുത്തശ്ശിയുടെ മറഞ്ഞുപോകലിനെക്കുറിച്ച് കവി ആശങ്കപ്പെ ടുന്നുണ്ട്. പഴങ്കഥകളിലൂടെയും നാടോടിപ്പാട്ടിലൂടെയും കണ്ണിച്ചേർക്കുന്ന ഒരുവളായി മുത്തശ്ശി ഒ.എൻ.വി.യിൽ കടന്നുവരുന്നുണ്ട്. 'വളപ്പൊട്ടുകൾ' എന്ന കവിതാ സമാഹാരത്തിലെ 'വടക്കൻപാട്ട്' എന്ന കവിതയിൽ കവി ഇങ്ങനെ പറയുന്നു.

''ഒന്നുമുറുക്കി നടുനിവർത്ത്
ഓർമ്മയിൽ നിന്നും ചികഞ്ഞെടുത്ത്
മുത്തശ്ശി പാടുന്ന പാട്ടാണല്ലോ
പാട്ടിലൊരുകുടം തേനാണല്ലോ''[26].

എന്ന് കവിത മധുരോദാരമായ പഴംപാട്ടിനെ വർണ്ണിക്കുന്നു.

**4.5. പക്ഷി മൃത്യുബിംബം.**

നല്ല മാതാവ്, കറുത്ത മാതാവ് എന്നുള്ള പരികല്പനകൾ സമൂഹ ബോധമനസ്സിൽ നിലനിൽക്കുന്നുണ്ട്. അണ്ഡങ്ങൾക്കുമീതെയിരുന്ന്

നെഞ്ചിലെ ചൂടുകൊണ്ട് ജീവിതം വിരിയിക്കുന്ന കിളികളെ നല്ല മാതൃബിംബങ്ങളായി കവി അവതരിപ്പിക്കുന്നുണ്ട്. പൊന്മാൻ, കാക്ക, കഴുകൻ എന്നീ പാടാത്ത പക്ഷികൾ മൃത്യുചിഹ്നങ്ങളായി സമൂഹത്തിലിടം പിടിച്ചു. 'മാനത്ത് രാകിപറക്കുന്ന പ്രാപിടിയൻ' എന്ന ബിംബം 'സൂര്യഗീതം' എന്ന കവിതയിൽ കടന്നു വരുന്നത് മൃത്യു ബോധത്തിന്റെ ബിംബകകല്പനയിലൂടെയാണ്.

''പ്രാവുകൾ മയങ്ങുന്ന കൂടാർന്നൊരമ്പര
ക്കാവിലിഴയുന്നു കരിഞ്ചേര മാനത്ത്
റാകിപ്പറക്കുന്നു പ്രാപ്പിടിയൻ, ആറ്റിന്റെ
തീരത്ത് പൊന്മതൻ കണ്ണുകൾ തിളങ്ങുന്നു''[27].

കാക്കകൾ കരയുന്നു എന്നും, കഴുകൻ ചിറകടിച്ചു ആർക്കുന്നു എന്നും, വിരുന്നുണ്ടു മരണം വരിക്കുന്നു എന്നും 'അഗ്നിശലഭങ്ങൾ' എന്ന കവിതയിൽ പക്ഷിയെ മൃത്യുവായി കവി സങ്കല്പിക്കുന്നുണ്ട്. ശാർങ്ഗക പക്ഷികൾ എന്ന സമാഹാരത്തിലെത്തുമ്പോൾ പക്ഷി മാതൃബിംബമായി മാറുന്നതും കാണാം.

''ശാർങ്ഗക പക്ഷികളാണു നാം
നമ്മൾക്കുയിർന്ന ഭൂമിയോ, പാവം
തന്മക്കളെയോർത്തു കേഴും ജരിതയായ്''[28].

'ഭൂമിക്കൊരു ചരമഗീതം' എന്ന കവിത 'ശാർങ്ഗക പക്ഷികൾ' എന്ന കവിതയിലെത്തുമ്പോൾ പക്ഷി മാതൃബിംബമായിമാറുന്നതു കാണാം. 'ഇനി ഞാനുണർന്നിരിക്കാം, നീയുറങ്ങുക' എന്നുകൂടി കവി പറയുന്നുണ്ട്. പ്രകൃതിയുമായി ഇഴ ചേരാനുള്ള മോഹം ലക്ഷ്യത്തിലെത്താൻ ഇനിയെത്ര ദൂരമുണ്ടെന്നറിയാത്ത ഉത്കണ്ഠ 'ശാർങ്ഗക പക്ഷി'കളിൽ കാണാം.

### 4.6. സ്ത്രീത്വം

പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീ അനുഭവിക്കേണ്ടി വരുന്ന അപമാനത്തിനും പീഡനത്തിനും ആഖ്യാന രൂപം നൽകിയിരിക്കുന്നതാണ് 'സ്വയംവരം' എന്ന കവിത. ഈ കവിതയിൽ പീഡിതയാകുന്ന സ്ത്രീയും നാശം സംഭവിക്കുന്ന ഭൂമിയും ഒരു രൂപമായി മാറുന്നു. സ്വയംവരത്തിന്റെ രചനാപശ്ചാത്തലത്തെ പറ്റി ആമുഖത്തിൽ കവി ഇങ്ങനെ പറയുന്നു.

'മഹാഭാരതം ഉദ്യോഗപർവ്വത്തിൽ വ്യാസൻ ഗാലവന്റെ കഥ പറയുന്നു. വിശ്വാമിത്രന്റെ പ്രിയശിഷ്യനായ ഗാലവന്റെ കഥ. എന്നാൽ 'കുസുമേ കുസുമോൽപത്തി' എന്നപോലെ ആ കഥയിൽ നിന്നുരിത്തിരിഞ്ഞു വരുന്ന മറ്റൊരു കഥയുണ്ട് - മാധവിയുടെ: യയാതിയുടെ മകളായ മാധവിയുടെ ആ കഥയാണ് ഇവിടെ പറയുന്നത്. വ്യാസന്റെ വരികൾക്കിടയിലെ മൗനത്തിന്റെ ഇതൾ വിടർത്തി ചിലതു കണ്ടെത്തുവാനുള്ള ശ്രമമാണ് കവി നടത്തുന്നത്.

സ്വയംവരം എന്ന കവിതയെ പതിനൊന്ന് ഭാഗങ്ങളായാണ് അവതരിപ്പിക്കുന്നത്. 'തിരുവാഴ്ത്ത്' എന്ന ഖണ്ഡത്തിൽ സ്ത്രീ സങ്കൽപ്പത്തിലെ വൈരുദ്ധ്യം പ്രകടമാണ്.

''ഭാരതം പൂജിച്ചുവഞ്ചിച്ച് നിന്ദിച്ചൊ-

രായിരം നാരിമാർക്കെൻ തിരുവാഴ്ത്തുക്കൾ''[29].

സ്ത്രീയെ പൂജിക്കുകയും വഞ്ചിക്കുകയും നിന്ദിക്കുകയും ചെയ്തത് ഈ ഭാരതത്തിൽ തന്നെയാണ്. പീഡകൾ ഏറ്റുവാങ്ങുന്ന സ്ത്രീയെ വാഴ്ത്തുകയാണ് കവി ഇവിടെ ചെയ്യുന്നത്. കാമാസക്തി തീർക്കുന്നതിനായി പുരുഷൻ സ്ത്രീയെ ഉപയോഗിച്ചു. ഓരോ രാജാവും തന്റെ ഭർത്താ

വല്ല എന്നു വ്യാസന്റെ മാധവിയിൽ നിന്നും വ്യത്യസ്തമായി ഇവിടെ മാധവി ചിന്തിക്കുന്നു. സ്വന്തം അസ്തിത്വത്തെ അടിയറവു പറയാൻ അവൾ തയ്യാറല്ല. കുടുംബബന്ധങ്ങളിൽ പുരുഷനു കൈവന്ന അധികാരം തന്നെ സ്ത്രീയെ മഹത്വവൽക്കരിക്കുന്നതിലേക്കു നയിക്കുന്നുണ്ട്. ഇത് പുരുഷന്റെ തന്നെ പാപമോചനത്തിനുള്ള യുക്തിയായി കാണാം.

തിരുവാഴ്ത്തോടുകൂടിയാണ് സ്വയംവരം തുടങ്ങുന്നത്. ദ്രാവിഡ സംസ്കൃതിയുടെ താളം ഉൾക്കൊണ്ടുകൊണ്ട് 'ആദിയിലാരെ ഞാൻ വാഴ്ത്തട്ടെ' എന്ന പ്രഖ്യാപിച്ച് ഇതിഹാസത്തിൽ നിന്ന് വ്യത്യസ്തമായ ഒരു സ്വരം കേൾപ്പിക്കുന്നു. സൂര്യചന്ദ്രതാരങ്ങളെ വണങ്ങി ഖാലവനെ അവതരിപ്പിച്ചുകൊണ്ട് ഈ ഖണ്ഡം അവസാനിക്കുന്നു. പൂർവ്വകാണ്ഡ ത്തിൽ തനിക്ക് താങ്ങാനാവാത്ത ഗുരുദക്ഷിണ നൽകാൻ എന്തു വഴി എന്നാലോചിച്ച് വിശ്വമിത്രാശ്രമം വിട്ടിറങ്ങുന്ന ഗാലവനെ അവതരിപ്പിക്കു ന്നു. യയാതി മഹാരാജാവിന്റെ അടുത്തെത്തുന്ന പ്രതിഷ്ഠാനകാണ്ഡ മാണ് അടുത്തത്. അച്ഛന്റെ ആജ്ഞ ശിരസ്സാ വഹിച്ച് ഗാലവന്റെ കൂടെ കൊട്ടാരം വിട്ട് ഇറങ്ങുന്നു മാധവി. അഞ്ചാം ഭാഗമായ അയോധ്യപ്രവേശക കാണ്ഡത്തിലെത്തുമ്പോഴേക്കും മാധവിക്ക് സ്വന്തം ഗൃഹത്തിൽ നിന്ന് പറിച്ചു നട്ട പ്രതീതി ഉണ്ടാകുന്നു. 'പാകമായാൽ പിരിച്ചുനടുന്ന തൈകളെപ്പോലെയീ പെൺകിടാങ്ങൾ' എന്ന ചിന്ത അവളുടെ മനസ്സിൽ ഉടലെടുക്കുന്നു. നിത്യകന്യകയായിരിക്കട്ടെ എന്ന ഗാലവനിൽ നിന്ന് അവൾ വരം വാങ്ങി. പ്രകൃതിയുടെ നിത്യകന്യകാഭാവത്തിന് സമ മാണിത്. പാപങ്ങൾ തീർക്കാൻ ഗംഗയിൽ നീരാടുന്ന മാധവിയെ കാശീകാണ്ഡത്തിൽ കാണാം. സ്വത്വത്തെ അടിയറവു വെക്കുന്ന മാധവി വിപ്രവാസകാണ്ഡത്തിലും ഭോജപുരികാണ്ഡത്തിലും പ്രത്യക്ഷപ്പെടുന്നു. എന്നാൽ ആശ്രമകാണ്ഡത്തിൽ അവൾ പ്രകൃതിയോടിണങ്ങുന്നു. ഉത്തരാ

യണ കാണ്ഡത്തിൽ ഗാലവൻ മാധവിയെ യയാതിക്ക് തിരികെ നൽകുന്നു. ഭാരത സംസ്കാരത്തിന്റെ ഗുരുശിഷ്യബന്ധത്തിലും കൊട്ടാരക്കെട്ടിലും നടമാടിയിരുന്ന കാമത്തിന്റെയും സ്വാർത്ഥതയുടെയും അംശങ്ങൾ തുറന്നുകാട്ടുന്നു സ്വയംവരം എന്ന കവിത. പതിനൊന്നാമത്തേതായ സ്വയംവരകാണ്ഡത്തിലെത്തുമ്പോൾ മാധവി സദസ്സിനെ നടുക്കിക്കൊണ്ട് കന്യകയല്ലാത്ത ഈ പെണ്ണിനെ വേളി ചെയ്യാൻ ആഗ്രഹമുണ്ടോ എന്നു ഉറക്കെ മാധവി കാമുകന്മാരായി എത്തിയവരോട് ചോദിക്കുന്നു. നാലു പെറ്റവളും മൂന്നു രാജാക്കന്മാർ, ഒരു മാമുനി ഇവർക്കൊപ്പം ശയിച്ചവളുമായ മാധവി വരണമാല്യം ദൂരെ എറിഞ്ഞ് വനത്തിലേക്ക് നടന്നകലുന്നു. ഗൃഹസ്ഥാശ്രമ ജീവിതത്തിൽ നിന്ന് ഒഴിഞ്ഞുമാറി കാടിനെ വരിക്കുന്ന മാധവിക്ക് അന്നത്തെ ജീവിതരീതിയോട് പ്രതിഷേധം തോന്നിയിരിക്കാം. എല്ലാവരേയും ക്ഷണിച്ചുവരുത്തിയ സദസ്സിൽ നിന്നാണ് മാധവിയുടെ വനത്തിലേക്കുള്ള പുറപ്പാട്. ഇത് അധീശത്വത്തിനെതിരെയുള്ള കലാപമാണ്. ഒപ്പം പ്രകൃതിയിലേക്കുള്ള മടക്കയാത്രയും.

പുരുഷൻ സംസ്കാരത്തെ നിയന്ത്രിക്കുന്നത് പ്രകൃതിയേയും സ്ത്രീയേയും ആശ്രിതരായി നിലനിർത്തിക്കൊണ്ടാണ്. "New Women, New Earth" എന്ന ഗ്രന്ഥത്തിൽ റോസ്മേരി സ്ത്രീക്കു സംഭവിച്ച പതനത്തെക്കുറിച്ച് പറയുന്നുണ്ട്.

1. അമ്മയുടെ പതനം. ഇത് ചരിത്രത്തിലും സാമ്പത്തിക സ്വാതന്ത്ര്യത്തിലും സ്ത്രീക്ക് സംഭവിച്ച മാറ്റിനിർത്തലിന്റെ അനുഭവമാണ്.
2. ആൺകോയ്മയിലെ മതങ്ങളിലും സ്ത്രീക്കു സംഭവിച്ച നിരാകരണം.
3. അമ്മയുടെ ഉദാത്തവത്ക്കരണം[30].

ഒ.എൻ.വി.യുടെ സ്ത്രീകഥാപാത്രങ്ങൾ സ്വതന്ത്ര കഥാപാത്രങ്ങളാണ്. പുരുഷൻ തീർത്ത തടവറയിൽ കിടക്കാൻ വിധിക്കപ്പെട്ട സ്ത്രീയുടെ അടിമത്തത്തിനെതിരെ തൂലിക ചലിപ്പിക്കുന്ന കവി.

'പിതാരക്ഷതി കൗമാരേ;

ഭർത്താരക്ഷതി യൗവനേ

പുത്രോരക്ഷതി വാർദ്ധക്യേ;

നസ്ത്രീസ്വാതന്ത്ര്യമർഹതി''[31].

എന്ന മനുസ്മൃതിയെ വാക്യത്തെ പൊളിച്ചെഴുതുന്നു. 'യത്ര നാര്യസ്തു പൂജ്യന്തേ' എന്ന പുഴക്ചൊല്ലോടെ വഞ്ചിക്കപ്പെട്ട ഭാരതീയ സ്ത്രീത്വത്തിനാണ് കവി സ്വയംവരം സമർപ്പിക്കുന്നത്. അതുകൊണ്ടാണ് സ്വയംവരം സ്വതന്ത്രകാവ്യമാകുന്നത്. ആർഷഭാരതസംസ്ക്കാരം ഉൾക്കൊള്ളുന്ന ഇരുണ്ട വശങ്ങളെ ഗുരുശിഷ്യബന്ധത്തെ, ജീർണ്ണതയുടെ അടിമത്തത്തിന്റെ വശങ്ങളെ 'സ്വയംവര'ത്തിലൂടെ കവി അവതരിപ്പിക്കുന്നു.

ഭൂമി, വെളിച്ചം, നക്ഷത്രം, സൂര്യൻ, നദി, പർവ്വതം, കുളിർക്കാറ്റ്, തീക്കനൽ, പൂവ്, വിത്ത്, വൃക്ഷം, കടൽ എന്നിങ്ങനെയുള്ള വാക്കുകളുടെ ആവർത്തനങ്ങൾ കൊണ്ട് പ്രകൃതിയോടുള്ള മമതയെ ഒ.എൻ.വി.വെളിവാക്കുന്നു. ഒ.എൻ.വി.കവിതകളിൽ പ്രകൃതിയോടുള്ള മമത ആത്മീയാന്തരീക്ഷമായി കടന്നുവരുന്നുണ്ട്. ഈ ആത്മീയത ദൈവീകതലത്തോളം ഉയരുന്നത് നേരിനെത്തേടിയുള്ള, സമൂഹം തച്ചുടച്ച് പുത്തനായി വാർത്തെടുക്കാനുള്ള കവിയുടെ ആവേശം കൊണ്ടാണ്. ഈ മാനവികതാബോധം ഭൂമിയെന്ന മാതാവിനെ ആശ്രയിച്ചുള്ളതാണ്.

'ഭൂമി തന്നുപ്പു നുകർന്നു നീ പൈതലേ!

ഭൂമിതന്നുപ്പായ് വളരുകെന്നിങ്ങനെ'[32].

എന്ന വാക്കുകൾ ഭൂമിയിൽ നിറഞ്ഞു നിൽക്കുന്ന സത്ത ഉപ്പാണെന്ന യാഥാർത്ഥ്യത്തെ ബോധ്യപ്പെടുത്തുന്നതാണ്. തുടർന്ന് ഉപ്പ് എന്ന കവിതയിൽ മാതൃസംസ്കാരത്തിന്റെ ആഴങ്ങൾ തേടുന്ന കവി, കഞ്ഞിയിൽ ഉപ്പുതരി വീണലിയുന്നതുപോലെ മുത്തശ്ശിയും മറഞ്ഞുപോകും എന്ന യാഥാർത്ഥ്യം തിരിച്ചു നൽകുകയാണ്.

പ്രകൃതിയുടെയും സ്ത്രീയുടെയും ചൂഷണം സമൂഹത്തിന്റെ നാശമാകുന്നു. കാർഷികവൃത്തി ഉണ്ടാക്കിയെടുത്ത പാരമ്പര്യം നഷ്ടപ്പെട്ടുപോയതുകൊണ്ട് പ്രകൃതിയിലെ ജൈവപരമായ പരസ്പര ബന്ധം ഇല്ലാതാകുന്ന പ്രകൃതിയിലെ ജീവജാലങ്ങൾ തുല്യരാണ്. മനുഷ്യന്റെ ചെയ്തികൾ അവയിൽ ജീവസന്ധാരണത്തിന് വിഘ്നം വരുത്തുന്നു.

നിലനിൽപ്പിനായി സ്വന്തം അസ്തിത്വം പണയപ്പെടുത്താതെ സ്വന്തം സ്വത്വത്തെ ഉയർത്തിക്കാട്ടുന്നവരാണ് കവിതകളിലെ സ്ത്രീ കഥാപാത്രങ്ങൾ. കാലങ്ങളിലേക്കുള്ള തിരിച്ചുപോക്കല്ല അവയുടെ ദൂഷ്യങ്ങളും നന്മകളും പുതിയ കാലത്തിലേക്ക് ആനയിക്കാൻ ശ്രമിക്കുകയാണ് ഒ.എൻ.വി. ചെയ്യുന്നത്. സ്ത്രീക്കും പ്രകൃതിക്കും നീതി ഉറപ്പാക്കുക എന്നത് ഒരു ലക്ഷ്യമായി ഒ.എൻ.വി.കവിതകളിൽ ആവർത്തിക്കുന്നു. പ്രകൃതിയോടും സ്ത്രീയോടും ആത്മീയമായ മനോഭാവം കാഴ്ച്ചവെക്കുന്ന കവി മാനവികതയിൽ അധിഷ്ഠിതമായ മറ്റൊരു ദർശനം ഒപ്പം തന്നെ ആവിഷ്ക്കരിക്കുന്നുണ്ട്.

ഒ.എൻ.വി.കവിത ആവിഷ്ക്കരിക്കുന്ന സ്ത്രീ പ്രകൃതി സങ്കല്പങ്ങളെ ഇങ്ങനെ അപഗ്രഥിച്ചു കാണിക്കാം.

- മകൾ, കാമുകി, ഭാര്യ, മാതാവ്, മുത്തശ്ശി എന്നിങ്ങനെ മനുഷ്യജീവിതത്തിന്റെ വിവിധ ഘടകങ്ങളെ പ്രതിനിധാനം ചെയ്യുന്ന സ്ത്രീ

- ഭൂമിയെ അഭയകാരിണിയായി മാതൃദേവതയായി വാത്സല്യത്തോടെ എന്നും ചുരത്തിത്തരുന്നവളായി കാണുന്ന മാനവികതാ സങ്കല്പം.
- സ്ത്രീ, ഭൂമി എന്നിവക്ക് അഭേദം കല്പിച്ച് നിരൂപണം ചെയ്യുന്ന ആശയതലം.
- ചൂഷണം ചെയ്യപ്പെടുന്ന അധികാരത്തിന്റെ കോമ്പല്ലുകൾ ആഴ്ത്തിയിറക്കുന്ന സ്ത്രൈണസത്ത ഭൂമിയിലും സ്ത്രീയിലും ദർശിക്കുന്ന മനോഭാവം.
- അമിതമായ ചൂഷണം സൃഷ്ടിക്കുന്ന പ്രപഞ്ചത്തിന്റെ നിലനിൽപ്പിനെക്കുറിച്ചുള്ള ആധികൾ

ഇവയെല്ലാം ഒ.എൻ.വി.കവിതകളുടെ അടിസ്ഥാന ധാരയായി വർത്തിക്കുന്നു.

## കുറിപ്പുകൾ

1. ഒ.എൻ.വി, 'ഒ.എൻ.വി.യുടെ കവിതകൾ വാല്യം 2', പുറം 1633-1634.
2. ലീലാവതി; എം, 'നവകാന്തം, പുറം 190.
3. ഒ.എൻ.വി, 'ഒ.എൻ.വി.യുടെ കവിതകൾ വാല്യം 2', പുറം 1559.
4. സോമൻ;പി, 'ഒരു ഭൂമി ഒരു ആകാശം, ഒരു സൂര്യൻ', പുറം.14.
5. ആർ.ബി.രാജലക്ഷ്മി; കെ.ബി.ശെൽവമണി (എഡിറ്റർ) 'ഒ.എൻ.വി. പഠനം, സംഭാഷണം, ഓർമ്മ', പുറം.157.
6. ഒ.എൻ.വി, 'ഒ.എൻ.വി.യുടെ കവിതകൾ, വാല്യം 1', പുറം 41
7. രാജശേഖരൻ:എസ് (എഡി) 'ഇനി ഞാൻ ഉണർന്നിരിക്കാം. പുറം.25.
8. സിമോങ് ദ ബുവ്വേ, 'സ്ത്രീസ്വഭാവം', പുറം.143 - 144.

9. ലീലാവതി; എം, രാജശേഖരൻ; എസ് (എഡി) 'ഇനി ഞാൻ ഉണർന്നിരിക്കാം', പുറം.202.

10. ഒ.എൻ.വി, 'ഒ.എൻ.വി.യുടെ കവിതകൾ, വാള്യം 1', പുറം 107.

11. നാരായണൻ നമ്പൂതിരിപ്പാട്, ഒ.എം.സി, 'ഋഗ്വേദം ഭാഷാഭാഷ്യം, വാള്യം 2', പുറം.13.

12. ബാലകൃഷ്ണൻ; വെങ്ങാന്നൂർ, (വിവ) 'അഥർവ്വവേദം XII–1' പുറം. 385.

13. ഒ.എൻ.വി, 'ഒ.എൻ.വി.യുടെ കവിതകൾ, വാള്യം 1', പുറം 378.

14. ഒ.എൻ.വി, 'ഒ.എൻ.വി.യുടെ കവിതകൾ, വാള്യം 1', പുറം 379.

15 ഒ.എൻ.വി, 'ഒ.എൻ.വി.യുടെ കവിതകൾ, വാള്യം 1', പുറം 594.

16. രാമകൃഷ്ണൻ; എം.കെ, വേണുഗോപാൽ; കെ.എം. 'സ്ത്രീവിമോചനം, ചരിത്രം, സിദ്ധാന്തം, പ്രയോഗം', പുറം.40.

17. ഒ.എൻ.വി, 'ഒ.എൻ.വി.യുടെ കവിതകൾ, വാള്യം 1', പുറം 371.

18. ഭാസ്ക്കരൻ നായർ; കെ. 'ഉപനിഷദ് ദീപ്തി', പുറം. 116 – 118.

19. ഒ.എൻ.വി, 'ഒ.എൻ.വി.യുടെ കവിതകൾ, വാള്യം 1', പുറം 376.

20. ,, പുറം.377.

21. ഒ.എൻ.വി, 'ഒ.എൻ.വി.യുടെ കവിതകൾ, വാള്യം 1', പുറം.381.

22. ,, പുറം.381.

23. ,, പുറം.395.

24. ,, പുറം.515.

25. ,, പുറം.291.

26. ,, പുറം.1129.

27. ,, പുറം.371–372.

28. ,, പുറം.458.

29. ,, പുറം.920.

30. ,, പുറം.371–372.

31. ഗോപിനാഥൻനായർ, 'മനുസ്മൃതി', പുറം.359.

32. ഒ.എൻ.വി, 'ഒ.എൻ.വി.യുടെ കവിതകൾ, വാല്യം 1', പുറം 41.

# അധ്യായം 5

# സുഗതകുമാരിയുടെ കവിതകളിലെ

# പരിസ്ഥിതി, സ്ത്രീവീക്ഷണം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനമോ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിലോ കിളിർത്തു പൊങ്ങിയ സാമന്തരിക പ്രസ്ഥാനം ഏറെക്കുറെ ക്ഷയിച്ചു കഴിഞ്ഞ ഒരു കാലഘട്ടത്തിലാണ് സുഗതകുമാരി കവിത എഴുതിത്തുടങ്ങുന്നത്. ചങ്ങമ്പുഴപ്രസ്ഥാനത്തേയും അതിന്റെ അനുരണനങ്ങളെയും നിശ്ശബ്ദമാക്കിക്കൊണ്ട് കാൽപ്പനികതയുടെ പിൻനിലാവ് കഴിഞ്ഞതോടെ വേറൊരു പ്രസ്ഥാനത്തിന്റെ സൂര്യോദയത്തി നായി വഴി മാറി. ജി.ശങ്കരക്കുറുപ്പും, വൈലോപ്പിള്ളിയും, പി.കുഞ്ഞിരാമൻ നായരും, ബാലാമണിയമ്മയും ഇടശ്ശേരിയും എൻ.വി.യും ഉൾപ്പെട്ട ഒരു തലമുറ ചങ്ങമ്പുഴ കവിതയോട് കലഹിച്ചും കലഹിക്കാതെയും ലക്ഷ്യം നേടികൊണ്ട് നിലയുറപ്പിച്ചു. ഈയൊരു ഭാവുകത്വപരിസരത്തിലാണ് സുഗതകുമാരി സാഹിത്യരംഗത്തു കടന്നുവരുന്നത്. ചങ്ങമ്പുഴക്ക് ശേഷം അപചയപ്പെട്ടുതുടങ്ങിയ കാൽപ്പനിക കവിതയ്ക്ക് നവോന്മേഷം പകരുന്ന കവിതകളായിരുന്നു സുഗതകുമാരിയുടെ ആദ്യകാല കവിതകൾ എന്നും ഇത് കാല്പനിക സ്ത്രൈണതയ്ക്ക് വഴി മാറുന്നില്ലെന്നും സച്ചിദാനന്ദൻ കണ്ടെത്തുന്നു. ''സുഗതയുടെ പ്രതിഭയും ഒരു മാറ്റത്തെ പ്രതിനിധാനം ചെയ്യുന്നു. തികഞ്ഞ വ്യക്തിത്വവും ദുഃഖത്തെ അംഗീകരിക്കുന്ന ഓജഃപൂർണ്ണമായ ജീവിതവീക്ഷണവുമുള്ള ആ കവിതകളിൽ ചങ്ങമ്പുഴ യുടെ സ്ത്രൈണമായ കീഴടങ്ങലിനെ അതിജീവിച്ച ഒരു കവിയെ കാണാം. ജിയും മറ്റും പ്രതിനിധാനം ചെയ്യുന്ന മുഖ്യധാരാ കാവ്യ പാരമ്പര്യത്തിലാ യിരുന്നു അവരുടെ കവിതകൾ''[1].

കവിയും കലാകാരനുമായ വ്യക്തി അയാളുടെ സാമൂഹിക ജീവിതത്തിലെ നിലപാടുകളോട് അകന്നു നിൽക്കുന്നു. അവരുടെ വ്യക്തിജീവിതത്തെ നിർദ്ധാരണം ചെയ്യേണ്ടിവരുമ്പോൾ ഇത് കാണാൻ

കഴിയും. ചിലർക്കാകട്ടെ തങ്ങളുടെ സാമൂഹികമായ നിലപാടുകളെ ശക്തമായി ആവിഷ്ക്കരിക്കാനുള്ള ഉപാധിയാണ് കവിത. ഈ രണ്ടു സമീപനങ്ങളിൽ നിന്നും ഭിന്നമായി സാമൂഹികമായ കർമ്മമണ്ഡല ത്തേയും കാവ്യരചനയേയും വേർതിരിക്കാൻ ആവുന്ന വിധം ഒന്നാക്കി നിലനിർത്തുന്ന ചില വ്യക്തിത്വങ്ങളുണ്ട്. സുഗതകുമാരിയുടെ എഴുത്തു തന്നെയാണ് അവരുടെ കർമ്മമണ്ഡലം. അല്ലെങ്കിൽ അവരുടെ പ്രകൃതി ബോധത്തെയും കാവ്യദർശനത്തെയും വേർതിരിക്കാൻ ആവുകയില്ല. അവരുടെ ഭൗതികവും ആത്മീയവുമായ ഈ രണ്ടു പ്രക്രിയകൾക്കും പാരസ്പര്യം മാത്രമല്ല ഏകത്വം കൂടി ദർശിക്കാനാകും. ഇതാണ് സുഗതകുമാരിയെ മറ്റു കവികളിൽ നിന്നും മാറ്റി നിർത്തുന്ന പ്രധാന ഘടകം. സ്ത്രീവിമോചനത്തിലൂടെ മാത്രമേ മനുഷ്യവർഗ്ഗ വിമോചനം സാധ്യമാകൂ എന്ന് സുഗതകുമാരി കവിതകളിലൂടെ വാദിച്ചു. സ്ത്രീത്വം നേരിടുന്ന സമകാലിക പ്രശ്നങ്ങളോട് ജൈവപരമായ സവിശേഷ ഭാവത്തോടെ സ്ത്രീയെന്ന നിലയിൽ സുഗതകുമാരി പ്രതികരിക്കുന്നുണ്ട്. പ്രകൃതിക്കും സ്ത്രീക്കും നാശം വരുത്തുന്ന വിരുദ്ധ സമീപനങ്ങളെ വാശിയോടുകൂടി എതിർക്കുന്ന നിലപാടാണ് അവർ സ്വീകരിച്ചു കാണുന്നത്. സ്ത്രീയും പ്രകൃതിയും എപ്രകാരമാണ് സുഗതകുമാരി കവിതകളിൽ ഇടം നേടുന്നതെന്ന് പഠിക്കുകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്.

### 5.1. പ്രകൃതി കേന്ദ്രിതം

പ്രകൃതി സംരക്ഷണം മനുഷ്യന്റെ സാമൂഹികവും നൈതികവുമായ കടമയാണ്. പ്രകൃതി കനിഞ്ഞു നൽകിയ വൃക്ഷക്കൂട്ടങ്ങളും, അവയോട് അനുബന്ധിച്ച് വളർന്നു വന്ന ദേവതാ സങ്കൽപ്പവും പുരോഗമനപരമായ

ചിന്തകൾ ലയിച്ചുപോയി. പരിസ്ഥിതി ചിന്ത സൈലന്റ്വാലി സംരക്ഷണ ത്തിലേക്കും വനപുനരുജ്ജീവനത്തിലേക്കും നയിച്ചു. ആദ്യകാലത്തു സുഗതകുമാരി എഴുതിയ കവിതകളിൽ പ്രകൃതിയുടെയും അതിലെ ജീവജാലങ്ങളുടെയും സമ്യക് രൂപത്തെ ദർശിക്കാം. ആയിരത്തിതൊള്ളാ യിരത്തി അറുപത്തി ഒന്നു മുതലുള്ള കവിതകളിൽ 'മുത്തുച്ചിപ്പി' എന്ന സമാഹാരം മുതൽക്കു തന്നെ പാരിസ്ഥിതിക വീക്ഷണം ഉണ്ട്. സർവ്വ ചരാചരങ്ങളെയും ജീവന്റെ പ്രകൃതിയുടെ ഭാഗമായി കാണുന്ന മുത്തുച്ചിപ്പിയിൽ സ്വന്തം രൂപത്തെ അന്വേഷിക്കുന്നു കവയത്രി.

'അരികിൽ ചോരഞരമ്പുകൾ പിണയും
വിളറി മിനുത്തൊരു തോടും മഞ്ഞിൻ
നിറവും കരളിൽ ചെറിയൊരു മാംസ-
ത്തരിയും മാത്രമതാണെൻ രൂപം'[2].

വിളറി മിനുത്ത തോടും മാംസത്തരിയും പ്രകൃതിയിൽ ജീവന്റെ നിലനിൽപ്പിനെ കുറിക്കുന്നു. വിളറുക എന്നത് ജൈവികതയുടെ ഏറ്റക്കുറച്ചിലാണ്. മാംസത്തരി മനുഷ്യരൂപവും. പ്രകൃതിയിൽ മനുഷ്യന്റെ ആയുസ്സ് കുറഞ്ഞു വരുന്നു. പ്രകൃതിയ്ക്കും നാശം സംഭവിക്കുന്നു. എന്നാൽ മനുഷ്യൻ ഒന്നിനെയും വെറുതെ വിടുന്നില്ല. പ്രകൃതിയുടെ ബാഹ്യ വസ്തുക്കളിൽ അഭയം തേടി അവയെ ഊറ്റികുടിക്കുന്ന മനുഷ്യന്റെ ശൗര്യം കടലിന്റെ അടിത്തട്ടിലേക്കും വ്യാപിപ്പിക്കുന്നു. കവി തന്നെ സ്വന്തം രൂപത്തിലൂടെ സ്ഥൂലാവിഷ്ക്കാരത്തിലേക്ക് വരികയാണ് ഓരോ കവിതയിലും. ഞാൻ/അപരൻ എന്ന ദ്വന്ദ്വത്തെ എതിർക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. സ്വന്തം രൂപമല്ല അപരൻ നിശ്ചയിക്കുന്ന വഴിക്കു നീങ്ങുന്ന പ്രത്യയശാസ്ത്രങ്ങളാണ് ഇവിടെ നിലനിൽക്കുന്നതെന്ന് കവി

തിരിച്ചറിയുന്നുണ്ട്. ചില നിർണ്ണയങ്ങളിലൂടെയല്ല മനുഷ്യബന്ധം വളരുന്ന തെന്നും ഒഴുക്കുള്ള രീതിയാണാവശ്യമെന്നും ആദ്യകാല കവിതകൾ അടിവരയിടുന്നു. കടലും അനുബന്ധവസ്തുക്കളും നിരന്തരം കവിതയിൽ പ്രത്യക്ഷപ്പെടുന്നു.

നിർമ്മിച്ചെടുക്കുന്ന എല്ലാ നിയമങ്ങളും സന്തുലിതാവസ്ഥ ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. മനുഷ്യൻ സ്വാർത്ഥലാഭത്തിനു വേണ്ടി പ്രകൃതിയെ ഉപയോഗിക്കുന്നു. അതിനായി നിയമങ്ങൾ സൃഷ്ടിക്കുന്നു. മഴയും വെയിലും വെള്ളവും ഒക്കെ കൂടിച്ചേർന്ന പ്രകൃതി പ്രതിഭാസങ്ങൾ മനുഷ്യമനസ്സിൽ ഉണർത്തുന്ന വികാരങ്ങളാണ് ''മഴ പെയ്യുന്നു തുള്ളിമുറിയാതിടറാതെ'' എന്നും മഴയും കൊടുങ്കാറ്റും മാമരച്ചാർത്തിൽ നൃത്തചരവിയും, 'മിന്നൽപ്പിണരിൽ മദാലസനർത്തനവും' പ്രകൃതിയോട് താദാത്മ്യം പ്രാപിക്കുന്ന കവിക്കു മാത്രമേ വർണ്ണിക്കാൻ കഴിയൂ.

പ്രകൃതി കേന്ദ്രീകരിച്ചുകൊണ്ടുള്ള പരിസ്ഥിതി വീക്ഷണം 'സ്വപ്നഭൂമി' എന്ന കവിതയുടെ അവതരണത്തിലൂടെ കവി സാക്ഷാത്കരിക്കുന്നുണ്ട്. ഈ ഭൂമി കഴിഞ്ഞ കാലത്തിന്റെ ഓർമ്മകൾ നിറഞ്ഞതാണ്.

'ഇപ്രപഞ്ചമൊരോണപ്പൂ -

ക്കളമായ്, സപ്തവർണ്ണമാ -

യുത്സവം പോൽ സുഖാഹ്ലാദ -

പ്രണയം പോൽ, വിളങ്ങവേ'[3].

മനസ്സിനെ ആനന്ദിപ്പിക്കുന്ന പ്രകൃതി ദൃശ്യങ്ങൾ പെട്ടെന്നു ഇല്ലാതായി പോകുന്ന പ്രതീതി. 'പാഴ് വാക്കിൽ നാരിലായി ദൃശ്യങ്ങൾ പോകുന്നു' എന്നാണ് കവി പറയുന്നത്. പ്രകൃതിയുടെ നിത്യസൗന്ദര്യ ത്തിൽ അലിഞ്ഞുപോയ കവി മരത്തിനു സ്തുതിഗീതം പാടുന്നു. വനനശീകരണത്തിന്റെ പ്രത്യാഘാതങ്ങൾ വരൾച്ചയായും കാലവർഷ പ്പിഴയായും മനുഷ്യനിൽ മുറിവേൽപ്പിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് 'മരത്തിനുസ്തുതി' എന്ന കവിതയുടെ രചന. ഭൂമിയുടെ സംരക്ഷകനായി വൃക്ഷം നിലകൊള്ളുന്നു. പൗരാണിക കാലത്തെ വൃക്ഷസങ്കൽപ്പത്തിന്റെ പുനരുജ്ജീവനമാണിത് അഥർവ്വ വേദത്തിലെ

'യത്തേ ഭൂമി വിഖനാമി
ക്ഷിപ്രം തദപി രോഹതു
മാതേമർമ്മ വിമൃഗ്വരി
മാതേ ഹൃദയമർപിതം'[4].

എന്ന ശ്ലോകത്തിന്റെ അർത്ഥമായ ഈ ഭൂമിയിൽ നിന്നെന്തെടുക്കുന്നുവോ അതു ഭൂമിയിൽ തന്നെ മുളച്ചുവളരട്ടെ എന്ന് സമ്പുഷ്ടമായി അവതരിപ്പിക്കുന്നു ഈ കവിതയിൽ. വൃക്ഷാരാധന, വൃക്ഷത്തെ തൊഴൽ അതു മതാചാരപ്രകാരമുള്ള ഒരു വിശ്വാസമായിരുന്നു. ആ വിശ്വാസം പുനർജ്ജനിപ്പിക്കുന്ന കാഴ്ച ഈ കവിതയിലുണ്ട്.

'മഴയായ്, കുളിരായി
പ്പശിയാറ്റും പഴമായി
ത്തുയിരിന്നു മരുന്നായി
പ്പണിക്കരുത്തായ്'...[5].

അങ്ങനെ കേശാദിപാദസ്തുതിയായി കവിത മാറുന്നു. മരത്തിന്റെ 'തിരുമുടിക്കിത തൊഴുന്നേൻ', തൃക്കരങ്ങൾക്കായിതാ തൊഴുന്നേൻ' എന്നിങ്ങനെ തൊഴുകൈയ്യുമായി നിൽക്കുന്ന ഒരു ജനസമൂഹത്തിന്റെ വ്യാകുലതകൾ കൂടി വരച്ചിടുന്നുണ്ട് കവി. ഒപ്പം അഗ്നി പാറുന്ന കൺകളാലെങ്ങളെ നോക്കുന്ന കാലം വിദൂരത്തല്ല എന്നു കവി കാണുന്നുമുണ്ട്.

എല്ലാ ജനങ്ങളിലേക്കും വൃക്ഷാരാധന മഹത്വം എത്തിക്കുന്ന തോടൊപ്പം ജീവജാലത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പ്രതിപാദിക്കുന്ന കൃതിയാണ് 'തൈംസ് നദിയോട്'. ഇനിയും പരിസ്ഥിതിയെ സംരക്ഷിക്കാൻ സമയമുണ്ടെന്നു കവയത്രി ചിന്തിക്കുന്നു. പുത്തൻ സാമ്പത്തിക നയങ്ങൾ അടിച്ചേൽപ്പിച്ച വികസന നയങ്ങളാൽ മലിനമാക്കപ്പെട്ട തെസ് നദിയുടെ പുനരുജ്ജീവനത്തിന്റെ കഥയാണ് ഇത്. മഴയും മഞ്ഞും സമൃദ്ധമായി പെയ്യുന്ന ഹിമാലയപർവ്വതം അതിൽ ഈശ്വരസാന്നിധ്യം ഈശ്വരചൈതന്യം അതു പ്രകൃതിയുടെ മഹത്വമായി കവി കാണുന്നു.

'നീയറിയും ഹിമപർവ്വതപുത്രിയെ
ദേവിയാം ഗംഗയെ, ഞങ്ങൾ തന്നമ്മയെ'[6].

പ്രകൃതിയെ ഈശ്വരനായിക്കാണുന്ന ചരിത്രാവബോധം നിശബ്ദയാം കാട് വന്യമായ പ്രകൃതിയുടെ നാശത്തിനെക്കുറിക്കുന്നു. സൈലന്റ്വാലി വനസംരക്ഷണത്തിനു വേണ്ടി സുഗതകുമാരി നടത്തിയ പ്രയത്നങ്ങൾ പരിസ്ഥിതിയെ അതിരറ്റു സ്നേഹിക്കുന്ന പ്രകൃതിസ്നേഹിയുടെ ചിന്തകളുടെ ഫലമാണ്. സൈലന്റ്വാലി പോലൊരു പ്രദേശത്ത് പ്രകൃതിക്ക് സംഭവിക്കുന്ന നാശത്തിന് ഏറെ വില കൊടുക്കേണ്ടി

വരുമ്പോൾ പ്രകൃതി സന്തുലിതാവസ്ഥ താളം തെറ്റുന്നു. കച്ചവടവത്ക്കര ണത്തിന്റെ നിയന്ത്രണാധീതമായ കടന്നുകയറ്റം പ്രാബല്യത്തിൽ വരുന്നതിന്റെ സൂചനയാണിത്.

'ശ്യാമയാം നിശബ്ദകാനനമേ, നിന്നൊ
യാനന്ദബാഷ്പം നിറഞ്ഞ മിഴികളാൽ
ഞാനൊന്നുഴിഞ്ഞുകൊള്ളട്ടേ, കരംകൂപ്പി
ഞാനൊന്നുകണ്ടുനിന്നോട്ടേ മതിവരെ' ? [7]

കാനനത്തിനെ മതിവരെ, കാണാനും തൊഴുകാനും ഒക്കെ ഉള്ള ത്വരവികസന കാലഘട്ടത്തിലും പാരമ്പര്യതൃഷ്ണകളെ തൃപ്തിപ്പെടുത്താ നുള്ള വെമ്പലായി മാറുന്നു.

കാടിനെ അമ്മയായും പുത്രിയായും കാണുന്ന ജന്മാന്തരസ്നേഹ സൗഹൃദങ്ങളുടെ കവിതയാണ് സൈലന്റ് വാലി എന്നത്. തികച്ചും പ്രകൃതിവാദപരമായ കവിതകൾ എന്ന് പറയാവുന്ന ''കുറുഞ്ഞി പൂക്കൾ'' പരിസ്ഥിതിയുടെ സന്തുലനത്തിനുവേണ്ടി നിരന്തരം തൂലിക ചലിപ്പിച്ച ഒരു കവിയെ കാട്ടുന്നു. കിഴക്കൻ മലകളിൽ നീലക്കടൽ പോലെ കുറിഞ്ഞിപൂത്തുല്ലസിക്കുന്നതു നോക്കി നിൽക്കുമ്പോൾ മനസ്സിനെ ഉന്മത്തമാക്കുന്നു.

'നിനക്കുവേണ്ടി നിൻ കിടാങ്ങൾ കാണുമാ-
വസന്തമെന്നു ഞാൻ ജപിക്കുന്നു, പക്ഷേ
മഴുവും തീയുമായ്, കഴുകൻ കണ്ണുമായ്
വരില്ലയോ മർത്ത്യൻ അവിടെയും നാളെ' [8].

പ്രകൃതി സംരക്ഷണം മർത്ത്യന്റെ കൈയ്യിൽ സുരക്ഷിതമല്ല. കിടാങ്ങളിൽ നിന്നും പൂർണ്ണ വളർച്ചയെത്തിയ മനുഷ്യനിലേക്കുള്ള ദൂരം വികസനത്തിന്റെ പ്രകൃതി ധ്വംസനത്തിന്റെ നിഴൽപരന്നതാണ്.

കിടാങ്ങളിൽ നിന്നും പൂർണ്ണവളർച്ചയെത്തിയ മനുഷ്യനിലേക്കുള്ള ദൂരം കാലസൂചനയാണ് നൽകുന്നത്. കാലസൂചനകളെ പൂക്കളിലൂടെ പ്രകടമാക്കുന്ന കവിതകളാണ് കുറുഞ്ഞിപ്പൂക്കൾ, പാതിരാപൂക്കൾ എന്നിവ.

**5.2. പൂക്കൾ**

നഷ്ടവസന്തത്തിന്റെ സ്മരണകളാണ് കുറുഞ്ഞിപ്പൂക്കൾ എന്ന കവിത ഉണർത്തുന്നത്. സന്തോഷത്തിന്റെയും സൗഭാഗ്യത്തിന്റെയും പ്രതീകമായല്ല പൂക്കൾ സുഗതകുമാരിക്കവിതകളിൽ കടന്നു വരുന്നത്. 'ഒരു പൂവ് വിരിയുന്നു ഒരു കവിത ജനിക്കുന്നു. ബോധപൂർവ്വമായ ഒരു ഉദ്ദേശവും പ്രത്യേകിച്ചില്ലാതെ..പൂമൊട്ടിനു വിരിഞ്ഞേ കഴിയൂ'[9].

കുറുഞ്ഞിപൂക്കൾ, പാതിരാപൂക്കൾ എന്നീ സമാഹാരങ്ങൾ കവിയത്രിയിൽ പൂക്കളോടുള്ള ആഭിമുഖ്യത്തെ കാണിക്കുന്നു. ഇതു മനസ്സിലാക്കിയിട്ടായിരിക്കാം 'കുറെ കുങ്കുമപൂക്കൾ' എന്ന് സ്വപ്നഭൂമി യുടെ അവതാരികയ്ക്ക് ജി.ശങ്കരക്കുറുപ്പ് പേരിട്ടത്.

'കാളിയമർദ്ദനം എന്ന കവിതയിൽ കൃഷ്ണനോട് നിർത്താതെ നൃത്തം ചെയ്യാൻ കാളിയൻ ആവശ്യപ്പെടുന്നു. ആ നൃത്തത്തിൽ വൻനദി കലക്കിയിളക്കുന്ന ചുഴലികളിൽ ചൊരിഞ്ഞ പൂവുകൾ ചുറ്റിത്തിരിഞ്ഞു വീണുകറങ്ങുന്നു.

വിരിയുന്നു താമരപ്പൂവുകൾ നറുമണം

ചൊരിയുന്നു ബകമൊന്നു കാവൽ നിൽപ്പൂ[10].

പ്രപഞ്ചത്തെത്തന്നെ ഓണപ്പൂക്കളമായി കാണുന്നു കവി.

ഇപ്രപഞ്ചമൊരോണപ്പൂ-

ക്കളമായ്, സപ്തവർണ്ണമാ-

യുത്സവം പോൽ, സുഖാഹ്ലാദ-

പ്രണയം പോൽ, വിളങ്ങവേ'[11].

മനുഷ്യമനസ്സിന്റെ ആഴങ്ങളിലേക്ക് വെളിച്ചത്തിന്റെ കണിക പതിപ്പിച്ച് ഉണർത്തുന്ന കവി വിശുദ്ധമാണ് പൂവ് എന്നു കണ്ടെത്തുന്നു.

'ആ വെളിച്ചത്തിനു മുന്നിൽ

പാഴിരുൾ ചുഴുവോരുള്ളം

പുവൂപോലെ വിശുദ്ധമാ-

യുണർന്നു കൊൾവാൻ'[12].

വാക്കിന്റെ പൗരുഷ്യത്തെ ആദ്യമായി അറിയുകയാണെന്നു വെളിപ്പെടു ത്തുന്ന കവി പൂവിനെ വർണ്ണിക്കാൻ വാക്കുകളിലൂടെ കഴിയില്ലെന്നു പറയുന്നു.

'വാക്കുകളുടെ പാരുഷ്യത്തെ ഞാനറിയുകയാ-

ണാദ്യമായ്, പൂവേ, നിന്നെ

വർണ്ണിക്കാൻ മുതിരുമ്പോൾ'[13].

എന്നാൽ പൂവിന്റെ നശ്വരതയേയും കവി സ്വപ്നം കാണുന്നു.

ആയിരം പൂക്കൾ! ഹാകണ്ണിമയ്ക്കുമ്പോഴേ-

ക്കായിരം പൂക്കളും പോയിതെന്നോ'[14].

ഇങ്ങനെ പൂവ് എന്ന ബിംബത്തെപ്പറ്റി ആശയുടെയും പ്രതീക്ഷയുടെയും ദുഃഖത്തിന്റെയും തലങ്ങളിലൂടെ അവതരിപ്പിക്കുന്നു സുഗതകുമാരി.

'പഴമയും പുതുമയും സൗന്ദര്യവും സൗമ്യതയും ശക്തിയും ഒരു പൂവിലൂടെ കണ്ടെത്തുന്ന മനസ്സ് സൗന്ദര്യത്തിന് ജീവിതത്തിന്റെ ഉദാത്ത മണ്ഡലങ്ങളിൽ ഭാഷ്യം ചമയ്ക്കുന്ന ഒന്നത്രേ. അതേ സമയം നൈമിഷിക സംഭവങ്ങളുടെ ബാഹുല്യത്തിൽപ്പെട്ടുഴലുന്ന ആൾക്കൂട്ടത്തിന്റെ ചപലവും ക്ഷുദ്രവുമായ തത്വശാസ്ത്രത്തിൽ നിന്ന് ഏകാന്തജീവിത വക്താവായ കവിയുടെ വ്യക്തിത്വത്തിന്റെ വിതാനം സൃഷ്ടിക്കുന്നതുകൂടി നോക്കണം'[15]. പ്രകൃതിഗായകൻ മാത്രമല്ല കവി എന്ന് ഉറപ്പിച്ചു പറയുന്നതാണ് ഈ വരികൾ. പൂക്കളിൽ കാമുകി കാമുകഭാവ മാരോപിക്കൽ, ക്ഷണികത ഇവയൊന്നും സുഗതകുമാരി കവിതകളിൽ കാണില്ല. ലോകനന്മയ്ക്കായി ഒന്നൊന്നായി അർപ്പിക്കുകയാണ് 'പൂർവ്വരാഗത്തിന്റെ നീലക്കുഞ്ഞിതളുകൾ'. പ്രപഞ്ചം തന്നെ കവിക്ക് ഓണപ്പൂക്കളമായി അനുഭവപ്പെടുന്നു. ഗൃഹാതുരത്വം ഉണർത്താൻ കൂടിയായി പൂവുകളുടെ ചിത്രീകരണം മാറുന്നു. ''അത് ബാഹ്യേന്ദ്രിയ ഗോചരമായൊരു പരമിളം മാത്രമാണെങ്കിലും ആത്മാവിൽ വിലീനമായ ഒരു വാസനയാണ്. ഈ സുഗന്ധത്തിന്റെ പ്രഭവസ്ഥാനമായ പൂക്കൾക്ക് ആരാധ്യമായ വിശുദ്ധിയും ശുഭ്രതയും ദിവ്യതയും സങ്കൽപ്പിക്കാൻ പ്രേരകമായിത്തീരുന്നത്''[16]. കാലചിഹ്നം മാത്രമായല്ല ആത്മായാനുഭൂതി യുടെ ചിഹ്നമായും പൂക്കൾ സുഗതകുമാരി കവിതകളിൽ കടന്നുവരുന്നു.

പൂവുകളുടെ നിർമ്മലമായ ആവിഷ്ക്കാരം പോലെ തന്നെ സുഗതകുമാരി കവിതകളിൽ കടന്നുവരുന്ന പ്രധാനപ്പെട്ട മറ്റൊരു ബിംബമാണ് മഴ.

## 5.3. മഴ

പ്രകൃതിയിലെ സർവ്വചരാചരങ്ങളുടെയും നിലനിൽപ്പിന്നാധാരമായ മഴ ജീവിത സാക്ഷിയായ് സുഗതകുമാരിക്കവിതയിൽ പ്രത്യക്ഷപ്പെടുന്നു. രാത്രിമഴ, വേനലിലൊരു മഴ, വർഷമയൂരം, മഴത്തുള്ളി എന്നീ കവിതകൾ മഴ സൃഷ്ടിച്ചെടുക്കുന്ന ഭാവവികാരങ്ങൾ കൊണ്ട് മുൻ പന്തിയിൽ നിൽക്കുന്നു. ഈ കവിതകളിൽ കാണുന്ന സ്വതന്ത്ര ചിന്തയെ കെ.എം.തരകൻ ഇങ്ങനെ വിലയിരുത്തുന്നു. ''കവി ചിത്തം ജീവിതത്തിലെ പ്രതിഭാസങ്ങളോട് സ്വതന്ത്രമായ രീതിയിൽ പ്രതികരിക്കുന്നു. അന്ധകാര ത്തിലൂടെ ആശ്വാസവാക്കുമായെത്തുന്ന പ്രിയജനമാണ് രാത്രിമഴ''[17]. സ്ത്രീത്വത്തെ പ്രകൃതിസത്തയോട് ഉപമിക്കുക കൂടിയാണ് 'രാത്രിമഴ' എന്ന കവിതയിൽ കവി ചെയ്യുന്നത്.

രാത്രിമഴയോട് ഞാൻ
പറയട്ടെ നിന്റെ
ശോക്രാർദ്രം സംഗീത
മിറയുന്നു ഞാൻ, നിന്റെ[18].

'രാത്രിമഴപോലെ' എന്നീ വരികൾ കവിയുടെ രചനാ സ്വാതന്ത്ര്യ ത്തെ വ്യക്തമാക്കുന്നുണ്ട്. ഒപ്പം സ്ത്രീത്വത്തെ പ്രകൃതിയോട് ഉപമിക്കുക കൂടി ചെയ്യുന്നു.

'സുഗതകുമാരി കവിതയിൽ അലിയുമ്പോൾ മനസ്സിൽ പുതിയ ഉറവുകൾ കിനിയാതെ വരില്ല. ''മഴപോലെ ആ കവിത പൊഴിയുന്നു. മഴ സുഗതകുമാരിയുടെ കവിതയെ ആഴത്തിൽ സ്പർശിക്കുന്ന ഒരനുഭൂതിയാണ് ഋതുവിലാസങ്ങളിൽ വെച്ചേറ്റവും ഇഷ്ടം അവർക്ക്

മഴയായിരിക്കണം. ഇത് ആ കവിതയിൽ പല അർത്ഥസാദ്ധ്യതകളും ആവാഹിക്കുകയും ചെയ്യുന്നു''[19].

മരുഭൂവിന്റെ മരവിച്ച മാറിടത്തിലേക്കു മഴ പെയ്യുമ്പോൾ ഉണ്ടാകുന്ന അനുഭവത്തെ കവി വിവരിക്കുന്നത് ഇങ്ങനെയാണ്.

'മഴയൊന്നു പെയ്തുപോൽ, മറവിയിൽ മാഞ്ഞൊരാ
മരുഭൂവിൻ മരവിച്ച മാറിടത്തിൽ
ഇതുവരെപ്പൊള്ളുന്ന ചാരമായ് ചിതപോലെ
ചിതറിക്കിടക്കും മരിച്ച മണ്ണിൽ'[20].

മഴ ആശ്വാസത്തിന്റെ പുതുമുളപൊട്ടാൻ വെമ്പുന്ന ഭൂമിയിലെ വിത്തുകളുടെ പുനരുത്പാദനത്തെ പ്രോത്സാഹിപ്പിക്കുന്നു. അതുകൊണ്ടു തന്നെ കവി മഴയ്ക്കൊപ്പമാണ്. ഓരോ ചൂടിലും തണുത്ത തെളിമഴയെ ക്കുറിച്ചുള്ള ഓർമ്മകൾ ആശ്വാസം പകരും. അത് വരും കാലങ്ങളിൽ കിട്ടാത്ത മോഹമായി മാറും എന്ന് കവി പറയാതെ പറഞ്ഞു വെക്കുന്നു.

'ഇനി വരുമോരോ ചൂടിലുമോരോ
മരുവിൻ നീണ്ട പരപ്പിലു, മീനാ-
മൊരുമിച്ചുള്ളു തണുത്തോരീത്തെളി-
മഴതന്നോർമ്മയിലാറാം ദാഹം'[21].

മഴ ഓർമ്മയായ് പോകുമോ. തനിമ നിലനിർത്തുമ്പോഴും എങ്കിലും ഒരിക്കൽകൂടി മഴയുടെ രസം നുകരാൻ കഴിഞ്ഞതിലെ സന്തോഷം അതിങ്ങനെയാണ്!.

'ഇനിയും വരൾച്ചയാ
ണെങ്കിലെ, ന്തൊരിക്കൽ നീ
നുകർന്നീലയോ വീണ്ടും
പ്രേമത്തിൻ മധു,
സഖീ..'[22].

വരൾച്ച വന്നാലും ജീവിതത്തിൽ ഒരിക്കലെങ്കിലും മഴയുടെ രസം നുകരാൻ കഴിഞ്ഞതിൽ കവി ആശ്വസിക്കുന്നു. മനുഷ്യന്റെ പ്രവൃത്തി കളാണ് മഴ പെയ്യാതിരിക്കുന്നതിന് കാരണം. പ്രകൃതിയെ ചൂഷണം ചെയ്യു കൊണ്ടുള്ള മനുഷ്യന്റെ പോക്ക് പ്രകൃതി നാശത്തിലേക്ക് ആണ്. മഴയെ പ്രതീക്ഷിച്ച് ഇരിക്കുമ്പോൾ വരൾച്ച കടന്നുകയറുകയും ജലം ലഭ്യമല്ലാതെ വരുകയും ചെയ്യും. പഴയ കാല സ്മൃതികളിലൂടെ പ്രകൃതിയെ മാറ്റാൻ കവി കൊതിക്കുന്നു. മനുഷ്യമനസ്സിന്റെ ആഴങ്ങളിലേ ക്കിറങ്ങി പെയ്യുന്ന സുഗതകുമാരിയുടെ കവിതകളിലെ മറ്റൊരു പ്രത്യേക അവയിലടങ്ങിയിരിക്കുന്ന മനുഷ്യകേന്ദ്രിത ഭാവമാണ്. മനുഷ്യന്റെ അബോധമനസ്സിന്റെ ആഴങ്ങളിലേക്കിറങ്ങി ചെല്ലുന്ന തലമാണ് കവി കൈക്കൊള്ളുന്നത്. മിത്തുകളുടെ പുനഃസൃഷ്ടി കവിതയിൽ കൊണ്ടുവരുന്നു കവി.

## 5.4. മനുഷ്യകേന്ദ്രിതം

സ്ത്രീവിമോചനസിദ്ധാന്തത്തിന്റെ പ്രധാനപ്പെട്ട വിഷയമാണ് മിത്തുകളുടെ പുനർവായന. 'സഹസ്രാബ്ദങ്ങളിലൂടെ കാതോടു കാതോരം പറഞ്ഞുകേട്ട പഴങ്കഥകൾ, ചൊല്ലിക്കേട്ട പഴമ്പാട്ടുകൾ, മനസ്സിലുറച്ചുപോയ വിശ്വാസ സങ്കൽപ്പങ്ങൾ, പെയ്തു ശീലിച്ച അനുഷ്ഠാനങ്ങൾ, ജീവിത സമ്പ്രദായങ്ങൾ, വേരൂന്നി വളർന്ന കലാവിഷ്ക്കാരങ്ങൾ ഇതെല്ലാം ചേർന്ന് ഉത്സവംകൊണ്ട ബൃഹത്തായ ഒരു പാരമ്പര്യസ്വത്ത് - ഇവയാണ് മിത്തുകൾ''[23].

സ്ത്രീത്വത്തെ സ്വയം നിർവചിക്കാൻ, പോയ കാലങ്ങളിലെ സ്ത്രീയവസ്ഥകളെ പുരുഷമേൽക്കോയ്മയിൽ നിന്നു തിരിച്ചറിയാൻ

കവിതകളിൽ സുഗതകുമാരി മിത്ത് ഉപയോഗപ്പെടുത്തുന്നു. ''നമുക്കു സ്വയം പേരിടാനുള്ള ശക്തി തന്നിൽ നിന്നു മോഷ്ടിച്ചെടുത്തിരിക്കുന്നു. (ദൈവമെന്ന പിതാവിനപ്പുറം. പി68) ഈ ശക്തിമിത്തുകളുടെ പുനർ നിർമ്മാണത്തിലൂടെ തിരിച്ചുപിടിക്കുന്ന പ്രക്രിയയ്ക്ക് അവരിട്ട പേര് (മേരി ഡാലി) ഗൈൻ ഇക്കോളജി എന്നാണ്''[24]. പുരുഷന്മാർ സൃഷ്ടിച്ചുവെച്ച നിയമങ്ങളിൽ നിന്നും പുറത്തു കടന്നു ശരീരത്തെയും മനസ്സിനെയും ശുദ്ധമാക്കുക എന്ന പ്രക്രിയ ഈ പദ്ധതി ലക്ഷ്യം വെക്കുന്നു. സമകാലിക സമൂഹത്തിൽ മിത്തുകളെ പുനരാഖ്യാനം ചെയ്യുമ്പോൾ അവയുടെ അന്തഃസത്ത ചോർന്നു പോകാതെ നിലനിൽക്കുന്ന വ്യവസ്ഥിതിക്കെതിരെ പോരാടാൻ പര്യാപ്തമാക്കുന്നു. ഈയൊരു തലമാണ് സുഗതകുമാരിക്കവിതകളിൽ സംവദിക്കുന്നത്.

## 5.5. കൃഷ്ണൻ, കാളിയൻ

സുഗതകുമാരിയുടെ ആദ്യകാലകവിതകളിലൊന്നാണ് 'കാളിയ മർദ്ദനം'. കൃഷ്ണനും കാളിയനും പുരാണ പരിവേഷം വിട്ട് വർത്തമാന കാവ്യാനുഭവമായി മാറുന്നു. ഇവിടെ, കാളിയൻ പുരാണകഥകളിൽ വേദനയനുഭവിച്ചവനാണ് ഇവിടെ പീഡനമാണ് പ്രധാനം. 'കാളിയമർദ്ദനം' എന്നത് ആധുനിക മനുഷ്യന്റെ അഹന്തയും ദുരഭിമാനവും ഇല്ലാതാക്കാൻ ഉപയോഗപ്പെടുത്തിയ പുരാവൃത്തമാണ്. ''ഇവിടെ കൃഷ്ണൻ നന്മയുടെ ആകെത്തുകയായ ആകാശങ്ങളിലെ പരംപൊരുൾ മാത്രമല്ല. മനുഷ്യന്റെ ഉള്ളിന്റെയുള്ളിലെ അടിസ്ഥാനഭാവമായ ഉണ്മകൂടിയാണ്. സത്യസൗന്ദര്യ ങ്ങളുടെ സമഞ്ജസമായ ഉണ്മ''[25].

1959 ൽ പ്രസിദ്ധീകൃതമായ ഈ കവിതയെ ഇ.വി.രാമകൃഷ്ണൻ വിലയിരുത്തുന്നത് ഇങ്ങനെയാണ്. ''നാഗരികതയുടെ വിനാശകരമായ വേലിയേറ്റത്തെ ആസൂത്രിതമായ കയ്യൊപ്പുകളിലൂടെ മെരുക്കിയെടുക്കാനും ജനങ്ങളുടെ ഇച്ഛാശക്തിക്കൊത്ത് പുതിയൊരു സമൂഹത്തെ രൂപപ്പെടുത്താനും കഴിയുമെന്ന നെഹ്റുയുഗത്തിന്റെ പ്രതീക്ഷാ നിർഭരമായ സാന്ത്വനം ഈ കവിതയുടെ പൊരുളാണ് സംഘട്ടനാത്മകമായ ഏറ്റുമുട്ടലിനെ ഉന്മത്തോത്സവ പൂർണ്ണവും നിർവൃതിദായകവുമായ ലാസ്യനൃത്തമായി കാണുകവഴി സുഗതകുമാരി തന്റെ അനുഭവത്തിലടങ്ങിയ വിനാശകരമായ സൂചനകളെ പ്രതിരോധിക്കുന്നു''[26].

'കുനിഞ്ഞതല്ലീപത്തികൾ, കണ്ണാ
കുലുങ്ങിയില്ലീക്കരളിന്നും'..[27].

അഹന്തയുടെ പൊട്ടിത്തകരൽ സംഭവിക്കാനുള്ള എല്ലാ സാഹചര്യങ്ങളും ഉണ്ടായിട്ടും കാളിയൻ കുലുങ്ങുന്നില്ല. ഞാൻ എന്ന ഭാവമാണ് ഇതിൽ നിറഞ്ഞു നിൽക്കുന്നത്. യമുന അലയടിച്ചുയരുന്നു. തിരമാലകൾ പരസ്പരം പുണർന്നടിഞ്ഞു പൊട്ടിത്തകരുന്നു. ത്ധണൽ ത്ധണൽ മണിച്ചിലങ്കയുടെ നാദം ഒഴുകിയെത്തുന്നു. മേളത്തിൽ ശക്തിയോടെ ചവിട്ടിമെതിക്കപ്പെടുന്ന കാൽപ്പാദങ്ങൾ. അവയ്ക്കിടയിൽ ചതഞ്ഞു പോവുന്ന ഫണം ഉയർത്തിപ്പിടിച്ചു നിൽക്കാൻ പണിപ്പെടുന്ന ഞാൻ എന്ന കാളിയനും. ഫണം ചതഞ്ഞെരിയുമ്പോഴും നിന്റെ നടനം നിറുത്താതെയിരിക്കുക' എന്നു പറയുന്ന കാളിയൻ ദുഃഖത്തെ ആനന്ദമാക്കുന്നു.

'അറിഞ്ഞു ഞാനെന്നുള്ളോരീ വെറു-
മഹന്ത, കണ്ണാ, മാഞ്ഞീലാ!
അന്ധതയാലേ പുണരും ജീവിത-
ബന്ധനമൊന്നുമഴിഞ്ഞീലാ'[28].

ദുഃഖങ്ങൾ പേറുമ്പോഴും അഹന്തമായാത്ത കാളിയൻ രണ്ടു സ്വഭാവങ്ങൾ പ്രകടിപ്പിക്കുന്നു. നൃത്തം തുടരാൻ കണ്ണനോടപേക്ഷിക്കുന്ന കാളിയൻ, ഇനിയും പത്തി കുനിഞ്ഞില്ലെന്നു പകുതി അഭിമാനത്തോടെ പ്രഖ്യാപി ക്കുന്ന കാളിയൻ. ഇവ രണ്ടിന്റെയും ഏറ്റുമുട്ടൽ മനുഷ്യമനസ്സിലെ ഏറ്റുമുട്ടലാക്കി മാറ്റാൻ ഭാവഗീതത്തിന്റെ ആവിഷ്കാര സാദ്ധ്യത കവയത്രി സ്വീകരിക്കുന്നു. കാളിയന്റെയും കൃഷ്ണന്റെയും കഥയെന്നതിനപ്പുറം സുഗതകുമാരിയുടെ കൃഷ്ണസങ്കൽപ്പത്തെയാണ് ഈ കവിത അനാവരണം ചെയ്യുന്നത്. തുടർന്ന് ഈ കൃഷ്ണസങ്കൽപ്പം വികസിക്കുന്നതു കാണാം.

കൃഷ്ണൻ എന്ന ബിംബം ഉത്പാദിപ്പിക്കുന്ന അർത്ഥം ഇതാണ്. കാലാതീതമായ ഐതിഹ്യങ്ങളുടെ കാലിക പ്രസക്തി തീരത്തു ചെന്നതുവഴി അയാൾ ഇന്നത്തെ മനുഷ്യനു നഷ്ടപ്പെട്ട ഒരു വിശ്വാസ ക്രമത്തിന്റെ ഓർമ്മകൾ വീണ്ടും സന്ദർശിക്കാൻ ശ്രമിച്ചു എന്ന് വി.രാജകൃഷ്ണൻ സുഗതകുമാരിയുടെ ''ഏദനിൽ നിന്ന്'' എന്ന കവിത യിൽ മിത്തുകൾക്ക് വ്യാഖ്യാനം നൽകുമ്പോൾ പറയുന്നുണ്ട്.

''കൃഷ്ണനും ഗോപികയും രണ്ട് വ്യത്യസ്തതലങ്ങളെ പ്രതിനിധാനം ചെയ്യുന്നു. പാഴ്ക്കുടിലടച്ചിട്ട് ആനന്ദബാഷ്പം പൊഴിക്കുന്ന രാധ, പ്രേമഭാവത്തെ അറിഞ്ഞിട്ടും അറിയാത്ത ഭാവത്തി ലിരിക്കുന്ന കൃഷ്ണൻ. ഇത് രാധയായി കവിയെത്തന്നെ അവരോധി ക്കുകയും കൃഷ്ണന്റെ ഉള്ളിൽ പ്രതിഷ്ഠിക്കുകയും ചെയ്യുന്ന കവിയുടെ ധന്യാത്മക നിർവൃതിയാണ്. കൃഷ്ണനെ പ്രണയിച്ചിട്ടും വിരഹിണിയായി, ഗോപിക കവിതയിൽ അവതരിക്കുന്നുണ്ട്. 'പ്രണയത്തിന്റെ ആ വിശുദ്ധ

സാത്വികഭാവധാര' സമൂഹചേതസ്സിന്റെ ചില വിഭ്രാന്തികളെ അലിയിച്ചൊഴുക്കിക്കളയാനുതകുമെന്ന് ലീലാവതി അഭിപ്രായപ്പെടുന്നു''[29].

**5.6. ഗാന്ധാരി, സീത:**

ഭാരതീയ പുരാണ സ്ത്രീകഥാപാത്രങ്ങളിൽ സുഗതകുമാരിയെ ഏറെ സ്വാധീനിച്ച ബിംബങ്ങളാണ് സീതയും ഗാന്ധാരിയും. 'പാദപ്രതിഷ്ഠ' എന്ന കവിതയിലെ സീത ഭൂമിയിലേക്ക് അന്തർദാഹം ചെയ്യാൻ വെമ്പി നിൽക്കുന്ന സീതയാണ്. കവിയുടെ ഹൃദയത്തിൽ പണ്ടേ പ്രതിഷ്ഠിച്ച രണ്ട് പാദങ്ങളാണത്.

'പിളരുവാൻ വെമ്പുന്ന ഭൂവിലേയ്ക്കാദ്യമായ്
മറയാനുള്ള പാദങ്ങൾ'
'മതി മതി' യെന്നു പിൻ വാങ്ങുന്ന ശാന്തമാം
മെലിവാർന്ന രണ്ടു പാദങ്ങൾ''[30].

പിളരുവാൻ വെമ്പി നിൽക്കുന്ന ഭൂമിയിലേക്ക് ആദ്യം മറയാനുള്ള പാദങ്ങളെ കവി ഹൃദയത്തിലേക്ക് പ്രതിഷ്ഠിക്കുന്നു. ആ പാദങ്ങൾ ശക്തിയുടെ അടയാളങ്ങളാണ്. കുഞ്ഞുതളയിട്ട പാദങ്ങളോ, കോമളപാദങ്ങളോ, തൃപ്പാദങ്ങളോ മംഗളപാദങ്ങളോ അല്ല മെലിവാർന്ന രണ്ടുപാദങ്ങളാണ് എന്നു കവി പറയുന്നു.

സ്വത്വം വെടിയാത്ത സ്ത്രീ എന്നും നിലനിൽക്കുന്നു. അസ്തിത്വത്തിനു ഇളക്കം തട്ടുമ്പോൾ സ്ത്രീസത്ത ഉയർത്തിപ്പിടിച്ചു കൊണ്ട് അവൾ ലോകം വെടിയുന്നു. കവിതകളിൽ പഴയകാല ഓർമ്മകൾ കടന്നു വരുന്നതിനെക്കുറിച്ച് എൻ.എൻ.കക്കാട് കവിതയും പാരമ്പര്യവും എന്ന ഗ്രന്ഥത്തിൽ ഇങ്ങനെ പറയുന്നു. 'ഗതകാലത്തിന്റെ സവിശേഷമായ

ഒരു ഭാവാംശം തന്റെ കാവ്യത്തിന്റെ ഭാഗമാക്കി ഇഷ്ടഭാവത്തെ ശക്തിപ്പെടുത്താൻ വേണ്ടിയാണ്. പുതിയ കവികൾ പ്രാതഃകാല സംസ്ക്കാരത്തിന്റെ സൂചനകൾ നൽകുന്നതെന്ന് പറയുന്നുണ്ട്''[31]. ഇത് സുഗതകുമാരിക്കവിതകളുടെ ഭാവതലത്തിനു ചേരുന്നതാണ് എങ്കിലും സ്ത്രീത്വത്തെ ചൂഷണത്തിനും പീഡനത്തിനും വിധേയമാക്കുന്ന ആധുനിക സമൂഹത്തിനുള്ള താക്കീതായാണ് കവിതകളിൽ പുരാണ സങ്കൽപ്പം വാർന്നു വീഴുന്നത് എന്ന് കാണാം.

പാദപ്രതിഷ്ഠപോലെ തന്നെ സ്ത്രീഭാവം ഉൾക്കൊള്ളുന്ന മറ്റൊരു കവിതയാണ് 'പെൺകുഞ്ഞ്. ഇതിൽ പിഴച്ചുപെറ്റ കൊച്ചു പൈതലാണ് സീത. അച്ഛനാരെന്നറിയാത്ത സീതയ്ക്ക് പുരാണത്തിൽ സീതയ്ക്ക് അച്ഛനായി വന്ന ജനകനെപോലെ ഒരു അച്ഛൻ വരുമെന്ന പ്രതീക്ഷയുണ്ട്. ഈ സീത ഭൂമിയാണ്. മനുഷ്യകേന്ദ്രിതമായ നിലനിൽപ്പ് ആവശ്യമാകുന്ന ഘട്ടത്തിൽ പ്രകൃതിയെ ചൂഷണം ചെയ്യുന്ന മനുഷ്യൻ അവ ഏൽപ്പിക്കുന്ന ആഘാതങ്ങളെ തിരിച്ചറിയുന്നില്ല. പരിസ്ഥിതിയുമായി ആഴത്തിൽ ബന്ധം പുലർത്തുന്ന കവി ആത്മീയമായ തലത്തിലേക്കാണ് കവിതയുടെ ഒഴുക്കിനെ എത്തിക്കുന്നത്. എല്ലാമാണ് കവിക്ക് പ്രകൃതി. ഭൂമി നഷ്ടപ്പെട്ടാൽ ഇല്ലാതാവുക താനും പ്രകൃതിയും തന്റെ കാവ്യ ചേതനയുമാണെന്ന് കവി തിരിച്ചറിയുന്നു. ഭൂമിക്കും അതിന്റെ ഭാഗമായ പ്രകൃതിക്കും പങ്കുവെക്കേണ്ടി വരുന്നതെന്ന കാഴ്ച്ചപ്പാട് കവി മനസ്സിലുണ്ടാക്കിയ അനുരണനങ്ങളാണ് 'വേലിയേറ്റത്തിൽ' എന്ന കവിതയുടെ ആശയം.

## 5.7. ഗജേന്ദ്രമോക്ഷം

'ഗജേന്ദ്രമോക്ഷം' എന്ന പുരാവൃത്തവും സുഗതകുമാരിയുടെ മനസ്സിനെ കീഴടക്കിയിട്ടുണ്ട്. ഇവിടെയും ആത്മനിന്ദയുടെയും ആത്മഹൂതി യുടെയും കഥയാണ്. കരീന്ദ്രന്റെ വേദന കവിയുടെ വേദനയാണ്. സഹൃദയന്റെ ആന്തരാത്മാവിന്റെ ഓരോ പേശിയേയും അതു വരിഞ്ഞു മുറുക്കും. ബ്രഹ്മാനന്ദമാണ് ആ കൃതിയുടെ അവസാനത്തിൽ അനാവ രണം ചെയ്യപ്പെടുന്നത്. തളർന്ന തുമ്പികൈകൾ ചുറ്റും എന്തിനോ വേണ്ടി തിരയുമ്പോൾ തന്നെ വന്ന് പൊതിയുന്ന ഹരിചന്ദന പരിപാവഗന്ധത്തിൽ നിസ്സർഗ്ഗം കൊള്ളുന്ന ഗജേന്ദ്രൻ നിസ്സഹായനായ മനുഷ്യന്റെ പ്രതീകമാണ്. അനുനിമിഷം മരണത്തിന്റെ അഗാധത സ്ത്രീയുടെ ഇഷ്ടാ നിഷ്ടങ്ങളും സുഖാസുഖങ്ങളും സ്വപ്നഭയങ്ങളും ആപത്ശങ്കകളു മൊക്കെ എന്നിലേക്ക് താണുകൊണ്ടിരിക്കുന്ന ജീവാത്മാവിന്റെ നിസ്സഹാ യതയെ

'പിൻകാലിന്മേൽ പല്ലുകളാഴ്ത്തി
വലിച്ചു വലിച്ചാഴ്ത്തിടും ഭീതിയൊ
ടിഞ്ചിഞ്ചായ് തോൽക്കുമ്പോൾ താഴ്ന്നു
തുടങ്ങുമ്പോൾ – ഓർമ്മിച്ചേൻ നിന്നെ'[31].

എന്ന വരികൾ വ്യഞ്ജിപ്പിക്കുന്നു. അമൃതം കൊണ്ട് കൃതിയെ പ്രതിരോധിക്കുന്ന കവിതയാണ് ഗജേന്ദ്രമോക്ഷം.

തിരസ്കൃതരോടും ചൂഷിതമായ ഭൂമിയുടെയും പക്ഷത്തു നിന്നു ആധിപത്യശക്തികളോടും ജീർണ്ണതയോടും പോരാടുന്ന കവിതകളാണ്

സുഗതകുമാരിയുടേത്. മഴ, പൂക്കൾ, കൃഷ്ണൻ, സീത തുടങ്ങിയ ബിംബങ്ങൾ നിരന്തരം സുഗതകുമാരി കവിതകളിൽ പ്രത്യക്ഷപ്പെടുന്നു. വർത്തമാനകാലസാഹചര്യത്തിൽ ഞാൻ എന്ന പദത്തോടു താദാത്മ്യം പ്രാപിച്ചു കൊണ്ടാണ് കവി രചന നിർവ്വഹിക്കുന്നത്. മണ്ണ് പെണ്ണും സമൂഹ പുനർനിർമ്മിതിയുടെ അടിസ്ഥാന ഘടകങ്ങളായി സുഗതകുമാരി കവിതകളിൽ വർത്തിക്കുന്നു. തുടർന്ന് കടമ്മനിട്ടക്കവിതയിലെ സ്ത്രൈണബിംബങ്ങൾ എപ്രകാരം വിന്യസിച്ചിരിക്കുന്നു എന്നു പഠിക്കുകയാണ് അടുത്ത അധ്യായത്തിൽ. സുഗതകുമാരി കവിതകൾ ആവിഷ്ക്കരിക്കുന്ന ആശയങ്ങളെ ഇങ്ങനെ സംഗ്രഹിക്കാം.

- പ്രകൃതി സാന്നിധ്യം സുഗതകുമാരി കവിതകളിൽ നിറഞ്ഞു നിൽക്കുകയാണ്.
- ഭാരതീയ സമൂഹഅവബോധത്തിലെ കൃഷ്ണബിംബത്തെ കവിത കളിൽ ആവിഷ്ക്കരിക്കുന്നു.
- സ്ത്രീ തന്റെ ശക്തി വിശേഷത്തെ തിരിച്ചറിഞ്ഞ് അതിനെതിരെ പ്രതികരിക്കുന്നത് കവിതകളിൽ വായിച്ചെടുക്കാം.
- സ്ത്രീയും പ്രകൃതിയും പ്രകൃതിവിഭവങ്ങളും നിരന്തരം കൊള്ളയടി ക്കപ്പെടുന്നതിലെ വിഷാദം സുഗതകുമാരി കവിതകളിലെ പ്രമേയമാണ്.
- പ്രകൃതിസത്തയും സ്ത്രീസത്തയും ഒന്നാണെന്ന ആശയം കവിതകളിൽ കാണാം.
- സ്ത്രീയവസ്ഥകളെ പുരുഷമേൽക്കോയ്മയിൽ നിന്ന് തിരിച്ചറിയാൻ കവിതകളിൽ സുഗതകുമാരി മിത്ത് ഉപയോഗപ്പെടുത്തുന്നു.

## കുറിപ്പുകൾ

1. സച്ചിദാനന്ദൻ, 'ആധുനിക കവിതയിലെ ആധുനികതയും കവിതയും കുരുക്ഷേത്രം കവിതാപഠനങ്ങൾ', പുറം.12.
2. സുഗതകുമാരി; 'സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം', പുറം.25.
3. ,, പുറം.87.
4. നരേന്ദ്രഭൂഷൺ, 'ചതുർവ്വേദ സംഹിത', പുറം 222.
5. സുഗതകുമാരി; 'സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം', പുറം.36.
6. ,, പുറം 505.
7. ,, പുറം 531.
8. ,, പുറം 529.
9. ,, പുറം 235.
10. ,, പുറം 21.
11. ,, പുറം 87.
12. ,, പുറം 96.
13. ,, പുറം 274.
14. ,, പുറം 108.

15. ലീലാവതി.എം; 'അമ്പലമണി അവതാരിക', പുറം 50.

16. സുഗതകുമാരി ; സുഗതകുമാരി കവിതകൾ സമ്പൂർണ്ണം, പുറം 288.

17. ,, പുറം 420.

18. ,, പുറം 528.

19. ,, പുറം 521.

20. ,, പുറം 106.

21. ,, പുറം 145.

22. ,, പുറം 617.

23. ജമാൽ കൊച്ചങ്ങാടി, 'മിത്തുകൾ എന്നാൽ', സാഹിത്യ ലോകം ബുക്ക് 23. വാള്യം 5.

24. ജാൻസി ജെയിംസ് 'ഫെമിനിസം', പുറം 21.

25. സച്ചിദാനന്ദൻ; 'കവിതാപഠനങ്ങൾ', പുറം.20.

26. രാമകൃഷ്ണൻ.ഇ.വി; 'തക്ഷക ബിംബം. ആധുനിക കവിതയിൽ', പുറം 46.

27. സുഗതകുമാരി; 'സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം', പുറം. 741.

28. ,, പുറം 750.

29. ലീലാവതി.എം; 'മലയാള കവിതാ സാഹിത്യചരിത്രം', പുറം 92.

30. സുഗതകുമാരി; 'സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം', പുറം 615.

31. കക്കാട്.എൻ.എൻ; 'കവിതയും പാരമ്പര്യവും', പുറം 17.

32. സുഗതകുമാരി; 'സുഗതകുമാരി കവിതകൾ സമ്പൂർണ്ണം', പുറം 757.

# അധ്യായം – 6

# സ്ത്രൈണതയുടെ ഭിന്നരൂപങ്ങൾ

# – കടമ്മനിട്ട കവിതകളിൽ

ആയിരത്തിതൊള്ളായിരത്തി എഴുപതുകളോടെ മലയാള കവിതയിൽ ആധുനികതയുടെ തീവ്രസ്വരം കേൾപ്പിച്ച കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. മലയാള കവിതയുടെ പാരമ്പര്യധാരകളിൽ പ്രാമുഖ്യം പാട്ടുകൾക്കായിരുന്നു. അനുഷ്ഠാനപരമായും അല്ലാതെയും പാടിയവതരിപ്പിക്കുന്നവായായിരുന്നു അവയിലേറെയും. ചെറുശ്ശേരിയും, കുഞ്ചൻനമ്പ്യാരും, എഴുത്തച്ഛനും, ഉണ്ണായിവാര്യരും പൂന്താനവും ഈ പാട്ടു പാരമ്പര്യത്തിൽ തങ്ങളുടേതായ സംഭാവനകൾ നൽകിയവരാണ്.

അച്ചടിയും പുസ്തക നിർമ്മാണവും വ്യാപകമായതോടെ പാട്ടുപാരമ്പര്യത്തിന്റെ പ്രായോഗിക സാധ്യതകൾ അച്ചടിത്താളുകളിലെ അക്ഷരങ്ങളിലേക്ക് വഴിമാറി. ഇരുപതാം നൂറ്റാണ്ടിലെത്തുമ്പോഴേക്കും ദ്രാവിഡശീലുകൾക്ക് പ്രാധാന്യം കൈവന്നു. വള്ളത്തോൾ ദ്രാവിഡ വൃത്തങ്ങൾക്കും ചങ്ങമ്പുഴ നാടോടി ശീലുകൾക്കും പ്രാധാന്യം നൽകി രചിച്ച കവിതകൾ ശ്രദ്ധേയമായി. ആധുനികതയുടെ കടന്നു കയറ്റം പുതിയ ഭാവുകത്വ പരിസരത്തിനു വഴിയൊരുക്കി.

മലയാളത്തിന്റെ തനതായ ചൊല്ലിയാട്ട പാരമ്പര്യം വിവര സാങ്കേതിക വിദ്യയുടെ കടന്നു വരവോടെ ഏറെക്കൂറെ അപ്രത്യക്ഷമായി ക്കഴിഞ്ഞ കാലഘട്ടത്തിലാണ് കവിത ചൊല്ലി കേൾപ്പിച്ചു കൊണ്ട് കടമ്മനിട്ട കടന്നു വരുന്നത്. ജനതയുടെ ആത്മബോധമുണർത്താൻ പര്യാപ്തമായിരുന്നു കടമ്മനിട്ടയുടെ കവിത ചൊല്ലൽ.

‘‘കടമ്മനിട്ടക്കാവിലെ പടയണിയനുഷ്ഠാനത്തിൽ സ്വാംശീകരിച്ച ഗോത്രകലാ സംസ്ക്കാരത്തോട് ബന്ധപ്പെട്ട ഉൾക്കാഴ്ച്ച, മാർക്സിയൻ ദർശനത്തോടുള്ള ആഭിമുഖ്യം, അയ്യപ്പപണിക്കരിൽ നിന്നും ചിത്രകാര

നായ കെ.സി.എസ്.പണിക്കരടക്കമുള്ള കലാകാരന്മാരിൽ നിന്നും പകർന്നു കിട്ടിയ കലാസിദ്ധാന്തങ്ങൾ തുടങ്ങിയവയും കടമ്മനിട്ടയുടെ കവി സ്വത്വത്തിനു പ്രചോദനം നൽകിയിട്ടുള്ള സുപ്രധാന ഘടകങ്ങളാണ്''[1] എന്ന ആർ.സുരേഷിന്റെ അഭിപ്രായം കടമ്മനിട്ടക്കവിത കളുടെ അന്തർധാര മനസ്സിലാക്കാൻ പര്യാപ്തമാണ്. മാർക്സിയൻ ദർശനത്തോട് ആഭിമുഖ്യം പുലർത്തുമ്പോഴും അബോധത്തിൽ പ്രകൃതിയുടെ വിവിധ ഭാവങ്ങളെ കാവ്യപാത്രങ്ങളായി കടമ്മനിട്ട കാണാൻ ശ്രമിക്കുന്നുണ്ട്. പരിസ്ഥിതിയും സ്ത്രീയും ഏകമാനമായ ആശയമാണെന്നും, മാനുഷ്യ പ്രകൃതികളിലൂടെ വന്യപ്രകൃതികളെ തിരിച്ചറിയേണ്ടിയിരിക്കുന്നുവെന്നും കടമ്മനിട്ട കവിതകളിലൂടെ വിളിച്ചു പറയുന്നു.

കടമ്മനിട്ട കവിതകളിലെ സ്ത്രീ, പ്രകൃതി ഭാവങ്ങളെ പാരിസ്ഥിതിക സ്ത്രീവാദചിന്തയുടെ അടിസ്ഥാനത്തിൽ പഠിക്കുകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്.

കടമ്മനിട്ടയുടെ കവിതകളിലെ പ്രധാന പ്രമേയങ്ങൾ സ്ത്രീയു ടെയും പ്രകൃതിയുടെയും വ്യത്യസ്തഭാവങ്ങൾ ഉൾക്കൊള്ളുന്നതാണ്. സമൂഹത്തിന്റെ നാട്യത്തെ തിരിച്ചറിയാൻ കണ്ണുകൾ കൈവന്നതിന്റെ സൂചനയാണ് ഞാൻ എന്ന കവിത. കാല്പനികാംശത്തെ നിലനിർത്തി കൊണ്ട് മാംസനിബദ്ധമല്ലാത്ത ആദർശ പ്രേമത്തെ സൂചിപ്പിക്കുന്ന കവിതയാണ് ഇരുട്ട്. സ്ത്രീയെന്ന യഥാർത്ഥ്യം ഇരവിൻ മരവിപ്പു മാറ്റാനുള്ള വസ്തുവായി മാറുന്നു. പകലിനേക്കാൾ സത്യത്തിന്റെ സാന്നിധ്യത്താൽ രാത്രി കനത്തതാണെന്ന് വക്താവു തിരിച്ചറിയുന്നു.

പടയണിപ്പാട്ടിന്റെ താളത്തിൽ രചിച്ച കവിതയാണ് 'ഒരുപാട്ട്'. ഭഗവതിക്കാവിന്റെ അവതരണത്തോടെ തുടങ്ങുന്ന ഒരു പാട്ട് എന്ന കവിത കഴിഞ്ഞ കാലങ്ങളിലെ പ്രകൃതിയെക്കുറിച്ചും, പടണിയുടെ പ്രപഞ്ചത്തെ ക്കുറിച്ചും വരാൻ പോകുന്ന പ്രകൃതിയുടെ സാംസ്ക്കാരിക കൂട്ടായ്മ നിലനിർത്തുന്ന ഉത്സവങ്ങളുടെ (പടയണി) നാശത്തെക്കുറിച്ചും സൂചന നൽകുന്നു.

'ഞാനും തെണ്ടിയും' എന്ന കവിത അധികാരത്തിന്റെയും അസമത്വത്തിന്റെയും വൈരുദ്ധ്യങ്ങളെ സൂചിപ്പിക്കുന്നു. പിച്ചക്കാരൻ ദൈന്യത്തോടെ കൈനീട്ടിയിരിക്കുന്നതും അതുകണ്ട് പിച്ചക്കാരന്റെ കരണത്ത് കൈനീട്ടി തല്ലുകൊടുക്കുന്നതുമായ കവിയെ ഈ കവിതയിൽ കാണാം.

താറും കുറ്റിച്ചൂലും സംസ്കാരം കെട്ടിപ്പൊക്കിയ വിശ്വാസങ്ങളുടെ മണിമേടകൾ തകർത്തു മുന്നേറാൻ താറടിക്കാൻ ആഹ്വാനം ചെയ്യുന്ന കവിതയാണ് 'താറും', 'കുറ്റിച്ചൂലും' സഭ്യതയുടെ ചട്ടങ്ങൾ അംഗീകരിക്കുന്ന ഒരാൾക്ക് നിഷിദ്ധമാണ്. അരുതുകളാണ് താറ്, കുറ്റിച്ചൂല് എന്നിവ. 'സഭ്യതയുടെ കപട നാട്യങ്ങൾക്കെതിരെ ചീറിപ്പായുന്ന കൊടുങ്കാറ്റാണ് കടമ്മനിട്ടയുടെ കവിത'[2] എന്ന ഗുപ്തൻനായരുടെ അഭിപ്രായം ഏറ്റവും യോജിക്കുന്നത് ഈ കവിതക്കാണ്. മനുഷ്യന്റെ ഉള്ളിലുള്ള കാമത്തെ ബീഡി കൊളുത്തി വലിച്ചു കൊണ്ട് കാമത്തിനായി ചിതയൊരുക്കുന്ന കവിതയാണ് 'ചിത'. ഉലകാകുന്ന ജയിലിന്റെ സൗന്ദര്യത്തെക്കുറിച്ച് പറയുന്ന കവിതയാണ് 'ജയിൽ'. മനസ്സിന്റെ ജയിലിൽ സ്വയം ചങ്ങലയണിഞ്ഞ് കിടക്കുന്നവന്റെ ലോകമാണത്. ഗൃഹാതുരത്വം പേറുന്ന ഓർമ്മകളെ അയവിറക്കുന്ന കവിതയാണ്

'ഓർമ്മയുടെ വാതിലിൽ'. ഗ്രാമ നഗര സംഘർഷങ്ങളുടെ ചരിത്രം തേരോടിച്ചുപോയ സംസ്കാരത്തിന്റെ കഥ പറയുന്ന കവിതയാണ് 'നഗരത്തിൽ'. ആദർശവത്കൃതമായ ഗ്രാമത്തെ വാങ്മയ ചിത്രമായി ഇതിൽ അവതരിപ്പിക്കുന്നു. കാട്ടിക്കൂട്ടലുകളുടെയും പച്ചപരിഷ്കാരങ്ങളു ടെയുമിടയിൽ അമ്മ എന്ന ദേവിയെ പൂജ ചെയ്യാൻ മറക്കുന്ന ഒരു വർഗ്ഗത്തെ കാണിക്കുന്നു. 'മാമ്പൂക്കൾ' എന്ന കവിത. സ്വന്തം ആത്മീയത പ്രകടമായിട്ടുള്ള ഈ കവിതയിൽ മാമ്പൂക്കളെ പൈതങ്ങളായി കൽപ്പിച്ചിരിക്കുന്നു. ആത്മീയതയിലേക്ക് ശ്രദ്ധ തിരിക്കുന്ന മറ്റൊരു കവിതയാണ് ശരശയ്യ. തള്ളക്കോഴി അതിന്റെ കുഞ്ഞിനു നൽകുന്ന ഉപദേശങ്ങൾ 'കോഴി' എന്ന കവിതയിൽ കാണാം. അമ്മയുടെ മക്കളോടുള്ള സ്നേഹത്തെ കാണിക്കുന്ന ഈ കവിതയിൽ പ്രതിഷേധി ക്കാനോ, പ്രതിരോധിക്കാനോ കരുത്തില്ലാത്ത അമ്മയെ കാണാം. അതോടൊപ്പം മാതൃത്വത്തിന്റെ മഹത്വം കൂടി ഈ കവിത കാഴ്ചവെക്കു ന്നുണ്ട്. കോഴി എന്ന കവിതയോടുകൂടി മാതൃത്വത്തിന്റെ പ്രമേയം കടമ്മനിട്ട എന്ന കവിതയിലേക്ക് അതിന്റെ നിറക്കൂട്ടുകൾ ചൊരിയാൻ തുടങ്ങുന്നു[3] എന്ന നരേന്ദ്രപ്രസാദിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. ദേശത്തിന്റെയും വ്യക്തിയുടെയും സങ്കടങ്ങളെ വാക്കുകളിലൂടെ ആവിഷ്ക്കരിച്ച് ഇല്ലായ്മകളും വല്ലായ്മകളും നന്മ തിന്മകളും വരച്ചു വെക്കുന്ന കവിതയാണ് കടമ്മനിട്ട. മനുഷ്യന്റെ സർഗ്ഗശക്തിയുടെ വികാസചരിത്രത്തെ പ്രതിപാദിക്കുന്ന കവിതയാണ് 'കാട്ടാളൻ' പ്രകൃതി മാതാവിൽ അഭയം പ്രാപിക്കുന്ന കാട്ടാളൻ മനുഷ്യവർഗ്ഗത്തിന്റെ അടിമകളുടെ സ്വാതന്ത്ര്യത്തിനുള്ള ദാഹമായാണ് കവിതയിൽ പ്രത്യക്ഷ പ്പെടുന്നത്. കിരാതവൃത്തം എന്ന കവിതയിലെത്തു മ്പോഴേക്കും അടിച്ചമർ ത്തപ്പെട്ട അടിമവർഗ്ഗം ഉയിർത്തെഴുന്നേൽക്കുന്ന കാഴ്ച കാണാം.

കടമ്മനിട്ട എന്ന കവിയുടെ വളർച്ചയുടെ തുടക്കം ഈ കവിതയിൽ കാണാം. 'അടിച്ചമർത്തപ്പെട്ട അടിമവർഗ്ഗം ഉയിർത്തെഴുന്നേറ്റു ക്രോധാവിഷ്ടമായി പ്രതികാരാഗ്നി ജ്വലിപ്പിച്ചുകൊണ്ട് അലറി വരുമ്പോഴുള്ള അവസ്ഥയാണ് കിരാതവൃത്തത്തിലെ ഭാവതലം'[4]. അടിമ യുടെ ഉയർച്ച സൂചിപ്പിക്കാൻ കവി നെഞ്ചത്തു പന്തം കുത്തിനിൽക്കുന്ന കാട്ടാളനെ ആവിഷ്ക്കരിക്കുന്നു. ഭൂമിയുടെ നിലനിൽപ്പിനു വേണ്ടിയുള്ള ആഹ്വാനമാണ് സ്വർണ്ണനാഗങ്ങൾ എന്ന കവിത. ശ്രുതി, യുക്തി, അനുഭവം, ഞാൻ, കിളിപ്പാട്ട് എന്നീ അഞ്ചു ഭാഗങ്ങളായി വിഭജിച്ചിരിക്കുന്ന പുരുഷ സൂക്തം എന്ന കവിത പുരുഷ പ്രകൃതിയുടെ നയ പ്രഖ്യാപനമാണ്. ഭൂമി, പ്രകൃതി, മനുഷ്യൻ എന്നിവയുടെ ഉദ്ഭവത്തിനു നിദാനമായ ദിവ്യസംഗമം പരാമർശിക്കുന്ന കവിത കൂടിയാണിത്.

ഗ്രാമവും നഗരവും കടമ്മനിട്ട കവിതയിൽ ഇടയ്ക്കിടെ ആവർത്തിക്കുന്ന ദ്വന്ദ്വങ്ങളാണ്. ഗ്രാമത്തിന്റെ അവസ്ഥാവി പര്യായങ്ങളിൽ ആത്മപുച്ഛവും രോഷവും കലർന്ന മനസ്സോടെ സഞ്ചരിക്കുന്ന ഗ്രാമീണനെ 'ഞാനിന്നുമെന്റെ ഗ്രാമത്തിലാണ്' എന്ന കവിതയിൽ കാണാം. ഗ്രാമത്തിൽ നിന്നു കിട്ടുന്ന നല്ല മൂല്യബോധങ്ങൾ കൈമോശം വന്ന നാഗരികന്റെ കഥയാണ് 'കടിഞ്ഞൂൽപൊട്ടൻ' എന്ന കവിതയിൽ കവി വരച്ചിടുന്നത്. നഗരസംസ്കൃതിയുടെ നാശത്തെ സൂചിപ്പിക്കുന്ന 'നഗരത്തിൽ പറഞ്ഞ സുവിശേഷം' എന്ന കവിത പ്രകൃതിയുടെ ആദിമതയിലേക്ക് മനുഷ്യൻ ചെന്നെത്തേണ്ടുന്ന ആവശ്യകതയെ സൂചിപ്പിക്കുന്നു. സഹനത്തിന്റെയും വിധേയത്വത്തിന്റെയും ചിഹ്നമായ പശു പരിഹാസ പ്രയോഗമായി ഈ കവിതയിൽ കടന്നു വരുന്നു. ദുരിതങ്ങളുടെ അഴുക്കുചാലിലേക്ക്

തള്ളിയിട്ടുന്നതിലും ഭേദം ജനിപ്പിക്കാതിരിക്കുന്നതാണ് നല്ലതെന്ന് പുഴുങ്ങിയ മുട്ടകൾ (1972) എന്ന കവിതയിൽ കവി പറയുന്നു.

കുട്ടികളുടെ ഓർമ്മകളും, മൂല്യങ്ങളും ആവിഷ്ക്കരിക്കുന്ന കവിതകളാണ് 'പൂവുതേടി പോയ അഞ്ചു കുട്ടികളുടെ കഥ', കുഞ്ഞേ മുലപ്പാൽ കുടിക്കരുത്, മറ്റനോട് എന്നിവ ആരെയും വിശ്വസിക്കാൻ കൊള്ളാത്ത ഈ ലോകത്തിൽ വിശ്വസിക്കാവുന്ന ഒന്ന് ഭൂമിയുടെ ഗർഭപാത്രത്തിലേക്ക് പോവുകയാണെന്ന് ഈ കവിതകൾ സാക്ഷ്യ പ്പെടുത്തുന്നു.

കടമ്മനിട്ട 1976 ൽ എഴുതിയ പ്രഭാതം ജീവിത സങ്കല്പം, പ്രണയം എന്നീ മുഷ്യാവസ്ഥകളുടെ പരിവർത്തനത്തെക്കുറിച്ചുള്ള ആധികൾ പ്രകടിപ്പിക്കുന്ന കവിതയാണ്. കിളിയുടെ നിർത്താതെയുള്ള ചോദ്യ ങ്ങളും ഉത്തരങ്ങളും അവതരിപ്പിക്കുന്ന 'ഞാനും കിളിയും' എന്ന കവിത കവിയുടെ ജീവിതദർശനം വെളിവാക്കുന്നതാണ്. ആധുനിക കാലത്ത് മനുഷ്യന് ഇല്ലാതെ പോകുന്ന മൂല്യങ്ങളെ ഓർമ്മപ്പെടുത്തുന്ന കവിതയാണ് 'നല്ല വാക്കോതുവാൻ ത്രാണിയുണ്ടാകണം' എന്നത്. മാതാപിതാക്കളും ഗുരുക്കന്മാരും പകർന്നു നൽകുന്ന നല്ല വശങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കാൻ കഴിയാത്തതിന്റെ സങ്കടം ഈ കവിതയിൽ ഇടം നേടുന്നു.

കോഴി (1967), ശാന്ത, കുറത്തി എന്നിവ മാതൃബിംബങ്ങളുടെ സാന്നിധ്യത്താൽ ശ്രദ്ധേയമാണ്. കാട്ടാളൻ കിരാത വൃത്തം എന്നീ കവിതകളും സ്ത്രൈണപരാമർശങ്ങൾ കടന്നുവരുന്ന കവിതകളാണ്. ചുരുക്കത്തിൽ കടമ്മനിട്ടയുടെ കവിതയെ നാടൻപാട്ടിന്റെ ഭാഷയും

താളസത്തയും ആധുനികതയുടെ വിഷയവും കൈകാര്യം ചെയ്യുന്ന ആഖ്യാനരൂപങ്ങളാണെന്നു പറയാം.

**6.1. കാർഷികവൃത്തി – കോഴി**

സ്വന്തം മക്കളെക്കുറിച്ച് ചിന്തിക്കുകയും അവരോടുള്ള സ്നേഹ ക്കൂടുതൽ കൊണ്ട് ശുഭപ്രതീക്ഷകൾ വെച്ചു പുലർത്തുകയും ചെയ്യുന്ന 'കോഴി' എന്ന കവിത തള്ളക്കോഴി കുഞ്ഞിനു നൽകുന്ന ഉപദേശ രൂപത്തിലാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്. ദുരന്തകഥയുടെ പ്രതീതി ജനിപ്പിക്കുന്ന 'കോഴി' എന്ന കവിത മാതൃബിംബത്തിലധിഷ്ഠിതമാണ്. കാലങ്ങളായി പീഢനത്തിനിരയാവുന്നവരുടെ അമ്മമാരുടെ കഥപറയുക യാണീ കവിതയിൽ കവി ചെയ്യുന്നത്. അടിമവർഗ്ഗത്തിന്റെ കഥ, പ്രായപൂർത്തിയായ മകൾക്ക് അമ്മ നൽകുന്ന ഉപദേശം എന്നീ രണ്ടു തലങ്ങൾ ഈ കവിതയിൽ ആവിഷ്കൃതമായിട്ടുണ്ട്. ഫ്യൂഡൽ സമൃദ്ധിയുടെ ബിംബങ്ങളും പദാവലികളും കൊണ്ട് സമ്പന്നമാണ് കോഴി എന്ന കവിത. 'പണിമുറ്റം കളപ്പുരമുറ്റം' എന്ന കോഴിയുടെ പ്രസ്താവന കാർഷിക വ്യവസ്ഥിതിയുമായി ബന്ധപ്പെട്ടതാണ്. കളപ്പുര കാർഷിക വൃത്തിയുടെ സൂചകമാണ്. ഗോത്രസമൂഹത്തിൽ ഒന്നിച്ചു കഴിഞ്ഞ കാലത്തും കൃഷി ഉണ്ടായിരുന്നു. എങ്കിലും ഇന്നതിന് വ്യതിചലനം സംഭവിച്ചു.

ഭൂമിയിൽ കൃഷി ഇറക്കി വിളവെടുപ്പു നടത്താനും കൃഷിയെ ആരാധിക്കുന്ന ഒരു കൂട്ടർ സന്നദ്ധരായി. കളപ്പുര കോഴിയുടെ അന്നദാതാ വാകുന്നത് അങ്ങനെയാണ്. കൃഷി ഉത്പന്നങ്ങൾ വേണ്ടും വിധം പരിപാലിക്കാൻ നിർമ്മിച്ചതാണ് കളപ്പുര. 'കോഴിയിൽ പ്രാചീന കർഷക

ഗ്രാമത്തിന്റെ ചിത്രണമുണ്ട്. കൃഷിയെ ആശ്രയിച്ചു കഴിഞ്ഞ ഒരു സമൂഹത്തിന്റെ ദൈനംദിന ജീവിതവും പ്രണയ സങ്കല്പവും അദ്ധ്വാന മുഹൂർത്തങ്ങളും തള്ളക്കോഴിയുടെ ചരിത്രകഥനത്തിൽ നിന്നും ഉരുത്തിരി യുന്നു'[5] എന്നു സുരേഷ് കടമ്മനിട്ടയിലേക്കൊരു നടപ്പാത എന്ന പുസ്തകത്തിൽ രേഖപ്പെടുത്തുന്നുണ്ട്. ഇതിലും പ്രാചീന കർഷക ഗ്രാമത്തിന്റെ ചിഹ്നം കളപ്പുര മുറ്റവും തറവാടും മറ്റുമാണ്. ചുറ്റും കെട്ടിയ മുൾവേലികൾക്കുള്ളിൽ കഴിയാൻ വിധിക്കപ്പെട്ട കോഴികൾ ഫ്യൂഡൽ കാലഘട്ടത്തിന്റെ ചൂഷണ സ്വഭാവത്തെ അടിവരയിടുന്നതാണ് പ്രഭാതത്തിൽ പ്രകൃതിയേയും മനുഷ്യരെയും വിളിച്ചുണർത്തുന്നവരാണ് കോഴികൾ. സ്ത്രീകളുടെ വളർത്തു പക്ഷികളാണ് അവർ തള്ളക്കോഴി എന്ന പ്രയോഗം പ്രാബല്യത്തിലുണ്ടെങ്കിലും തന്തക്കോഴി എന്ന പദം അത്ര പ്രചാരമുള്ളതല്ല. അതുകൊണ്ട് തന്നെ പുരുഷാധിഷ്ഠിത സമൂഹത്തിലെ സ്ത്രീയവസ്ഥയെയാണ് കോഴി എന്ന കവിത സൂചിപ്പിക്കുന്നത്. സ്ത്രീ സ്വാതന്ത്ര്യത്തെ തേടുന്ന കോഴി സ്ത്രീയായി ജീവിക്കാൻ മകൾക്ക് ഉപദേശം കൊടുക്കുന്നു. ആരോ പണ്ടു മെനഞ്ഞ കഥ പറഞ്ഞു കൊണ്ടാണ് മക്കൾക്കുവേണ്ടി ജീവിക്കുന്ന കോഴി സ്ത്രീയായി ജീവിക്കാൻ മക്കൾക്ക് ഉപദേശം കൊടുക്കുന്നത്.

> 'പെണ്ണുതോൽക്കുന്നു? തോൽക്കയോ ? അല്ല
> കണ്ണിപൊട്ടാതെ കാക്കുന്ന ശക്തി'[6]

'വംശത്തിന്റെ കണ്ണി പൊട്ടാതെ കാക്കുന്ന കരുത്താണ് അവൾ. അങ്ങനെ മക്കളെ വിരിയിച്ച കോഴിയമ്മക്കും കുഞ്ഞുങ്ങൾ നഷ്ടപ്പെട്ടതിന്റെ കഥ പറയാൻ തുടങ്ങുമ്പോൾ മുതൽ അവളുടെ മുഖത്ത് അടിമവർഗ്ഗത്തിന്റെ

മുഖം തെളിയുന്നു''[7] എന്ന ലീലാവതിയുടെ അഭിപ്രായം കോഴിയുടെ അസ്തിത്വത്തെ അടിവരയിടുന്നതാണ്.

ഒരു ദിവസം കൂടിയെ തള്ളക്കോഴിയുടെ അടുത്തു മക്കൾക്കു സുരക്ഷയുള്ളു. അമ്മയുടെ ഉപദേശത്തിലൂടെ മക്കൾ നാളെയൊരു ജീവിതം തുടങ്ങണം. തള്ളക്കോഴിയുടെ മനസ്സിലുണ്ടാകുന്ന വിചാരങ്ങളിൽ ഭൂതകാലത്തിലെ ആദർശരൂപവും, വർത്തമാനകാലത്തിലെ അനിശ്ചിതത്വവും ഭീതിയും എല്ലാം ഇടം പിടിക്കുന്നു. പാരമ്പര്യത്തെയും, സ്ത്രീത്വത്തെയും ലൈംഗികതയേയും ആന്തരികാർത്ഥത്തിൽ ഈ കവിത ആവിഷ്ക്കരിക്കുന്നുണ്ട്.

പണ്ടീമുറ്റം കളപുരമുറ്റം എന്ന വരികളിൽ ഫ്യൂഡൽ കാലഘട്ടത്തിന്റെയും, പൂതിതോന്നിയടിപ്പെട്ടു ഞാനും എന്ന വരികളിൽ ലൈംഗിതകതയുടെയും, 'ഞാനൊരമ്മയായ് മാറി' എന്ന വരികളിൽ മാതൃത്വത്തിന്റെയും സൂചനകൾ ഉണ്ട്. കാർഷിക സംസ്കാരത്തിന്റെ മധുര സ്മരണകളാണ് കോഴി അയവിറക്കുന്നത്. പ്ലാവിൻ ചുവട്ടിൽ നീട്ടിപാടി മയങ്ങിയിരുന്ന കോഴിയെ സമയമായപ്പോൾ തള്ളക്കോഴിയുടെ അമ്മ കൊത്തിയകറ്റി. എന്നാൽ വർത്തമാനകാലവസ്ഥ ദയനീയമാണ് എന്നു കോഴി അറിയുന്നു. സ്വതന്ത്രരായി നടക്കാൻ അവർക്ക് സാധിക്കുന്നില്ല. തന്റെ ചിറകിന്റെ കീഴിൽ കുഞ്ഞുങ്ങളെ സുരക്ഷിതരായി നിർത്താനാണ് തള്ളക്കോഴി വ്യഗ്രതപ്പെടുന്നത്.

മാതൃഭാവത്തിന്റെ സൂചനകളാണ് കവിതയിലധികവും കാണാനാകുക. പുരുഷവർഗ്ഗം കല്പിച്ചു കൊടുത്ത അതിരുകളും വേലിക്കെട്ടുകളും ലംഘിച്ച് സ്വജീവിതം സുരക്ഷിതമാക്കേണ്ടതിന്റെ, അത് ആർജ്ജിച്ചെടുക്കേ

ണ്ടതിന്റെ തന്ത്രങ്ങളാണ് കോഴി എന്ന കവിതയിൽ നിഴലിക്കുന്നത്. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ നിർവചനങ്ങൾക്കകത്തു നിന്നുകൊണ്ട് ഈ കവിതയെ വായിക്കുമ്പോൾ പ്രത്യക്ഷത്തിലൊരു ചെറുത്തു നിൽപ്പോ വർഗ്ഗസമര ചൂഷണങ്ങളോ അല്ല മാതൃബിംബത്തിലധിഷ്ഠിതമായ കാർഷിക വ്യവസ്ഥയിൽ ചുറ്റപ്പെട്ട വർഗ്ഗത്തിന്റെ ആദികാല ആവിഷ്ക്കാര ങ്ങളാണ് നല്ല വായനക്കാരനു കാണാൻ കഴിയുക.

### 6.2. മാതൃസങ്കൽപ്പം - കുറത്തി

മാതൃബിംബമെന്ന നിലയിൽ പ്രാധാന്യമുള്ള കവിതയാണ് 'കുറത്തി' ആദിമ ജനതയുടെ പ്രതിനിധിയായും സമകാലിക സമൂഹത്തിന്റെ ഞെട്ടിക്കുന്ന സത്യമായും കുറത്തി നിറഞ്ഞാടുമ്പോൾ മാനവികജനതയുടെ മനസ്സുകളിൽ ശരിതെറ്റുകളെ കുറിച്ച് ചിന്ത ഉയരുന്നു. കുറത്തി ചോദ്യചിഹ്നമായി മനസ്സിലവശേഷിക്കുന്നു. കടമ്മനിട്ട കുറത്തിയെ അവതരിപ്പിക്കുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. പ്രകൃതിയുടെ വന്യതയിൽ നിന്നാണ് കുറത്തി എത്തുന്നത്. വിണ്ടുകീറിയ നെഞ്ചുമായി വെന്തമണ്ണിൽ വീറുപോലെ എത്തുന്ന കുറത്തി മാതാവ് തന്നെയാണ്. കരനാഥന്മാർ കരയിലെ മനുഷ്യരും. മനുഷ്യരും പ്രകൃതിയും തമ്മിലുള്ള വാഗ്വാദമാണ് കുറത്തി എന്ന കവിത. കുറത്തി, കറുത്തമക്കൾ, ഉഴവുചാൽ കീറുന്നവർ, അടിമകൾ, ഹരിജനങ്ങൾ, ദരിദ്ര ദൈവങ്ങൾ എന്നിങ്ങനെ കവിതയിൽ സൂചിതമാകുന്ന വേരുകൾ കുറത്തിയുടെ വംശത്തിൽപെട്ടവരും, കരനാഥന്മാർ, നിങ്ങൾ, ഭരണകൂടം, കൽത്തുറങ്ക്, ലോഹനീതി എന്നീ പ്രയോഗങ്ങൾ മേലാള വർഗ്ഗത്തെയും പ്രത്യക്ഷമായി പരാമർശിക്കുന്നു. അധികാര ബന്ധങ്ങളെ വെല്ലുവിളിക്കുന്ന കുറത്തി എന്ന കവിത, അധികാരത്തോടുബന്ധപ്പെടുത്തിയാണ് പ്രകൃതി/സ്ത്രീ ചൂഷണം

സമൂഹത്തിൽ നിലനിൽക്കുന്നതെന്നു പറയുന്നു. ''മർദ്ദിതവർഗ്ഗത്തിന്റെ ക്രോധമിരമ്പുന്ന ശക്തിഗാഥയാണ് കടമ്മനിട്ട രാമകൃഷ്ണന്റെ കുറത്തി''[8] എന്ന വി.സി.ശ്രീജന്റെ നിരീക്ഷണം ശ്രദ്ധേയമാണ് കവിതയുടെ ആന്തരികതലം ആദർശവൽക്കരിക്കുന്നത് അടിമ ഉടമ ബന്ധത്തിന്റെ വിശ്വസ്തതയെയാണ്. പൊട്ടിത്തെറിക്കുന്ന അടിമവർഗ്ഗത്തിന്റെ പ്രതിനിധി യാണ് കുറത്തി.

''നിങ്ങളെന്റെ കറുത്തമക്കളെ ചുട്ടുതിന്നുന്നോ?

നിങ്ങളവരുടെ നിറഞ്ഞ കണ്ണുകൾ ചൂഴ്ന്നെടുക്കുന്നോ ?[9]

എന്ന ചോദ്യം കരനാഥനാഥന്മാരുടെ നേരെ ചോദിക്കുന്നു. ദൃക്സാക്ഷി വിവരണം പോലെയാണു കാവ്യാരംഭം. ഇതിൽ കുറത്തിയുടെ ദൃശ്യബിംബം ഒരേ സമയം പീഡിതവും വ്രണിതവുമായ അവസ്ഥയെയും സംഹാരാത്മകതയെയും പേറുന്നു. 'വേട്ട നായ്ക്കളുടെ പല്ലിൽ നിന്നും വീണ്ടും കീറിയ നെഞ്ചുമായി എത്തുന്ന കുറത്തി ദലിത കീഴാള സ്വത്വങ്ങളുടെ അനുഭവമല്ല തലമുറകളിലായി നിലനിന്നിരുന്ന മർദ്ദനം പിൻതലമുറകളിൽ പ്രത്യക്ഷമാകുന്നതു പണ്ടത്തെ പീഡനരംഗങ്ങളുടെ വേദനിപ്പിക്കുന്ന ഓർമ്മകളായിട്ടല്ല, അപകർഷതയുടെയും ആത്മവിശ്വാസ രാഹിത്യത്തിന്റെയും രൂപത്തിലാണ്''[10] എന്ന് വി.സി.ശ്രീജൻ പറയുന്നുണ്ട്. കവിതയുടെ ആന്തരിക തലം ആദർശവത്ക്കരിക്കുന്നത് അടിമ-ഉടമ വർഗ്ഗത്തിന്റെ വിശ്വസ്തതയെ ആണ്. വിപ്ലവ ബോധം, വർഗ്ഗബോധം കടന്നുവരുന്നുണ്ടെങ്കിലും അതു അനുഷ്ഠാനത്തിന് വഴിമാറുന്നു. പ്രതികാരത്തെ ഭീഷണിയായി ചുരുക്കുന്നു. ആദിരൂപമായ മാതൃബിംബ മെന്നു വിവരിക്കപ്പെട്ട കുറത്തി ഒരു നിശ്ചലദൃശ്യമായി പുരുഷത്വത്തിന്റെ അപരമായി മാറുന്നു.

### 6.3. ശാന്തയിലെ സ്ത്രീ

"1976 ൽ അടിയന്തരാവസ്ഥയുടെ സംഘർഷഭരിതമായ നാളുകളിൽ എഴുതിയ, മലയാള കവിതയിലെ ക്ലാസിക്കും നിർമലമായൊരു ഇണച്ചേര ലിന്റെ കവിതയായും മാത്രം ആഘോഷിക്കപ്പെട്ട കവിതയാണ് ശാന്ത."[11] ശാന്ത എന്ന കവിത എഴുതിയ കാലമല്ല. കവിതയിൽ ഉൾച്ചേർന്നിരിക്കുന്ന ലിംഗപദവിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഉന്നയിക്കുന്നത്. ശാന്തേ എന്നു വിളിച്ചുകൊണ്ടുള്ള ആഖ്യാതാവിന്റെ വരവ്, ആഖ്യാതാവിലൂടെ നീളുന്ന സംഭാഷണം ശാന്തക്ക് സംസാരിക്കാൻ ഇടം നൽകാതെ ഭാര്യയെ അഭിസംബോധന ചെയ്ത്, ഉപദേശിച്ച്, കിന്നരിച്ച് പുരുഷ കേന്ദ്രീകൃത മായി ഒമ്പതു ഖണ്ഡങ്ങളിലൂടെ കവിത നീളുന്നു. അയാളുടെ വാക്കുകളി ലൂടെ മാത്രമാണ് വായനക്കാൻ ശാന്തയെ അറിയുന്നത്. ശാന്ത എന്ന പേരു സൂചിപ്പിക്കുന്നതു പോലെ വളരെ ശാന്തയാണവൾ. പുരുഷന്റെ ഇംഗിത ങ്ങൾക്കനുസരിച്ചു മാത്രം ഉണരുകയും മക്കളെ നോക്കി കുടുംബ ത്തിനകത്തു കഴിച്ചു കൂട്ടുകയും ചെയ്യുന്ന സ്ത്രീയുടെ പ്രതീകമാണവർ. കാല്പനിക സൗന്ദര്യം നിറഞ്ഞ ഒന്നാം ഖണ്ഡത്തിൽ ശാന്തയെ കവി അവതരിപ്പിക്കുന്നത് ഇങ്ങിനെയാണ്.

'കുളി കഴിഞ്ഞീറൻ പകർന്നു
മാർകൂന്തൽ കോതി വകത്തു പുറകോട്ടു വാരിയിട്ടാ–
വളക്കയ്യുകൾ മെല്ലെയിളക്കി
ഉദാസീന ഭാവത്തിലാക്കണ്ണിണയെഴുതി
യിളകുമാ ചില്ലകൾ വീണ്ടും കറുപ്പിച്ച്
സന്ധ്യാലക്ഷ്മീ കീർത്തനം പോലെ ലളിത സുഭഗമായ്

എന്തെങ്കിലും നല്ല നാലഞ്ചുവാക്കുകളോതി നിറയുക'[12]

ഈ വരികൾ സ്ത്രീ സൗന്ദര്യത്തെക്കുറിച്ചുള്ള സവർണ്ണ പുരുഷന്റെ സങ്കല്പ ലോകങ്ങളെയാണ് തുറന്നിരുന്നത്. സ്ത്രീക്ക് നാട്ടിൻപുറം കൽപ്പിച്ചരുളിയ ലാവണ്യഭംഗി ഒപ്പം ആർഷഭാരത സംസ്ക്കാരത്തിലൂടെ വളർന്നു വന്ന പാതിവ്രത്യം ഇവ ഈ വരികളിൽ ഒന്നിക്കുന്നുണ്ട്. പുരുഷനെ രമിപ്പിക്കേണ്ടവളും ഭക്ഷണം പാകം ചെയ്ത് നാവിന്റെ രുചിയിലൂടെ ഭർത്തൃഹൃദയത്തിലേക്ക് കയറേണ്ടവളുമാണ് സ്ത്രീ എന്ന് തുടർന്നുള്ള വരികളിൽ കവി പറയുന്നുണ്ടെങ്കിലും ഭാര്യയെ മനസ്സിലാക്കുന്ന പുരുഷനെയും ഇതിൽ കാണാം. ആദ്യ വരികൾ കവിയുടെ സങ്കൽപങ്ങളായിരുന്നെങ്കിൽ പിന്നീട് യാഥാർത്ഥ്യമായ അവസ്ഥയാണ് കാണിക്കുന്നത്. 'നീറി പുകയുന്ന പച്ചവിറകുകൾ കത്തിക്കാൻ അടുപ്പിന്നരികിൽ മുട്ടുകുത്തി ഇരുന്നു തീയൂതുന്ന ഭാര്യ'. ഭാര്യയെ മെരുക്കി എടുക്കാൻ വെമ്പുന്ന പുരുഷനു കിട്ടുന്ന യാഥാർത്ഥ്യം നീറി പുകയുന്ന പച്ച വിറക് എന്ന പ്രയോഗം ശാന്തയുടെ തന്നെ പര്യായമാണ്. ദാരിദ്ര്യത്തിലും, ദൈന്യതയിലും, പെട്ടുഴലുന്ന അനേകം ശാന്തമാരുടെ പ്രതീകമായി ശാന്തയിലെ സ്ത്രീ കടന്നുവരുന്നു.

ഒരുപാട് സ്വപ്നങ്ങളുമായി വീട്ടിലേക്ക് കയറിവന്ന നായകൻ യാഥാർത്ഥ്യങ്ങളിൽ അയാളുടെ സ്വപ്നം ഇല്ലാതാവുന്നു. വീട്ടിലെ മറ്റനുഭവങ്ങളിലേക്ക് കവിയുടെ ശ്രദ്ധ പോകുമ്പോൾ ക്രൂരമായ യാഥാർത്ഥ ങ്ങളാണവിടെ കാണുവാൻ കഴിയുന്നത്. കുടിക്കാനും കുളിക്കാനും വെള്ളമില്ലാതെ കിണറും, കുളവും, കൈത്തോടും വറ്റി. മണ്ണിനുപോലും നാശം സംഭവിക്കുന്ന യഥാർത്ഥ്യം. കേവല യഥാർത്ഥ്യങ്ങളിൽ നിന്നുകൊണ്ട് ഉത്തരമില്ലാത്ത ചോദ്യങ്ങൾ ചോദിക്കുന്നു കവി.

ഇവയെല്ലാം സ്വസ്ഥത കെടുത്തുന്ന ചോദ്യങ്ങളാണ്. വീണ്ടും കവി ഭാര്യയെ കാൽപനിക ഭാവങ്ങളിലേക്കു കൊണ്ടുപോവുകയാണ്. ഭാഷ കൊണ്ട് തന്റെ ഇഷ്ടങ്ങൾക്ക് അവളെ വിധേയമാക്കാൻ ശ്രമിക്കുന്നു.

വീടിനും വീടിന്റെ ഗൃഹനാഥയായ ഭാര്യക്കും ഇത്തരം അനുഭവങ്ങൾ ഉണ്ടാക്കുന്നത് പുരുഷൻ തന്നെയാണെന്നും കാണാം. വീട്ടിൽ നിന്നും പുറംലോകത്തിലേക്ക് തുറന്നുവെച്ച കണ്ണുപോലെയാണ് കവിതയുടെ ഗതി. പുറത്ത് അധികാരത്തിന്റെ അന്ധതകൊണ്ട് നടമാടുന്ന രാഷ്ട്രീയ അധികാരം. അടിയന്തരാവസ്ഥക്കാലത്ത് എഴുതിയ കവിതയാണ് 'ശാന്ത' എന്ന പ്രത്യേകതയും. അകത്ത് സ്വപ്നങ്ങൾക്കനുസരിച്ച് സ്ത്രീയെ മാറ്റി തീർക്കാൻ വെമ്പുന്ന പുരുഷ സൃഷ്ടി. എല്ലാ പീഢനങ്ങളും ഏറ്റുവാങ്ങി പുറംലോകം കാണാതെ വീടിനുള്ളിൽ കഴിച്ചുകൂട്ടുന്ന സ്ത്രീ ഈയവസ്ഥ യോടാണ് കടമ്മനിട്ട കലഹിക്കുന്നത്.

'നമുക്കൽപ്പമാത്രകളെങ്കിലും' സ്വന്തമാക്കാം എന്നാഗ്രഹത്തോടെ കയറിവരുന്ന പുരുഷൻ ഭാര്യയുടെ ശരീരം മാത്രം ആഗ്രഹിക്കുന്ന വ്യക്തിയാണ്. അയാൾക്കു കിട്ടുന്നത് വികാരങ്ങളില്ലാത്ത ഭാര്യയുടെ ശരീരവും. ആ ശരീരത്തിൽ അയാൾ ഭൂതകാല പ്രണയ വൈകാരികത യിലൂടെ കാൽപ്പനികാംശം നിറയ്ക്കുന്നു. സ്ത്രീ ശരീരം തന്റേതെന്നഭി മാനിക്കുന്നു. 'നീയെന്താണിങ്ങനെ നിർവികാരയായിരിക്കുന്നത് എന്ന അയാളുടെ ചോദ്യത്തിൽ നിന്ന്, അവളുടെ മനസ്സിനെ അയാൾക്ക് കാണാൻ കഴിയുന്നില്ല എന്ന് വ്യക്തമാണ്. ഒരു നെടുവീർപ്പെങ്കിലും അയച്ച് മൗനത്തിന്റെ കൽച്ചങ്ങല പൊട്ടിക്കാൻ അവളെ നിർബന്ധിക്കുന്നു. അത് അവളുടെ മനസ്സിലെവിടെയോ തട്ടി. അവളിൽ ചലനമുണ്ടായി. അവളുടെ നെടുനിശ്വാസത്തിന്റെ നനവുള്ള ചൂട് അയാളുടെ മുഖത്ത് തട്ടി.

നെറ്റിയിൽ വിയർപ്പുതുള്ളികൾ പൊടിഞ്ഞു. ഇവിടെ വെച്ച് കവിതയുടെ ഗതി മാറുന്നു. ഇവിടെയും പുരുഷനാണധികാരി. തന്റെ ആഗ്രഹങ്ങൾക്ക് പൂർത്തി നൽകിയ സ്ത്രീയെ ദേവതയാക്കി അവളോട് ഉണരാൻ ആവശ്യപ്പെടുന്ന കവി.

'കാർകുഴലിൻ മിന്നലു ചൂടി
നീൾമിഴിയിൽ കതിരു പേറി
കാതുകളിൽ ഓല ഞാത്തി
കല്ലു മാലയണിഞ്ഞൊരുങ്ങി'[13]

പ്രതിരോധങ്ങളേതുമില്ലാതെ കീഴടങ്ങിയ ഈ സ്ത്രീ ഭൂമി തന്നെയാണ്. പ്രകൃതിയിൽ മനുഷ്യൻ നടത്തുന്ന പ്രവൃത്തികളിൽ ക്ഷമിച്ചും സഹിച്ചും അവർക്കു വഴങ്ങികൊടുക്കുന്ന ഭൂമിദേവി/അമ്മ എന്ന സങ്കൽപം കടമ്മനിട്ട കവിതകളുടെ ആധാരശിലയാണ്. അതുപോലെ യാണ് ശാന്തയിലും പരാതികളും പരിഭവങ്ങളുമില്ലാത്ത ശാന്തയെ നല്ല ദേവതയായിട്ടാണ് ഈ കവിതാവസാനം കാണുന്നത്.

യാഥാർത്ഥ്യവും സ്വപ്നവും ഉണ്ടാക്കിയെടുത്ത സംഘർഷ ത്തിൽ നിന്ന് നല്ലൊരു ഭാവി ജനിക്കുമെന്ന ശുഭപ്രതീക്ഷ ഈ കവിതയിൽ കാണാം. ഗ്രാമമാണ് ഇതിലെ പശ്ചാത്തലം. നഗരത്തിന്റെ തിരക്കിൽ നിന്ന് അക്ഷരത്തിന്റെയും അക്കത്തിന്റെയും ചിഹ്ന വ്യവസ്ഥയിൽ നിന്ന് ഓടിരക്ഷപ്പെട്ടു വന്നവന്റെ ചിത്രം, ഗ്രാമം നൽകുന്ന സൗഭാഗ്യതയും ഈ കവിതയുടെ പ്രത്യേകതകളാണ്.

സാധാരണ സ്ത്രീയിൽ നിന്നു പ്രപഞ്ച മാതാവായാണ് ശാന്ത ഉയരുന്നത്. വർത്തമാനാവസ്ഥ കൊടും വരൾച്ചയുടേതാണ് എന്നും

അതിനു കാരണം സമൂഹത്തിലെ എല്ലാവരുമാണെന്ന് പരസ്പരം പഴിചാരി കഴിയുന്നവരെ പരിഹസിക്കുകയും ചെയ്യുന്നു. ഈ കവിതയിൽ. കുളവും കിണറും തോടും ഒരു കാലത്ത് പ്രകൃതിയുടെ വരദാനങ്ങളായിരുന്നു. ദുര മൂത്ത മനുഷ്യൻ അവയെ കുഴിച്ചുമൂടുകയും മണ്ണിട്ടു നികത്തുകയും ചെയ്യുന്നു. പ്രകൃതിക്കു സംഭവിക്കുന്ന നാശം മനുഷ്യന്റെ തന്നെ നാശത്തിനാണെന്നറിയാത്ത ജനത വീണ്ടുവിചാരങ്ങളിലേർപ്പെടുന്നതിന്റെ ചിത്രമാണ് ഇന്നത്തെ കാലത്തെ കുളങ്ങളുടെ പുനരുജ്ജീവനം. പ്രകൃതി യെയും പ്രകൃതിയുടെ സത്തയേയും വീണ്ടെടുക്കാൻ വ്യക്ത്യനുഭവത്തെ സാമൂഹികാനുഭവമാക്കി മാറ്റി അവയിലൂടെ സമൂഹനന്മ നേടാൻ കൂടി ഈ കവിത ലക്ഷ്യമിടുന്നു.

### 6.3.1. ശാന്തയിലെ വൈരുദ്ധ്യങ്ങൾ

നഗരം X ഗ്രാമം, സ്വപ്നം X യാഥാർത്ഥ്യം, സ്ത്രീ X പുരുഷൻ, വീട് X പുറം എന്നീ വൈരുദ്ധ്യങ്ങൾ കവിതയിൽ ചർച്ചാവിഷയമാകുന്നു.

കവിതയിലെ വൈരുദ്ധ്യങ്ങളാണ് ശാന്തയെ ശാന്തയാക്കി നിർത്തുന്നത്. യാഥാർത്ഥ്യത്തെ വായനക്കാരന് മുന്നിൽ അവതരിപ്പിക്കുവാനും കവിക്ക് കഴിയുന്നത് ഇതിലൂടെയാണ്. നഗരത്തിന്റെ പൊള്ളുന്ന യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാൻ കവിക്ക് തന്നെത്തന്നെ ആത്മപരിശോധന നടത്തേണ്ടി വരുന്നുണ്ട് കവിതയിൽ. ഫയലുകളുടെയും കണക്കുകളുടെയും തിരക്കു പിടിച്ച ജീവിതത്തിൽ നിന്ന് സ്വന്തം സുഖം അന്വേഷിച്ച് എത്തുന്ന കവി ഗ്രാമമാണ് നല്ലതെന്നും ഗ്രാമത്തിന്റെ സ്വച്ഛതയേയും കാമിനിയേയും പുണരാനാണ് എത്തുന്നതെന്നും വ്യക്തമാണ്. പൊള്ളുന്ന യാഥാർത്ഥ്യങ്ങളാണ് ഗ്രാമത്തിൽ കവിക്ക് നേരിടേണ്ടിവരുന്നത്. പ്രകൃതി

പോലും കവി സങ്കൽപങ്ങൾക്കെതിരാണ്. കുടിക്കാനും കുളിക്കാനും ജലം പോലുമില്ലാത്ത പ്രകൃതി. സ്വന്തം വീട്ടിലാണെങ്കിൽ വാടി തളർന്നുപോയ കുട്ടികൾ, തനിക്കു വെള്ളം കിട്ടാത്തതിനു കാരണം മറ്റുള്ളവരാണെന്ന് കരുതി അന്യോന്യം പുലയാട്ടുകയും പുലഭ്യം പറയുകയും ചെയ്യുന്ന സമുഹവാസികൾ. നഗരം പരിഷ്കാരങ്ങളുടേ താണെങ്കിൽ, ആ പരിഷ്കാരങ്ങൾക്കൊപ്പമെത്താൻ വെമ്പുന്ന ഗ്രാമം ഈ കവിതയിൽ കാണുന്നു. ഗ്രാമത്തിന്റെ ചൈതന്യം കെട്ടുപോകുന്നു. അതു നിലനിർത്ത ണമെങ്കിൽ ഭൂമി ദേവിയെ പ്രസാദിപ്പിക്കണം. അതിനു സ്വന്തം സ്ത്രീയെ അഭിരമിപ്പിക്കുന്നു.പഴയകാല ഓർമ്മകളെ, സമൂഹ നന്മകളെ ഉണർത്തുന്നു. ശാന്ത ഭൂമി ദേവിയായി മാറുന്നു. പഴയകാല നാടോടി സംസ്കൃതിയിൽ ഇണചേരൽ ഭൂമിയിൽ വിത്തിറക്കുന്നതിനെ സൂചിപ്പിക്കുന്നതാണ്. കലപ്പ കൊണ്ട് നിലം ഉഴുന്നത് ഉദാഹരണം. ഈയൊരു തലം വൈലോപ്പിള്ളി ജലസേചനത്തിലും ആവിഷ്കരിക്കുന്നുണ്ട്. ഗ്രാമത്തിന്റെയും നഗര ത്തിന്റെയും അനുഭവങ്ങൾ ഒരേപോലെയുള്ള കവി പറയുന്നത് കവിയുടെ ആത്മവത്തയിൽ, പ്രകൃതി സ്ത്രീ ബോധം ഉള്ളതുകൊണ്ടാണ്.

സ്വപ്നവും യാഥാർത്ഥ്യവും തമ്മിലുള്ള കൂടിച്ചേരലുകൾ സാധ്യമാക്കുകയും അവയിലൂടെ നഗ്നസത്യങ്ങളെ വെളിച്ചത്ത് കൊണ്ടു വരികയും ചെയ്യുന്ന കവിതയാണ് ശാന്ത. ഈ സ്വപ്നവും യാഥാർത്ഥ്യവും പലപ്പോഴും സാമൂഹികാവബോധമായി മാറുന്നുമുണ്ട്. കാൽപനികതയിൽ രമിക്കുന്ന മനസ്സും വർത്തമാന കാലത്തോടു സംവദിക്കുന്ന യഥാർത്ഥ്യ ങ്ങളും നിറഞ്ഞ ശാന്ത എന്ന കവിതയിൽ സ്വപ്നം കാണാൻ ആർക്കും കഴിവുണ്ടെന്നും യാഥാർത്ഥ്യത്തിലേക്കിറങ്ങുമ്പോൾ പൊള്ളുന്ന മനു ഷ്യനെ കാണുന്നത് എന്നു കവി കണ്ടെത്തുന്നു. കാൽപനിക ഭാവങ്ങൾ

പദ്യത്തിലും യാഥാർത്ഥ്യങ്ങൾ ഗദ്യത്തിലുമാണ് ശാന്തയിൽ അവതരിപ്പിക്കപ്പെടുന്നത്.

''അക്ഷരങ്ങളുടെയും അക്കത്തിന്റെയും ബലാൽസംഗത്തിൽ നിന്ന് ഒരു നിമിഷം മോഷ്ടിച്ചെടുത്ത് മോചനം കാംക്ഷിച്ച് ഞാൻ നിന്റെ അടുത്ത് എത്തിയിരിക്കുകയാണ്. അയാൾക്ക് ബാഹ്യലോകത്തോടുള്ള ബന്ധം ആകെതന്നെയും ലൈംഗിക ബന്ധമാണെന്നിവിടെ ധരിക്കുന്നത്.''[14] അസ്വാസ്ഥത്തിന്റെയും ദൂരിതത്തിന്റെയും നടുവിൽ നിന്ന് തന്റെ പെണ്ണിനെ തേടി അയാൾ ഗ്രാമത്തിൽ എത്തുകയാണ്. പുരുഷന്റെ അടിമയാവേണ്ടവളാണ് സ്ത്രീ. അതുകൊണ്ട് മക്കളെ നോക്കി വീട്ടുവേല ചെയ്ത് തങ്ങളുടെ ആഗ്രഹപൂർത്തീകരണം സാധ്യമാക്കുക കൂടി സ്ത്രീ ചെയ്യണമെന്ന് നിഷ്കർഷിക്കുന്നു. പ്രപഞ്ചത്തിന്റെ നിലനിൽപ്പെന്ന ദർശനത്തെ കടമ്മനിട്ട സ്ത്രീ പുരുഷ സ്വത്വത്തിലൂടെ ഉയർത്തിക്കൊണ്ടുവരികയാണ്. എന്നാൽ സ്ത്രീയെ സ്ത്രീയായും പുരുഷനെ പുരുഷനായി നിർത്തി ജീവന്റെ ആവിർഭാവത്തെയും അസ്തിത്വത്തെയും സമഗ്രമായി ആവിഷ്കരിച്ചിരിക്കുകയും ചെയ്തിരിക്കുന്നു. 'ശാന്ത'യിൽ സ്ത്രീക്കാണ് പ്രാമുഖ്യം എന്നു ശാന്ത എന്ന പേര് കേൾക്കുമ്പോൾ തോന്നുമെങ്കിലും പുരുഷന്റെ വീക്ഷണ കോണുകളിലൂടെ ഒരു സ്ത്രീ എങ്ങനെയായിരിക്കണം എന്നു കാണിച്ചു തരുക കൂടിയാണ് കവി ചെയ്യുന്നത്. സ്ത്രീയെ സ്ത്രീയായി കാണുവാനല്ല മാതാവായി കാണുവാനാണ് കവിക്ക് ഇഷ്ടമെന്നു വ്യക്തമാകുന്നത്. ശാന്തയിലെ സ്ത്രീയെ ദൈവീക സങ്കൽപത്തിലേക്കെത്തിക്കുമ്പോഴാണ്. ഈ ദൈവീക സങ്കൽപം പുരുഷ കാഴ്ച്ചയിലധിഷ്ഠിതവുമാണ്. എന്നാൽ മാതൃബിംബ

ത്തിനും സ്ത്രീക്കും പ്രാധാന്യം കൊടുക്കേണ്ടതിന്റെ ആവശ്യകത ഊന്നിപ്പറയുക കൂടിയാണ് കവി ചെയ്യുന്നത്.

നിറഞ്ഞ പെണ്ണേ, പുരികുഴലീ

കരിന്തകര കടഞ്ഞ പെണ്ണേ

കടമ്മനിട്ട ക്കാവു തീണ്ടാൻ

നീ ഉണരൂ നീ ഉണരൂ[15] എന്ന് കവി പറയുന്നു.

വീടിനുള്ളിൽ തളക്കപ്പെടേണ്ടവളാണ് സ്ത്രീയെന്നും പുറംലോകം പുരുഷനു മാത്രം അധികാരപ്പെട്ടതാണെന്നും ഗൃഹഭരണത്തിന്റെ ചിത്രവും, ഓഫീസുകളുടെ ചിത്രവും ശാന്തയിൽ വ്യക്തമാക്കുന്നു. അധികാരത്തിന്റെ രാഷ്ട്രീയം അടിച്ചേൽപ്പിക്കുന്ന സ്ത്രീ പുരുഷ സമത്വം വീട്/പുറം എന്നീ ദ്വന്ദ്വങ്ങളെ സൃഷ്ടിക്കുന്നു. വീടിന്റെ ചുറ്റുവട്ടത്തു നിന്നും മോചനം നേടാൻ പുറം ലോക കാഴ്ച്ചയിൽ നിന്നു മോചനം നേടാൻ കവി കാണുന്ന മാർഗ്ഗം രത്യവസ്ഥയുടേതാണ്. സ്വകാര്യത എന്ന ബിംബം ഇതിനിടയിൽ പ്രവർത്തിക്കുന്നു.

### 6.4. പിതൃബിംബം

ശാന്ത, കുറത്തി, കോഴി എന്നീ ബിംബങ്ങൾ സ്ത്രീയ വസ്ഥകളെ വ്യഞ്ജിപ്പിക്കുന്നതെങ്കിൽ ‘കിരാതവൃത്തം’ പിതൃബിംബ സൂചകമാണ്. അടിച്ചമർത്തപ്പെട്ടവർ ഉയിർത്തെഴു ന്നേൽക്കുമ്പോൾ ശൗര്യം കൂടും. നെഞ്ചത്തൊരു പന്തം കുത്തി നീറായ വനത്തിൽ നടുവിൽ നിൽക്കുന്ന കാട്ടാളന്റെ മനസ്സു നിറയെ ഗൃഹാതുരത്വം പേറുന്ന ഓർമ്മകളിൽ തിളയ്ക്കുന്ന പ്രതികാരാഗ്നിയാണ്. സ്വന്തം അസ്ഥിത്വം തേടുന്ന കാട്ടാളൻ പ്രകൃതിയുടെ തന്നെ പ്രതിരൂപമാണ്. പ്രകൃതിക്കു സംഭവിക്കുന്ന ഓരോ നാശവും കാട്ടാളന്റെ തന്നെ നാശത്തിലേക്കാണെന്ന കാട്ടാളന്റെ തോന്നൽ

ഉലകാകെ ഉലക്കും മട്ടിൽ അലറുകയും കുതറിക്കുകയും ചെയ്യുന്നു. അലറലും കുതറലും പടയണിക്കോലത്തിന്റെ മാതൃകയെ ഓർമ്മിപ്പിക്കുന്നു. കണയേറ്റ കരിമ്പുലിയെപ്പോലെ അലറി വിളിച്ചുകൊണ്ടു വരുന്ന കാട്ടാളനെ കവി ഇങ്ങനെ അവതരിപ്പിക്കുന്നു.

''കണയേറ്റ കരിമ്പുലി പോലെ
ഉരുൾപൊട്ടിയ മാമലപോലെ
ഉലകാകെയുലക്കും മട്ടിൽ
അലറീ കാട്ടാളൻ......''[16]

ലോകത്തിനു മുഴുവൻ വെളിച്ചം പകരാൻ ഉലച്ചുകൊണ്ട് കാട്ടാളന്റെ വരവ് ദൈവികചൈതന്യം വഹിക്കുന്ന മൂർത്തികൾക്ക് തുല്യമാണ്. പൊയ്പ്പോയ ഗ്രാമസൗഭാഗ്യത്തെയാണ് കാട്ടാളൻ തേടുന്നത്. തുളസി ക്കാടുകളും മുത്തങ്ങാപ്പുല്ലുകളും, ഈറൻമുടി കോതിയും, സന്ധ്യകളും നഷ്ടപ്പെട്ടതോർത്തു വിലപിക്കുന്ന കാട്ടാളൻ പ്രകൃതിയുടെ ആവാസ വ്യവസ്ഥ തകരുന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നു. കാട് ആളുന്നവനാണ് കാട്ടാളൻ. ആ കാട്ടാളന്റെ സംസ്കൃതിയും നിലനിൽപ്പും കാടിനെ ചുറ്റിപ്പറ്റിയാണ്. കാട്ടിലും അവന്റെ ആശ്വാസം കിടാങ്ങളാണ്. ആ കിടാങ്ങളെ നഷ്ടപ്പെട്ട ദുഃഖം അവനെ പേടിപ്പെടുത്തുന്നു.

''എവിടെപ്പോയെന്റെ ദിനങ്ങൾ ?
എവിടെപ്പോയെന്റെ കിടാങ്ങൾ''[17]

പോയദിനങ്ങളെ തിരിച്ചെടുക്കുവാനാവില്ലെന്നും, കിടാങ്ങളെ പ്പോലും നഷ്ടപ്പെടുകയാണെന്നും തിരിച്ചറിയുന്ന കാട്ടാളൻ മലതീണ്ടിയശുദ്ധം ചെയ്തവരുടെ ശരീരം തലയില്ലാതെ ഒഴുകണമെന്നും, കുലം മുടിച്ചവരുടെ

കുടൽ മാല കൊണ്ട് തന്റെ നാട്ടിൽ / ലോകത്തിൽ നിറമാല തൂക്കുമെന്നും പറയുന്നു. നഷ്ടപ്പെട്ട സൗഭാഗ്യങ്ങൾക്ക് കാരണക്കാരായവരെ ശിക്ഷിക്കാൻ മത്താടി മയങ്ങിയ ശക്തികളെ ഉണർത്തി പ്രതികാരം ചെയ്യാനും കാട്ടാളൻ ഒരുക്കമാണ്.

ആശകളെല്ലാം നശിച്ച് അതിൽ നിന്നുണ്ടായ ക്രോധവും തേങ്ങലും പെട്ടെന്നു തന്നെ കത്തിജ്ജ്വലിച്ച് എല്ലാത്തിനെയും എതിർക്കുന്ന വനാവുന്നു കാട്ടാളൻ. സൂര്യനുദിക്കുകയും നിഴലായി അമ്പിളി വളരുകയും, മരങ്ങളെല്ലാം വളരുകയും ചെയ്യുമ്പോൾ ദുഃഖമെല്ലാം പോയി കാട്ടാളൻ ചിരിക്കുന്ന അവസ്ഥ സമകാലിക സമൂഹം നേരിടുന്ന വെല്ലുവിളികൾക്കുള്ള ഉത്തരമാണ്. വനമെല്ലാം നശിക്കുകയും, പ്രകൃതി തന്നെ മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ഇങ്ങനൊരു ഉറഞ്ഞുതുള്ളൽ കാട്ടാളനിലൂടെ കവി അവതരിപ്പിക്കുന്നു. സ്ത്രീ ബിംബങ്ങളിൽ ആവിഷ്കൃതമായ ഈ കവിത പുരുഷന്റെ ആഗ്രഹവാഞ്ജയെ വ്യഞ്ജിപ്പിക്കുന്നു. കാടത്തികൾ, ഈറൻമുടി, ഉടൽ, മുലക്കെട്ട് എന്നീ പ്രയോഗങ്ങൾ ഉദാഹരണമാണ്.

### 6.5. പിതൃബിംബം പ്രാഗ്‌രൂപം

പുരുഷ കാഴ്ച്ചയിലധിഷ്ഠിതമായ സ്ത്രീരൂപ ഭാവങ്ങളെ സമന്വയിപ്പിക്കുന്ന 'കാട്ടാളൻ' എന്ന കവിത പ്രാചീനതയുടെ വന്യമായ പ്രകൃതിയെ ആവിഷ്കരിക്കുകയും ഭക്തിയും കാമവും എപ്രകാരം കവിതയിൽ ആവിഷ്കരിച്ചിരിക്കുന്നു എന്നും ചിത്രീകരിക്കുന്നു. കാട്ടുകിഴങ്ങിന്റെ മൂട്ടിൽ മുളച്ചു മുതിർന്ന കാട്ടാളൻ സ്വന്തം അസ്തിത്വമുള്ളവനാണ്, കായ്ക്കനി തിന്നു നടന്ന കാട്ടാളന്റെ പിന്നത്തെ അവസ്ഥ വാത്മീകിക്ക് സർഗ്ഗചേതന ഉണ്ടായതിനു തുല്യമാണ്. കിളിയെ

കൊല്ലുകയും ഇണയുടെ ദുഃഖം കണ്ടതു കൊണ്ട് സങ്കടം കുമിയുകിയും ചെയ്തു. വാത്മീകിയെ പ്രാചീന സംസ്കാരത്തെ സ്മരിക്കുന്നതിനോടൊപ്പം കാട് ആളുന്നവന്റെ ചിത്രം കൂടി കവി വരച്ചിടുന്നു. നിഷാദൻ ഇണക്കിളികളൊന്നിനെ അമ്പെയ്തു വീഴ്ത്തിയതു പശിയകറ്റാനായിരുന്നു. ആ അമ്പ് അവനിലേക്കു തിരിഞ്ഞു കുത്തി അമ്പായി മാറുകയും ചെയ്തു. ‘‘ഇണയുടെ ദുഃഖം കണ്ടെന്നുള്ളിൽ കനലു നിറഞ്ഞു കുമിഞ്ഞു. കാരുണ്യോദയം അവനെ ദുഃഖിതനാക്കി സോപാനത്തിൽ മേലേപ്പടിയിൽ നിൽക്കുന്നവരിൽ നിന്നു വന്ന ശാപം, നെഞ്ചിലേറ്റ അൻപിന്റെ മുറിവിനാഴം കൂട്ടി. ഉണങ്ങാത്ത മുറിവുണ്ടാക്കാൻ അവരുടെ കല്ലേറും കാരണമായി. വന്യതയോടും വനത്തോടും വിടപറഞ്ഞിറങ്ങിയ കാട്ടാളന്റെ പിന്നത്തെ ചരിത്രം കണയറ്റു വീണ കിളിയുടെ കഥ തന്നെയാണ്.’’[18]. കിളിയോട് സഹതാപവും കാട്ടാളനോട് വിദ്വേഷവും വളരുന്നു. പ്രകൃതിയി ലുള്ള വസ്തുക്കളിൻമേൽ നിയന്ത്രണം ഏർപ്പെടുത്തുന്നു. കായ് കായ്ക്കുമ്പോൾ കാട്ടാളൻ ലഭിക്കുന്നത് തൊണ്ടും തൊലിയും, പൂപൂത്തപ്പോൾ കൊഴിയുന്ന പോളകൾ ഇതെല്ലാം മനസ്സിലാക്കുന്ന കാട്ടാളൻ ഭൂമിദരിദ്രമാണെന്നു കണ്ടെത്തുന്നു. പ്രകൃതിക്കു സംഭവിച്ച വിച്ഛത്തി കാട്ടാളനെ കാട്ടാളൻ അല്ലാതാക്കുന്നു. എവിടെ നോക്കിയാലും ഇല്ലായ്മകൾ മാത്രം. ഇതിനു പരിഹാരമായി കാട്ടാളൻ സ്വന്തം കരിന്തൊലി തന്നെ ഊറക്കിട്ട് എടുത്ത് പുതച്ചൊരു പുതപ്പുണ്ടാക്കുന്നു. എന്നിട്ടു ദേവിയെ സ്തുതിക്കുന്നു. ഈ ദേവി പ്രകൃതി മാതാവു തന്നെയാണ്. പ്രകൃതിയിൽ സുരഭിലമായി കിട്ടുന്ന വസ്തുക്കൾ കൊണ്ടാണ് ദേവിയെ ഉണർത്തുന്നത്.

പ്രകൃതി പുരുഷ സങ്കൽപങ്ങളുടെ സമന്വയത്തെ തന്മയത്വ ത്തോടെ അവതരിപ്പിക്കുന്ന കാട്ടാളൻ എന്ന കവിത നിലനിൽക്കേണ്ട പ്രകൃതിയെ ക്കുറിച്ച് പ്രാഗ് അവബോധത്തിലൂടെ അവതരിപ്പിക്കുന്നു. കാഞ്ഞിരമാല അണിഞ്ഞവളായ ദേവി ദൈവികത്വത്തിൽ നിന്നും കാമിനി സങ്കൽപത്തി ലേക്കുയരുന്നുണ്ട്. കാമം തീർക്കാൻ ഉണരാനാവശ്യപ്പെടുന്ന കാട്ടാളൻ താന്ത്രികതയുടെ തീക്ഷ്ണമായ ആവാഹന സൗന്ദര്യം പ്രകാശിപ്പിക്കു ന്നുണ്ട്. മാതൃകാരൂപങ്ങളായി അവതരിക്കുന്ന കാട്ടാളനും ദേവിയും ജൈവവൈവിധ്യങ്ങളുമെല്ലാം, ആവാസ വ്യവസ്ഥിതിയും തകരുന്നിടത്ത് പഴയകാല ഓർമ്മകളിലേക്ക് പോകാൻ ചടുല താളവുമായി കാട്ടാളൻ എത്തുന്നു. മണ്ണും, വിത്തും, കാമവും ആരാധനയുമായി വഴിമാറുന്നു തോറ്റി ഉണർത്തലുകൾ.

"ഉൽക്കടമോഹമൊരുക്കിയ മണ്ണിൽ
വിത്തു വിതച്ചു വളർത്താൻ
വിത്തിനുള്ളിൽ പുതുമുളയായെൻ
സ്വത്വം കാട്ടി ജയിക്കാൻ
കത്തും കാമമെരിക്കുന്നെന്നെ
ഉണരുണരൂ നീ പെണ്ണേ"[19]

ഭൂമിദേവിക്കുള്ള ആരാധനയോടു ബന്ധപ്പെടുത്തി നടത്തുന്ന അനുഷ്ഠാനങ്ങളിൽ ഭൂമി പൂജാനുഷ്ഠാനം നിർബന്ധമാണ്. സ്വന്തം സ്വത്വത്തെ ആത്മസംതൃപ്തിക്കു വേണ്ടിയും മറ്റുള്ളവർക്കു മുന്നിൽ പ്രതിഷ്ഠിക്കാനും ഒരേ ഒരു മാർഗ്ഗം ഭൂമിയിൽ പൊന്നു വിളയിക്കുക എന്നതാണ്. അത് കാലഘട്ടം ആവശ്യപ്പെടുന്ന തിരിച്ചറിവാണ്. ഉർവ്വരതാനുഷ്ഠാനത്തിന്റെ ഭാഗമായി ഉണ്ടായ ആത്മധൈര്യം കാട്ടാളനിൽ

പ്രകടമാണ്. ഭക്തിയും കാമവും കാട്ടാളനിൽ സംഭരിച്ചിരിക്കുന്നു. പാരിസ്ഥിതിക സ്ത്രീവാദം ആവശ്യപ്പെടുന്ന ഒരു ഘടന ചൂഷിതാവസ്ഥ ക്കെതിരെ മണ്ണിനും പെണ്ണിനും സംരക്ഷണം നൽകുക എന്നതാണ്. പിതൃബിംബമായി സംരക്ഷണ ത്തിന് ആക്കം കൂട്ടാൻ കാട്ടാളൻ അവതരിച്ചു. ഭക്തിയും, കാമവും പ്രത്യക്ഷ ഘടകങ്ങളാക്കി ഭൂമി/സ്ത്രീ ആദ്യകാലങ്ങളിൽ ഭക്തിയുടെ രൂപങ്ങളായിരുന്നു എന്നും പിന്നീടവ മൂല്യച്യുതി സംഭവിച്ച് കാമരൂപത്തിന്റെ മൂർത്തിമദ് ഭാവമായെന്നും കാട്ടാളൻ കണ്ടെത്തുന്നതിന്റെ തലം ദേവിയിലൂടെയാണ് ആവിഷ്കരിക്ക പ്പെടുന്നത്. ഭൂമിയോടുള്ള കാമവും പെണ്ണിനോടുള്ള ഭക്തിയും പുതിയ പരിപ്രക്ഷത്തിൽ, സ്പഷ്ടമായ വ്യതിരേകത്തിന്റെ വേർതിരിവിന്റെ പുരുഷാധിഷ്ഠിത കാഴ്ച്ചപ്പാടിന്റെ തലകീഴ്മറി യലാവുന്നു.

ആദിമ സംസ്കാരത്തിന്റെയും ഭക്തിയുടെയും രതിയുടെയുമൊക്കെ താളമായി മാറുന്ന കടമ്മനിട്ട കവിത അതിന്റെ ബാഹ്യതലങ്ങളിൽ വർത്തമാന ചിത്രണങ്ങളും ആന്തരികതലങ്ങളിൽ പ്രാഗ് ജീവിത സങ്കൽപ്പങ്ങൾ നിറച്ചുവെക്കുന്നു. ഇതുവഴി ആദിമ സംസ്കാരത്തില ധിഷ്ഠിതമായ സമൂഹവും, സമകാല വ്യവസ്ഥ അതിവർത്തിക്കുന്ന സമൂഹവും തമ്മിലുള്ള വ്യത്യയങ്ങൾ ദർശിക്കാൻ പര്യാപ്തമാണ് ഈ കവിതകൾ.

### 6.6. ശക്തിസ്വരൂപിണിയായ സ്ത്രീ

ലളിതാസഹസ്രനാമത്തോട് സാദൃശ്യമുള്ള രചനയാണ് 'ദേവിസ്തവം'. സഹസ്രനാമത്തിലെ 246-ാം നാമമാണ് പാർവ്വതി. 'ഹേ പാർവ്വതി' എന്ന സംബോധനയിലാണു കാവ്യാരംഭം. പർവ്വണേന്ദു പ്രമാദേ എന്നത് 'ശരച്ചന്ദ്രനിഭാനനാ' എന്നതിൽ നിന്നുമാണ്. മാത്രമല്ല

ശ്രീ ചക്രത്തിൽ പൗർണ്ണികളിൽ അർച്ചന നടത്തുക ഉത്തമമാണെന്നു തന്ത്ര വിധി. 'പ്രസന്ന' നിരവധി നാമങ്ങളുടെ അർത്ഥസംയോജനത്തിൽ നിന്നും ഉളവായതാണ്. സർവ്വ മംഗളകാരിണിയായ ത്രിപുരസുന്ദരി സദാ പ്രസന്ന യാണ് എന്നു തന്ത്രം ഭാവികേ-ഭവാനി, ഭഗവതി, ഭവ ചക്രവർത്തിനി എന്നീ മൂന്നു നാമങ്ങളുടെ സംയോഗമാണ്. ഭവാനി-ജനന മരണ സ്വരൂപമായ 'ഭവ'ത്തെ നശിപ്പിക്കുന്നവളാണ്. ഭഗവതി-ഭഗമുള്ളവൾ -മഹായോനി- സർവ്വതിനും അമ്മ. ഭഗചക്രവർത്തിനി-പ്രപഞ്ച വ്യവഹാരങ്ങളെ നിയന്ത്രിക്കുന്നവൾ. ഇവയെ മൂന്നിനെയും യോജിപ്പിക്കുന്ന അർത്ഥ ഗൗരവത്തോടെയാണ് 'ഭാവിക' ഉപയോഗിച്ചിരിക്കുന്നത്. ഭൈരവി - ഭയത്തെ വിടുതൽ ചെയ്യുന്ന ഗുരുസ്വരൂപമായവൾ. പ്രചണ്ഡിക എന്ന പ്രയോഗം ചണ്ഡിക എന്ന നാമത്തിൽ നിന്നുമാണ്. ഉഗ്രശക്തിയോടെ പ്രതികരിക്കുന്ന വളാണു ചണ്ഡിക. പ്രചണ്ഡിക എന്നാകുമ്പോൾ ഈ ശക്തിഭാവം കൂടുതൽ ഉന്നിദ്രമാകുന്നു. സാൽവ്വദനമേ എന്ന സംബോധന ശ്രീ മഹാരാജ്ഞി രാജരാജേശ്വരി തുടങ്ങിയ നാമങ്ങളിൽ നിന്നു രൂപപ്പെട്ടതാണ്. ലളിത സഹസ്ര നാമത്തിന്റെയും സൗന്ദര്യ ലഹരിയു ടെയും സംസ്ക്കാരം ഈ കവിതയിൽ തുടിക്കുന്നു"[20]

ദേവിയുടെ അനുഗ്രഹം കിട്ടുന്നതിനു വേണ്ടിയുള്ള അർച്ചനയാണ് ഇതെന്നു കാണാം. മറ്റു കവിതകളിൽ നിന്നു വ്യത്യസ്തമായി ശാക്തേയ പൂജാ സൂചന നൽകുന്ന പദങ്ങൾ ഇതിൽ പ്രകടമാണ്. എന്റേതായ ലോകത്തിൽ നിന്നും എന്റെ യോഗത്തിലേക്ക് എത്തിപ്പെട്ടതിന്റെ വ്യംഗ്യാർത്ഥങ്ങൾ 'ഇതാണെന്റെ ലോകം, ഇതാണെന്റെ യോഗം' എന്ന വരികളിൽ പ്രകടമാവുന്നു. ആധുനിക ലോകത്തിന്റെ ദുർഗതിയെ

സൂചിപ്പിക്കുന്നു. ഭക്തിനിർഭരായ കാലത്തിൽ നിന്നു വന്ന ദേവിദാസൻ മാതൃഭാവത്തെ അറിഞ്ഞവനാണ്. ആരാധിച്ചവനാണ്. അമ്മ എന്ന സങ്കൽപത്തിനൊപ്പം തന്നെ കാമുകീ ഭാവവും കടന്നുവരുന്നുണ്ട്.

"ഘനശ്യാമനീലം, കടക്കണ്ണുചായും വിലാസം
വികാരോൽബണം വിശ്വഭാവം
സമാകർഷചേതോവിതാനം, സരത്തിൽ
ഹൃദന്താവബോധോദയം, പാരിജാതം''[21]

പ്രപഞ്ചമാതാവായി മാറുന്ന മാതൃദേവതയുടെ മടിത്തട്ടിൽ കവി ശിശുവായി ഒട്ടികിടക്കുന്നു. ദേവത ശാന്തരൂപിയാകുമ്പോൾ അവൾ പ്രണയിനിയാകുന്നു. കടമ്മനിട്ട അനുഭവിച്ചറിഞ്ഞ ദാർശനികാനുഭവങ്ങളുടെ സമന്വയ രൂപമാണ് അദ്ദേഹത്തിന്റെ മാതൃദേവതാ സങ്കൽപമെന്നു മനസ്സിലാക്കാം.

പാർവ്വതി എന്ന ബിംബം ഉത്പാദിപ്പിക്കപ്പെടുന്ന അർത്ഥതലം പുരാണത്തിലെ പരമശിവന്റെ പത്നി, ഹിമവാന്റെ പുത്രി എന്നീ നിലകളിൽ നിന്ന് ഈ സ്ത്രീ ബിംബം സാധാരണ മനുഷ്യത്വത്തിലേക്ക് എത്തുന്നു കവിതയിൽ. കവിത പ്രകീർത്തിച്ചു പാടുന്നത് അമ്മയേയാണ്. ഈയമ്മയാകട്ടെ കരാളന്റെ വക്ഷസ്സിലോങ്ങിച്ചവിട്ടിച്ചതയ്ക്കാൻ കവി ആവശ്യപ്പെടുന്നു ദേവിയോട്. ശിവന്റെ രൂപത്തെ ഓർക്കുന്ന കപാലം, അസ്ഥി എന്നീ ബിംബങ്ങൾ ഭൂമിക്ക് സംഭവിക്കാനിരിക്കുന്ന ദുരന്തത്തെ കാണിക്കുന്നു. ഭൂമിയിൽ വിലാപങ്ങൾ ഉയരുകയും ദിക്പാലകരെല്ലാം തീയിളക്കുകയും ചെയ്യുന്ന കവിയുടെ ലോകത്തിൽ കാണുന്നതൊക്കെയും ഭൂമിയുടെ നാശത്തിന്റെ സൂചനകളാണ്. അതുകൊണ്ട് തൃക്കണ്ണ് മൂന്നും

തുറന്ന് ആർദ്രയായ് തിളക്കുവാൻ ജ്വലിച്ച് അന്ധകാരം ഇല്ലാതാക്കാൻ കരാളന്റെ വക്ഷസ്സിലോങ്ങിച്ചവിട്ടിച്ചതക്കാൻ കവി ആവശ്യപ്പെടുന്നു ദേവി യോട്. ഈ ദേവി സങ്കൽപം കാലങ്ങളായി മനുഷ്യ മനസ്സിൽ ഉറങ്ങി കിടക്കുന്ന മിത്തുകളുമായി ബന്ധപ്പെട്ടു നിൽക്കുന്നതാണ്. ദേവി നല്ല മാതാവാണെന്നും തിന്മകൾക്കെതിരെ പൊരുതാൻ ഭീകരരൂപത്തിൽ പ്രത്യക്ഷപ്പെടും എന്നുള്ള വിശ്വാസം, ഈ കവിതയിൽ നിഴലിക്കുന്നുണ്ട്. പടയണിക്കോലത്തിന്റെ രൗദ്രഭാവം, തോറ്റി ഉണർത്തലുകൾ. കാലങ്ങൾ കടന്നുചെന്നു യഥാർത്ഥാവസ്ഥ കാണിക്കുന്നതിലേക്ക്, ജ്ഞാന ദൃഷ്ടിയുടെ രൂപത്തിലേക്ക് താൻ എവിടെ നിൽക്കുന്നു എന്ന തലത്തി ലേക്ക് കവിതയിലെ ആശയം സഞ്ചരിക്കുന്നു.

സ്ത്രീ പ്രാതിനിധ്യത്തിന്റെ ഊഷരഭാവം, പുരുഷനാൽ തോറ്റി ഉണർത്തൽ, ആദി കാലഘട്ടങ്ങളിൽ, സ്ത്രീ കരുണയായിരുന്ന സ്ഥാനത്തെ കാണിക്കുന്നു. അമ്മയായും, ദേവിയായും, കാമുകിയായും ഒക്കെ വിവിധ ഭാവങ്ങളിൽ സ്ത്രീ ആരാധിക്കപ്പെട്ടവളായിരുന്നു. ഭൂമിക്കു സംഭവിക്കുന്ന നാശത്തിന് സ്ത്രീയെ തോറ്റി ഉണർത്തേണ്ടതാവശ്യമാണ്. ആ സ്ത്രീയാകട്ടെ ദൈവീക ശക്തിയുള്ളവളും പുരാണ പരമ്പരയിലെ ആദ്യകണ്ണിയുമാണ്. പല പേരുകളിലാണവൾ അറിയപ്പെടുന്നത്. ആരു തന്നെയായാലും അവളെ പാടി ഉണർത്തുന്നത് ഭൂമിയിലെ കരാള രൂപങ്ങളുടെ നാശത്തിനു കാരണമാകുമെന്നും കവി കരുതുന്നു. ഹേ! പാർവ്വതി! എന്നാരംഭിക്കുന്ന കവിത അവസാനിക്കുന്നത് ഹേ! ശ്യാമളേ ശാന്തരൂപേ, സമുദ്രേ! എന്നിങ്ങനെയാണ്. പാർവ്വതി എന്നതിൽ തുടങ്ങി ശാന്തരൂപിണി സമുദ്രേ എന്നിടത്തെത്തുമ്പോൾ എല്ലായിടത്തും വ്യാപിക്കുന്ന ശക്തിയെയാണ് വിളിച്ചുണർത്തുന്നത്. വിശ്വമാനവ

സങ്കൽപത്തിലൂടെ സ്ത്രീ പ്രാധാന്യത്തെ എടുത്തു കാണിക്കുന്ന ഈ കവിത അടിസ്ഥാനപരമായി പ്രകൃതിയിൽ ഉറച്ചു നിന്നുകൊണ്ട് പരിസ്ഥിതി സ്ത്രീ ഭാവങ്ങളെ സമന്വയിപ്പിക്കുന്നു. സ്ത്രീയാണ് പ്രപഞ്ചത്തിന്റെ എല്ലാം. ഭാരതീയ ഗോത്ര സംസ്കാര ത്തിന്റെ ചൊൽവടിവുകളിൽ അമ്മയായി ആരാധനാമൂർത്തിയായി നിലകൊള്ളുന്ന ദേവി മന്ത്രാർച്ചനകളുടെ പ്രീണനങ്ങളിൽ ഉണരുകയും പ്രസാദിക്കുകയും ചെയ്യുമ്പോൾ പ്രകാശം പരത്തി ക്കൊണ്ടിരിക്കുകയും ചെയ്യുമ്പോൾ ലോകനന്മ ഉണ്ടാകും. ''ഇതാണെന്റെ ലോകം ഇതാണെന്റെ യോഗം'' എന്ന വിലാസം കേൾക്കാത്ത സ്വയം പ്രാപ്തമായ സമൂഹത്തെ സ്വപ്നം കാണാൻ കവിക്കു കഴിയുന്നത് ഭാവവർണ്ണനയ്ക്കു പ്രാധാന്യം കൊടുത്തതു കൊണ്ടാണ്.

'ഒരു സ്വതന്ത്രവ്യക്തിയായി സ്ത്രീയെ അംഗീകരിക്കാൻ പുരുഷനു കഴിയുന്നില്ല എന്നതാണ് യാഥാർത്ഥ്യം. കാരണം സ്ത്രീവ്യക്തിത്വത്തിന്റെ നിഷേധമാണ് ആൺകോയ്മ സംസ്കാരത്തിന്റെ അന്തഃസത്ത. മാനുഷികതപോലും ആണിന്റേതാണെന്ന് വിശദീകരിച്ചുകൊണ്ടാണ് സിമോൻ ദി ബൂവ്വേ പറയുന്നത്. ''പുരുഷൻ സ്ത്രീയെ നിർമ്മിക്കുന്നത് അവനുമായി ബന്ധപ്പെടുത്തി മാത്രമാണ്. അവളെ അവളായികൊണ്ടല്ല എന്നാണ്''[22]. ഈ ആശയങ്ങൾ കടമ്മനിട്ടക്കവിതയുടെ ഭാവപ്രപഞ്ചവു മായി ഇണങ്ങിച്ചേരുന്നതാണ്.

**6.7. മനുഷ്യപ്രകൃതിഭാവങ്ങൾ**

'പരാതി', 'കുഞ്ഞേമുലപ്പാൽ കുടിക്കരുത്', 'കടിഞ്ഞൂൽ പൊട്ടൻ', 'നദിയൊഴുകുന്നു' 'ഞാനിന്നുമെന്റെ ഗ്രാമത്തിലാണ്' എന്നീ

കവിതകളിലും പാരിസ്ഥിതികവും സ്ത്രീവാദപരവുമായ ആശയങ്ങൾ പ്രകടമാണ്. നഷ്ടസൗഭാഗ്യങ്ങളുടെ ബിംബ സാകല്യമായി കൃഷ്ണ മാറുന്ന കവിതയാണ് 'പരാതി'. സ്ത്രൈണതയുടെ അന്ത്യം സർവ്വനാശമാണെന്ന് ഈ കവിത സൂചന നൽകുന്നു.

ഗ്രാമത്തിന്റെ സൗന്ദര്യത്തെ പകർത്തി അവയിലെ ജീവിതങ്ങളെ പച്ചയ്ക്കു കാണിച്ചു തരുന്ന 'ഞാനിന്നുമെന്റെ ഗ്രാമത്തിലാണ്' എന്ന കവിതയിൽ പരുത്തിയെണ്ണയിൽ കുഴച്ച ഉച്ചപ്പൊടി കിട്ടാൻ വേണ്ടി മാത്രം സ്കൂളിൽ പോകുന്ന കുഞ്ഞുങ്ങളെ കാണാം. കുപ്പിവളയും ചിപ്പിയും കമ്പിമിഠായിയും ബലൂണുകളുമായി ചെറുപട്ടണത്തിൽ നിന്നും വരുന്ന വിൽപ്പനക്കാരനു മുന്നിൽ ഒന്നും വാങ്ങാനാവാതെ വിഷണ്ണനായി നിൽക്കുന്ന കുഞ്ഞുങ്ങൾ, ഈ കുഞ്ഞുങ്ങളെ നിവൃത്തികേടുകൊണ്ട് തല്ലേണ്ടി വരുന്ന അമ്മമാർ ഇങ്ങനെ ജീവിത ദുരന്തമനുഭവിക്കുമ്പോഴും പ്രതീക്ഷ വെച്ചു പുലർത്തുന്നു അവർ. മേടപ്പൊടിയിൽ വീണ വിത്തു മുളയ്ക്കുമെന്നും ഇടവപ്പാതിയിൽ തുടം പൊട്ടിവെക്കുമെന്നും, കതിർവരുമെന്നും വിളയുടെ നേരെ ആരും തട്ടിമാറ്റാത്ത തങ്ങളുടെ കൈകൾ നീളുമെന്നും അവർ സ്വപ്നം കാണുന്നു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ഗാഢബന്ധത്തിൽ വിശ്വസിക്കുന്ന ഈ കവിത അന്യവൽക്കരണത്തിന്റേതായ കടന്നുകയറ്റങ്ങൾക്ക് അവരുടെ പ്രതീക്ഷ യിൽ ഇടം ഇല്ല എന്ന് സൂചിപ്പിക്കുന്നു. അതു തന്നെയാണ് 'ഞാനിന്നു മെന്റെ ഗ്രാമത്തിലാണ്' എന്ന കവിതാ തലക്കെട്ടു സൂചിപ്പിക്കുന്നതും.

യുദ്ധം, അധികാരം, പ്രകൃതിനശീകരണം ഇവയ്ക്കെതിരെ മുഴങ്ങുന്ന സ്വരമായി 'കുഞ്ഞേ മുലപ്പാൽ കുടിക്കരുത്' എന്ന കവിത നിലകൊള്ളുന്നു. ചൂഷകർ 'പൂതനാതന്ത്ര'ത്തിലൂടെ ഭൂമിയെ കളിപ്പന്താ

ക്കുന്നു. എപ്പോഴും രക്ഷയ്ക്കായെത്തുന്ന ഭൂമി നമ്മുടെ അമ്മയാണെന്നു കവി തിരിച്ചറിയുന്നു.

'അഴലിൽ കയങ്ങളി,ലെല്ലാം
അവളുണ്ടു നമ്മുടെ രക്ഷയായെപ്പോഴും
അവളാണ് നമ്മുടെയമ്മ'[23].

വിഷം പുരുണ്ട മുലപ്പാൽ കുടിക്കേണ്ടി വരുന്ന ശൈശവത്തിന്റെ നിതംബലത കവിയിൽ ഉണർത്തുന്ന ഉത്കട ഭാവങ്ങൾ 'ഭൂമിയെ വീണ്ടെടുക്കൽ' എന്ന സങ്കല്പത്തിലേക്കുയർത്തുന്നു. പൈതലിനോട് ഭൂമിയുടെ ഗർഭാശയത്തിൽ പുതിയ പുംബീജമായ് വീഴാനാവശ്യപ്പെടുന്ന കവി മരമായ് മനുഷ്യനായ് വിടരുന്ന പൂവായി, അഴകായി, സൂര്യകിരണമായി പൂർണ്ണത നേടാൻ ആശംസിക്കുന്നതോടെയാണ് കവിത അവസാനിക്കുന്നത്.

ഗ്രാമത്തിലെ ദാരിദ്ര്യത്തിന്റെ തീവ്രത വ്യക്തമാക്കുന്നതാണ് 'കടിഞ്ഞൂൽപൊട്ടൻ' എന്ന കവിത ഗ്രാമത്തോട് ഇഴുകിച്ചേർന്ന ബാല്യം അനുഭവിക്കുമ്പോഴും അരുതായ്മകൾ അവന്റെ കർമ്മഗതി നിയന്ത്രിക്കപ്പെടുന്നു. നഗരത്തിലെത്തിപ്പെടുന്നതോടെ നാഗരിക രീതിക്ക് അയാൾ വശംവദനാകുന്നു. വേശ്യയെ പുൽകിക്കിടക്കുന്ന അയാളെ ഗ്രാമം നൽകിയ സ്ത്രീബോധം വേട്ടയാടുന്നു. അയാളിലെ മാനുഷികത്വം നഷ്ടപ്പെടുകയും മൃഗീയമായ അവസ്ഥയിലേക്ക് അയാൾ യാത്ര തുടരുകയും ചെയ്യുന്നു. ''നഗരം ജീർണ്ണവും മനുഷ്യരഹിതവുമായ ഒരനുഭവമായിത്തീരുന്നു. അന്യമാണെനിക്കെല്ലാം എന്ന അനത്യാബോധം അയാളെ ഗ്രസിക്കുന്നു''[24] എന്ന നെല്ലിക്കൽ മുരളീധരന്റെ അഭിപ്രായം 'കടിഞ്ഞൂൽ പൊട്ടൻ' എന്ന കവിതയ്ക്ക് യോജിക്കുന്നതാണ്.

വന്യസൗന്ദര്യത്തെ കവിതയിലാവിഷ്ക്കരിക്കുന്ന 'നദിയൊഴുകുന്നു' എന്ന കവിത പ്രകൃതിയുടെ വിവിധ ഭാവങ്ങളെ ആവിഷ്ക്കരിക്കുന്നു. മനുഷ്യനും പ്രകൃതിയും കവിതയിൽ അഭേദ്യമായി നിലകൊള്ളുന്ന കാഴ്ച ഈ കവിതയിൽ കാണാം. ആദിബോധത്തിന്റെ ഉണരലും നദിയൊഴുകുകയും ചെയ്യുന്നതിനിടയിൽ എപ്പോഴോ നദിക്കു കലക്കം സംഭവിക്കുന്നു. മണ്ണൊലിപ്പും മരം വീഴലും നിർബാധം തുടരുന്നു. ബോധോദയത്തിന്റെ പ്രതീക്ഷയുടെ നാമ്പുകൾ കവി സ്വപ്നം കാണുന്നുണ്ട്. ഇരുട്ട് പോകുമെന്നും വെളിച്ചം വരുമെന്നും കവി പ്രതീക്ഷിക്കുന്നു. കടമ്മനിട്ടക്കവിത ആവിഷ്ക്കരിക്കുന്ന സ്ത്രീപ്രകൃതി ഭാവങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം.

- പ്രകൃതിയുടെ അവസ്ഥാഭേദങ്ങളുടെ ആവിഷ്ക്കാരമാണ് സ്ത്രീബിംബങ്ങളായും സ്ത്രീയുടെ അവസ്ഥാഭേദങ്ങളായും വിരിയുന്നത്.
- മനുഷ്യന്റെയെന്നപോലെ പ്രകൃതിയുടെയും നിലനിൽപ്പ് സ്ത്രീ പുരുഷ സംയോഗത്തിലാണെന്നും അതിൽ എപ്പോഴും പ്രഥമ പരിഗണന സ്ത്രീക്കുതന്നെയാണെന്നുമുള്ള ബോധം കവിതകളുടെ ആധാരശീലയായി വർത്തിക്കുന്നു.
- സ്ത്രൈണ പരാമർശങ്ങളിൽ പുരുഷകേന്ദ്രിത വീക്ഷണത്തിനാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്.
- പ്രകൃതിയിലെ സർവ്വ ചരാചരങ്ങളും ചൂഷണ വിധേയമാണെന്ന സങ്കല്പം കവിതകളിൽ കൊണ്ടുവരുന്നു

- ദ്രവിഡത്തനിമയുടെ പുനരാവിഷ്ക്കാരം കവിതകളിൽ ഇടം നേടുന്നു.

## <u>കുറിപ്പുകൾ</u>

1. സുരേഷ്.ആർ; 'കടമ്മനിട്ടയിലേക്കൊരു' നടപ്പാത, തിരുവനന്തപുരം. പുറം. 21.
2. ഗുപ്തനനായർ.എസ്; 'കാവ്യസ്വരൂപം', പുറം.101.
3. നരേന്ദ്രപ്രസാദ് 'കടമ്മനിട്ടയുടെ കവിതകൾ' (അവതാരിക), പുറം 29.
4. ലീലാവതി.എം; 'കടമ്മനിട്ടയുടെ കാവുകൾ', പുറം 36.
5. സുരേഷ്.ആർ; 'കടമ്മനിട്ടയിലേക്കൊരു നടപ്പാത', പുറം 102.
6. രാമകൃഷ്ണൻ; കടമ്മനിട്ട, 'കടമ്മനിട്ടയുടെ കവിതകൾ', പുറം 73.
7. നാരായണൻ പാലക്കീഴ് 'കടമ്മനിട്ടയുടെ കാവുകൾ', (എഡി) പുറം 47.
8. രവികുമാർ.കെ.എസ്; 'കടമ്മനിട്ടക്കവിത' (പഠനങ്ങൾ) പുറം 339.
9. രാമകൃഷ്ണൻ; കടമ്മനിട്ട, 'കടമ്മനിട്ടയുടെ കവിതകൾ', പുറം. 195.
10. ശ്രീജൻ. വി.സി; 'മാതൃഭൂമി ആഴ്ച്ചപതിപ്പ്', ലക്കം 22, ജൂലായ് 31 – ആഗസ്റ്റ് 6, പുറം 30.
11. നരേന്ദ്രപ്രസാദ്, 'എന്റെ സാഹിത്യനിരൂപണങ്ങൾ', പുറം 72.
12. കടമ്മനിട്ട രാമകൃഷ്ണൻ, 'കടമ്മനിട്ടയുടെ കവിതകൾ', പുറം 168.

13. കടമ്മനിട്ട രാമകൃഷ്ണൻ, 'കടമ്മനിട്ടയുടെ കവിതകൾ',പുറം 174.

14. രവികുമാർ.കെ.എസ്; 'കടമ്മനിട്ടക്കവിത' (പഠനങ്ങൾ), പുറം 259.

15. കടമ്മനിട്ട രാമകൃഷ്ണൻ; 'കടമ്മനിട്ടയുടെ കവിതകൾ', പുറം 174.

16. ,, ,, പുറം 87.

17. ,, ,, പുറം 88.

18. നാരായണൻ പാലക്കീഴ്, 'കടമ്മനിട്ടയുടെ കാവുകൾ', പുറം 37.

19. കടമ്മനിട്ട രാമകൃഷ്ണൻ; 'കടമ്മനിട്ടയുടെ കവിതകൾ', പുറം 86.

20. ഹരിസ്വാമികൾ ആചാര്യൻ; 'ശ്രീ ലളിതാസഹസ്രനാമ സരളാർത്ഥം', യജ്ഞപ്രസാദം മാന്നാർ, പുറം 87 – 128.

21. കടമ്മനിട്ട രാമകൃഷ്ണൻ 'കടമ്മനിട്ടയുടെ കവിതകൾ', പുറം 189.

De Beavoir, Simon, "The Second Sex', Page.16.

23. കടമ്മനിട്ട രാമകൃഷ്ണൻ 'കടമ്മനിട്ടയുടെ കവിതകൾ', പുറം 207.

24. മുരളീധരൻ നെല്ലിക്കൽ 'കണ്ണീരിന്റെ മധുരവും പുഴുത്ത മുലപ്പാലിന്റെ ചൂടും, കവിതയിലെ പുതുവഴികൾ' പുറം 54.

# അധ്യായം 7

# സ്ത്രീ പ്രകൃതി സങ്കല്പം സച്ചിദാനന്ദന്റെ കവിതയിൽ

മലയാളകവിത പ്രമേയത്തിലും രൂപത്തിലും ഭാവത്തിലുമെല്ലാം വൻമാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന ആയരത്തിതൊള്ളായിരത്തി അറുപതുകളിലാണ് സച്ചിദാനന്ദൻ പുതിയ കാവ്യശൈലി തേടികൊണ്ട് രംഗപ്രവേശനം ചെയ്യുന്നത്. മലയാളകവിതയുടെ തനതായ വാമൊഴി വരമൊഴി പാരമ്പര്യങ്ങൾ, ഇന്ത്യൻ കവിതയുടെ ക്ലാസിക്കലും ആധുനികവുമായ ബൃഹത് പാരമ്പര്യം പുതിയ ബിംബങ്ങളും മിത്തുകളും ഐതിഹ്യങ്ങളും അവതരിപ്പിക്കാനുള്ള ത്വര എന്നിവ സച്ചിദാനന്ദന്റെ കാവ്യശൈലിക്ക് പുതിയ മാനം നല്കുന്നതിനുതകുന്നതായിരുന്നു. ആയിരത്തിതൊള്ളായിരത്തി എഴുപതുകളിലെ അടിയന്തിരാവസ്ഥ പുതിയ രാഷ്ട്രീയ ജാഗ്രതക്ക് വഴിവെച്ചു. ജനാധിപത്യ സ്വാതന്ത്ര്യങ്ങളുടെ പ്രാധാന്യം തിരിച്ചറിഞ്ഞ കവി രാഷ്ട്രീയമെന്നതിനേക്കാൾ നൈതികമായ നീതിക്കായുള്ള സമരത്തിനുവേണ്ടി കവിതകളിൽ ഇടം കണ്ടെത്തി. സ്ത്രീ-ദളിത്-ആദിവാസി-ന്യൂനപക്ഷങ്ങളുടെ പ്രാതിനിത്യത്തിനുവേണ്ടി കവിതകളിലൂടെ പ്രതികരിച്ചു. സച്ചിദാനന്ദൻ തന്റെ കവിതകളിലെ പ്രമേയങ്ങളെക്കുറിച്ച് ഇങ്ങനെ പറയുന്നു.

''കവിയായി രൂപപ്പെടുത്താൻ എന്നെ സഹായിച്ച പ്രധാന ഘടകങ്ങൾ പാരമ്പര്യങ്ങൾ (പ്രാദേശികം, ദേശീയം, ആഗോളം) അനുഭവം, നിരീക്ഷണം (പ്രകൃതിയുടെയും മനുഷ്യരുടെയും) യാത്രകൾ, ചിത്രകലയും സംഗീതവും പോലുള്ള ഇതരകലകളുമായുള്ള പ്രതിപ്രവർത്തനം, വായന, വിവർത്തനം എന്നിവയാണെന്നു പറയാം''[1]. നൈതിക മൂല്യങ്ങൾക്കുള്ള കവിയുടെ പോരാട്ടം സ്ത്രീവിമോചനം, പരിസ്ഥിതിയുടെ പരിരക്ഷ യുദ്ധരഹിത ലോകം എന്നിങ്ങനെ നീളുന്നു. അധികാരത്തെ

വെല്ലുവിളിക്കുകയും മതത്തിന്റെ സഹായം ആവശ്യമില്ലാത്ത ആത്മീയ തയെ കവി കൃതികളിൽ ആവിഷ്ക്കരിക്കുകയും ചെയ്യുന്നു.

ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ വളർച്ച, നക്സൽ ബാരി കലാപങ്ങളുടെ വികസനവും വ്യാപനവും കവിയുടെ കാവ്യദർശനത്തെ രൂപപ്പെടത്തി. കടമ്മനിട്ടക്കവിതകളിൽ പാരമ്പര്യത്തിന്റെയും ദ്രാവിഡ ത്തനിമയുടെയും സ്ത്രീയവസ്ഥകളുടെയും ആവിഷ്കാരങ്ങളിൽ നിന്നും ഭിന്നമായി സച്ചിദാനന്റെ കവിതകൾ അക്കാലത്തെ രാഷ്ട്രീയ പരിസ്ഥിതി യെക്കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള അനുഭവങ്ങളെയാണ് വരച്ചുവെച്ചി രിക്കുന്നത്. കാലങ്ങളായി സ്ത്രീക്ക് നേരിടേണ്ടിവരന്ന പാർശ്വവത്കരണ ങ്ങളെക്കുറിച്ചും പ്രകൃതി ചിത്രങ്ങളിലെ സ്ത്രീയുടെ പ്രതിനിധാനവും സച്ചിദാനന്ദന്റെ കവിതകളിൽ പ്രത്യക്ഷപ്പെടുന്നതെങ്ങിനെയെന്ന് അന്വേഷി ക്കുകയാണ് ഈ അധ്യായത്തിൽ ചെയ്യുന്നത്.

### 7.1. മാതൃത്വം : വിവിധഭാവങ്ങളിൽ

അമ്മയും കുട്ടിയും തമ്മിലുള്ള പരമ്പരാഗത ചിത്രീകരണമല്ല സാമൂഹിക പരിതോവസ്ഥകളോടു ബന്ധപ്പെടുത്തികൊണ്ടുള്ള ആവിഷ്ക്കാര സാധ്യതയാണ് സച്ചിദാനന്ദന്റെ കവിതകളിലുള്ളത്. അമ്മയും കുഞ്ഞും പാരമ്പര്യ സംസ്ക്കാരത്തിന്റെ പുനരുത്പാദന ത്തിന്റെ സൃഷ്ടി പ്രക്രിയയുടെ ഉന്നത ഭാവങ്ങളാണ്. പഴയതലമുറയുടെയും പുതിയ തലമുറയുടെയും സംസ്ക്കാരത്തെ വഹിക്കുന്ന വരാണ് ഇവർ. അമ്മയും കുഞ്ഞും സ്നേഹോഷ്മള തയുടെ ഭാവത്തിലല്ലാതെ വിരുദ്ധഭാവങ്ങളിലും സച്ചിദാനന്ദന്റെ കവിതകളിൽ വാർന്നു വീഴുന്നുണ്ട്. ദേവിസ്തവം, വിയറ്റ്നാം എന്നീ കവിതകൾ ഉദാഹരണം.

ദേവീസ്തവത്തിൽ ലളിതയായി വന്ന് കൃഷ്ണനെ പാലൂട്ടി സ്വർഗ്ഗം ലോകം പ്രാപിക്കുന്ന പൂതനയുടെ കഥ വ്യഞ്ജിക്കുന്നുണ്ട്.

നിൻ ശ്യാമോത്തുംഗകുചങ്ങളിലൊരു ശിശുവായ്
പറ്റിയമർന്നമ്മിഞ്ഞ കുടിച്ചൊടുവിൽ
ചോരക്കുടിച്ചൊടുവിൽ മജ്ജകൂടി
ച്ചൊടുവിൽ നിനക്കൊന്നുതരാം ഞാൻ[2]

എന്നു പറയുന്നിടത്ത് ദേവിയും മനുഷ്യനും പ്രത്യക്ഷ പ്പെടുന്നു. ഇതിൽ ദേവി നീയും ഞാൻ അതായത് കവി മനുഷ്യനുമാകുന്നു. ചോരയും മജ്ജയും കുടിച്ച് നിന്നെ കൊന്നു തരാം ഞാൻ എന്നു പറയുന്നിടത്ത് പൂതന കൃഷ്ണബന്ധം ഇതൾ വിരിയുന്നു. അപ്പോൾ ദേവി അല്ലെങ്കിൽ പൂതന അയഥാർത്ഥമാകുന്നതോടെ അമ്മ കുഞ്ഞ് ബന്ധം വിരുദ്ധബന്ധമായിത്തീരുന്നു. ദേവിയിൽ അമ്മ ബിംബം ആവിഷ്കൃത മാകുന്നത് മനുഷ്യമനസ്സിൽ അന്തർലീനമായിരിക്കുന്ന ദൈവീക സംസ്ക്കാരം വർത്തിക്കുന്നതു കൊണ്ടാണ്. ആദികാലഘട്ടങ്ങളിൽ ദേവിയെ അമ്മയായും, ശക്തി സ്വരൂപിണിയായും ജനത സങ്കല്പിച്ചിരുന്നു. അതുകൊണ്ടു തന്നെ ദേവിയെയും അമ്മയേയും കാത്തു സൂക്ഷിക്കുക എന്നത് കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. മരിച്ച മുലയിലൂടെ അമ്മയുടെ മൃതത്വം കുറിക്കുന്ന കവിതയാണ് വിയറ്റനാം. മരിച്ച മുലയിൽ നിന്നു പാലുതിരുന്നു എന്ന കാഴ്ചപ്പാട് മൃതിയിലും അമ്മയുചെ മഹത്വം വിശ്വമാനവികതയിലേക്കു കൂട്ടി കൊണ്ടുപോകുന്നതിന്റെ സൂചനയാണ്.

തലമുറകൾ എന്ന കവിതയിൽ മാനവിക ജീവിതത്തിന്റെ അനുഭവങ്ങളെ കാണിക്കുന്നു. അമ്മയും അച്ഛനും മുൻ തലമുറയിലെ

ആളുകളും മകൾ പിൻതലമുറയിൽ വളർന്നവളുമാണ്. തലമുറകൾ കഴിയുംതോറും സ്നേഹബന്ധത്തിനും തട്ടുന്ന ഉലച്ചിൽ ഈ കവിത അടിവരയിടുന്നുണ്ട്. അമ്മ വ്യക്തിയുടെ മാത്രം അമ്മയായി മാറാതെ സമൂഹത്തിന്റെ മൊത്തം അമ്മ സങ്കല്പത്തിലേക്ക് വളരുന്ന കവിതകളാണ് ഒഴിഞ്ഞമുറി, ഇടവേള എന്നീ കവിതകൾ മകളുടെ സുരക്ഷിതത്വമില്ലാത്ത ലോകത്തെ ക്കുറിച്ച് അമ്മയ്ക്ക് ഉൽക്കണ്ഠയുണ്ട്. ഇടവേള എന്നപേരു സൂചിപ്പിക്കുന്നതുപോലെ തന്നെ ജീവിതാനുഭവത്തിന്റെ ഇടവേള, ചീത്തകാലം അമ്മമാരുടെ മക്കളെ കവർന്നെടുക്കുന്നു എന്ന ചിന്ത ഈ കവിത വിക്ഷേപിക്കുന്നുണ്ട്. അമ്മമാരുടെ കണ്ണീരുണങ്ങും മുമ്പേ തന്നെ മക്കളുടെ രക്തസാക്ഷിത്വം കോമാളിത്തമായിത്തീരുന്ന കാഴ്ച്ച ഭീതിയോടെയാണ് കവിതയിൽ കടന്നുവരുന്നത്. പ്രകൃതിയുമായി ലയിച്ചു ചേർന്നതാണ് അമ്മയുടെ ദുഃഖം. പ്രകൃതിയുടെ പ്രത്യുത്പാദന വ്യവസ്ഥ തന്നെയാണ് അമ്മയ്ക്കും ഉള്ളത്.

അമ്മ പ്രതീകമെന്ന നിലയിൽ പ്രകൃതിയെ സാക്ഷി നിർത്തി അമ്മ മക്കൾക്കു കൊടുക്കുന്ന ഉപദേശമാണ് പശുവും പുലിയും. പുലിയുടെയും പശുവിന്റെയും കഥ സ്വന്തം കുട്ടിക്ക് പാലുകൊടുക്കാൻ അകിട്ടു കഴച്ചോടുമ്പോഴാണ് ഗംഗയ്യൻ പുലിയുടെ വരവ്. ഈ അമ്മ പുലിയുടെ മുന്നിൽ പേടിച്ചോടുന്നില്ല. നിശ്ചയദാർഢ്യത്തോടെ തന്റെ വാക്ക് പാലിക്കുന്ന പശു അമ്മയുടെ പ്രതീകമാണ്.

അമ്മ നൽകുന്ന സുരക്ഷിതത്വം കുഞ്ഞിനമൃതാണ്. അമ്മ പുലിക്കു ഭക്ഷണമായി പോയാൽ പേടിയാണ് കുട്ടിക്ക്. വാത്സല്യാർദ്രമായ ഭാഷയിൽ അമ്മ മകന് ഉപദേശങ്ങൾ കൊടുക്കുന്നുണ്ട്. കൊമ്പു

വളർന്നാൽ പോലും ആവശ്യമില്ലാതെ അതുപയോഗിക്കരുതെന്ന നിർദ്ദേശവും കൊടുക്കുന്നുണ്ട്. സത്യത്തിന്റെ പ്രതീകമാണ് ഇവിടെ അമ്മ.

### 7.2. വ്യക്തി എന്ന നിലയിൽ

അമ്മയുടെ ജീവിതം എന്തെന്നു വ്യക്തമാക്കുന്ന കവിതകളാണ് അമ്മ, വീട്ടിലേക്ക്, സഞ്ചയനം എന്നീ കവിതകൾ. അമ്മ എന്ന പദവി സ്ത്രീയിൽ നിന്ന് എന്താണ് കാണപ്പെടുന്നത് എന്നാണ് ഈ കവിതകൾ പങ്കുവെക്കുന്നത്. അച്ഛൻ ഇവിടെ സ്വാർത്ഥ വ്യക്തിയായിട്ടാണ് വരുന്നത്. സാമൂഹ്യനീതി സൃഷ്ടിച്ചെടുക്കുന്ന സ്ത്രീപുരുഷ ബന്ധത്തിന്റെ വ്യത്യാസം ഈ തലങ്ങളിൽ വായിച്ചെടുക്കാം. അമ്മ പ്രാന്തവൽക്കരിക്കപ്പെട്ട സ്ത്രീയായി ഈ കവിതകളിൽ പ്രത്യക്ഷപ്പെടുന്നുണ്ട്. സഞ്ചയനം എന്ന കവിതയിൽ ഭർത്താവിന്റെ മരണശേഷം ഒറ്റപ്പെട്ടുപോകുന്ന അമ്മ വീടിനെ സംരക്ഷിക്കാൻ പാടുപെട്ട് ശരീരം ശോഷിക്കുന്നതിനെക്കുറിച്ച് സൂചനയുണ്ട്.

'ഈ മാറെല്ലിനു മീതെ
അവൾക്കെതിരായിരുന്ന ഒരു
ലോകത്തിന്റെ മുഴുവൻ ഭാരവും അമർന്നു'[3]

ഇങ്ങനെ കഷ്ടപ്പെടുമ്പോഴും കവിതയുടെ മനസ്സിൽ അമ്മയുടെ നല്ലൊരു ചിത്രമുണ്ട്. അതിങ്ങനെയാണ്.

'എന്റെ അമ്മ ധ്രുവ നക്ഷത്രമല്ല
ഓരോ നിമിഷവും മരിച്ചു കൊണ്ടിരിക്കുന്ന ഒരു സ്ത്രീമാത്രം'[4]

ഈ സ്ത്രീയാണ് ഭാരതീയ കുടുംബ പാരമ്പര്യത്തിന്റെ അർത്ഥവത്ത. സ്ത്രീയുടെ സങ്കടങ്ങളും ദുഃഖങ്ങളും മനസ്സിലാക്കുന്ന

സച്ചിദാനന്ദന്റെ കൃതികൾ  അമ്മയിൽ നിന്ന് സ്നേഹവും സഹനവും ആവശ്യപ്പെടുന്നുവെന്ന തിരിച്ചറിവിലൂടെ പുതിയ ലോകത്തിന്റെ സ്വപ്നമായി മാറുന്നു.  അമ്മ, വീട്ടിലേക്ക്, സഞ്ചയനം എന്നീ കവിതകൾ ഒരു സ്ത്രീയുടെ ജീവിത ചക്രത്തിലെ അവസ്ഥാ  അത് സ്ത്രീ ജീവിതത്തിന്റെ അനുക്രമമായ പരിണാമമാണ്.

**7.3. മാതൃത്വം പരാമർശങ്ങളിൽ**

മാതൃത്വം കവിതയിൽ ഇടയ്ക്കിടക്ക് പ്രത്യക്ഷപ്പെടുന്ന ഒരു ബിംബമാണ് അമ്മ എന്ന നിലയിൽ കുടുംബത്തിനു കിട്ടുന്ന പരിചരണങ്ങൾ സ്ത്രീ എന്ന നിലയിൽ സമൂഹത്തിനു കിട്ടുന്ന അനുഭവങ്ങൾ ഇവ മാതൃത്വത്തിലൂടെ കവി വരച്ചു കാട്ടുന്നു.

- എന്റയമ്മക്കാട്

  അവളെനിക്ക് തണലും കനിയും തന്നു[5]

- കുളിൽ ജലത്തിന്റെ വിരലുകൾ അമ്മയെ പോലെ[6]
- അമ്മ വെറുതെയിരിക്കുന്നത് ഞാൻ കണ്ടിട്ടേയില്ല[7]
- ഇങ്ങനെ സ്ത്രീ, അമ്മ എന്നീ നിലകളിലുള്ള പരാമർശങ്ങൾ കവിതയിൽ കടന്നു വരുന്നു.

**7.4. അച്ഛൻ മകൾ ബന്ധം**

ദൃഢമായ ബന്ധമാണ് അച്ഛൻ മകൾ ബന്ധത്തിലുള്ളത്. സാമൂഹിക സാഹചര്യം ഒരുക്കി കൊടുക്കുന്ന സാംസ്കൃതിക്ക കത്തുനിന്നു കൊണ്ട് മകളുടെ വളർച്ച അമ്മയെക്കാളേറെ അച്ഛൻ

നോക്കിക്കാണുന്നു. ഇത് ആധുനികതയിൽ നഷ്ടപ്പെട്ടുകൊണ്ടിരി ക്കുന്ന കാഴ്ചപ്പാടാണ്.

### 7.5. പുരാവൃത്ത കഥാപാത്രങ്ങൾ

സ്ത്രീകഥാപാത്രങ്ങൾ ജീവിത കാമനയുടെ പ്രതീകമായി കവിതയിൽ വരുന്നു. തപസ്സ്, സ്വപ്നാടനം, ശിവപാർവ്വതി എന്നീ കവിതകൾ ഉദാഹരണം. പുരുഷന്റെ കാമത്തിനുള്ള പൂരണമാണ് സ്തീ എന്നു ഈ കവിത സാക്ഷ്യം വഹിക്കുന്നു. ജീവിത പൂർണ്ണത ഏറെയുള്ള സ്ത്രീയെ തേടുന്ന പുരുഷൻ ഈ കവിതകളിൽ പ്രത്യക്ഷപ്പെടുന്നു. പുരൂരവസ് ഊർവ്വശിയെ തേടുന്നു. രാമൻ സീതയെ തേടുന്നു മാധവി കോവലനെ തേടുന്നു. രാധ കൃഷ്ണനെ തേടുന്നു. ഈ തേടൽ കാലദേശങ്ങളിലൂടെയുള്ള യാത്രയാണ്. അവൾ അവനെ കാത്തിരിക്കുന്നു എന്നതാണ് ഇതിലെ പ്രത്യേകത.

"പിന്നെത്തിരിഞ്ഞു കറങ്ങി നടന്നു ഞാൻ
മഞ്ഞിൻ ധ്രുവത്തിലും മന്നിൻ മുടിയിലും
ഏഴു ഭൂഖണ്ഡവും ചുറ്റിയടിച്ചു ഞാ-
നേഴിലുമില്ലവൾ''.[8]

തിരയലിന്റെ അന്വേഷണത്തിന്റെ വഴികൾ സ്ത്രീയെ സ്ത്രീയാക്കി നിർത്താൻ പര്യാപ്തമാക്കുന്നുണ്ട്. സ്ത്രീ ഉണ്ടെങ്കിലേ ജീവിതം പൂർണ്ണമാകൂ എന്ന സങ്കല്പം ഈ കവിതകളിൽ നിഴലിക്കുന്നു.

### 7.5.1 സീത

രാമായണത്തിലെ നിറഞ്ഞ സാന്നിദ്ധ്യമാണ് സീത എന്ന കഥാപാത്രം. എഴുത്തച്ഛനുറങ്ങുമ്പോൾ പനയോലയെല്ലിൽ നിന്നു നടന്നടുക്കുന്ന ശൂർപണഖയുടെ നഖങ്ങളും താടകയുടെ കാമക്കരി ങ്കണ്ണുകളും അവഗണിക്കപ്പെടുന്നു. എന്നാൽ പനയോല ഉച്ചാരണത്തിൽ ഒരു തുള്ളി കണ്ണീരിൽ എഴുത്തച്ഛനിരിക്കുമ്പോൾ അസഹ്യമായ വേദന കൊണ്ട് അലറിക്കരഞ്ഞ് സീത തലകുനിച്ചി രിക്കുന്നു. പനയോല സ്വയം പിളർന്ന് അവളുടെ മാനം കാത്തു. ഉഴവു ചാലിന്റെ മകൾ താൻ അംശമായിരുന്ന മൂലപ്രകൃതിയിലേക്കു മടങ്ങി അപമാനത്തിൽ നിന്നും രക്ഷനേടുന്നു.[9] രാമനെയും സീതയേയും അന്വേഷിക്കുന്ന കബീർ എന്ന കവിതയിൽ സ്ത്രീപുരുഷബന്ധത്തിന്റെ നിരാസത്തെ കാണാം.

കണ്ടവരുണ്ടോ സീതയെ ? അവളെ
കണ്ടിട്ടില്ലാ ഞാൻ - പുതുമഴയൊഴികെ[10]

സച്ചിദാനന്ദന്റെ അനുഭൂതികൾ ഭൂതകാലവുമായല്ല ഭാവിയുമായാണ് ബന്ധപ്പെടുന്നത്. 'എന്റെ ഗുഹാതുരത്വങ്ങൾ മുന്നോട്ടാണ് നോക്കുന്നത് എപ്പോഴും സ്വയം സൃഷ്ടിക്കുന്നവനാണ് മനുഷ്യൻ അല്ലെങ്കിൽ അവൻ ഒന്നുമല്ല. പഴയകാലത്തു നിന്ന് അയാൾ തിരഞ്ഞെടുക്കുന്നത് തന്റേതായ വൈകാരിക പ്രസക്തി നൽകാൻ കഴിയുന്ന മിത്തുകളും കഥാപാത്രങ്ങളു മാണ്. കർണ്ണനും ബുദ്ധനും, ക്രിസ്തുവും അവരുടെ അവസ്ഥകളാണ്. അവ പുതിയ കാലത്ത് പുതിയ മാനം തേടുന്നു'[11.]

ഗാന്ധാരി, സീത, മീര, കർണ്ണകി, രാധ തുടങ്ങിയ സ്ത്രീ കഥാപാത്രങ്ങൾ കവിതകളിൽ കടന്നു വരുന്നുണ്ട്. മാതൃത്വത്തിന്റെ

പ്രതീകങ്ങളായ ഈ കഥാപാത്രങ്ങൾ നിഷേധിക്കപ്പെട്ട സ്ത്രീത്വത്തിന്റെ പ്രതീകങ്ങളാണ്.

### 7.6. കീഴാള സ്വത്വം

സ്ത്രീകളെ വർണ്ണിക്കാൻ മാത്രമുള്ള പ്രമേയങ്ങൾ കൈകാര്യം ചെയ്യുന്ന കൃതികൾ ഈ ഭാഗത്തു വരുന്നു. അഹല്യ, എഴുത്തച്ഛനെ ഴുതുമ്പോൾ, ബോധവതി, മീര പാടുന്നു എന്നിവ. പശുവും പുലിയും എന്ന കവിതയിലെ കവ്വേരിപ്പയ്യ് ദളിത സ്ത്രീ പ്രതിനിധിയാണ് അതുപോലെ തന്നെ എഴുത്തച്ഛനെഴുതുമ്പോൾ എന്ന കവിതയിൽ പനയോലയിൽ നിന്നു നടന്നു വരുന്ന ശൂർപ്പണഖ, താടക എന്നീ കഥാപാത്രങ്ങൾ ദളിത തിരസ്കൃത സ്വത്വങ്ങളാണ്.

### 7.7. പ്രകൃതി ചിത്രണങ്ങൾ

കേരളീയമായ എല്ലാത്തിനോടും തോന്നുന്ന മമത സച്ചിദാനന്ദ കവിതകളിലും കാണാം.

പുതുനെല്ലിനവിലു കൊറിക്കാത്ത വായ്കളി
ലുരുളുന്നതെങ്ങു വായ്ത്താരികൾ എണ്ണങ്ങൾ
ഇടവപ്പെരും മഴ കേൾക്കാതെയെങ്ങനെ
നുണയുവാൻ പഞ്ചാരിതൻ മേളകാലങ്ങൾ ? [12]

മഹാബലി അവശിഷ്ടങ്ങളിലൂടെ നടക്കുന്നു എന്ന കവിതയിലെ ഈ വരികൾ പാരമ്പര്യ ജീവിതത്തിന്റെ അനുഭവമുള്ള ഗൃഹാതുരത്വത്തെ അവതരിപ്പിക്കുന്നു.

## 7.8. ഏഴിമലയും, കാർഷിക വ്യവസ്ഥിതിയും

ഉത്തരകേരളത്തിലെ ഏഴിമലയിൽ കർഷകരെ കുടിയിറക്കി നാവിക അക്കാദമി സ്ഥാപിക്കുന്നതിനോട് പ്രതികരിക്കുന്ന കവിതയാണ് ഏഴിമല. ഏഴിമല പ്രദേശത്തിന്റെ ഫലഭൂയിഷ്ഠമായ ഒരേ ഒരു സ്ഥലം. തുറമുഖം ഉൾപ്പെടെയുള്ള സ്ഥലങ്ങൾ ഇവിടെ ഉണ്ട്.

ഏഴിമല

മാരുതിയുടെ വിരലുകൾക്കിടയിലൂടെ

ഊർന്നിറങ്ങി പൊട്ടിച്ചിതറിയ അമൃതമല

മേഘങ്ങളും നക്ഷത്രങ്ങളും ചേക്കേറുന്ന

മൃദുല സായാഹ്നങ്ങളുടെ മഹാഗോപുരം[13]

മൃദുല സായാഹ്നങ്ങളുടെ പെട്ടെന്നു വരാം എന്നു പറയുന്നതിലെ വ്യക്തത മനസ്സിലായിരുന്നില്ല കവിക്ക്. റേഷൻകടയിൽ പോകാനും സൈ്വര്യം തരുന്നതുമില്ല. സംഘകാല ഘട്ടത്തിലെ മരുത തിണയോട് സാദൃശ്യമുള്ള ഏഴിമല എന്ന കവിത സമൃദ്ധമായ നഗരങ്ങളോടും, നാടിനോടും സ്ത്രീയെ ബന്ധപ്പെടുത്തുന്നു.

ഏഴിമല എന്ന പ്രദേശം മനുഷ്യന്റെ കൈകടത്തലു കളിലല്ലാത്ത കൊച്ചു ഗ്രാമമായിരുന്നു. മനുഷ്യനും ഭൂപ്രകൃയിലും ഒത്തൊരുമയോടെ ഉണ്ടാകേണ്ട സ്നേഹമെന്ന ഭാവത്തിന് ഇവിടെ പ്രസക്തിയേറുന്നു. കാർഷിക സംസ്കൃതി വളർത്തിയെടുത്ത സംസ്ക്കാരം കൂട്ടുകുടുംബത്തിന്റേതായിരുന്നു.അവിടെ കളവുകളോ ചെളിയോ ഇല്ല. പെട്ടെന്നൊരു ദിവസം പ്രകൃതിക്കും മനുഷ്യനും മേൽ യുദ്ധം പ്രഖ്യാപിക്കപ്പെടുന്നു. നാഗരികതയുടെ പ്രതീകമാണ് യുദ്ധം. ഏഴിമല.

നാവിക അക്കാദമി വരുന്നതോടൊപ്പം സ്വഭാവികമായുള്ള അവകാശങ്ങളെ നഷ്ടപ്പെടുത്തുന്നു. പ്രകൃതിദത്തമായ അവകാശങ്ങൾ പ്രകൃതിയിൽ നിന്നും മനുഷ്യൻ നഷ്ടപ്പെടുത്തി. അതുവരെ സ്വച്ഛതയിലായിരുന്ന പ്രദേശം ഏഴിമല എന്ന ആധുനിക യുഗത്തിന്റെ അടയാളം വന്നതോടെ മാറ്റങ്ങൾ സംഭവിക്കുന്നു. മനുഷ്യർ തമ്മിൽ തമ്മിൽ അറിയാത്തവരായി അധികാരഭ്രമം ഉടലെടുത്തു. സ്ത്രീ സമൃദ്ധിയെ നാടിനോടും നഗരങ്ങളോടും ഉപമിക്കുന്നത് സംഘകാലഘട്ടത്തിലെ ഒരു സങ്കേതമാണ് എന്ന് കൃഷ്ണവാരിയർ. അകം കവിതകളിൽ മത്തി എന്നു പേരുള്ള രാജാവ് ഭരിച്ചിരുന്ന കഴാർ നാടുപോലെ സമൃദ്ധസുന്ദരമായിരുന്നു തന്റെ യൗവനം എന്ന് നായിക സൂചിപ്പിക്കുന്നു. ഇത് ഏഴിമല പ്രദേശത്തോടും ബന്ധപ്പെടുത്തി പറഞ്ഞാൽ കുറെ നാളുകൾക്ക് മുമ്പു വരെ ഇവിടെ സമൃദ്ധിയും ഐശ്വര്യവും വിലസി നിന്നിരുന്നു. മരുതനിലയനായിക എന്നു പറയാം.

. “കഴാർ എന്ന

വളമിയന്ന നാടേറ്റം വിളങ്ങുന്നു.

വെരിയവേൽപ്പട ചൂഴ്ന്നവൻ മത്തിയാ

മരചനത്രേ കഴാറിൽ വാണിടുന്നു

ചില ദിനങ്ങൾ മുമ്പ ക്കഴാർ നാടുപോൽ

വിലസിനിന്ന താണെൻ യൗവനം”[14]

പറയുന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്.

## 7.9. അധികാരവും സംരക്ഷണവും

അധികാര ശാക്തീകരണം എപ്പോഴും ജനങ്ങളുടെ ആഗ്രഹങ്ങളും താത്പര്യങ്ങളും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിലുള്ള ജനാധിപത്യത്തിന്റെ പേരിലുള്ളതാണ്. എന്തിനു വേണ്ടിയാണ് ഏഴിമല കെട്ടിയതെന്ന ചോദ്യം ഈ കവിത ഉന്നയിക്കുന്നുണ്ട്. വരുംകാലങ്ങളിൽ അധികാരം കൈയ്യടക്കുന്ന ഒരു വിഭാഗത്തിന്റെ കയ്യിൽ സ്വത്തു കുമിഞ്ഞുക്കൂടുന്നതിന്റെ സൂചനയാണിത്. ഈയൊരു സൂചന കലിത്തൊകെയിലെ മരുതം തിണയിൽ ഇളകനാരുടെ കവിതയിൽ വർണ്ണിക്കുന്നുണ്ട്.

ധർമ്മവും ന്യായവും സത്യവും പുലർത്തി നാടിനു സംരക്ഷണം നൽകുന്ന രാജകുമാരൻ ഭാര്യയുടെ കാര്യത്തിൽ വീഴ്ച വരുത്തുന്നു.

“നിൻകുടനിഴൽക്കീഴിൽ തഴച്ചിടുന്നു ധർമ്മം
എങ്കിലെന്തിവൾക്കില്ലാ നിഴലിൽ സ്ഥലമെന്നോ?
പിറപോലഴകാർന്ന നെറ്റിയിൽ വിളർപ്പേറി-
പ്പെരുതാമഴലേന്തുമിവളെക്കണ്ടാലും നീ !
ന്യായ ദീക്ഷിതം സത്യനിഷ്ഠം നിൻ ചെങ്കോലെന്നും
ആറ്റിലെ, ന്തിവൾക്കില്ലാച്ചെങ്കോലിൻ സുരക്ഷണം”[15]

കേരളീയ സ്ത്രീയുടെ ഇതേ ചിത്രണം തന്നെ ഏഴിമലയും അവതരിപ്പിക്കുന്നത് അധികാരവും ആധുനിക നാഗരികതയും അടിച്ചേൽപ്പിക്കുന്ന ദുരന്തങ്ങൾ വാർന്നുവീഴുന്നത് ഗ്രാമീണതയുടെ സ്വച്ഛ സുന്ദരമായ അന്തരീക്ഷത്തിലാണ്. ആധുനികതയും ഗ്രാമീണതയും തമ്മിലുള്ള ഏറ്റുമുട്ടൽ ഇവിടെ കാണാം. ശാസ്ത്രയുഗത്തിന്റേതാണ് ഏഴിമല. ആധുനിക യുഗത്തിന്റെ പ്രതീകമായ തോക്ക് ഏഴിമലയിൽ

നാവിക അക്കാദമി സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. നാവിക പരിശീലന കേന്ദ്രം തന്നെ യുദ്ധത്തെ മുന്നിൽ കണ്ടു കൊണ്ടുള്ള താണ്. നവനാഗരികതയിലെ അധികാരം ധനം സമ്പാദിക്കാനും ഭൗതിക സുഖസൗകര്യങ്ങൾ വർദ്ധിപ്പിക്കാനും വേണ്ടി ബലവും ശാസ്ത്ര സാങ്കേതിക വിദ്യകളും ഉപയോഗിച്ചു പ്രകൃതി വിഭവങ്ങൾ കവർന്നെടു ക്കുകയും നശിപ്പിക്കുകയും ചെയ്യുന്നു. ഇത് പ്രകൃതിയുമായുള്ള വേർപാടിനെ വഴിയൊരുക്കുന്നു.

അധികാരം ശക്തികേന്ദ്രീകരണത്തിലൂടെ അതൊക്കെ അവഗണിക്കു ന്നതിന്റെ തെളിവുകൂടിയാണ് സച്ചിദാനന്ദന്റെ കവിത. ഗ്രാമീണ സൗന്ദര്യത്ത വിസ്മരിച്ച് സ്വപ്രതിഷ്ഠയ്ക്കും താത്കാലിക ലാഭത്തിനും വേണ്ടി നടത്തുന്ന പ്രകൃതി ധ്വംസനം ഒരു ജനസമൂഹത്തിന്റെ സംസ്കൃതി യെയും സന്തുഷ്ടിയെയും ജീവിത ചൈതന്യത്തെയും കെടുത്തിക്കളയു ന്നതിന്റെ സൂചനകളാണഅ ഏഴിമല എന്ന കവിതയിലുള്ളത്. കാർഷിക ബന്ധവും ജലസമൃദ്ധിയും മരുതനിലവുമായി ബന്ധപ്പെടുത്താം ഏഴിമല എന്ന കവിതയെ. മനുഷ്യൻ പ്രകൃതിയുമായി അകലുന്നത് സർവ്വ നാശത്തിനും ഇടയാക്കുമെന്നു ഈ കവിതയിലെ വക്താവ് കരുതുന്നു.

ദ്രാവിഡകാവ്യപാരമ്പര്യത്തെയും ഐന്തിണകളിൽ നിന്നു സ്വരൂപിച്ചെടുത്ത വിളക്കിച്ചേർത്ത ബിംബങ്ങെയും കവിതയിൽ കാണാം. വൈലോപ്പിള്ളി, കുഞ്ഞിരാമൻനായർ എന്നിവരെക്കുറിച്ചവതരിപ്പിക്കു മ്പോഴും പാരിസ്ഥിതിക ബന്ധത്തിന്റെ ദൃഢതയിൽ ഉറപ്പിച്ചുനിർത്തുന്ന ശൈലി സച്ചിദാനന്ദനിൽ കാണാം. ചരിത്രപാതയിൽ ഊന്നി നിന്നുകൊണ്ട് വർത്തമാനകാല സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടു

പോകുന്ന കവിയുടെ കഴിവ് ജൈവികമായ കാവ്യാത്മകതയുടെ പരിച്ഛേദമാണ്.

'സഹ്യശിരസ്സാർന്ന

എന്റെ ദ്രാവിദഗോത്രത്തിന്റെ ആദികവികളേ

ആരായിരുന്നു നിങ്ങൾ?

ഏതു മലയുടെ പുലരിയാണ്![16].

എന്നിങ്ങനെ ചരിത്രത്തിലൂന്നിയുള്ള കവിയുടെ അന്വേഷണം ദ്രാവിഡ കാവ്യ പാരമ്പര്യത്തെ ഓർമ്മിപ്പിക്കുന്നതാണ് തുടർന്നുള്ള വരികളിൽ ഒരു പുതിയ ഉണർവിന്റെ തളിരും കാതലിന്റെ ഉറപ്പും തേടി യാത്ര തുടരുന്ന കവിയെ കാണാം.

കേരളീയ പൈതൃകം മുഴുവൻ വൈലോപ്പിള്ളി കവിതയുൾക്കൊള്ളുന്ന അനുഭവങ്ങൾക്ക് അകമ്പടിയായി സച്ചിദാനന്ദൻ കാണുന്നു എന്നതിനുദാഹരണമാണ് 'ഇവനെക്കൂടി' എന്ന കവിത.

'ഇവനെക്കൂടി സ്വീകരിക്കുക, യാറാട്ടിന്നു

വരവായിവൻ, നിരാഭരണൻ, നാദാകാരൻ'[17].

വൈലോപ്പിള്ളി എന്ന വ്യക്തിയുടെയും കവിയുടെയും അനന്യത്വം ഈ കവിത വെളിവാക്കുന്നു. സമകാലിക ദുർനീതി അനുവാചകനു അനുഭവപ്പെടുത്തിത്തരാൻ വൈലോപ്പിള്ളിയെ സ്മരിക്കുന്ന ഈ കവിതക്കു കഴിയുന്നു.

''ഓണത്തിലുണരുന്നു

വാമനൻ, വിഷുകണി

പാളത്തിലെന്നു-വീഴു-

മസ്വസ്തതയുവരക്തം

ആതരാരാവിൽ രുദ്ര-

കീർത്തനങ്ങൾ തൻ തൂക്കി-

ലാടുന്ന പൊന്നുണ്ണിക്കു

ദംഷ്ട്രയും നെറിക്കണ്ണും

പാരുഷ്യം പെരുകുന്നു

വാക്കിലും മനസ്സിലും

മാതുലാ, പൊറുത്താലും,

തീർന്നു മാമ്പഴക്കാലം'' [18].

നല്ല കാലം പോകുന്നുവെന്നും വരാൻ പോകുന്ന വെല്ലുവിളികളും ഭീഷണികളും അസ്വസ്തതയോടെ ജനമനസ്സിനെ പിൻതുടരുമെന്നും കവി പറയുന്നു. ഓണവും വിഷുവും തിരുവാതിരയും നല്ല കാലത്തിന്റെ ഓർമ്മകളായിരുന്നു. ഈ ഓർമ്മകളെ തിരിച്ചുകൊണ്ടുവരുകയായിരുന്നു വൈലോപ്പിള്ളിയുടെ ദൗത്യം. നല്ല കാലത്തിനായി ആട്ടിയോടിച്ച പിശാചുക്കൾ വെല്ലുവിളിയായി മുന്നിൽ നിൽക്കുന്നു. സമകാലിക സമൂഹത്തിനു സംഭവിച്ചു കൊണ്ടിരിക്കുന്ന മൂല്യച്യുതികളെ തുറന്നു കാട്ടാൻ വൈലോപ്പിള്ളിയെ സ്മരിക്കന്ന ഈ കവിതയ്ക്കു കഴിയുന്നു. നിരാശാബോധത്തിനിടയിലും പ്രത്യാശയുടെ അംശങ്ങൾ കവിതയിൽ കൊണ്ടുവരാനുള്ള വൈലോപ്പിള്ളിയുടെ കഴിവിനെ സച്ചിദാനന്ദൻ അവതരിപ്പിക്കുന്നു.

വൈലോപ്പിള്ളിയുടെ 'ചന്ദ്രന്റെ ചിരി' എന്ന കവിതയെ അനുസ്മരിപ്പിക്കുന്ന

'പാവമീ നാടിൻ സ്വർണ്ണകിണ്ണമായിരുന്നവൻ

ദാ, നോക്കൂ പൂർണ്ണചന്ദ്രനായവൻ വീണ്ടും'[19].

എന്ന വരികൾ പൂർണ്ണചന്ദ്രനായ് വീണ്ടും കവി വരുമെന്ന പ്രതീക്ഷയുടേതാണ്.

മനുഷ്യനും മനുഷ്യനും തമ്മിലുണ്ടാകുന്ന ആക്രമണം അതിന്റെ ഭാഗമായി ഉണ്ടാകുന്ന മരണം കവി കേൾക്കുകയും അനുനായകനെ അറിയിക്കുകയും ചെയ്തു കൊണ്ടേയിരിക്കുന്നു എന്ന് 'ഒറ്റപ്പാലം' എന്ന കവിതയിൽ കാണാം. ഇനിയെന്തു ചെയ്യണമെന്നറിയാതെ ചോദ്യശരങ്ങൾ ഉയർന്നുകൊണ്ടിരിക്കുന്നു. അവസാന ചോദ്യമായി.

'ഗംഗാ തീരത്തു തീവയ്ക്കപ്പെട്ട

പുലയക്കുടിയുടെ കരികൊണ്ട് ഗാർഗി

ഗുരുവിന്റെ വായ്മൂടുന്ന അവസാനത്തെ ചോദ്യം

കുറിച്ചിടുന്നു

ചോദ്യം ചുഴലിയായിപ്പൊങ്ങി മുങ്ങുന്നു.[20].

ഗുരുവിന്റെ വായ് മൂടുന്ന അവസാനചോദ്യം പൊങ്ങി ഉയർന്നു മുങ്ങിപോകുന്നു. ഉത്തരം കിടടാതെ ജനങ്ങൾ തമ്മിൽ തല്ലുന്നു. മുതലാളിത്ത സംസ്കാരത്തെ തള്ളിമാറ്റി ഗുരു പൂജ്യത കവി ആഗ്രഹിക്കുന്നു 'വീടുമാറ്റം' എന്ന കവിതയിൽ ജൈവ ബന്ധങ്ങളിൽ നിന്നും പാടെ അകന്ന ഒരു ജനത നേരിടേണ്ടി വരുന്ന പ്രതിസന്ധികളെ ക്കുറിച്ചു പറയുന്നു. കേരളീയ സമൂഹം എത്തിച്ചേർന്ന പരിണാമനത്തെ സൂചിപ്പിക്കുകയാണ് കവി.

'ഈ വീട്ടിലില്ല മുക്കുറ്റിതൻ പൂക്കളിൽ

വീണു പൊന്നാവുന്ന പുള്ളുവൻ പാട്ടുകൾ

ഇല്ല പറന്നുയരുന്ന മെതിയടി

ഇല്ല നാടൻ മലയാളത്തിലച്ഛന്റെ

നല്ല മൊഴിയിൽ ചുരത്തുമകിടുകൾ'[21].

വാണിജ്യ സംസ്ക്കാരത്തെ ഊട്ടിവളർത്തുന്ന ഒരു ജനതയുടെ തകർച്ചയെ അതീവ സൂക്ഷ്മതയോടെ ചിത്രീകരിക്കുന്ന ഈ കവി നല്ലൊരു പരിസ്ഥിതി കവിതകൂടിയാണ്.

**7.10. ബുദ്ധപരാമർശങ്ങൾ**

സച്ചിദാനന്ദന്റെ കവിതകളിൽ ലിംഗസമത്വത്തിന്റെയും സ്ത്രീവിമോചനത്തിന്റെയും പ്രതീകമായി ബുദ്ധൻ പ്രത്യക്ഷപ്പെടുന്നുണ്ട്. ഈ ബുദ്ധമൻ ചരിത്രത്തിലോ ഐതിഹ്യത്തിലോ ഉള്ള ബുദ്ധന്റെ ആവർത്തന മായിട്ടല്ല കാരുണ്യത്തിന്റെയും മോചനത്തിന്റെയും പ്രതീകമായിട്ടാണ് കവിതയിൽ കവി ആവിഷ്ക്കരിക്കുന്നത്.

രാമായണകഥയിൽ നിന്നും വ്യതിചലിച്ച് പുതിയൊരു ആഖ്യാന ത്തിന് വിധേയമായ കവിതയാണ് അഹല്യ. രാമപാദ സ്പർശം കൊണ്ട് മോക്ഷം കിട്ടിയ അഹല്യയിൽ നിന്നു ഭിന്നമായി ബുദ്ധശിരസ്സ് അഹല്യ യുടെ ശാപമോചനത്തിനു കാരണമാകുന്നു. ശാപത്തിൽ നിന്നുള്ള മോചനം സ്ത്രീയുടെ അനിവാര്യതയായി ഈ കവിതയിൽ കാണാം.

അഹല്യ രക്ഷകന്റെ അരക്കെട്ടിൽ കൈചുറ്റി കൊണ്ട് സാമ്രാജ്യ ങ്ങളുടെ അവശിഷ്ടങ്ങളിലൂടെ ശാന്തിയിലേക്കുള്ള യാത്ര ആരംഭിക്കുന്നു. നൈതികതയുടെ പ്രതീകമായി ഈ കവിതയിൽ ബുദ്ധശിരസ്സ് പ്രത്യക്ഷ

പ്പെടുന്നു. പീഡിതവിഭാഗത്തിന്റെ പ്രതിനിധിയായ അഹല്യയെ ശാപവിധികളിൽ തളച്ചിടുമ്പോൾ മറവിയുടെ ചിറ്റിലപ്പടർപ്പുകൾ അഹല്യയെ മൂടി കൊണ്ടിരിക്കുന്നു എന്നറിയുന്ന കവി സ്ത്രീവിമോചന ത്തിന്റെ പ്രതീകമായി ബുദ്ധനെ അവതരിപ്പിക്കുന്നു.

നാടകീയ സ്വാഗതാഖ്യാനമായ 'ബോധവതി' എന്ന കവിതയിൽ സ്ത്രീയും പ്രകൃതിയുമാണ് ബോധവതി. ചരിത്രത്തിൽ സ്ത്രീയുടെ സ്ഥാനം അടിമത്തത്തിന്റേതായിരുന്നു എന്നു കണ്ടെത്തുന്ന കവി ബോധവതിയെ രക്ഷിച്ചത് ബുദ്ധശിഷ്യനാണെന്നു പറയുന്നു. വ്യക്തിയുടെയും സമൂഹത്തിന്റെയും ആത്മീയ മോചനം കൂടി ഈ സങ്കല്പത്തിൽ കാണാൻ കഴിയും.

പുരുഷനെ തേടുന്ന സ്ത്രീകർത്തൃത്വത്തിന്റെ പ്രതീകമായ ബോധവതി ആശാന്റെ 'ചണ്ഡാലഭിക്ഷുകി'ക്കും ടാഗൂറിന്റെ 'ചണ്ഡാലികാ' നാടകത്തിനും ആധാരമായ കഥയെ ഉപജീവിച്ച് എഴുതിയ കവിത കൂടിയാണ്. ചണ്ഡാലിയോ അടിമയോ അല്ല ബോധവതി സമ്പ്രദായിക ജാതി ഘടനയെ പൊട്ടിച്ചെറിഞ്ഞ കരുത്തിന്റെ കോട്ടയാണ്. ബോധത്തിന്റെ പാതയിലൂടെയാണവൾ പുതിയ ബോധത്തിലേക്കും സത്തയിലേക്കും ഉണരുന്നത്. 'ബുദ്ധൻ പഞ്ചാബിൽ', 'കവിബദ്ധൻ', 'ശരിയായ ബുദ്ധൻ' തുടങ്ങിയ കവിതകളിലും ബുദ്ധതത്വത്തിന്റെ വ്യത്യസ്ത മാനങ്ങളാണ് കാണാൻ കഴിയുക.

**7.11. പ്രകൃതിയുമായുള്ള ആത്മബന്ധം**

പ്രകൃതിയോടിണങ്ങി ജീവിക്കുന്ന കേരളീയ സമൂഹത്തിന് സംഭവിച്ച പാരിസ്ഥിതികമായ അന്യവൽക്കരണത്തെ സൂചിപ്പിക്കുന്ന

കവിതകളാണ് 'മഹാബലി അവശിഷ്ടങ്ങളിലൂടെ നടക്കുന്നു', വീടുമാറ്റം, നെല്ല്, കുരുമുളക്, പഴുക്ക, പച്ച എന്നീ കവിതകൾ.

വർത്തമാനകാലവും സമൂഹവും ജൈവബന്ധങ്ങളിൽ നിന്നു അകന്നിരിക്കുന്നതിനെക്കുറിച്ച് സൂചിപ്പിക്കുന്ന 'മഹാബലി അവശിഷ്ടങ്ങളി ലൂടെ നടക്കുന്നു' എന്ന കവിത ഒരു കാട് ഇവിടെ ഉണ്ടായിരുന്നുവെന്നും ആ കാട്ടിലെ ജൈവസമ്പത്ത് എന്ത് എന്നും വരച്ചുകാട്ടുന്നു. മനുഷ്യനും പ്രകൃതിയും ഇണങ്ങി ജീവിക്കുന്ന മനോഹര കാഴ്ച കവി വർണ്ണിക്കുന്നത് ഇങ്ങനെയാണ്.

'ഇവിടെയുണ്ടായിരുന്നൊരു കാട്, മാനിന്റെ-
യിടവഴിയിൽ പൂത്തുതെച്ചികൾ, ഇവിടത്തി-
ലൊരു പുഴ, പരലിന്നു കളിവീട്, പക്ഷിക-
ളിവിടെയൂഞ്ഞാലാടി ചുണ്ണാമ്പുവള്ളിയിൽ
മുതുവന്റെ വില്ലിൽ വിറച്ചു കടുവകൾ
ഒരു നാളിൽ - ഇന്നവൻ കോർമ്പല്ലിൽ നീറുന്നു''[22].

പിന്നീട് കവി പ്രകൃതിയും ജീവിതക്രമവും കലയുമായി ബന്ധപ്പെട്ടതിന്റെ ചരിത്രം പറയുന്നു. നിശബ്ദ ജനതയുടെ ബോധോദയത്തിലൂടെ മാതൃസംസ്കാരത്തിന്റെ പുനരുജ്ജീവനം അടുത്തെത്തിയിരിക്കുന്നു എന്നു തിരിച്ചറിയുന്നു. ജൈവബന്ധവു മായുള്ള ജനതതിയുടെ അകൽച്ച മുമ്പു പാർത്ത പച്ചയായ വീടിന്റെ ഓർമ്മകളെ ഉണർത്താൻ പര്യാപ്തമാണ്.

'ഇന്നലെക്കൂടിയും ജോലി കഴിഞ്ഞിങ്ങു
വന്നപ്പോഴോർക്കാതെ പോയി ഞാനോമനേ
മുമ്പും നാം പാർത്തൊരപ്പച്ചയാം വീടിന്റെ
യുമ്മറത്തോളം കളിച്ചു മാമ്പൂവിൽ ഞാൻ''[23]

വാണിജ്യ സംസ്കാരത്തെ പുണരുന്ന ജനതയുടെ അപഭ്രംശം തുടർന്നുള്ള വരികളിൽ ആവിഷ്ക്കരിച്ചിരിക്കുന്നു.

> ''ഈ വീട്ടിലില്ല തേൻകുടം കുടപ്പനും
> കീലമായ് കയ്പുകൾ തുപ്പിക്കളയുന്നു
> ഞാൻ മധുരങ്ങൾ, വിഷം നിറഞ്ഞത്രമേൽ
> വായിൽ, മനസ്സിൽ, രക്തത്തിലീണങ്ങളിൽ
> ഈ വീട്ടിലില്ല..............''[24].

ഭൂതകാല നന്മയുടെ നഷ്ടമായും എത്തിപ്പെടാനുള്ള ആകാംക്ഷയായും 'വീട്' എന്ന രൂപകം സച്ചിദാനന്ദന്റെ കവിതകളിൽ കടന്നുവരുന്നു. 'വീട്ടിലേക്ക് എന്ന കവിതയിലെ സ്മൃതിബിംബങ്ങൾ കൊടുങ്ങല്ലൂരിന്റെ അതിഭൂതകാലം വരെ പോകുന്നു. ''അമ്മയെ വലിയൊരു ചൈതന്യമായി ദുഃസ്വപ്നബാധകളൊഴിക്കുന്ന ഊർജ്ജ സ്രോതസ്സായി കാണുന്നതോടെ അടഞ്ഞ സ്വകാര്യ ലോകത്തിൽ നിന്ന് കവി പുറത്തു കടക്കുന്നു. കവി സമൂഹത്തിലേക്ക് പകരുന്നത് ഇത്തരമൊരു ഉൻമേഷമാണ്''[25] എന്ന് ഇ.വി.രാമകൃഷ്ണൻ രേഖപ്പെടുത്തുന്നു.

ഭൂതഭാവി കാലത്തെക്കുറിച്ച് ഓർക്കുകയും ആ അനുഭവ വൈചിത്യങ്ങളെ ആലോചിച്ച് ഉറക്കം കെട്ട് ആധുനികകാല സ്നിഗദ്ധത കളിൽ പെട്ടുഴലുന്ന വ്യക്തിയാണ് 'വീടുമാറ്റം' എന്ന കവിതയിൽ കാണാൻ കഴിയുക. കൂട്ടുകുംടുംബങ്ങളിൽ നിന്ന് അണു കുടുംബങ്ങളിലേക്കുള്ള മാറ്റത്തെക്കുറിക്കുന്ന സ്വന്തം ഭാഷയും ഭക്ഷണവും നഷ്ടപ്പെടുന്ന സാംസ്കാരിക ശോഷണത്തിന്റെ ദുരന്തചിത്രമാണ് ഈ കവിതയിൽ സച്ചിദാനന്ദൻ പറഞ്ഞുവെക്കുന്നത്.

പാരിസ്ഥിതികബന്ധം പാടേ നഷ്ടപ്പെട്ടു കഴിഞ്ഞ ഒരു കാലഘട്ടത്തിൽ ജൈവസ്മൃതികൾ വേദനിപ്പിക്കുന്ന അനുഭവമായി ത്തീരുന്നു അതിനുദാഹരണമാണ്. 'നെല്ല്' എന്ന കവിത. നഷ്ടപ്പെട്ട വീട് നെല്പാടത്തിന്റെ തീരത്തായിരുന്നു. ആ പാടം മൈതാനമായി. കുട്ടികൾ ക്രിക്കറ്റ് കളിക്കുന്നു. എങ്കിലും സ്വന്തം കാലുകൾക്കിടയിൽ എന്തോ ഒന്ന് കിക്കിളിപ്പെടുത്തുന്നതായി അവർ അറിയുന്നു. അത് നെല്ലിന്റെ നാമ്പായിരുന്നു.

''എന്റെ നഷ്ടപ്പെട്ട വീട്
ഒരു നെല്പാടത്തിന്റെ തീരത്തായിരുന്നു
ആ പാടം ഇന്നൊരു മൈതാനമാണ്.
അവിടെ കുട്ടികൾ ക്രിക്കറ്റ് കളിക്കുന്നു
എങ്കിലും ഇടയ്ക്കിടെ അവരുടെ കാലുകളിൽ
എന്തോ ഒന്ന് കിക്കിളിയാക്കുന്നു
കിരുകിരുക്കുന്ന ഒരു നെല്ലിൻ നാമ്പ്''[26].

പ്രകൃതിയുമായി താദാത്മ്യം പ്രാപിക്കുകയും അത് കാലത്തിലും ജീവിത ശൈലിയിലും വരുത്തിയ മാറ്റങ്ങളെക്കുറിച്ചും സംസ്കൃതിയെക്കുറിച്ചും അനുവാചകനെ ഓർമ്മിപ്പിക്കുകയും ചെയ്യുന്നു കവി.

സസ്യപ്രകൃതി ചിത്രണം പഴുക്ക 'പച്ച' കുരുമുളക് എന്നീ കവിതകളെ ശ്രദ്ധേയമാക്കുന്നു. ഈ കവിതകളിലെ സസ്യചിത്രീകരണം സ്ത്രീസത്തയുമായി ബന്ധപ്പെട്ടുവരുന്നതാണ്. ഉദാഹരണമായി 'കുരുമുളക്' എന്ന കവിതയിൽ

'കുരുമുളകിനെ സൂക്ഷിക്കുക!

ഇവൾ വെറും പച്ചമുളകല്ല!

കരയിലും കടലിലും ഇവൾ പടയിറക്കും

ജനപദങ്ങൾ കൊള്ളയടിക്കും''[27].

'കണ്ണകിയുടെ ചിലമ്പിൽ നിന്നു തെറിച്ചുവീണ പകയിൽ പഴുത്ത ചെമ്പവിഴം' എന്നാണ് കുരുമുളകിനെ കവി വിശേഷിപ്പിക്കുന്നത്. ചിലമ്പ് കണ്ണകിയുടെ സ്ത്രീത്വത്തിന്റെ പ്രതീകമാണ്.

കേരളീയ സംസ്കൃതിയുടെ ആദിമകാലത്തേക്ക് തീർത്ഥയാത്ര നടത്തുകയും അതിലൂടെ ഭാഷയുടെയും കവിതയുടെയും ശൈശവ ബാല്യ ദശകങ്ങളെയും വിശകലനം ചെയ്യുന്ന കവിതയാണ് 'മലയാളം'. ഭൂമിയുടെ പുഴകൾക്കും കനികൾക്കും മുമ്പേ കവിയെ അമൃതൂട്ടിയിരുന്ന പൊക്കിൾക്കൊടി, പ്രസവവേദനയുടെ ധന്യ മുഹൂർത്തത്തിൽ വേർപെട്ട് ഉലുവയുടെയും വെളുത്തുള്ളിയുടെയും തീഷ്ണമായ സുഗന്ധത്തിലേക്ക് കവിയെ ആനയിച്ചു. പ്രകൃതിയിൽ നിന്നും ലഭിക്കുന്ന ആദ്യ ഇന്ദ്രിയാനുഭവം ഗന്ധമായാണു കുഞ്ഞിലെത്തുന്നത്. വസ്തുതകളെ ക്കുറിച്ച് വ്യക്തമായ അറിവ് ഇല്ലെങ്കിലും അത് ഒരനുഭവമായി ഉള്ളിൽ കിടക്കുന്നത് മാതൃഭാഷയിലൂടെ പിന്നീട് കവിക്ക് വെളിവാകുന്നു. മലയാളഭാഷയുടെ വളർച്ചയുടെ വിവിധ ഘട്ടങ്ങളെ സൂചിപ്പിക്കുന്ന കവിത മാതൃഭാഷയുടെ ശക്തിയും സൗന്ദര്യവും വെളിവാക്കുന്നതിന് ഉദാഹരണമാണ്.

കേരളത്തെക്കുറിച്ച് ഭൂപ്രകൃതിയെക്കുറിച്ച് അമ്മയെക്കുറിച്ച് ഇവ രൂപപ്പെടുത്തിയ സംസ്കൃതിയെക്കുറിച്ച് 'മലയാളം' എന്ന കവിത അനുവാചകനെ ഓർമ്മപ്പെടുത്തുന്നു. കേരളീയമായ ആദിരൂപങ്ങളും

ബിംബങ്ങളും ചിത്രങ്ങളും താളങ്ങളും ആവിഷ്ക്കരിച്ച് സമ്പൂർണ്ണമായ കേരളീയാനുഭവമായി ലാവണ്യാനുഭൂതിയായി കവിത മാറുന്നു.

'ആ അമ്മയ്ക്ക് ഓർമ്മയിൽ അവിരാമം തല്ലുന്ന
ആ അമൃതവേദനയുടെ കടലിന്
ആ ആനന്ദത്തിന്, അപൂർവ്വമായി മാത്രം ഞാൻ ദർശിച്ചിട്ടുള്ള
മദിരയും പനിനീർപ്പൂക്കളുമേന്തിയ ആവിദൂരദേവതയ്ക്ക്
ഇണയ്ക്ക് എന്റെ ഹതാശവും ഉന്മത്തവുമായ മരുഭൂമിയിൽ
സ്വർണ്ണമത്സ്യങ്ങളും ലില്ലിപ്പൂക്കളുമായി''[28].

അമ്മയെ മഹത്വൽക്കരിക്കുകയും ഭാഷയുടെ വളർച്ചയുടെ വിവിധ തലങ്ങളെ വരച്ചു കാട്ടുകയും ചെയ്യുന്ന ഈ കവിത കേരളീയ സംസ്കൃതിയുടെ ഭൂതകാലത്തെ പുനഃസൃഷ്ടിക്കുന്നു.

കവിത വ്യക്തിനിഷ്ഠവും സമൂഹപ്രതിബദ്ധവും ആയിത്തീരുന്ന അസുലഭ സമന്വയമാണ് സച്ചിദാനന്ദന്റെ 'ഒടുവിൽ ഞാൻ ഒറ്റയാകുന്നു' എന്ന രചനയിൽ കാണുക. പ്രകൃതിയിൽ നിന്നും അകന്ന് ഒറ്റപ്പെടുന്ന സ്വന്തം അനുഭവങ്ങളെ വിശകലനം ചെയ്തു കൊണ്ടാണ് കവിത ആരംഭിക്കുന്നത്. മഴയുടെ സംഗീതവും ഇലകളുടെ താളവും നിലച്ചുപോയ ഏകാന്തതയിലാണ് കവി ചെന്നു വീഴുന്നത്. തെരുവ് ആശുപത്രിയാണെന്ന രൂപകത്തെ കേന്ദ്ര സ്ഥാനത്തു കൊണ്ടു വരുന്നു. 'ഒരു സൂര്യനും ഇനി ഉദിക്കാൻ പോകുന്നില്ല' ഇതോടെ താൻ ഒറ്റപ്പെട്ടിരിക്കുന്നു എന്ന അവസ്ഥയിലാണ് കവി എത്തുന്നത്. അടുത്ത ഖണ്ഡത്തിൽ തന്റെ കർമ്മ മണ്ഡലമായ ക്ലാസ്സ് മുറിയിൽ എത്തിച്ചേരുന്നു. പെട്ടെന്നുള്ള മണിമുഴക്കം ഒരു വാളുപോലെ ഗുരുശിഷ്യന്മാരെ രണ്ടായി പിളർക്കുന്നു. ഇവിടെയും കവി ഒറ്റപ്പെടലിലേക്ക് എറിയപ്പെടുന്നു. സുഹൃദ് വലയത്തിലും

ഒറ്റപ്പെടുന്നു. എന്നാൽ തന്റെ പത്നി ആശ്വാസവുമായി എത്തുന്നു. അവസാനിക്കാൻ പോകുന്ന ഒരു ലോകത്തിലെ അവസാനത്തെ ദമ്പതികളായിരിക്കും നമ്മൾ എന്ന സത്യം അയാൾ ഒടുവിൽ പറയുന്നു. ഇരുളിൽ അവൾ തേങ്ങുന്നു. ഒടുവിൽ കവി ഒറ്റയാകുകയും ചെയ്യുന്നു.

ദലിതസമൂഹം കവിക്കു കൂട്ടിനായി സഹായത്തിനായി, സമർപ്പിത ബുദ്ധിയോടെ എത്തുകയാണ്. കവിയ്ക്ക് പുതിയൊരു ബോധോദയം ഉണ്ടാവുന്നു. ഒരാളെങ്കിലും സ്വാതന്ത്ര്യം ഇച്ഛിക്കുന്ന കാലത്തോളം താൻ ഒറ്റയാവില്ലെന്ന് ചിന്തിക്കാൻ ഇതയാളെ പ്രേരിപ്പിക്കുന്നു.

വൈയക്തികമായ ദൗർബ്ബല്യങ്ങളിൽ നിന്നും സ്വയം വിമോചനം നേടി സാമൂഹ്യബോധമുള്ള, സമൂഹത്തിന്റെ പിന്തുണയുള്ള സമൂഹവ്യക്തി യായി കവി മാറുന്നതു കാണാം. സമൂഹമാണ് വ്യക്തിയുടെ ശക്തി എന്ന രാഷ്ട്രീയ ബോധവും അയാൾ നേടുന്നു.

ഇങ്ങനെ സമൂഹത്തിന്റെ വിവിധ തലങ്ങളിലെ ജീവിതത്തെ വരച്ചുവെക്കുന്ന സച്ചിദാനന്ദൻ സ്ത്രീയേയും പ്രകൃതിയേയും സാമൂഹി കോന്നമനത്തിന്റെ ഉപാധികൂടിയായി കാണുന്നു.

ആധുനിക മലയാളകവിതയിലെ പ്രമുഖരായ എഴുത്തുകാരിൽ സ്ത്രീയും പരിസ്ഥിതിയും എപ്രകാരമാണ് ബന്ധപ്പെട്ടു കിടക്കുന്ന തെന്നാണ് പരിശോധിച്ചത്. ഈ പഠനത്തിലൂടെ കണ്ടെത്തിയ കണ്ടെത്തലു കളാണ് ഉപസംഹാരത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

- പ്രാന്തവത്കൃത സ്ത്രീസ്വത്വങ്ങൾക്ക് കവി കേന്ദ്രസ്ഥാനം നൽകുന്നു

- പുരാവൃത്തങ്ങളെ പുനർവായിക്കുന്നു
- സാമൂഹികനീതിയും സാംസ്കാരിക സ്വാതന്ത്ര്യവും രാഷ്ട്രീയ തലവുമായി അവിഭാജ്യമായി ബന്ധപ്പെട്ടിരിക്കുന്നു എന്നു കവി കണ്ടെത്തുന്നു.
- കാലഘട്ടത്തിനനിവാര്യമായ മാറ്റം കവിതകളിലാവിഷ്ക്കരിക്കാൻ കവി ശ്രമിക്കുന്നു
- സ്ത്രീ, പ്രകൃതി ചിത്രണങ്ങൾ സാമൂഹികമാറ്റത്തിന്റെ അനിവാര്യതയിൽ വേറിട്ട സ്വരം കേൾപ്പിക്കുന്നു
- സച്ചിദാനന്ദന്റെ കവിതകളുടെ പ്രമേയങ്ങൾ സാമൂഹികവും രാഷ്ട്രീയവുമായ സാഹചര്യങ്ങളെ ഉൾച്ചേർത്ത് വേദനിക്കുന്നവന്റെ കൂടെ നിന്ന് അധികാരകേന്ദ്രങ്ങളെ പ്രതിരോധിക്കുന്ന വിധത്തി ലുള്ളതാണ്.
- മലയാളഭാഷയുടെ വികാസത്തെ പ്രതിപാദിക്കുന്നതിനൊപ്പം കേരള സംസ്കൃതിയേയും അമ്മയുടെ മഹത്വത്തെയും ചൂണ്ടിക്കാട്ടുന്നു.
- രാഷ്ട്രീയത മാത്രമല്ല അധികാരഘടനയ്ക്കകത്തു നിന്നുള്ള സാമൂഹിക തലം കൂടി സച്ചിദാനന്ദന്റെ സ്ത്രീ പ്രകൃതി വീക്ഷണ ത്തിൽ കാണാം.

ഇതെല്ലാമാണ് സച്ചിദാനന്ദന്റെ കവിതകളിൽ അടിസ്ഥാനധാരയായി വർത്തിക്കുന്നത്.

## കുറിപ്പുകൾ

1. സച്ചിദാനന്ദൻ; 'മറന്നുവെച്ച വസ്തുക്കൾ' പുറം.140.
2. ,, 'തെരഞ്ഞെടുത്ത കവിതകൾ' പുറം.18.
3. സച്ചിദാനന്ദൻ; കയറ്റം, പുറം.32.
4. സച്ചിദാനന്ദൻ, തെരഞ്ഞെടുത്ത കവിതകൾ, പുറം.185.
5. ,, പുറം.196
6. ,, 'തെരഞ്ഞെടുത്ത കവിതകൾ, പുറം.217.
7. ,, ,, പുറം.186.
8. സച്ചിദാനന്ദൻ, 'സച്ചിദാനന്ദന്റെ കൃതികൾ' പുറം.86.
9. സച്ചിദാനന്ദൻ, 'എഴുത്തച്ഛനെഴുതുമ്പോൾ', പുറം.79.
10. സച്ചിദാനന്ദൻ, 'തെരഞ്ഞെടുത്ത കവിതകൾ', പുറം.227 – 228.
11. നരേന്ദ്രപ്രസാദ്, 'എന്റെ സാഹിത്യനിരൂപണങ്ങൾ, പുറം.82.
12. സച്ചിദാനന്ദൻ 'സച്ചിദാനന്ദന്റെ കൃതികൾ', പുറം. 14.
13. ,, ,, പുറം. 20
14. കൃഷ്ണവാരിയർ.എൻ.വി; അകം കവിതകൾ (വിവ) പുറം.20.
15. ,, പുറം.13.
16. സച്ചിദാനന്ദൻ, 'തെരഞ്ഞെടുത്ത കവിതകൾ', പുറം.156.

17. ,, ,, പുറം.134

18. ,, ,, പുറം.136

19. ,, ,, പുറം.136

20. സച്ചിദാനന്ദൻ, ഇവനെക്കൂടി, പുറം.27

21. സച്ചിദാനന്ദൻ, തെരഞ്ഞെടുത്ത കവിതകൾ, പുറം.154

22. സച്ചിദാനന്ദൻ, ഒന്നാംപാഠം, പുറം.121.

23. സച്ചിദാനന്ദൻ, 'തെരഞ്ഞെടുത്ത കവിതകൾ, പുറം.153.

24. ,, ,, പുറം.154

25. ഒരു കൂട്ടം ലേഖകർ, 'സച്ചിദാനന്ദന്റെ ലോകം' രാമകൃഷ്ണൻ.ഇ.വി. സത്യാന്വേഷണത്തിന്റെ സംഘർഷങ്ങൾ, പുറം.139.

26. സച്ചിദാനന്ദൻ, തെരഞ്ഞെടുത്ത കവിതകൾ, പുറം.159.

27. സച്ചിദാനന്ദൻ, ഒന്നാംപാഠം. പുറം.12.

28. ,, ,, പുറം.82.

# ഉപസംഹാരം

'പാരിസ്ഥിതിക സ്ത്രീവാദം മലയാള കവിതയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ഒ.എൻ.വി. സുഗതകുമാരി, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരുടെ കവിതകളെ അപഗ്രഥിക്കുവാനാണ് ഈ പ്രബന്ധത്തിൽ ശ്രമിച്ചത്. കവിതകളിൽ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സവിശേഷതകളും സാധ്യതകളും പ്രസക്തിയും കണ്ടെത്തുവാൻ ശ്രമിക്കുന്ന തരത്തിൽ ഈ അപഗ്രഥനം നിർവഹിക്കുവാൻ ഏറെക്കുറെ കഴിഞ്ഞിട്ടുണ്ട്. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സവിശേഷതകളിൽ ഊന്നി നിന്നുകൊണ്ട് കവിതകളിൽ ആവിഷ്കൃതമായിരിക്കുന്ന സ്ത്രീ പ്രകൃതി ബിംബങ്ങളെ പഠനവിധേയമാക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്തിരിക്കുന്നത്. പ്രസ്തുത അന്വേഷണത്തിലൂടെ കണ്ടെത്തുകയും അടയാളപ്പെടുത്തുകയും ചെയ്ത വസ്തുതകൾ താഴെ ചേർക്കുന്നു. ആയിരത്തി തൊള്ളായിരത്തി എഴുപതുകളുടെ ആരംഭത്തിലാണ് പാരിസ്ഥിതിക സ്ത്രീവാദ ചിന്ത രൂപപ്പെടുന്നത്. പാരിസ്ഥിതിക സ്ത്രീവാദം മനുഷ്യനേയും പ്രകൃതിയേയും കൂട്ടിയിണക്കിക്കൊണ്ടുള്ള ദർശനമാണ് മുന്നോട്ടുവെച്ചത്. പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ പിറവി സ്ത്രീവിമോചന പ്രസ്ഥാനങ്ങളുടെ ഭാഗമായിട്ടാണ്. പ്രകൃതിയേയും സ്ത്രീയേയും മോചിപ്പിക്കുക എന്നതാണ് ഇക്കോഫെമിനിസത്തിന്റെ ലക്ഷ്യം.

പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ആശയങ്ങളെ ഒ.എൻ.വി., സുഗതകുമാരി, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവരുടെ കൃതികളിൽ പ്രത്യക്ഷവായനയിൽ തന്നെ ബോധ്യപ്പെടുന്നതാണ്. പാരിസ്ഥിതിക സ്ത്രീവാദപരമായ വായന മലയാള കവിതയിൽ കുറവാണ്. ഈ കവികളുടെ ജീവിത സാഹചര്യങ്ങളും  സാംസ്കാരിക രംഗത്തുണ്ടായ

മൂല്യച്യുതിയും അവരുടെ കൃതികളുടെ വിഷയ സ്വീകരണത്തിലും പ്രതിഫലിച്ചു. പരിസ്ഥിതിയും സ്ത്രീയും വേറിട്ട അസ്തിത്വത്തിനു വഴിമാറാതെ ഒന്നിന്റെ തന്നെ പ്രതിരൂപമായി കവിതകളിൽ നിലകൊണ്ടു.

ആഗോള വ്യാപകമായി ജീവിതത്തിന്റെ സമസ്ത മേഖലകളിലും പാരിസ്ഥിതികാവബോധം പ്രസക്തി നേടിക്കൊണ്ടിരിക്കുന്നതിന്റെ ഭാഗമായി സാഹിത്യത്തിലും സൗന്ദര്യശാസ്ത്രത്തിലും അത് ചർച്ചാവിഷയ മായി മാറിയിട്ടുണ്ട്. ജീവിതാവിഷ്ക്കാരമായ സാഹിത്യത്തിൽ പരിസ്ഥിതി സ്വാഭാവികമായി കടന്നുവരാമെങ്കിലും, ജീവിതത്തിന്റെ നിലനിൽപിനെ സംബന്ധിക്കുന്ന ഒരു പ്രശ്നം എന്ന നിലയിൽ പ്രകൃതിയും പരിസ്ഥിതി ഘടകങ്ങളും ഇന്ന് സർഗ്ഗാത്മക രചനകളിൽ അതിന്റെ സാന്നിദ്ധ്യം അറിയിക്കുന്നുണ്ട്.

പ്രകൃത്യാവബോധം നഷ്ടമാക്കിക്കൊണ്ടുള്ള നാഗരിക ജീവിത സംസ്ക്കാരത്തെ തിരുത്തിക്കുറിക്കാൻ പാരിസ്ഥിതിക ബോധത്തി ലൂന്നിയ ചിന്തകളും സാഹിത്യാവിഷ്കാരങ്ങളും ആധുനികാനന്തര കാലഘട്ടത്തിൽ സജീവമായി. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള പാരസ്പര്യം നഷ്ടപ്പെട്ടുതുടങ്ങി എന്നു തിരിച്ചറിയുന്നിടത്താണ് ഹരിതദർശനം ഉദയം കൊള്ളുന്നത്. പ്രകൃതിയും മനുഷ്യനും തമ്മിൽ സഹജീവനം സാധ്യമാക്കുന്ന ദർശനമാണ് പരിസ്ഥിതി ദർശനം.

സ്ത്രീയും പുരുഷനും പ്രകൃതിയോടു ചേർന്നു നിൽക്കുമ്പോഴേ ചരാചരങ്ങളുടേതായ ജീവിതപ്രപഞ്ചത്തിൽ അതിന്റെ അർത്ഥ സാദ്ധ്യതകൾ വെളിവാകുകയുള്ളു. ഗോത്രവർഗ്ഗം ഉണ്ടാക്കിയെടുത്ത കൂട്ടായ്മ എല്ലാകാലത്തും എല്ലാവർക്കും മാതൃകയാണ്. അത് സഹജീവികളുമായുള്ള ഗാഢബന്ധത്തിന്റെ കൂട്ടായ്മയാണ്. പ്രകൃതിയെ

അറിഞ്ഞും അതിൽ ആഹ്ലാദം കൊള്ളാനും കഴിവുള്ള വരായിരുന്നു ആദിമ ജനത. കിട്ടുന്നതിനെ വട്ടമിട്ടിരുന്നു പെറുക്കി തിന്നു ജീവിച്ച അവർക്ക് പ്രകൃതി വരദാനമായിരുന്നു. അന്നദാതാവായിരുന്നു. മനുഷ്യ മനസ്സിന്റെ പച്ചയായ ആ സംസ്ക്കാരം പരസ്പരം പ്രതിപ്രവർത്തിക്കുന്ന മനുഷ്യനടക്കമുള്ള ജീവികളും പരിസരവും ചേർന്നതായിരുന്നു.

ലോകസംസ്ക്കാരത്തിന്റെയും ഭാരതീയ സംസ്ക്കാരത്തിന്റെയും അടിത്തറ പച്ചയായ പ്രകൃതിയുടേതാണ്. നായാടിയും പെറുക്കി തീനിയുമായ മനുഷ്യവർഗ്ഗം കാർഷിക വൃത്തി പര്യാപ്തമാക്കു കയും നദീതീരങ്ങളിൽ ആവാസമുറപ്പിക്കുകയും ചെയ്തപ്പോൾ പുതിയ പരിസ്ഥിതി ഉടലെടുത്തു. മണ്ണിനെ ആരാധിച്ചു. പ്രകൃതിയിലെ വസ്തുക്കളെ തങ്ങളുടെ ഉയർച്ചയ്ക്കുള്ള ഉപാദാന ങ്ങളായി കണ്ടു. കൃഷി, ജലസമ്പത്ത്, ജീവജാലങ്ങളുടെ പാരസ്പര്യം ഇവ ഭൂമിയുടെ ഊർവ്വരതയെ പുഷ്ക്കലമാക്കി. ഇടതടവില്ലാതെയുള്ള പലതരത്തിലുള്ള കൃഷി മണ്ണിന്റെ സർഗ്ഗാത്മകതയെ പുഷ്ടിപ്പെടുത്തി. ഉർവ്വരതാനുഷ്ഠാ നങ്ങൾ, ആചാരങ്ങൾ, ഉത്സവങ്ങൾ ഇവ സമൂഹമധ്യത്തിൽ കൊണ്ടാടി. ഇങ്ങനെ പ്രകൃതിയിൽ നിന്നും പ്രകൃതിയുടെ തന്നെ ഭാഗമായി രൂപമെടുത്ത മനുഷ്യൻ ബുദ്ധിവികാസത്തിന്റെ, ലോകബോധ ത്തിന്റെ ഇരയായി. പിന്നീടങ്ങോട്ട് വ്യക്തി വ്യക്തിയിലേക്ക് ചുരുങ്ങി. മനുഷ്യനും പ്രകൃതിയും പ്രപഞ്ചസത്തയുടെ അഭിന്നമായ രണ്ടംശങ്ങളാണ്. പ്രകൃതിയിൽ നിന്നു വേറിട്ട് ഒരു നിലനിൽപ്പ് മനുഷ്യനു അസാധ്യമാണ് എന്ന ബോധം പിന്നീടങ്ങോട്ട് അവനെ ഉദ്ബോധിപ്പിച്ചു കൊണ്ടിരിക്കുന്നു.

പ്രകൃതിയെ ദേവിയായും അമ്മയായും കണ്ടിരുന്ന കാഴ്ച്ചപ്പാട് മാറി. പ്രകൃതി കറവപ്പശുവായി. ഇതിനിടയിൽ കുടുംബ ബന്ധങ്ങളിലുണ്ടായ

ശൈഥില്യം, വ്യവസായിക വിപ്ലവം ഉണർത്തിവിട്ട ചിന്തകൾ, ഇവ സമൂഹത്തെ ചിന്തകളെ മാറ്റിമറിച്ചു. ചൂഷണത്തിനും അധികാര മോഹങ്ങൾക്കും പരിധിയില്ലാത്ത രീതിയിൽ കാഴ്ച്ചപ്പാടുകൾ വികസിതമായപ്പോൾ അവയുടെ മൂല്യച്യുതിയിൽ ഇടിവുണ്ടായി. മനുഷ്യവർഗ്ഗം ഒന്നായി സമന്മാരായി കഴിഞ്ഞ കാലഘട്ടത്തിന്റെ സ്മരണങ്ങൾ വേട്ടയാടാൻ തുടങ്ങി. ഗൃഹാതുരത്വത്തിന്റെ ഈ തിക്കുമുട്ടൽ ചെന്നെത്തിയത് സ്വന്തം അസ്തിത്വത്തിലാണ്. വേരിളകിപോകുന്ന നിലനിൽപ്പിന്റെ ഭീഷണി തീർക്കുന്ന വസ്തുക്കളെ തച്ചുടക്കലിനു വിധേയമാക്കി. മോചനങ്ങളും, വിമോചനങ്ങളും, പ്രതിബദ്ധതയും, കടപ്പാടും പലതരത്തിൽ വെല്ലുവിളികളെ ആലോചനാ വിധേയമാക്കി. സ്ത്രീ, പ്രകൃതി ചൂഷണം പാശ്ചാത്യരാജ്യങ്ങളിൽ വർദ്ധിച്ചു. ഭാരതത്തിലാകട്ടെ ചൂഷണം എന്ന നിലയിലല്ല കടന്നുവന്നത്. മനുഷ്യ, പ്രകൃതി ബന്ധത്തിന്റെ ആരണ്യകസംസ്ക്കാരത്തില ധിഷ്ഠിതമായ വീക്ഷണത്തിന്റെ തകർച്ചയിൽ വന്ന മാറ്റ ഫലമായി പാരിസ്ഥിതിക സ്ത്രീവാദത്തിന് പ്രസക്തിയേറി.

പ്രകൃതിയിലെ ചരാചര വസ്തുക്കളെയും കവിതയ്ക്കു വിഷയമാക്കിയ ഒ.എൻ.വി. കവിതകളിൽ മാനവികതാ സങ്കല്പം കടന്നുവരുന്നു. സ്ത്രീയുടെ തന്നെ മകൾ, കാമുകി, ഭാര്യ, മാതാവ്, മുത്തശ്ശി എന്നിങ്ങനെയുള്ള മനുഷ്യജീവിതത്തിന്റെ ഘടകങ്ങളെ പ്രതിനിധാനം ചെയ്യുന്ന വ്യത്യസ്ത അവസ്ഥകളെ ചൂണ്ടിക്കാട്ടുന്നു. കാർഷിക സംസ്കാരവും അതിലൂടെ കെട്ടിപടുക്കുന്ന ജീവിത വൃത്തിയും കവിതകൾ അനാവരണം ചെയ്യുന്നു. ആദ്യകാല കവിതകൾ കാർഷിക വൃത്തിയിൽ ഊന്നുന്നതായിരുന്നു. ആ കവിതകളിൽ സ്ത്രീ

പ്രകൃതിഭാവങ്ങൾ വിപ്ലവ ബോധമുള്ളതെങ്കിലും തന്മയത്വത്തിന്റെ അടയാളങ്ങളായി നിലകൊണ്ടു. തുടർന്ന് രണ്ടാം ഘട്ടമായ മയിൽപ്പീലി പോലുള്ള സമാഹാരത്തിലെത്തുമ്പോഴേക്കും പൗരാണിക ബിംബങ്ങളും മിത്തുകളും സ്ത്രീ പ്രകൃതി ഭാവങ്ങൾക്ക് ഊർജ്ജം നൽകി. ഗൃഹാതുരത്വത്തിന്റെ ഓർമ്മകൾ നിറഞ്ഞു നിൽക്കുന്ന കവിതകൾ ഒരു ജനതതിയുടെ തന്നെ പരിഛേദമായി മാറി. ഭൂമിയുടെയും പ്രകൃതി യുടെയും അമ്മയുടെയും നിലനിൽപ്പിൽ മുതലാളിത്ത സംസ്കൃതിയുടെ ഇടപെടൽ ശക്തമായപ്പോൾ ഭൂമിക്ക് ചരമഗീതം കുറിക്കാൻ കവി പര്യാപ്തനായി. അമ്മ, പെങ്ങൾ, മുത്തശ്ശി എന്നീ അവസ്ഥകൾ സ്ത്രീക്ക് കല്പിക്കുകയും, മണ്ണ്, ഭൂമി, എന്നിവ പ്രകൃതിക്ക് സമാനമായും കവിതകളിൽ കടന്നു വന്നു. കോതമ്പുമണികളായി കമ്പോള സംസ്കാര ത്തിന്റെ മൂല്യം വർദ്ധിപ്പിച്ചു കൊടുക്കുന്ന ജനശക്തിയെ കവി തിരിച്ചറിയുന്നു. പ്രതിരോധസ്വരമാണ് തുടർന്നങ്ങോട്ട് കവിതയിൽ കാണുക. മണ്ണിനെയും പെണ്ണിനെയും ആശ്രയിച്ചും, ഒപ്പം നിർത്തിയും പ്രതിരോധിച്ചും, പ്രതിഷേധിച്ചും സ്ത്രീ പ്രകൃതി ഭാവങ്ങൾ ഒ.എൻ.വി.കവിതയിൽ പ്രത്യക്ഷപ്പെടുന്നുണ്ട്.

സുഗതകുമാരിക്കവിതകൾ ആ കാലഘട്ടത്തിലെ ചേതനയെ രൂപപ്പെടുത്തിയ നൈരാശ്യത്തിന്റെയും പ്രതീക്ഷയുടെയും കഥ പറയുന്നു. കവിതകളിൽ നിറഞ്ഞു നില്ക്കുന്ന പ്രകൃതി സാന്നിധ്യം ആവിഷ്ക്കാര വൈവിധ്യം കൊണ്ട് ആത്മീയതലത്തിലേക്ക് ഉയരുന്നു. സംസ്ക്കാരത്തെ നിയന്ത്രിക്കുന്നത് പുരുഷനാണെന്നും പുരുഷൻ പ്രകൃതിയേയും സ്ത്രീയേയും വരുതിയിൽ നിർത്തുന്നു എന്നും അതിനെതിരെ പ്രതികരിക്കണമെന്നും കവിതകൾ സംവദിക്കുന്നു. ജീവിതത്തിന്റെ

മുഖ്യധാരയിൽ നിന്നും പുറത്താക്കപ്പെടുന്ന സ്ത്രീ–പ്രകൃതി ജന്മങ്ങളെ കവി ആവിഷ്ക്കരിക്കുന്നത് ദുഃഖസത്യങ്ങളായാണ്. പുരാവൃത്ത കഥാപാത്രങ്ങളെ വർത്തമാനകാലസാഹചര്യത്തിന് അനുഗുണമായി രൂപപ്പെടുത്താൻ കവി ശ്രമിക്കുന്നു.

കടമ്മനിട്ട പ്രാചീനമായ ഗോത്രാനുഭവത്തിന്റെ പുനരാവഹനത്തിൽ ഊന്നി നിന്നുകൊണ്ടുള്ള സമീപനമാണ് സ്ത്രീ പ്രകൃതി വിഷയങ്ങളിൽ അനുവർത്തിക്കുന്നത്. വർത്തമാനകാലജീവിത സാഹചര്യത്തോടു പുലർത്തുന്ന വൈരുദ്ധ്യാത്മക പ്രതികരണം സ്ത്രീ പ്രകൃതി സത്തയുടെ അന്തർദ്ധാരയായി വർത്തിക്കുന്നുണ്ട്. കുറത്തി, ശാന്ത, കോഴി, കാട്ടാളൻ, കിരാതൻ എന്നീ വ്യത്യസ്ത രൂപങ്ങൾ പങ്കുവെക്കുന്ന മാനവികതാ ബോധം യഥാർത്ഥത്തിൽ നാഗരികതയുടെ കടന്നുകയറ്റം വരുത്തിയ അപചയത്തിന്റെ പ്രതികരണമാണ്. കവിതകളിൽ ആത്മീയമായ അന്തരീക്ഷം സൃഷ്ടിച്ചെടുക്കുന്ന കവി ആദിമമനുഷ്യൻ അനുഭവിച്ച യഥാർത്ഥ സൗഖ്യത്തെ കവിതകളിൽ സൃഷ്ടിക്കുന്നു. പ്രകൃതിയുടെ അവസ്ഥാഭേദങ്ങളുടെ ആവിഷ്ക്കാരത്തെ സ്ത്രീ ബിംബങ്ങളായും സ്ത്രീയുടെ അവസ്ഥാ ഭേദങ്ങളായും ചിത്രീകരിക്കുന്ന കവി സ്ത്രൈണ പരാമർശങ്ങളിലെല്ലാം പുരുഷകേന്ദ്രിത വീക്ഷണത്തിനാണ് പ്രാമുഖ്യ നൽകുന്നത്.

സച്ചിദാനന്ദന്റെ കവിതകൾ നൈതികമായ മൂല്യങ്ങളിലൂടെ സ്ത്രീ പ്രകൃതി ഭാവങ്ങളെ അവതരിപ്പിക്കുന്നു. രാഷ്ട്രീയമായ ദിശാബോധം വ്യക്തമായി പ്രകടിപ്പിക്കുന്ന അദ്ദേഹത്തിന്റെ കവിതകൾ അധികാര ശക്തിക്കു നേരെയുള്ള ആക്രമണമാണ്. സ്ത്രീയും പ്രകൃതിയും വിവിധ ഭാവങ്ങളിലാണ് കവിതകളിൽ പ്രത്യക്ഷപ്പെടുന്നത്. എങ്കിലും ആ

ഭാവങ്ങൾ അടിസ്ഥാനപരമായി അടിസ്ഥാനവർഗ്ഗത്തിന്റെ രോദനമാണ്. ഭൂതകാല സ്മരണകളും അവ സമൂഹത്തിലുണ്ടാക്കിയേക്കാവുന്ന മാറ്റങ്ങളും നിത്യജീവിതത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന മൂല്യച്യുതി യും ചർച്ചാവിഷയമാകുമ്പോഴും പ്രകൃതി സ്ത്രീ ചിത്രണം അതിന്റെ യെല്ലാം അടിത്തട്ടിൽ നിഴലിക്കുന്നുണ്ട്. ഭാഷയുടെ അപചയം കൂടി കവി കാണുന്നുണ്ട്. ഇതാണ് സച്ചിദാനന്ദന്റെ പ്രകൃതി ബോധത്തിന്റെ അടിസ്ഥാ നമായി വർത്തിച്ച ദർശനം.

പരിസ്ഥിതി സ്ത്രീ സമീപനങ്ങളിൽ ഒ.എൻ.വി., സുഗതകുമാരി, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നീ കവികൾ കൈകൊള്ളുന്ന സമീപനം നിലനിൽക്കുന്ന സാമൂഹ്യവ്യവസ്ഥിതിയുമായി ചേർന്നുപോകുന്നതാണ്. പ്രാന്തവൽക്കരിക്കപ്പെട്ട സമൂഹം, തിരസ്ക്കരിക്കപ്പെടുന്ന സ്ത്രീത്വം, പ്രകൃതിക്കു സംഭവിക്കുന്ന മൂല്യച്യുതി, പുരാവൃത്തങ്ങളിലേക്കു തിരിച്ചു പോക്ക്, പ്രകൃതിയോടുള്ള ആത്മീയഭാവം, സ്ത്രീവിമോചനത്തിന് വേണ്ടിയുള്ള പോരാട്ടം, അമിതമായ ചൂഷണം സൃഷ്ടിക്കുന്ന പ്രപഞ്ച ത്തിന്റേയും സ്ത്രീയവസ്ഥയേയും കുറിച്ചുള്ള ആധി, ആത്മീയമായ പരിസ്ഥിതിബോധം, പാരമ്പര്യ അധിഷ്ഠിതമായ സ്ത്രീ പ്രകൃതി ഭാവങ്ങൾ, പ്രാന്തവല്ക്കരിക്കപ്പെട്ട സ്ത്രീ അനുഭവിക്കുന്ന ദുരിതങ്ങൾ, അധികാരകേന്ദ്രങ്ങൾക്കെതിരെയുള്ള പോരാട്ടം ഇങ്ങനെയൊ ക്കെയാണ് ഈ കവികളിലെ കൃതികളിൽ പാരിസ്ഥിതിക സ്ത്രീവാദ ത്തിന്റെ അംശങ്ങൾ കടന്നുവരുന്നത്. കാലഘട്ടത്തിനനുസരിച്ച് മാറുന്ന പ്രമേയ പ്രത്യേകത സ്വാഭാവികമായി കവിതകളിൽ ഇടം പിടിക്കുന്നു.

ഈ പ്രബന്ധത്തിൽ ഒ.എൻ.വി, സുഗതകുമാരി, കടമ്മനിട്ട, സച്ചിദാനന്ദൻ എന്നിവർ പാരിസ്ഥിതിക സ്ത്രീവാദം സാഹിത്യകൃതികളിൽ എങ്ങനെ പ്രയോഗിച്ചു എന്ന അന്വേഷണമാണ് നടത്തിയത്.

---

## English Books


1. Arriel Salleh, 'Ecofeminism as Politics Nature, mark and the postmodern', Zen Books Ltd, London & Newyork, 1997.
2. A Hallah Naim, 'Women', London Quartet Books, 1987.
3. Ariel Sallah, 'Nature Marx, and the post modernism', Zen Books Ltd, London, 1997.
4. Battacharya Narendranath, 'Ancient India Rituals and their social content', Manohar Book Service, Delhi, 1975.
5. Chitkara. M.G, 'Encyclopedia of Ecology Environment and Pollution', New Delhi, APH Publishing Corporation, 1998.
6. Cixious Helene, 'The laugh of the Mediusa', New French Feminisms, Feminist Literary theory (ed) Maly Eagle Ton Black Bell publishers ltd, New York, 1997, 1991.
7. Charvert John, 'Feminism', London, S.M. Dent & Son Pvt. Ltd, 1982.
8. De Beavoir, Simone, 'The Second Sex', New York, Knopf, 1953.
9. Dodson J. Stanley, 'Ecology', New York Oxford University Press, 1982.
10. David Bouchier, 'Introduction the Feminist challenge', London Macmillion, 1983.
11. David Crystal (Ed), 'The Cambridge Encyclopedia', Cambridge University Press, 1999.
12. Deenabandhu. M and others, 'Ecology and Spirituality', India Peace Centre publication, Nagpur, 1996.
13. Doyle, Timothy and Eachern, Doug Ml, 'Environment and politics Rotledge', London.
14. Evans. J. Richards, 'The Feminists', London Croom Helm, 1979.

15. Eugene. P. Odum, 'Basic Ecology', London Press, 1983.
16. Friedan Betty, 'The Femine Mystique', Harmonds worth, Penguin, 1965.
17. Fireston, Sheela Mith, 'The Dialectic of Sex', London The Women's Press Ltd.
18. Greer Germain, 'The Female Eunuch', London Flamingo, 1993.
19. Janis Birkland, 'Eco Feminism : What one needs to know', Nancy R. Howell, Journal of Religion and Sciences, 1997.
20. Karen. J. Warren, 'Feminism and Ecology', Making Connections, Environmental Ethics, Spring, 1987.
21. Maria Mies, 1986, 'Patriarchy and Accumulation on a world scale', London.
22. Merry Keller, Feminism and Ecology, University Press, New York, 1997.
23. Millet Kate, 'Sexual Politics', London Virage, 1997.
24. Maria Mies and Vandana Siva, 'Eco Feminism', Kali for women publishers, New Delhi, 1993.
25. Merchant Carolyn, 'Earth Care women and the environment, New York, Routledge, 1995.
26. Nagarajam. M.S, 'English Literary, Criticism and Theory an Indroductory History', Orient Longman, Hyderabad, 2006.
27. Merchant Carolyn, 'The Death of Nature', Women Ecology and Scientific Revolution, San Francisco, Harper & Row, 1980.
28. Merchant Carolyn, 'Key concepts in critical theory', Ecology, New Delhi, Rawat Publication, 1996.
29. Pam Morries, 'Literature and Feminism', Black Well Oxford, 1993.
30. Reuth Rose Mary Ref Ford, 'Gaia to God', C.A. Harpner Press, San Francisco, 1982.
31. Rachel Carson, 'Silent Spring', other India Press, Goa, 2000.

32. Showalter Eline, 'A Literature of their own', Princeton University Press, Virago, London.
33. Spivak Chakravorthy, 'Gayathri in other works', New York.
34. Vandana Siva, Ingun Moser (Eds), 'Bio Politics', Orient Longman Ltd, Madras, 1996.
35. Vandana Siva, 1989, 'Staying alive', Zed Books, London.
36. Woolf Virgina, 'A room of one's own', Great Britain Penguin Books, 1974.

## മലയാളം പുസ്തകങ്ങൾ

1. അയ്യപ്പപണിക്കർ, കെ; (1999), 'ഇന്ത്യൻ സാഹിത്യസിദ്ധാന്തം പ്രസക്തിയും സാധ്യതയും', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
2. അലക്സാണ്ട്ര കൊള്ളൻതായ്; (2005), 'സ്ത്രീപുരുഷ ബന്ധങ്ങളും വർഗ്ഗസമരവും' സ്ത്രീശാസ്ത്രം, സമൂഹം (എഡി) ആനന്ദി. ടി.കെ, കെ.എൻ. ഗണേശ്, കേരളശാസ്ത്ര സാഹിത്യ പരിഷത്ത്, തൃശ്ശൂർ.
3. അഞ്ചുമൂർത്തി ശ്രീധരൻ; (2010), തിണസിദ്ധാന്തം ചരിത്രവും വർത്തമാനവും, തത്ത്വ പബ്ലിക്കേഷൻ, കോഴിക്കോട്.
4. ആൻഡ്രൂസ്. എം.ഐ; (2010), 'മനുഷ്യനും പരിസ്ഥിതിയും', ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല.
5. അരവിന്ദാക്ഷൻ.കെ; (1996), ഗാന്ധിയുടെ ജീവിതദർശനം, ഡി.സി.ബുക്സ്, കോട്ടയം.
6. ആനന്ദ്; (1996), ജൈവമനുഷ്യൻ, ഡി.സി.ബുക്സ്, കോട്ടയം.
7. ആഷാ മേനോൻ; (1996), 'പരാഗ കോശങ്ങൾ', കറന്റ് ബുക്ക്സ്, തൃശ്ശൂർ.
8. ആഷാ മേനോൻ; (1994), 'അടരുന്ന കക്കകൾ', ഡി.സി. ബുക്ക്സ്, കോട്ടയം.
9. ഇളയപ്പെരുമാൾ. എം, സുബ്രഹ്മണ്യൻ. എസ്.ജി; (1961), 'തൊൽക്കാപ്പിയം', (വിവ) ഇളയപ്പെരുമാൾ.
10. ഉണിത്തിരി എൻ.വി.പി. (2001) പരിസ്ഥിതി ശാസ്ത്രീയ വീക്ഷണം, (എഡി.) കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

11. എഴുത്തച്ഛൻ. കെ.എൻ; (1999), 'കുറുന്തൊകെ', (വിവ) സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

12. ഏംഗൽസ്. ഫ്രെഡറിക്; (2004), 'പ്രകൃതിയുടെ വൈരുദ്ധ്യാത്മകത', (വിവ) ഗോപാലകൃഷ്ണൻ, ഇ.എം.എസ്., ചെയർ ഫോർ മാർക്സിയൻ സ്റ്റഡീസ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി.

13. ഒരു സംഘം ലേഖകർ; (2002), 'പെണ്ണെഴുത്ത്', ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

14. ഒരു കൂട്ടം ലേഖകർ (2006), സച്ചിദാനന്ദന്റെ ലോകം, മാതൃഭൂമി ബുക്സ്, കോഴിക്കോട്.

15. കാപ്പൻ. എസ്; (1998), 'പരിസ്ഥിതി, സംസ്കൃതി', മാതൃകം പബ്ലിക്കേഷൻസ്, ചങ്ങനാശ്ശേരി.

16. കക്കാട്.എൻ.എ; (1984), കവിതയും പാരമ്പര്യവും, വള്ളത്തോൾ, ശുകപുരം.

17. കാപ്പൻ. എസ്; (1992), 'പ്രവചനം പ്രതിസംസ്കൃതി', യാത്രാ പബ്ലിക്കേഷൻസ്, കോട്ടയം.

18. കാളിദാസൻ; (1964). 'കുമാരസംഭവം ഗദ്യപരിഭാഷ', കുട്ടികൃഷ്ണമാരാർ, മാതൃഭൂമി പബ്ലിക്കേഷൻസ്, കോഴിക്കോട്.

19. കുഞ്ഞൻപിള്ള ഇളംകുളം; (1956), 'ഭാഷയും സാഹിത്യവും നൂറ്റാണ്ടുകളിൽ', സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

20 കുട്ടികൃഷ്ണമാരാർ; (2006), 'ചർച്ചായോഗം', കോഴിക്കോട് മാരാർ സാഹിത്യ പ്രകാശം, കോഴിക്കോട്

21. കൃഷ്ണവാരിയർ. എൻ.വി; (2007), 'അകം കവിതകൾ', (വിവ) കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

22. കുമാരനാശാൻ; (1981). 'കുമാരനാശാന്റെ സമ്പൂർണ്ണ കൃതികൾ', സാഹിത്യപ്രവർത്തക സഹകരണസംഘം, തൃശ്ശൂർ.

23. കൃഷ്ണപിള്ള. എൻ; (1992), 'കൈരളിയുടെ കഥ', സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം.

24. കുറുപ്പ്, ഒ.എൻ.വി; (2013), 'ഒ.എൻ.വി.യുടെ കവിതകൾ', ഡി.സി. ബുക്ക്സ്, കോട്ടയം.

25. ഗണേഷ്. കെ.എൻ; (1996), 'കുഞ്ചൻ നമ്പ്യാർ - വാക്കും സമൂഹവും', വള്ളത്തോൾ വിദ്യാപീഠം, ശുകപുരം.

26. ഗംഗാധരൻ. സി.പി, (1992) 'ഒറ്റ വൈക്കോൽ വിപ്ലവം', ഹരിതമുദ്ര, തൃശ്ശൂർ.

27. ഗീത; (1997), 'കണ്ണാടികൾ ഉടയ്ക്കുന്നതെന്തിന്', കറന്റ് ബുക്ക്സ്, തൃശ്ശൂർ.

28. ’’ (1999), 'ദേവദൂതികൾ മാഞ്ഞുപോവത്', സാഹിത്യപ്രവർത്തക സഹകരണ സംഘം, കോട്ടയം.

29 ’’ (2000), ആധുനിക മലയാള കവിതയിലെ സ്ത്രീപക്ഷ സമീപനങ്ങൾ, ലിപി പബ്ലിക്കേഷൻ, കോഴിക്കോട്

30. ’’ (2000), 'സ്ത്രീ വിമോചനമെന്നാൽ മനുഷ്യവിമോചനം', ചിന്ത പബ്ലിക്കേഷൻ, തിരുവനന്തപുരം.

31. പ്രതാപൻ തായാട്ട്, (2008) പരിസ്ഥിതി ദർശനം ഹരിതം ബുക്ക്സ്, കോഴിക്കോട്.

32. ഗുപ്തൻനായർ.എസ്; (1994), കാവ്യസ്വരൂപം, നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം

33. ഗോപിനാഥൻ.ജി; (വിവ) (1995) പരിസ്ഥിതി നീതിയും കേരള ശാസ്ത്രസാഹിത്യപരിഷത്ത്

34. ഗോപാലകൃഷ്ണൻ. പി.കെ; (1974), 'കേരളത്തിന്റെ സാംസ്കാരിക ചരിത്രം', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

35. ഗോവിന്ദൻനായർ ഇടശ്ശേരി; (1966) ഇടശ്ശേരിയിൽ നിന്ന് തിരഞ്ഞെടുത്ത കവിതകൾ, കറന്റ് ബുക്സ്, തൃശൂർ

36. ചന്ദ്രിക. സി.എസ്; (1998), 'കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം', ഹോളി തൃശ്ശൂർ.

37. ചന്ദ്രോത്സവം; (1125), 'ഒരു പുരാതനശൃംഗാരകാവ്യം', (വ്യാ.) കെ.കെ. രാജ, തൃശ്ശിവപേരൂർ.

38. ജാൻസി ജെയിംസ്; (2011), 'ഫെമിനിസം', (എഡി.) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

39. ജോർജ്ജ്. കെ. അലക്സ്; (2003), 'ഹരിത രാഷ്ട്രീയം ചരിത്രം സിദ്ധാന്തം പ്രയോഗം', ഡി.സി. ബുക്ക്സ്, കോട്ടയം.

40. ജോസഫ്. പി.ടി; (1992), 'പരിസ്ഥിതി പാഠപുസ്തകം', കറന്റ് ബുക്ക്സ്, കോട്ടയം.

41. ദേവിക. ജെ; (2000), 'നവസിദ്ധാന്തങ്ങൾ 4 - സ്ത്രീവാദം', ഡി.സി. ബുക്ക്സ്, കോട്ടയം.

42. നാരായണൻകുട്ടി മേലങ്ങത്ത്; (2003), 'സംഘസാഹിത്യ ചരിത്രം', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

43. നാരായണൻ പാലക്കീഴ്; (2001) കടമ്മനിട്ടയുടെ കാവുകൾ, എൻ.ബി.എസ്.തൃശ്ശൂർ.

44. നാരായണമേനോൻ വള്ളത്തോൾ; (1977), ശ്രീ മാർക്കണ്ഡേയപുരാണം, വള്ളത്തോൾ പ്രസ്, ചെറുതുരുത്തി.

45. നാരായണൻ നമ്പൂതിരിപ്പാട്. ഒ.എം.സി; (1982), 'ഋഗ്വേദം ഭാഷാ ഭാഷ്യം', വാല്യം ഒന്ന്, ഡി.സി. ബുക്ക്സ്, കോട്ടയം.

46. നുജും. എ; (2006), 'പെണ്ണും അധികാരവും', ഒലീവ് പബ്ലിക്കേഷൻസ്, കോഴിക്കോട്.

47. പരമേശ്വര അയ്യർ. ഉള്ളൂർ; (1953), 'കേരള സാഹിത്യ ചരിത്രം', ഒന്നാം ഭാഗം, യൂണിവേഴ്സിറ്റി പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം.

48. പിയേഴ്സൺ. എം.എൻ; (2003), 'ഇക്കോ ഫെമിനിസം, ഇക്കോ ടൂറിസം, മാർക്സിസം', കറന്റ് ബുക്ക്സ്, കോട്ടയം.

49. പൊതുവാൾ. പി.പി.കെ; (1995), 'പരിസ്ഥിതിക്കവിതയ്ക്കൊരാമുഖം', ഡി.സി. ബുക്ക്സ്, കോട്ടയം.

50. പ്രശാന്ത് കുമാർ. എൻ; (1998), 'സ്ത്രീരചനാദർശനം', ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസ്സ്, എൻ.ബി.എസ്, കോട്ടയം.

51. പ്രസാദ്.സി.ആർ; (2010). ഹരിതവിമർശനം, ഉൽപ്പത്തിയും വികാസവും, ഡി.സി.ബുക്സ് കോട്ടയം.

52. പ്രസാദ്, എം.കെ; (2004), 'ഹരിത ചിന്തകൾ', കേരള ശാസ്ത്രസാഹിത്യ പരിഷത്ത്.

53. ബാലകൃഷ്ണൻ. വി, ആർ ലീലാദേവി; 'മനുസ്മൃതി' (1980), (വിവ.) വിദ്യാർത്ഥിമിത്രം, കോട്ടയം.

54. 54. മധുസൂദനൻ. ജി; (2006), 'ഭാവുകത്വം 21-ാം നൂറ്റാണ്ടിൽ', കറന്റ് ബുക്ക്സ്, തൃശ്ശൂർ.

55. '' (2000), 'ഹരിതനിരൂപണം മലയാളത്തിൽ', കറന്റ് ബുക്ക്സ്, തൃശ്ശൂർ.

56. '' 2000, 'കഥയും പരിസ്ഥിതിയും', കറന്റ് ബുക്ക്സ്, തൃശ്ശൂർ.

57. മീനാക്ഷി സുന്ദരം. ടി.പി; (1999), 'തമിഴ് സാഹിത്യചരിത്രം', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

58. മാധവിയമ്മ കടത്തനാട്; (1975), 'ഒരുപിടി അവിൽ', പി.കെ. ബ്രദേഴ്സ്, കോഴിക്കോട്.

59. രാമചന്ദ്രൻനായർ പന്മന; (2013) പരിസ്ഥിതി പഠനങ്ങൾ, കറന്റ് ബുക്സ് കോട്ടയം

60. രഘുകുമാർ. ജി; (1994), 'ആധുനിക കവിതാപഠനങ്ങൾ', ദർപ്പൺ ബുക്ക്സ്, തിരുവനന്തപുരം.

61. രവികുമാർ, കെ.എസ്; (1995), 'കടമ്മനിട്ടയിലെ കവി', ഡി.സി. ബുക്ക്സ്, കോട്ടയം.

62. രവികുമാർ.കെ.എസ്; (2008), കടമ്മനിട്ട കവിത, പഠനസമാഹരണം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

63. രവീന്ദ്രൻ. പി.പി; (1997), 'ഇടപെടലുകൾ', ഡി.സി. ബുക്ക്സ്, കോട്ടയം.

64. രാമകൃഷ്ണൻ കടമ്മനിട്ട; (2005), 'കടമ്മനിട്ടയുടെ കവിതകൾ', ഡി.സി. ബുക്ക്സ്, കോട്ടയം.

65. രാമകൃഷ്ണൻ.ഇ.വി; (1992), തക്ഷകബിംബം ആധുനിക കവിതയിൽ. സെന്റ് ജോസഫ് ഐ.എസ്.പ്രസ്, തൃശൂർ

66. രാജശേഖരൻ. പി.കെ; (2006), 'ഏകാന്ത നഗരങ്ങൾ', ഡി.സി. ബുക്ക്സ്, കോട്ടയം.

67. രാജശേഖരൻ. എസ്; (2009), 'ഇനി ഞാൻ ഉണർന്നിരിക്കാം', ഒ.എൻ.വി.ക്കവിതാപഠനം, എൻ.ബി.എസ്., കോട്ടയം.

68. ’’ (2013) പരിസ്ഥിതി പഠനങ്ങൾ, ശാസ്ത്രസാഹിത്യപരിഷത്ത്, തിരുവനന്തപുരം.

69. രാമകൃഷ്ണൻ ദേശമംഗലം; (1986), ‘കാവ്യഭാഷയിലെ പ്രശ്നങ്ങൾ’, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ.

70. ’’ (2010) സൂര്യകാന്തിയും മറ്റു പ്രധാനകൃതികളും, ഡി.സി.ബുക്സ്, കോട്ടയം.

71. രാമകൃഷ്ണൻ. എം.കെ; വേണുഗോപാലൻ. കെ.എം; (1989), ‘സ്ത്രീവിമോചനം : ചരിത്രം, സിദ്ധാന്തം’, നയന ബുക്ക്സ്, പയ്യന്നൂർ.

72. ലീലാവതി. എം; (1993), ‘ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ ഒരു പഠനം’, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തൃശ്ശൂർ.

73. ’’ (2009), ‘കവിതാധ്വനി’, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം.

74. ’’ (1991), ‘മലയാള കവിതാസാഹിത്യ ചരിത്രം’, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ.

75. ’’ (2000), ‘ഫെമിനിസം ചരിത്രപരമായ ഒരു അന്വേഷണം’, പ്രഭാത്, തിരുവനന്തപുരം.

76. ’’ (2000), ‘സാഹിത്യനിരൂപണത്തിലെ ദിശാബോധം’, എസ്.പി.സി.എസ്., കോട്ടയം.

77. ’’ (2012) നവകാന്തം, എൻ.ബി.എസ്.കോട്ടയം.

78. വെങ്ങാനൂർ ബാലകൃഷ്ണൻ; (2009), ‘അഥർവ്വവേദം’, (വിവ) കേരള ഗാന്ധി സ്മാരക നിധി, തിരുവനന്തപുരം.

79. വന്ദനശിവ; (2003), ‘ജൈവോച്ചാരണം’, പി.എസ്. മനോജ്കുമാർ, ഗയ ബുക്ക്സ്, തൃശ്ശൂർ.

80. ശങ്കുണ്ണിനായർ; (1987). ഛത്രവും ചാമരവും, ഡി.സി.ബുക്സ്, കോട്ടയം.

81. ശാരദക്കുട്ടി. എസ്, (2010), ‘പെണ്ണുകൊത്തിയ വാക്കുകൾ’, ഡി.സി. ബുക്ക്സ്, കോട്ടയം.

82. ശ്രീധരൻ.കെ; (2000), പരിസ്ഥിതി വിജ്ഞാനകോശം, (എഡി.) കേരള സംസ്ഥാന സർവ്വവിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.

83. ഷീലാകുമാരി. എ; (1994), 'കാവ്യഭാവനയുടെ സ്ത്രീപഠനങ്ങൾ', ഇംപ്രിന്റ് ബുക്ക്സ്, കൊല്ലം.

84. സച്ചിദാനന്ദൻ; (1979), 'എഴുത്തച്ഛൻ എഴുതുമ്പോൾ', പൂർണ്ണ പബ്ലിക്കേഷൻസ്, കോഴിക്കോട്.

85. '' (1987), 'സമീപനങ്ങൾ', ഇള ബുക്സ്, കോഴിക്കോട്.

86. '' (1989), 'സച്ചിദാനന്ദന്റെ സംഭാഷണങ്ങൾ', മലയാളം പബ്ലിക്കേഷൻസ്, കോഴിക്കോട്.

87. '' (എഡി.). (1990), 'സ്ത്രീപഠനങ്ങൾ ഭാഗം 1', ബോധി വുമൺസ് ലൈബ്രറി, കോഴിക്കോട്.

88. '' (1999), 'തെരഞ്ഞെടുത്ത കവിതകൾ', കറന്റ് ബുക്ക്സ്, തൃശ്ശൂർ.

89. '' (2014), 'തഥാഗതം', മാതൃഭൂമി ബുക്ക്സ്, കോട്ടയം.

90. '' (2015), 'നിൽക്കുന്ന മനുഷ്യൻ', ഡി.സി. ബുക്ക്സ്, കോട്ടയം.

91 '' (1987), 'സംസ്ക്കാരത്തിന്റെ രാഷ്ട്രീയം', മൾബറി ബുക്ക്സ്, കോഴിക്കോട്.

92. സുബ്രഹ്മണ്യൻ. എൻ; (2003), 'സംഘകാലഭരണ സംവിധാനം', ഡി.സി. ബുക്ക്സ്, കോട്ടയം.

93. സുഗതകുമാരി; (2011), 'സുഗതകുമാരിയുടെ കവിതകൾ - സമ്പൂർണ്ണം', ഡി.സി. ബുക്ക്സ്, കോട്ടയം.

94. സുകുമാരൻ. ടി.പി; (1993), 'പരിസ്ഥിതി സൗന്ദര്യശാസ്ത്രത്തിന് ഒരു മുഖവുര', ബോധി ബുക്ക്സ്, കോഴിക്കോട്.

95. സുരേഷ്.ആർ; (2000), കടമ്മനിട്ടയിലേക്കൊരു നടപ്പാത, ഡി.സി.ബുക്സ്, കോട്ടയം,

96. ഹരിസ്വാമികൾ ആചാര്യൻ; (2004) ശ്രീ ലളിതാ സഹസ്രനാമ സത്യാർത്ഥം, യജ്ഞപ്രസാദം, മാന്നാർ

## ആനുകാലികങ്ങൾ

1) അജയകുമാർ വർമ്മ. ആർ. 'പരിസ്ഥിതി: കേരളം എങ്ങോട്ട്', ശാസ്ത്രഗതി, നവയംബർ, വാള്യം 41, ലക്കം 5. 2006

2) ജമാർ കൊച്ചങ്ങാടി. സാഹിത്യലോകം, ബുക് 23, വോള്യം 5. 2005.

3) നാരായണൻ. കെ.സി. 'പരിസ്ഥിതി സൗന്ദര്യശാസ്ത്രം', സെപ്തംബർ - ഒക്ടോബർ. 1995

4) നാരായണൻ. കെ.സി. 'പ്രതിബോധത്തിന്റെ സൗന്ദര്യശാസ്ത്രം', സാഹിത്യലോകം പരിസ്ഥിതി പതിപ്പ്, കേരള സാഹിത്യ അക്കാദമി, 1995.

5) ഗോപിനാഥൻ. കെ. 'ഫെമിനിസ്റ്റ് സൗന്ദര്യശാസ്ത്രം', ഭാഷാപോഷിണി, ആഗസ്റ്റ് 1995

6) ഗീത. 'ഒറ്റക്കാലൂന്നിയ മാരദൂതികൾ', മാതൃഭൂമി വാരിക, സെപ്തംബർ 17 2005.

7) പ്രഭാകരൻ പ്രയാർ. സാഹിത്യത്തിലെ സ്ത്രീ, ഗ്രന്ഥാലോകം, നവംബർ 2005

8) പവിത്രൻ. പി. 'ആധുനികാനന്തര കഥനത്തിലെ മച്ചിൽപുറവും വവ്വാലുകളും', മലയാളം വാരിക, 30, ജനുവരി 1998.

9) പാർവ്വതി ദേവി. ആർ. 'സ്ത്രീസംഘടന ചരിത്രവും പ്രസക്തിയും', സംസ്ക്കാരകേരളം, ഒക്ടോബർ - ഡിസംബർ, ബുക്ക് - 2. 2004.

10) പ്രസീത. പി. 'മലയാളത്തിലെ പരിസ്ഥിതി സ്ത്രീവാദ സാഹിത്യവായന', സാഹിത്യലോകം, സെപ്തംബർ - ഡിസംബർ 2007.

11) പിയേഴ്സൺ. എൻ.എം. 'പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ രാഷ്ട്രീയരേഖ', സമകാലിക മലയാളം വാരിക, ഒക്ടോബർ 1998.

12) മിനി പ്രസാദ്. 'പരിസ്ഥിതി സ്ത്രീവാദ നിരൂപണം', സാഹിത്യലോകം, ജൂലൈ 2011 - ഫെബ്രുവരി 2012.

13) മുരളീധരൻ നെല്ലിക്കൽ. 'തിണസിദ്ധാന്തം', വിജ്ഞാനകൈരളി, സെപ്തംബർ, വാല്യം 32, ലക്കം 9, 2001.

14) മോഹൻതമ്പി. ജി.ബി. 'പരിസ്ഥിതി പഠനത്തിന്റെ വിവിധ മാനങ്ങൾ', ഗ്രന്ഥാലോകം, നവംബർ 2005.

15) സാഹിത്യലോകം. 'സ്ത്രീവാദ പതിപ്പ്, ജനുവരി, ഫെബ്രുവരി ലക്കം 1, 1996.

16) മിനി പ്രസാദ്, 'അമരനാമ്പുകളും തൊരടിമുള്ളുകളും', ഭാഷാപോഷിണി, നവംബർ 2000.

17) വിനയചന്ദ്രൻ.ഡി. പരിസ്ഥിതിയുടെ സ്ഥിതി നളചരിതത്തിലും നാട്ടുചരണങ്ങളിലും. വിജ്ഞാനകൈരളി, മെയ് 2010.

*****************************************

****************************